ഒൻപതാം പദ്ധതി
ജനകീയ പദ്ധതി

KARAKONAM



# വികസനരേഖ

## 1997 - 2002

കുന്നത്തുകാൽ
ഗ്രാമപഞ്ചായത്ത്

ആഭരണ
സങ്കല്പങ്ങളുടെ
സമ്പൂർണ്ണ
സാക്ഷാത്കാരം

കൃഷ്ണാ
ജുവലറി

മെയിൻറോഡ്
നെയ്യാറ്റിൻകര
ഫോൺ:222269

ബ്രാഞ്ച്
അമരവിള
ഫോൺ:222669

സ്ഥാപകൻ വി. രാമകൃഷ്ണൻ നായർ
മാനേജിംഗ് പാർട്ട്ണർ
ആർ. വേലായുധൻ നായർ

# അധികാരം ജനങ്ങളിലേയ്ക്ക്

ഒൻപതാം പദ്ധതി - ജനകീയപദ്ധതി

# വികസനരേഖ
# 1997 -2002

കുന്നത്തുകാൽ
ഗ്രാമ പഞ്ചായത്ത്

# തയാറാക്കിയവർ



- **കെ.പി സുകുമാരൻ നായർ D.R.P**
  (റിട്ട: HM, VPM HS വെള്ളട)
- **എം.കെ. സദാശിവൻ നായർ**
  (റിട്ട: റ്റീച്ചർ,P.P.M.H.S കാരക്കോണം)
- **പി. കുട്ടൻ**
  (മുൻപഞ്ചായത്ത് പ്രസിഡന്റ്)
- **ജി. ശിവാനന്ദൻ**
  (റിട്ട: ഡെപ്യൂട്ടി ഡയറക്ടർ, കൃഷിവകുപ്പ്)
- **എം. മാഹീൻ**
  (വെറ്റനറി സർജൻ)
- **കെ. എസ്. രാധാകൃഷ്ണൻ നായർ**
  (പഞ്ചായത്ത്മെമ്പർ)
- **ഇ. രാമൻ പിള്ള**
  (പ്രസിഡന്റ്, കുന്നത്തുകാൽ കോ:ബാങ്ക്)
- **ജി. ബാലകൃഷ്ണ പിള്ള**
  (മുൻ പഞ്ചായത്ത് വൈസ് പ്രസിഡന്റ്)
- **ബി. സിബു**
  (D.R.P. കൺവീനർ)
- **എം. ശാർങ്ങധരൻ**
  (D.R.P, റിട്ട: ഹെൽത്ത് സൂപ്പർവൈസർ)
- **പി. എൻ ഷഡാനന്ദൻ നായർ**
  (റിട്ട:റ്റീച്ചർ)
- **പുലിയൂർശാല വേലപ്പൻ**
- **എം. വേലായുധൻ നായർ**
  (D.R.P. Ex: സുബേദാർ)
- **വേലപ്പൻ നായർ**
  (D.R.P. റിട്ട: B.D.O)
- **പി. ഹെലൻ**
  (D.R.P. പഞ്ചായത്ത് വൈസ് പ്രസിഡന്റ്)
- **എ. എഡിസൻ**
  (പഞ്ചായത്ത് സെക്രട്ടറി)
- **എ. ശശി കാരക്കോണം**
- **അരുവിയോട് വി. എസ് ശരത്ചന്ദ്രൻ**
  (L.R.P)
- **അരുവിയോട് സുന്ദരേശൻ**
  (L.R.P)
- **ബി. ഗംഗാധരൻ നായർ**
  (റിട്ട:പഞ്ചായത്ത് ഇൻസ്പെക്ടർ)
- **ആനാവൂർ കെ.ജി. ദിവാകരൻ നായർ**
- **ബി. അജയകുമാർ കുടയാൽ**
- **എസ്. സതീഷ് കുമാർ കുന്നത്തുകാൽ**
- **എഡ്മണ്ട് ജോൺ**
  (ലേ-ഔട്ട് & ഡിസൈൻ)
- **D.K. Press കുന്നത്തുകാൽ**
  (പ്രിന്റിംഗ് & ബയന്റിംഗ്)



*'പ്രതിഫലേച്ഛ കൂടാതെ ആരെങ്കിലും*
*എന്തെങ്കിലും പ്രവർത്തിച്ചാൽ അതാണ് ത്യാഗം'*

ഗാന്ധിജി

# നന്ദി വാക്ക്....

ഒൻപതാം പദ്ധതി ജനകീയ പദ്ധതിയായി രൂപപ്പെടുത്തുന്നതിലൂടെ നാടിന്റെ വികസനം പൂർണ്ണമാകും എന്ന പ്രത്യാശയിൽ ജനങ്ങളുടെ പങ്കാളിത്തത്തോടെ വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യപ്പെടുകയാണ്. ജനങ്ങൾക്കിടയിൽ വ്യാപകമായി നിലനിൽക്കുന്ന നിസ്സംഗത മാറുകയും വികസന പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം വർദ്ധിക്കുകയും ചെയ്യും എന്ന് പ്രത്യാശിക്കാം. കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിൽ ഇതിന്റെ പ്രവർത്തനങ്ങൾ ഊർജസ്വലമായി നടക്കുകയാണ്. വിശേഷാൽ ഗ്രാമസഭ മുതൽ വികസന സെമിനാർ വരെയുള്ള പ്രവർത്തനങ്ങൾ വമ്പിച്ച ജനപങ്കാളിത്തത്തോടെ പൂർത്തിയാക്കുവാൻ നമുക്ക് കഴിഞ്ഞു. അതിലൂടെ രൂപപ്പെട്ട ഈ വികസന രേഖ തയ്യാറാക്കാൻ സഹകരിച്ച എല്ലാപേരോടുമുള്ള കടപ്പാട് സ്നേഹാദരപൂർവ്വം സ്മരിച്ചുകൊണ്ട് ഈ വികസന രേഖ സമർപ്പിക്കട്ടെ.

ബി.സിബു.
കൺവീനർ D.R.P

# വഴികാട്ടികൾ

## മുൻ പഞ്ചായത്ത് പ്രസിഡന്റുമാർ



ശ്രീ. കെ ശിവശങ്കരപിള്ള



ശ്രീ. ജോർജ്സേവ്യർ



ശ്രീ. പി. കുട്ടൻ

# ഭരണസമിതി



കെ. ചന്ദ്രമതി അമ്മ
പ്രസിഡന്റ്



പി. ഹെലൻ
വൈസ്പ്രസിഡന്റ്



അറവിളാകം സുകുമാരൻ നായർ
സ്റ്റാന്റിംങ് കമ്മിറ്റി ചെയർമാൻ

# മെമ്പർമാർ



എൻ. റോബർട്ട്



വൈ. രാജു



ബേബി



അപ്പു



എം.ഡി ത്രേസ്യ



എ. മോഹൻദാസ്



കെ.എസ്. രാധാകൃഷ്ണൻ നായർ



സി. ജയചന്ദ്രൻ



ജോർജ് വിത്സൻ



മേരിയമ്മാൾ



എ. എഡിസൻ
സെക്രട്ടറി.

## പഞ്ചായത്തുമായി കടപ്പാടുള്ള
## മറ്റു ജനപ്രതിനിധികൾ

★ കെ.വി സുരേന്ദ്രനാഥ്

M.P : തിരുവനന്തപുരം പാർലമെന്റ് മണ്ഡലം

★എൻ. സുന്ദരൻ നാടാർ

M.L.A : പാറശാലമണ്ഡലം

★ഡബ്ള്യു.ആർ ഹീബ

ജില്ലാ പഞ്ചായത്ത് മെമ്പർ

(പെരുംമ്പഴുതൂർ ഡിവിഷൻ)

★ഡി.കെ ശശി

വൈസ് പ്രസിഡന്റ്. പെരുങ്കടവിള ബ്ലോക്കുപഞ്ചായത്ത്

(കുന്നത്തുകാൽ ഡിവിഷൻ)

★റ്റി. ഇന്ദിരാദേവി

മെമ്പർ. പെരുങ്കടവിള ബ്ലോക്കുപഞ്ചായത്ത്

(പാലിയോടു ഡിവിഷൻ)

## കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിലെ
## ജീവനക്കാരുടെ വിവരങ്ങൾ

★എ.എഡിസൻ

സെക്രട്ടറി.

★എൻ. ലീലാപുഷ്പം

ജൂനിയർ സൂപ്രണ്ട്.

★ബി. സരോജിനി അമ്മ

യു.ഡി.ക്ലാർക്ക്.

★ഡി. ആർ മണി

യു.ഡി.ക്ലാർക്ക്.

★ഡി.റ്റൈറ്റസ്

യു.ഡി.ക്ലാർക്ക്.

★എസ്. ലളിത

എൽ.ഡി.ക്ലാർക്ക്.

★പി മോഹൻജോസ്

എൽ.ഡി.ക്ലാർക്ക്.

★എ.ഒ അജു

എൽ.ഡി.ക്ലാർക്ക്.

★സി. റോസമ്മ

പ്യൂൺ

★സി. ജോർജ്

പ്യൂൺ

★ജി. സ്വർണ്ണമ്മ

പാർട്ട്ടൈംസ്വീപ്പർ

★ജെ. കനകമ്മ

പാർട്ട്ടൈംസ്വീപ്പർ

★കേസരി

ഡെയ്ലി വേജസ്.

# കുന്നത്തുകാൽ
# ഗ്രാമപഞ്ചായത്ത്
## വാർഡ് മേപ്പ്



# ഉള്ളടക്കം

1. ആമുഖം .......... 10
2. സാമൂഹിക സാംസ്കാരിക ചരിത്രം .......... 11
3. കൃഷിയും ജലസേചനവും .......... 15
4. മൃഗസംരക്ഷണം-മത്സ്യബന്ധനം .......... 21
5. വിദ്യാഭ്യാസം .......... 27
6. പൊതുജനാരോഗ്യം, കുടിവെള്ളം .......... 34
7. വ്യവസായം .......... 42
8. ഗതാഗതം, ഊർജ്ജം, മാർക്കറ്റ് .......... 45
9. ഭവനനിർമാണവും, സാമൂഹ്യക്ഷേമവും .......... 57
10. സംസ്കാരം .......... 62
11. വനിത .......... 73
12. സഹകരണം .......... 75
13. പട്ടിക ജാതിപട്ടികവർഗ്ഗക്ഷേമം .......... 78
14. വിഭവ സമാഹരണം .......... 81
15. ഉപസംഹാരം .......... 85

# ആമുഖം

സ്വാതന്ത്ര്യാനന്തര ഭാരതം നടപ്പിലാക്കിയ എട്ടു പഞ്ചവത്സര പദ്ധതികളും കേന്ദ്രീകൃതവും ഉദ്യോഗസ്ഥമേധാവിത്വത്തിലധിഷ്ഠിതവുമായിരുന്നു. അതിൽ നിന്നും വ്യത്യസ്തമായി ഒൻപതാം പഞ്ചവത്സര പദ്ധതി താഴെതട്ടിൽ നിന്നും ജനപങ്കാളിത്തത്തോടുകൂടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയാണ്. ഇതോട്കൂടി 'അധികാരം ജനങ്ങളിലേയ്ക്ക്' എന്ന മുദ്രാവാക്യം പ്രാവർത്തികമാവുകയാണ്. സാക്ഷരതാ പ്രവർത്തനങ്ങളിൽ കേരളം മാതൃക കാട്ടിയതുപോലെ പഞ്ചവത്സരപദ്ധതിയുടെ ആസൂത്രണത്തിലും നടത്തിപ്പിലും ഇദം പ്രഥമമമായി പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തി കേരളം ചരിത്രം സൃഷ്ടിക്കുകയാണ്. മുന്നൊരുക്കം എന്ന നിലയിൽ കേരളത്തിലെമ്പാടും ജനകീയാസൂത്രണ പ്രക്രിയ സജീവമായി നടക്കുകയാണ്.

അതിന്റെ ഭാഗം എന്നനിലയിൽ കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിലും പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു കഴിഞ്ഞു. പഞ്ചായത്തിൽനിന്നും അഞ്ചുപേർ ജില്ലാതലപരിശീലനം നേടുകയും തുടർന്ന് പഞ്ചായത്തുതല ഒന്നാംഘട്ട ശിൽപശാല 16–996ൽ ചാവടി വാര്യത്ത് കല്യാണമണ്ഡപത്തിൽ നടത്തുകയും ചെയ്തു. ഈ ശില്പശാലയിൽ വിവിധ രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക പ്രവർത്തകർക്കുപുറമേ പല ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരും പങ്കെടുത്തുകൊണ്ട് ഒന്നാംഘട്ട പരിശീലനം പൂർത്തിയാക്കി. തുടർന്നു നടന്ന വിശേഷാൽ ഗ്രാമസഭകളിൽ അഭൂതപൂർവ്വമായ ജനപങ്കാളിത്തം ഉണ്ടാവുകയും ക്രിയാത്മകമായ ചർച്ചകൾ നടക്കുകയും ചെയ്തു. ഗാന്ധിജയന്തി ദിനമായ ഒക്ടോബർ രണ്ടിന് വിശേഷാൽ ഗ്രാമസഭകൾ സമാപിച്ചു. ഗ്രാമസഭകളിലൂടെ ഓരോവാർഡിലേയും പ്രശ്നങ്ങൾ അവതരിപ്പിക്കുകയും അതിനുവേണ്ടുന്ന പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു.

ഒക്ടോബർ 26,27,28 തീയതികളിൽ പെരുങ്കടവിള ബ്ലോക്കോഫീസ് കോൺഫറൻസ് ഹാളിൽ നടന്ന രണ്ടാംഘട്ട ജില്ലാതലപരിശീലനത്തിൽ 7 പേർ പങ്കെടുത്തു. ബ്ലോക്കടിസ്ഥാനത്തിൽ നടത്തപ്പെട്ട വികസന കലാജാഥ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ കലാപരിപാടികൾ അവതരിപ്പിച്ചു. വികസന റിപ്പോർട്ടു തയ്യാറാക്കുന്നതിനുള്ള രണ്ടാംഘട്ട പഞ്ചായത്തുതല ശിൽപശാല നവമ്പർ 12ാം തീയതി പാലിയോട് എസ്.ജെ ആഡിറ്റോറിയത്തിൽ വച്ച് നടത്തി.

വികസനറിപ്പോർട്ടു തയ്യാറാക്കുന്നതിനുവേണ്ടിയുള്ള ദ്വിതീയ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കാൻ പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ് മെമ്പറന്മാർ, സാമൂഹ്യപ്രവർത്തകർ, ഉദ്യോഗസ്ഥന്മാർ, കർഷകർ, സാങ്കേതിക വിദഗ്ധന്മാർ എന്നിവർ ഉൾപ്പെട്ട രണ്ടുസംഘങ്ങൾ കുന്നത്തുകാൽ, ആനാവൂർ വില്ലേജുകളിലുൾപ്പെട്ട വാർഡുകളിൽ പഠനപര്യടനം നടത്തുകയും ഭൂപ്രകൃതി, മൺതരങ്ങൾ, സസ്യാവരണം, പരിസ്ഥിതി പ്രശ്നങ്ങൾ തുടങ്ങിയ വിവരങ്ങൾ ശേഖരിക്കുകയുണ്ടായി. നടപ്പു പദ്ധതികളുടെ അവലോകനം നടത്തുന്നതിനായി വിവിധ ഡിപ്പാർട്ടുമെന്റുകളിൽ നിന്നുള്ള ഉദ്യോഗസ്ഥന്മാരെ കുന്നത്തുകാൽ ഗവ: യു. പി. എസ് ൽ വിളിച്ചു കൂട്ടുകയുണ്ടായി. പ്രസ്തുതയോഗത്തിൽ 8ാം പദ്ധതിയിൽ നടപ്പിലാക്കിയ പരിപാടികളെക്കുറിച്ചും നടപ്പുപദ്ധതികളെക്കുറിച്ചും അവയിൽ ഉൾപ്പെട്ട പ്രശ്നങ്ങളും പ്രശ്നപരിഹാരമാർഗ്ഗങ്ങളും അവലോകനം നടത്തി. ദ്വിതീയസ്ഥിതിവിവരകണക്കുകൾ ശേഖരിക്കുന്നതിനായി സർക്കാർഫീസുകളിലും മറ്റു സ്ഥാപനങ്ങളിലും പോവുകയും അവിടെനിന്നും ലഭിക്കേണ്ട വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു.

ഓരോവാർഡിലും വിഷയാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത കൺവീനർമാരെ പഞ്ചായത്തടിസ്ഥാനത്തിൽ വിളിച്ചുകൂട്ടി വ്യത്യസ്ഥ വിഷയങ്ങളുടെ പഞ്ചായത്ത് തല ക്രോഡീകരണം നടത്തുകയുണ്ടായി. മുൻ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിലാണ് ഈ വികസനരേഖ രൂപപ്പെടുത്തിയിട്ടുള്ളത്.

50 ൽപരം ജനകീയാസൂത്രണ പ്രവർത്തകർ പഞ്ചായത്തു ജീവനക്കാരുടെയും വിവിധവകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരുടെയും സഹായ സഹകരണത്തോടെ രണ്ടാഴ്ചയോളം പഞ്ചായത്താഫീസിൽ വിശ്രമരഹിതമായി പ്രവർത്തിച്ച് തയ്യാറാക്കിയതാണ് ഈ വികസനരേഖ. ഈ രേഖ ഏറെക്കുറെ പൂർണ്ണമാക്കാൻ പരിശ്രമിച്ചിട്ടുണ്ട്. എങ്കിലും കുറവുകളും പോരായ്മകളും കണ്ടേയ്ക്കാം. അവ ചൂണ്ടിക്കാണിച്ച് പരിപൂർണ്ണമാക്കുവാൻ നമുക്ക് കൂട്ടായി യത്നിക്കേണ്ടതുണ്ട്.

വിശ്വസ്തതയോടെ,

കെ. ചന്ദ്രമതി അമ്മ,

പ്രസിഡന്റ് – കുന്നത്തുകാൽ ഗ്രാമ പഞ്ചായത്ത്.

# കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിന്റെ പൊതുവിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത് |
| പഞ്ചായത്തിന്റെ ആസ്ഥാനം | : | കാരക്കോണം |
| റവന്യൂവില്ലേജുകൾ | : | കുന്നത്തുകാൽ, ആനാവൂർ |
| ബ്ലോക്കുപഞ്ചാ:ഡിവിഷൻ | : | കുന്നത്തുകാൽ, പാലിയോട് |
| ബ്ലോക്ക്പഞ്ചായത്ത് | : | പെരുങ്കടവിള |
| താലൂക്ക് | : | നെയ്യാറ്റിൻകര |
| ജില്ല | : | തിരുവനന്തപുരം |
| ജില്ലാ പഞ്ചാ:ഡിവിഷൻ | : | പെരുംമ്പഴുതൂർ |
| അസംബ്ലി മണ്ഡലം | : | പാറശ്ശാല |
| പാർലമെന്റ് മണ്ഡലം | : | തിരുവനന്തപുരം |
| വിസ്തീർണ്ണം | : | 26.85 ച:കി:മീ: |
| ജനസംഖ്യ | : | 33648 (91 സെൻസസ്) |
| വാർഡുകളുടെ എണ്ണം | : | 13 |
| പ്രസിഡന്റിന്റെ പേര് | : | കെ. ചന്ദ്രമതി അമ്മ |
| വൈസ് പ്രസിഡന്റിന്റെ പേര് | : | പി. ഹെലൻ |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | : | അറവിളാകം സുകുമാരൻ നായർ |

## സാമൂഹിക സാംസ്കാരിക ചരിത്രപശ്ചാത്തലം

കേരളത്തിന്റെ തെക്കേ അറ്റത്ത് തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയോടു ചേർന്നു കിടക്കുന്ന വിസ്തൃതിയേറിയ മലയോര പഞ്ചായത്താണ് നെയ്യാറ്റിൻകര താലൂക്കിലെ കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത്. സ്വാതന്ത്ര്യ ലബ്ധിക്കുമുൻപ് തിരുവിതാം കൂറിലെ ഒരു വലിയ വില്ലേജായിരുന്ന കുന്നത്തുകാൽ അന്നത്തെ തോവാള താലൂക്കിനോടൊപ്പം വലുതായിരുന്നു, പിന്നീട് കുന്നത്തുകാൽ എ, കുന്നത്തുകാൽ ബി എന്ന് രണ്ടാവുകയും തുടർന്ന് കുന്നത്തുകാൽ, ആനാവൂർ, വെള്ളറട, അംബൂരി എന്ന് നാലു വില്ലേജുകളായും കുന്നത്തുകാൽ, വെള്ളറട, അംബൂരി എന്ന് മൂന്നു പഞ്ചായത്തുകളായും വിഭജിക്കപ്പെടുകയും ചെയ്തു. അതിൽ കുന്നത്തുകാൽ, ആനാവൂർ വില്ലേജുകളിലെ ഏറിയഭാഗവും ഉൾക്കൊള്ളുന്നതാണ് കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത്.

കിഴക്ക് തമിഴ്നാടും തെക്ക് കൊല്ലയിൽ പഞ്ചായത്തും പടിഞ്ഞാറ് പെരുങ്കടവിള പഞ്ചായത്തും വടക്ക് വെള്ളറട, ആര്യൻകോടു പഞ്ചായത്തുകളാൽ ചുറ്റപ്പെട്ടുകിടക്കുന്ന ഹരിതാഭമായ ഈ പ്രദേശം അതിമനോഹരമാണ്. നിമ്നോന്നതങ്ങളായ കുന്നുകളും, ചരിവുകളും, പാടങ്ങളും, അരുവികളും, കാട്ടുവള്ളികളും, പക്ഷിലതാതികളും, പാറക്കൂട്ടങ്ങളും ഉൾക്കൊള്ളുന്ന ഒരു പുണ്യഭൂമിയാണ് കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത്. പഞ്ചായത്തിനെ രണ്ടു സമഭാഗങ്ങളായി ഛേദിച്ചുകൊണ്ട് ചിറ്റാർ നെയ്യാറിന്റെ പോഷകനദിയായി ലയിക്കുന്നു.

നമ്മുടെ പൂർവ്വികന്മാർ ആതുര സേവന തല്പരരും മറ്റുള്ളവരോട് അനുകമ്പയുള്ളവരും ഈശ്വരവിശ്വാസികളും ആയിരുന്നു. പ്രധാനവഴിയോരങ്ങളിലെല്ലാം യാത്രക്കാർക്ക് വിശ്രമിക്കുവാൻ വഴിയമ്പലങ്ങളും, കുടിവെള്ളത്തിന് കിണറും, തലച്ചുമടിറക്കി വയ്ക്കുവാൻ ചുമടുതാങ്ങികളും, ചോലമരങ്ങളും, കൽത്തൂൺ വഴിവിളക്കുകളും നമ്മുടെ പൂർവ്വികർ സ്ഥാപിച്ചത് അവരുടെ സാമൂഹ്യ സേവനതൽപരതയുടെ തെളിവാണ്. അവയിൽ തട്ടിട്ടമ്പലം, അരുവിയോട് (കടമ്പറമൂല) കുഴീക്കട (ചെക്കിൻമൂട്) എന്നിവിടങ്ങളിലെ വഴിയമ്പലങ്ങൾ ഇന്നു സ്മാരകങ്ങളായി നിലകൊള്ളുന്നു. നമ്മുടെ പൂർവ്വികർ അന്ന് വഴിയോരങ്ങളിൽ നട്ട ചോലമരങ്ങൾ കോടിക്കണക്കിനു രൂപ വിലമതിക്കുന്ന വൻവൃക്ഷങ്ങളായി ഇന്നും തണലേകുന്നു.

പ്രഗൽഭരായ പല പൂർവ്വികർക്കും ജന്മംനല്കിയ നാടാണ് കുന്നത്തുകാൽ. ദിവാൻ പേഷ്കാർ ഇ. പരമുപിള്ള, തിരുകൊച്ചിയിലെ പൊതുമരാമത്ത് ചീഫ് എൻഞ്ചിനിയർ ഇ. ശിവരാമൻ നായർ എന്നിവർ അവരിൽ മുൻനിരക്കാരാണ്. കുന്നത്തുകാലിന്റെ പുരോഗതിക്ക് അടിത്തറപാകിയ മഹൽ വ്യക്തി ആയിരുന്നു ദിവാൻ പേഷ്കാർ ഇ. പരമുപിള്ള. കുന്നത്തുകാൽ വില്ലേജാഫീസ്, അഞ്ചലാഫീസ്, സബ്രജിസ്ട്രാർ

ആഫീസ്, ചന്ത, ആദ്യത്തെ ഇംഗ്ലീഷ് പള്ളിക്കൂടം (ഇന്നത്തെ പരമുപിള്ള മെമ്മോറിയൽ ഹൈസ്കൂൾ) ഇവ സ്ഥാപിക്കപ്പെട്ടത് ഇദ്ദേഹത്തിന്റെ അശ്രാന്തപരി ശ്രമത്തിന്റെയും നിർലോഭമായ സംഭാവനയുടെയും തെളിവുകളാണ്. കാരക്കോണത്തുള്ള പഞ്ചായത്ത് വിശ്രമ മന്ദിരം, ദേശസേവിനീ ഗ്രന്ഥശാലാമന്ദിരം റ്റി.വി. ക്ലാസ്ക് ഇവയ്ക്കാവശ്യമായ ഭൂമി സംഭാവന യായി നൽകിയതും ഇദ്ദേഹമായിരുന്നു. ഇദ്ദേഹ ത്തിന്റെ മകൻ മഹാരാഷ്ട്ര ഗവണ്മെന്റിൽ വെൽഫ യർ കമ്മീഷണർ ആയിരുന്ന കൃഷ്ണൻ നായർ ഉപ രാഷ്ട്രപതി കെ.ആർ നാരായണന്റെ സഹപാഠിയും ആത്മമിത്രവും ആയിരുന്നു.

ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് നെയ്യാറ്റിൻകര കേന്ദ്രമാക്കിയുള്ള പ്രവർത്തനങ്ങളിൽ പ്രചോദനം ഉൾക്കൊണ്ട് കുന്നത്തുകാൽ പ്രദേശത്തെ ആൾക്കാരും ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചിട്ടുണ്ട്. കർഷകതൊഴിലാളികളുടെ കൂലി വർദ്ധനവിനും അവരോടു കാട്ടിയിരുന്ന അയിത്ത ത്തിനും ഉച്ചനീചത്വത്തിനും എതിരെ കോരണംകോടു കേന്ദ്രമാക്കി കർഷകതൊഴിലാളികൾ നടത്തിയ ചെറു ത്തുനിൽപ് പ്രക്ഷോഭണം ചരിത്രസംഭവമാണ്. സുകു മാരൻ (കുമാർ ആനന്ദ്) ആണ് ഈ പ്രക്ഷോഭണ ത്തിന് നേതൃത്വം നൽകിയത്. നേവിയിലെ ഉദ്യോഗ സ്ഥനായിരുന്ന കുമാർ ആനന്ദ് സ്വാതന്ത്ര്യസമരവു മായി ബന്ധപ്പെട്ടു നടന്ന സുപ്രസിദ്ധ നേവി കലാപ ത്തിൽ പങ്കെടുത്തതിന്റെ ഫലമായി ജോലി നഷ്ട പ്പെട്ടു നാട്ടിലെത്തി കർഷകതൊഴിലാളികളെ സംഘ ടിപ്പിച്ച് നടത്തിയ ഈ ചെറുത്ത് നിൽപ് സമരത്തോടെ പിന്നോക്ക കർഷകതൊഴിലാളിക്ക് മാന്യമായ അംഗീ കാരം നേടിയെടുക്കാൻ കഴിഞ്ഞു. ഉച്ചനീചത്വത്തിനും അനീതിയ്ക്കും എതിരെയുണ്ടായ ഈ സമരം തെക്കൻ തിരുവിതാംകൂറിലെ ആദ്യ കർഷകതൊഴി ലാളിസമരമാണ്.

സ്പയിനിൽ നിന്നും ജോൺ ഡൊമസ്റ്റിയൻ എന്ന മിഷനറി കുന്നത്തുകാൽ പഞ്ചായത്തിൽ മിഷനറി പ്രവർത്തനത്തിന്റെ ഭാഗമായി 12 പള്ളികൾ സ്ഥാപി ച്ച് സാധുക്കളെയും പിന്നോക്കകാരേയും ഉദ്ധരിച്ചു. തുടർന്നു ബൽജിയത്തു നിന്നും വന്ന ഫാദർ ബാ പ്റ്റിസ്റ്റു മിഷനറി മുൻഗാമി പണികഴിപ്പിച്ച പള്ളിക ളെ ഉദ്ധരിക്കുകയും ഉണ്ടൻകോട് ഒരു സ്കൂൾ സ്ഥാ പിക്കുകയും ചെയ്തു. ഈ സ്കൂളാണ് പിൽക്കാല ത്ത് അപ്ഗ്രേഡ് ചെയ്ത ഉണ്ടൻകോട് സെന്റ് ജോൺസ് ഹൈസ്കൂൾ. ഉണ്ടൻകോട് ഇപ്പോഴും പ്ര വർത്തിക്കുന്ന അനാഥമന്ദിരം സ്ഥാപിച്ചതും, ഇന്ന് ഒരു തീർത്ഥാടനകേന്ദ്രമായ തെക്കൻ കുരിശുമലയിൽ കു രിശു നാട്ടിയതും ഇദ്ദേഹമായിരുന്നു.

കുന്നത്തുകാൽ പഞ്ചായത്തിന്റെ ആദ്യ പ്രസി ഡന്റായിരുന്ന കെ.ശിവശങ്കരപിള്ളയുടെ നേതൃത്വ ത്തിൽ ഹരിജനങ്ങളെ സംഘടിപ്പിച്ചുകൊണ്ട് ചെഴു ങ്ങാനൂർ മഹാദേവർ ക്ഷേത്രത്തിൽ പ്രവേശനത്തിനു വേണ്ടി മുറവിളികൂട്ടുകയും തുടർന്ന് ഹരിജന ങ്ങൾക്കും ക്ഷേത്രത്തിൽ പ്രവേശിക്കുവാൻ അവസരം ലഭിക്കുകയും ഉണ്ടായി. ആദ്യ പ്രവേശനത്തിന് പൂജാതി കർമ്മങ്ങൾ നടത്തിക്കൊടുത്തത് ശ്രീ.ഹരി ദാസൻ പോറ്റിയായിരുന്നു.

കാവ്യ ഭംഗികൊണ്ടും ശബ്ദസൗകുമാര്യം കൊണ്ടും ലോകമെമ്പാടും അറിയപ്പെടുന്ന പ്രശസ്ത നായ മലയാള കവി പ്രൊഫസർ വി.മധുസൂദനൻ നായർക്ക് ജന്മം നൽകിയതും ഈ പഞ്ചായത്താണ്.

അർദ്ധനഗ്നരായ പൂർവ്വികർ, ഓലമേഞ്ഞ് ചാണകം മെഴുകിയവീടുകൾ ഇവയ്ക്കുപകരം ആധുനിക വസ്ത്രധാരണം ഭംഗിയുള്ള ഭവനങ്ങൾ ഇവ ഇന്നു വ്യാപകമായിക്കഴിഞ്ഞു. കാളവണ്ടിയുടെയും വില്ലുവ ണ്ടിയുടെയും യുഗം അവസാനിക്കുകയാണ്. പകരം യന്ത്രവൽകൃത വാഹനങ്ങളുടെ അമിതമായ വർദ്ധ നവ് ജീവിതരീതിയിൽ വളരെ മാറ്റങ്ങൾ വരുത്തി. മല മ്പനി ബാധയ്ക്കെതിരെ സർക്കാർ വർഷങ്ങൾക്കു മുമ്പ് സ്ഥാപിച്ച ധർമ്മാശുപത്രിയാണ് ഇന്ന് കുന്നത്തു കാൽ പ്രൈമറി ഹെൽത്തുസെന്ററായി പ്രവർത്തി ച്ചുവരുന്നത്. ആകാലയിളവിൽ കാരക്കോണത്തു സ്ഥാപിച്ച എൽ.എം.എസ് ആശുപത്രി ഇന്ന് 'ഡോ. സോമർവെൽ മെമ്മോറിയൽ സി.എസ്.ഐ ആശുപ ത്രിയായി' വളർന്ന് ആധുനിക ചികിത്സാസൗകര്യങ്ങ ളോടെ പ്രവർത്തിച്ചു വരുന്നു.

മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് ജാതീയ ഉച്ചനീച ത്വങ്ങൾ കുന്നത്തുകാൽ പഞ്ചായത്തിൽ താരതമ്യേന കുറവായിരുന്നു. ഭൂ പരിഷ്കരണം നടപ്പിലായതോടു കൂടി അടക്കുടിക്കാർക്കും കൃഷികാർക്കും ഭൂമി സ്വന്ത മായി ലഭിച്ചു. പാട്ടക്കാർക്കും പാതിവാരക്കാർക്കും ഒറ്റി കുഴിക്കാണക്കാർക്കും ഭൂമി പതിച്ചു നല്കി. മുൻഞ്ചി റമഠത്തിന്റെയും ഇടയ്ക്കോടുമഠത്തിന്റെയും ഭൂമികൾ അവരുടേതല്ലാതായി.

ഏകദേശം 100 വർഷങ്ങൾക്കുമുൻപുതന്നെ ഈ പഞ്ചായത്തിൽ മലയാള വിദ്യാഭ്യാസത്തിന് പള്ളിക്കൂ ടങ്ങൾ ഉണ്ടായിരുന്നു. കാരക്കോണം, തച്ചകോട്, പേരമ്പക്കോണം, കോട്ടുക്കോണം, കുടയാൽ തുട ങ്ങിയ സ്കൂളുകളാണ് അന്നുണ്ടായിരുന്നത്. ഇപ്പോൾ 10സ്കൂളുകൾ ഈ പഞ്ചായത്തിൽ നിലവിലുണ്ട്. 1943ൽ കാരക്കോണത്ത് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനു വേണ്ടി പ്രിപ്പേറട്ടറി ക്ലാസ്സുകൾ ആരംഭിച്ചു.

ചരൽനിറഞ്ഞ മണ്ണ്, ചെമ്മണ്ണ്, മണൽകലർന്ന മണ്ണ്, പാറക്കെട്ടുകൾ, പശിമരാശിമണ്ണ്, ചെളിമണ്ണ് ഇവ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലുണ്ട്. പഞ്ചാ യത്തിന്റെ വടക്കു പടിഞ്ഞാറു ഭാഗവും തെക്കുകിഴക്കു ഭാഗവും താരതമ്യേന ഉയർന്നതും മദ്ധ്യഭാഗം താണ സമതല പ്രദേശവുമാണ്. വടക്കു പടിഞ്ഞാറു നിന്നും തെക്കുകിഴക്കു ഭാഗത്തുനിന്നും ആരംഭിക്കുന്ന കൊച്ച രുവികൾ മദ്ധ്യഭാഗത്തോട്ടൊഴുകി ചിറ്റാറിൽ ചേരുന്നു. നിത്യസ്മാരകങ്ങളായി വിവിധഭാഗങ്ങളിൽ പാറക്കൂ ട്ടങ്ങൾ ഉണ്ട്. നൂറിലധികം ആൾക്കാർക്കു മഴനന യാതെ വിശ്രമിക്കാനും ആഹാരം പാകം ചെയ്യാനും സൗകര്യമുള്ള 'അരുവിക്കാവുപാറ' (കുടയാൽ വാർഡ്) ഇന്നും വിശ്വാസികളെ ആകർഷിക്കുന്നു. മനോഹരമായ ചെറുവെള്ളച്ചാട്ടം ഇവിടത്തെപ്രത്യേ

കതയാണ്. കോരണംക്കോട്ടുള്ള പത്തായപ്പാറയും വിശേഷതകളോടെ നിലകൊള്ളുന്നു.

ഈ പഞ്ചായത്തിൽ താരതമ്യേന നല്ലകാലാവസ്ഥയാണ്. ഡിസംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ചെറിയ തണുപ്പും ഒക്ടോബർ, നവംബർ മാസങ്ങളിലെ തുലാവർഷവും ജൂൺ, ജൂലൈ മാസങ്ങളിലെ ഇടവപ്പാതിയും മാർച്ച്, ഏപ്രിൽ, മേയ് മാസത്തെ വേനൽക്കാലവും ആണ് നമുക്കനുഭവപ്പെടുന്നത്. ഇതുനുപുറമേ ഏപ്രിൽ മേയ് മാസങ്ങളിൽ പിൻമാറ്റ മൺസൂൺ മഴയും ലഭിക്കുന്നു.

റബ്ബർകൃഷിയുടെ വ്യാപനത്തോടെ നെൽകൃഷിയും മരിച്ചീനികൃഷിയും അന്യം നിന്നു വരികയാണ്. റബ്ബർ, വാഴ, തെങ്ങ്, കമുക്, മരിച്ചീനി, നെല്ല്, കുരുമുളക്, ഇഞ്ചി, മലക്കറി എന്നിവയാണ് പ്രധാനകൃഷി, ജലസേചന സൗകര്യം ഇല്ലാത്ത ഈ പ്രദേശത്ത് വെള്ളത്തിന്റെ ദൗർലഭ്യം നെൽകൃഷിയെ സാരമായി ബാധിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ആകെ ഒരു നദിയും (ചിറ്റാർ), 56 അരുവികളും 26 നീർച്ചാലുകളും 80 കുളങ്ങളും 69 ഉറവകളും 3. . കിണറുകളും 26 കുഴൽ കിണറുകളും ഉണ്ട്. കന്നുകാലി വളർത്തലും കോഴികൃഷിയും നടത്തുന്നവരും ധാരാളമുണ്ട്.

### മുൻകാല ഭരണസാരഥികൾ

പഞ്ചായത്ത് തെരഞ്ഞെടുപ്പ് സമ്പ്രദായം വരുന്നതിനുമുമ്പ് ഗ്രാമോദ്ധാരണ കേന്ദ്രമായാണ് പ്രവർത്തിച്ചിരുന്നത്. അന്ന് പ്രസിഡന്റിനേയും അംഗങ്ങളേയും നോമിനേറ്റു ചെയ്യുകയായിരുന്നു പതിവ്. ആദ്യ കുന്നത്തുകാൽ ഗ്രാമോദ്ധരണ സഭയിൽ കെ.ശിവശങ്കർ പിള്ള പ്രസിഡന്റായി 7 പേരെ നോമിനേറ്റു ചെയ്തു.

1953ൽ ജനാധിപത്യ രീതിയിൽ നടന്ന ആദ്യ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ 7 പേർ അംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ടു.

1. കെ. ശിവശങ്കര പിള്ള പ്രസിഡന്റ്
2. ജഡ്സൻ ജേക്കബ്
3. എൻ. വേലായുധൻ പിള്ള
4. ജി.പി. ദാസ്
5. ഈശ്വര പിള്ള
6. ദേവദാസൻ നാടാർ
7. കെ.പി ചെല്ലപ്പൻ പിള്ള

ഇവരിൽനിന്നും കെ. ശിവശങ്കരപിള്ള പ്രസിഡന്റായും കെ.പി. ചെല്ലപ്പൻ പിള്ള വൈസ് പ്രസിഡന്റായും തെരഞ്ഞെടുക്കപ്പെട്ടു.

1964ൽ നടന്ന രണ്ടാമതു പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ 8 വാർഡുകളിൽ നിന്നും 9 പേരെ തെരഞ്ഞെടുത്തു.

1. ആനാവൂർ : കെ.പി ചെല്ലപ്പൻ പിള്ള
2. കോരണംകോട് : രാമകൃഷ്ണപിള്ള
3. കോട്ടയ്ക്കൽ (ദ്വയാംഗവാർഡ്) : ജോൺസൻ
4. കോട്ടയ്ക്കൽ സംവരണം : എച്ച്. അപ്പു
5. നാറാണി : സി. ശിവശങ്കരൻ നായർ
6. മാണിനാട് : എ ജോർജ് സേവ്യർ
7. കാരക്കോണം : കെ.പി. സുകുമാരൻ നായർ
8. കോട്ടുകോണം : പി. കുട്ടൻ
9. ചെറിയകൊല്ല : വൈ. യേശുദാസൻ നാടാർ
10. നോമിനേറ്റഡ് വനിതാമെമ്പർ : എൽ. സുഭദ്ര

ഇവരിൽനിന്നും എ ജോർജ് സേവ്യർ പ്രസിഡന്റായും എച്ച്. അപ്പു വൈസ് പ്രസിഡന്റായും തെരഞ്ഞെടുക്കപ്പെട്ടു. ഈ ഭരണസമിതി പതിനാറുവർഷം നീണ്ടുനിന്നു.

1979ൽ നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ താഴെപ്പറയുന്നവർ അംഗങ്ങളായി.

1. ആനാവൂർ : ആനാവൂർ നാഗപ്പൻ നായർ
2. കോരണംകോട് : എസ്. രാമചന്ദ്രൻ നായർ
3. കോട്ടയ്ക്കൽ (വനിതാ വാർഡ്) : സി. സാനുമതി
4. മൂവേരിക്കര (ഹരിജൻ വാർഡ്) : രാഘവൻ
5. മാണിനാട് : ജോർജ് സേവ്യർ
6. കുന്നത്തുകാൽ : കെ. എസ്. രാധാകൃഷ്ണൻ നായർ
7. കാരക്കോണം : എസ്. ഗോപാലകൃഷ്ണൻ നായർ
8. കോട്ടുകോണം : പി. കുട്ടൻ
9. നാറാണി : ലിസ്റ്റൻ താപസ്
10. ചെറിയകൊല്ല : പി. ശ്രീധരൻ നായർ
11. കുടയാൽ : പി. ക്രിസ്തുദാസ് നാടാർ

ഇവരിൽ നിന്നും പി. കുട്ടൻ പ്രസിഡന്റായും ആനാവൂർ നാഗപ്പൻ നായർ വൈസ് പ്രസിഡന്റായും തെരഞ്ഞെടുക്കപ്പെട്ടു.

1988 ൽ നടന്ന തെരഞ്ഞെടുപ്പിൽ താഴെപ്പറയുന്നവർ അംഗങ്ങളായി.

1. ആനാവൂർ : കെ. വേലപ്പൻ നായർ
2. കോട്ടയ്ക്കൽ : സി. കുഞ്ഞുകൃഷ്ണൻ
3. കോരണംകോട് (വനിത) : എം. രാജമ്മ
4. മൂവേരിക്കര : എം. സുകുമാരൻ നായർ
5. മാണിനാട് (വനിത) : ജി. ദെരസമ്മ
6. കുന്നത്തുകാൽ : എ മോഹൻദാസ്
7. കാരക്കോണം : കെ. എസ്. രാധാകൃഷ്ണൻ നായർ
8. കോട്ടുക്കോണം : പി. കുട്ടൻ
9. നാറാണി : എസ്. ധർമ്മരാജ്
10. ചെറിയകൊല്ല : പി. ശ്രീധരൻ നായർ
11. കുടയാൽ : ജി. ബാലകൃഷ്ണപിള്ള
12. പാലിയോട് (ഹരിജൻ സംവരണം) : എം. സുന്ദരദാസ്

ഇവരിൽ നിന്നും പി. കുട്ടൻ പ്രസിഡന്റായും ജി. ബാലകൃഷ്ണപിള്ള വൈസ് പ്രസിഡന്റായും തെരഞ്ഞെടുക്കപ്പെട്ടു. 2.10.95 ൽ കെ. ചന്ദ്രമതിയമ്മ പ്രസിഡന്റായി അധികാരത്തിൽ വന്ന 13 അംഗഭരണസമിതിയാണ് ഇപ്പോൾ നിലവിലുള്ളത്.

# കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത് കുളങ്ങളും തോടുകളും



# കൃഷിയും ജലസേചനവും

## I ആമുഖം

കേരളത്തിന്റെ തെക്കേ അതിർ വരമ്പു ചേർന്നു കിടക്കുന്ന ഈ ഗ്രാമം കാർഷിക പ്രധാനമാണ്. കുന്നുകളും ചരിവുകളും താഴ്വാരങ്ങളും നിറഞ്ഞ നിമ്നോന്നത ഭൂപ്രകൃതിയാണ് ഈ പ്രദേശത്തിന്റേത്. ഈ പഞ്ചായത്തിന്റെ വടക്കു പടിഞ്ഞാറു ഭാഗത്തുള്ള മൂന്നു വാർഡുകളിലായി കട്ടറമല, പത്തായപ്പാറ, വള്ളിച്ചിറ, കൊടിതൂക്കിപ്പാറ, വിട്ടിയോട്ടുമല, കക്കോട്ടുപാറ എന്നീ കുന്നുകളുടെ ശൃംഖല സ്ഥിതിചെയ്യുന്നു. പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയ കടൽ കാണിക്കുന്ന് ഈ കുന്നിൻ നിരകളിൽ തെക്കുഭാഗത്ത്

പൊതുവിൽ അമ്ലാംശം കൂടിയ മണ്ണാണ്.

സാധാരണഗതിയിൽ മേയ് മുതൽ ആഗസ്റ്റു വരെ നീളുന്ന ഇടവപ്പാതിയും സെപ്റ്റംബർ മുതൽ നവംബർ വരെ തുലാവർഷവും ഇവിടെ ലഭ്യമാണ്. മഴ കുറയുന്ന കൊല്ലങ്ങളിൽ ഉണക്കുകൊണ്ട് കൃഷി നാശം സംഭവിക്കാറുണ്ട്.

## III കർഷകരും കാർഷികസമ്പത്തും

കൃഷിക്കാരിൽ ബഹുഭൂരിപക്ഷവും ചെറുകിടക്കാരാണ്. താഴെക്കൊടുത്തിരിക്കുന്ന പട്ടിക ഇക്കാര്യം വ്യക്തമാക്കും.

പട്ടിക 1

കർഷക വിഭാഗങ്ങൾ

| 10 സെന്റു വരെയുള്ളവർ | 10 മുതൽ 25 സെന്റുവരെ | 25 മുതൽ 50 സെന്റുവരെ | 50 മുതൽ 100 സെന്റുവരെ | 1 മുതൽ 2 ഏക്കർവരെ | 2 മുതൽ 5 ഏക്കർവരെ | 5 ഏക്കറിനു മുകളിൽ |
|---|---|---|---|---|---|---|
| 10600 | 7250 | 3725 | 3192 | 1817 | 1010 | 137 |

[അവലംബംവില്ലേജ് റിക്കാർഡുകൾ]

പഞ്ചായത്തിന്റെ തെക്കു പടിഞ്ഞാറുഭാഗത്ത് ഉയർന്നു നിന്ന് അകലെയുള്ള അറബിക്കടലിലേയ്ക്ക് ഉറ്റു നോക്കുന്നു. കോട്ടുക്കോണം, മലയിൽപാറ, അരുവിക്കാവ്, കാഞ്ഞിരംകോണം ഇവയും കുന്നിൻ പ്രദേശങ്ങളാണ്. ഈ കുന്നുകളിലും അവയുടെ ചരിവുകളിലും ഇടുങ്ങിയ താഴ്വാരങ്ങളിലുമായി ഇവിടത്തെ കൃഷിയിടങ്ങൾ വ്യാപിച്ചു കിടക്കുന്നു.

ജലസേചനവും നിർഗ്ഗമനവും സുസാധ്യമാക്കിക്കൊണ്ട് പഞ്ചായത്തിന്റെ ഏകദേശം മദ്ധ്യഭാഗത്തുകൂടെ കടന്നുപോകുന്ന ചിറ്റാറും അതിന്റെ ശാഖാതോടുകളും ഈ പ്രദേശത്തെ കൃഷിമേഖലയിലെ ജീവധമനികൾ തന്നെ.

മേൽ പറഞ്ഞ ഭൂപ്രകൃതിമൂലം വെള്ളക്കെട്ട് കൃഷിക്ക് ഒരു ഭീഷണിയായിത്തീരുന്നത് സാധാരണമല്ല.

## II മണ്ണും മഴയും

പ്രധാനമായി കാണുന്ന മണ്ണിനം ചെങ്കൽ മണ്ണാണ് (Laterite soil). ചിറ്റാറ്റിൻ തീരത്തും മറ്റു തോടുകളുടെയും കുളങ്ങളുടെയും സമീപത്തും കാണുന്ന പശിമരാശിമണ്ണും, എക്കൽമണ്ണും, അങ്ങിങ്ങുകാണുന്ന ചെമ്മണ്ണുമാണ് മറ്റു മണ്ണിനങ്ങൾ.

വൻകിട കർഷകർ (2 ഹെക്ടറിനു മുകളിലുള്ളവർ) 1 ശതമാനത്തിൽ താഴെ മാത്രമേയുള്ളൂ. ചെറുകിട കൃഷിക്കാരും (1 ഹെക്ടറിനും 2 ഹെക്ടറിനും ഇടയ്ക്കുള്ളവർ) 4 ശതമാനത്തിൽ താഴെയെയുള്ളൂ. 95 ശതമാനത്തിലധികവും നാമമാത്രകർഷകർ (1 ഹെക്ടറിൽ താഴെയുള്ളവർ) ആണ്. എങ്കിലും ഈ ചെറിയ കൃഷിയിടങ്ങളിൽ നിന്നും കടും കൃഷിയിലൂടെയും, വിള മിശ്രിതങ്ങളിലൂടെയും പരമാവധി ഉല്പാദനം നേടുന്നതിൽ ഉത്സുകരാണ് ഇവിടത്തെ കർഷകർ. സാഹചര്യം പ്രതികൂലമാകരുതെന്നുമാത്രം.

ആകെയുള്ള 2798.78 ഹെക്ടർ കൃഷിയോഗ്യമായ ഭൂമി താഴെ പറയുന്ന വിഭാഗങ്ങളിൽ പെടുന്നു.

പട്ടിക2

കൃഷിഭൂമിവിവിധവിഭാഗങ്ങൾ

| വിഭാഗം | വിസ്തീർണം (ഹെക്ടറിൽ) |
|---|---|
| നിലം | 347.22 |
| പുരയിടം | 2335.81 |
| പുറമ്പോക്ക് | 112.58 |
| കൃഷിയോഗ്യമായ തരിശ് | 3.15 |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 0.00 |
| ആകെ | 2798.76 |

മേൽ പറഞ്ഞ ഭൂവിഭാഗങ്ങളിൽ വിവിധതരം വിളകൾ കൃഷി ചെയ്തുവരുന്നു. വിളവുതിരിച്ചുള്ള ഭൂവിനിയോഗ വിവരം താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ നൽകിയിട്ടുണ്ട്.

പട്ടിക 3
ഭൂവിനിയോഗം

| വിളയിനം | വിസ്തീർണം (ഹെക്ടറിൽ) |
|---|---|
| നെല്ല് (ഒന്നാം വിള) | 25.00 |
| നെല്ല് (രണ്ടാം വിള) | 25.00 |
| നെല്ല് (മൂന്നാം വിള) | 5.00 |
| പയർ | 1.50 |
| എള്ള് | – |
| പച്ചക്കറികൾ | 5.50 |
| തെങ്ങ് | 700.00 |
| വാഴ | 315.00 |
| മരച്ചീനി | 150.00 |
| കുരുമുളക് | 5.00 |
| പ്ലാവ് | 18.00 |
| കശുമാവ് | 6.00 |
| റബ്ബർ | 1560.00 |
| കവുങ്ങ് | 4.00 |

347.22 ഹെക്ടർ വയലിൽ 10 ശതമാനം സ്ഥലത്തുപോലും ഇപ്പോൾ നെൽകൃഷി നടക്കുന്നില്ലയെന്ന് മേൽ പറഞ്ഞ പട്ടികകളിൽ നിന്നു വ്യക്തമാണ്. ഭക്ഷ്യവിളകളായ വാഴ, മരച്ചീനി, പച്ചക്കറികൾ തുടങ്ങിയവയും തെങ്ങ്, അൽബീസിയ, റബ്ബർ തുടങ്ങിയ വൃക്ഷവിളകളുമാണ് ബാക്കി ഭാഗം കയ്യേറിയിരിക്കുന്നത്.

പുരയിട കൃഷിയിൽ മുമ്പ് പ്രധാന സ്ഥാനം മരച്ചീനിക്കായിരുന്നു. എന്നാൽ കരയിൽ മരച്ചീനി കൃഷി തുലോം വിരളമായിരിക്കുന്നു. കൂടുതൽ ലാഭകരമായ റബ്ബർ വ്യാപിച്ചതാണ് ഇതിനൊരു കാരണം. ആഹാര രീതിയിൽ വന്ന മാറ്റവും ഒരു കാരണമാവാം.

ആവർത്തിച്ചനുഭവപ്പെടുന്ന വരൾച്ചക്കെടുതി, തൊഴിലാളികളുടെ ദൗർലഭ്യം നിമിത്തം യഥാകാലം കൃഷിപ്പണികൾ ചെയ്യാൻ കഴിയായ്ക, വളം, കീടനാശിനി തുടങ്ങിയ ഉല്പാദനോപാധികളുടെ വില വർധനവ്, ഉല്പന്നങ്ങൾക്ക് ന്യായമായ വിലയില്ലാതെ വരിക ഇവയൊക്കെ ഈ മാറ്റത്തിനുള്ള കാരണങ്ങളിൽ പെടുന്നു.

## IV ലക്ഷ്യങ്ങൾ

(i) ലാഭകരമായ നെൽകൃഷിക്ക് അനുയോജ്യമായ ഘടകങ്ങളെല്ലാം സുലഭമാക്കി നിലം മുഴുവൻ നെൽ വയലായി നിലനിറുത്തുക.

(ii) വിള പരിവൃത്തിയിൽ പെടുത്താവുന്ന ഭക്ഷ്യവിളകളായ വാഴ, മരച്ചീനി, പച്ചക്കറി എന്നിവയും മറ്റുകാലിക വിളകളായ ഇഞ്ചി, പച്ചിലവളച്ചെടി തുടങ്ങിയവയും ഇടവിളകളായി അനുവദിക്കാമെങ്കിലും വൃക്ഷ വിളകൾക്കുവേണ്ടിയോ, കാർഷികേതരാവശ്യങ്ങൾക്കായോ വയൽ തിരുത്തുകയോ നികഴ്ത്തുകയോ ചെയ്യുന്നത് തടയുക.

(iii) മേൽത്തരം ഉല്പാദനോപാധികളുടെ (വളം, വിത്ത്, കീടനാശിനികൾ, കൃഷിയായുധങ്ങൾ മുതലായവ)യും സാങ്കേതികോപദേശങ്ങളുടെയും ലഭ്യത സുഗമമാക്കി ഉല്പാദന ക്ഷമത വർദ്ധിപ്പിച്ച് കൃഷി ആദായകരവും ആകർഷകവും ആക്കുക.

(iv) യന്ത്രവൽക്കരണത്തിലൂടെ തൊഴിലാളികളുടെ ദൗർലഭ്യംകൊണ്ടുള്ള ബുദ്ധിമുട്ടിനു പരിഹാരം കാണുക.

(v) വിപണന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ഉല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പാക്കുക.

(vi) നെല്ല്, പച്ചക്കറി എന്നിവയുടെ കാര്യത്തിൽ സ്വയം പര്യാപ്തത ഉണ്ടാക്കുക.

(vii) വായ്പാ സൗകര്യങ്ങളും, വിള ഇൻഷ്വറൻസ്, സബ്സിഡികൾ എന്നിവയും ലഭ്യമാക്കി കർഷകന് ആശ്വാസവും പ്രചോദനവും അരുളുക.

(viii) സർവ്വോപരി കർഷകന്റെ ജീവിത സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ഉപഭോക്താവിന് ന്യായവിലയ്ക്ക് കൃഷിവിഭവങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.

## V പ്രശ്നങ്ങൾ

a) ജലസേചനം: ഈ പഞ്ചായത്തിലെ എല്ലാ കുളങ്ങളും വേനൽക്കാലത്ത് വരണ്ടുപോകുന്നവയാണ്. വിജയകരമായ നെൽകൃഷിക്കു വിശ്വസിക്കാവുന്ന ജലസ്രോതസുകളായി അവയെ ആശ്രയിക്കാനാവില്ല.

b) പാടശേഖരങ്ങളിൽ ഇടയ്ക്കുള്ള നിലങ്ങൾ തിരുത്തുകയോ, നികഴ്ത്തുകയോ ചെയ്യുന്നത് ഉള്ള ജലം പോലും കാര്യക്ഷമമായി ഉപയോഗിക്കുന്നതിന് തടസ്സമാകുന്നു.

c) ജലസേചനത്തിന് സ്ഥാപിക്കുന്ന ഇലക്ട്രിക് മോട്ടോർ പമ്പുകൾക്ക് വൈദ്യുതി ലഭ്യമാക്കുന്നതിൽ വരുന്ന കാല വിളംബം.

d) അത്യാവശ്യ സമയത്ത് ഉല്പാദനോപാധികളും തൊഴിലാളികളും ലഭ്യമല്ലാതെ വരുന്നത്.

e) വായ്പ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്.

f) വിപണന സൗകര്യത്തിന്റെ അപര്യാപ്തത.

## VI പ്രവർത്തന പരിപാടി

### (i) ജലസേചനം:

(a) മഴവെള്ളം പരമാവധി സംഭരിക്കുവാനും, മഴക്കാലം കഴിഞ്ഞ് സേചനാവശ്യം വരുന്നതുവരെ ചോർന്നുപോകാതെ സൂക്ഷിക്കുവാനും പര്യാപ്തമായ വിധം കുളങ്ങളെല്ലാം നന്നാക്കണം*. കുളങ്ങളുടെ ലിസ്റ്റ് അനുബന്ധ (പട്ടിക 4) ആയി കൊടുത്തിരിക്കുന്നു. പമ്പു ചെയ്യേണ്ട കുളങ്ങളിൽ പമ്പുസെറ്റുകൾ സ്ഥാപിക്കുകയും വേണം

(b) തോടുകൾ നന്നാക്കുകയും ഇടയ്ക്കിടെ ക്രോസ് ബാറുകളും ഷട്ടറുകളും നിർമ്മിച്ച് ഒഴുക്കു നിയന്ത്രിച്ച് ജലനഷ്ടം പരമാവധി കുറയ്ക്കുകയും വേണം.

(c) ചിറ്റാറിലും അതിന്റെ ശാഖാതോടുകളിലും മേൽപറഞ്ഞ പ്രകാരം ക്രോസ് ബാറുകളും ഷട്ടറുകളും കൊണ്ട് ജലവിനിയോഗം കാര്യക്ഷമമാക്കുക.

(d) കോട്ടയ്ക്കൽ വാർഡിൽ ചിറ്റാറ്റിൽ സ്ഥാപിച്ചിട്ടുള്ള പമ്പുസെറ്റ് പ്രവർത്തന ക്ഷമമാക്കുക.

(e) നെയ്യാർ ഇറിഗേഷൻ പദ്ധതിയുടെ ലെഫ്റ്റ് ബാങ്ക് കനാലിൽ നെടിയാംകോടിനടുത്ത് അയ്യംകുഴി കാവിനു സമീപം പമ്പ് വച്ച് ലിഫ്റ്റ് ചെയ്ത് തോടുകൾ വഴി ഇരട്ടക്കുളം, അണ്ടൂർക്കുളം, വെതുക്കോടു കുളം, ഓണംകോടുകുളം, കുറ്റിക്കാട്ടുകുളും, ഉണ്ടൻകോടുകുളം, കവിയൂർകോണംകുളം തുടങ്ങിയ തലക്കുളങ്ങളിലെല്ലാം ജലം സംഭരിക്കുകയാണെങ്കിൽ പഞ്ചായത്തു പ്രദേശത്താകെ ജല ദുർഭിക്ഷതയ്ക്കതു ഒരു നല്ല അളവുവരെ പരിഹാരമാകും.

(f) നെല്ല്, വാഴ, പച്ചക്കറി തുടങ്ങിയ ഭക്ഷ്യവിളകൾക്കും തെങ്ങിനും നനവേകാൻ ഇലക്ട്രിക് പമ്പുസെറ്റുകൾ സ്ഥാപിക്കുന്നവർക്ക് സബ്സിഡി അനുവദിക്കുകയും, വൈദ്യുതി കണക്ഷൻ സത്വരമായും സൗജന്യമായും ലഭ്യമാക്കുകയും വേണം.

(g) കോരണംകോട് വാർഡിൽ കീഴ്ക്കോണത്ത് പുതിയൊരു കുളം കുഴിക്കണം.

(h) മൂവേരിക്കര വാർഡിലെ പൊട്ടഞ്ചിറയിൽ പഞ്ചായത്തു പുറമ്പോക്കിൽ ഒരു കുളം കുഴിക്കണം.

(i) സാധ്യതയുള്ള സ്ഥലങ്ങളിലെല്ലാം കുഴൽക്കിണറുകൾ കുഴിച്ച് ഭൂഗർഭജലം കുളങ്ങളിൽ സംഭരിക്കണം.

(j) ചെറികൊല്ല വാർഡിൽ ഉപയോഗശൂന്യമായിക്കിടക്കുന്ന ഉണ്ടൻകോട് താഴെക്കുളം, പുനരുദ്ധരിക്കണം.

(k) വേനൽക്കാലത്തും ഉറവയുള്ള ഇരട്ടക്കുളം, അണ്ടൂർകോണംകുളം, കവിയൂർകോണംകുളം, ബദുക്കോട്ടുകോണം കുളം, നെല്ലിയോട് ചിറക്കുളം, തേരണിക്കുളം, മടത്തികോണത്തുകുളം, തലയ്ക്കോട്ടുകോണംകുളം, മൂവോട്ടുകോണംകുളം, കൊന്നാനിയൂർകോണംകുളം, ചിമ്മണ്ടിക്കുളം, പുനങ്കുടിക്കുളം, ചീരങ്കോട്ടുകുളം, സുബ്രമണ്യംകുളം എന്നീ കുളങ്ങൾക്കുള്ളിൽ കിണർകുഴിച്ച് പമ്പുസെറ്റുപയോഗിച്ച് ജലസേചനം സാധ്യമാക്കിയാൽ നിലവിലുള്ള രണ്ട് പൂവുകൾ മെച്ചപ്പെടുത്താനും കൂടുതലായി മൂന്നാംവിളയെടുക്കാനും സാധിക്കുന്നതാണ്.

**2 നിലംനികത്തൽ നിരോധനം**

നിലങ്ങൾ വൃക്ഷവിളകൾ നടുവാൻ തിരുത്തുന്നതും കാർഷികേതരാവശ്യങ്ങൾക്കായി നികഴ്ത്തുന്നതും കർശനമായി നിരോധിക്കണം (അതിനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് ലഭിക്കത്തക്കവണ്ണം 'കേരളാ ലാൻഡ് യൂട്ടിലൈസേഷൻ ആക്ടി'ൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയാലേ സത്വരവും, പ്രയോജനകരവുമായി പ്രസ്തുത നിയമവ്യവസ്ഥകൾ പ്രാവർത്തികമാക്കാൻ കഴിയുകയുള്ളൂ. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിൽ കൊണ്ടുവരേണ്ടതാണ്)

3 പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിന് അടുക്കളത്തോട്ടങ്ങൾ നിർമ്മിക്കുവാൻ സൗകര്യവും താല്പര്യവുമുള്ളവരെ തിരഞ്ഞെടുത്ത് അവർക്ക് മേൽത്തരം വിത്തുകൾ, വളം എന്നിവയും ഹാൻഡ് സ്പ്രേയർ, ഹാൻഡ്ഡസ്റ്റർ തുടങ്ങിയ ഉപകരണങ്ങളും സൗജന്യമായി നൽകേണ്ടതാണ്. പ്രസ്തുത കൃഷിക്കാവശ്യമായ കമ്പോസ്റ്റുവളം അതാതു കൃഷിക്കാർ തന്നെ നിർമ്മിക്കണം. ഇങ്ങനെ തെരഞ്ഞെടുക്കുന്ന വീടുകൾ ഇരുപത്തിയഞ്ചോ അമ്പതോ എണ്ണം തുടർച്ചയായി വരത്തക്കവണ്ണമായിരുന്നാൽ ഈ പരിപാടിക്കു പ്രചാരണവും അനുകരിക്കുവാൻ മറ്റുകൃഷിക്കാർക്ക് പ്രചോദനവുമുണ്ടാവും. ഈ പരിപാടിയുടെ വിജയകരമായ നടത്തിപ്പിന്റെ ഉത്തരവാദിത്വം കൃഷിഭവനു നൽകേണ്ടതാണ്.

4) എല്ലാത്തരം കൃഷിക്കും ആവശ്യമായ മേൽത്തരം നടീൽ വസ്തുക്കൾ, വളം, കീടനാശിനികൾ എന്നിവയും സാങ്കേതികോപദേശവും കൃത്യസമയത്ത് ലഭ്യമാക്കുന്നതിനുള്ള ചുമതല കൃഷിഭവനായിരിക്കണം. പുരോഗതി ഗ്രാമപഞ്ചായത്ത് യഥാകാലം വിലയിരുത്തുകയും വേണം.

5 കൃഷി ആയാസരഹിതവും, ആദായകരവും ആക്കുന്നതിനും, കൃഷിയിറക്കുകാലത്ത് മതിയായ തൊഴിലാളികളെ കിട്ടാത്തതു മൂലമുണ്ടാകുന്ന ബുദ്ധിമുട്ടു പരിഹരിക്കുന്നതിനും ഭാഗികമായ യന്ത്രവൽക്കരണം അത്യാവശ്യമായിത്തീർന്നിരിക്കുന്നു. ട്രാക്ടർ, പൗവ്വർടില്ലർ എന്നിവ മിതമായ വാടകയ്ക്കു ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിക്കുന്നതിനുള്ള ഏർപ്പാടുണ്ടാക്കണം.

6 മേൽപറഞ്ഞ കൃഷിയന്ത്രങ്ങൾ സ്വന്തമായി വാങ്ങാനാഗ്രഹിക്കുന്ന കർഷകർക്കോ, കർഷക സംഘടനകൾക്കോ, ആകർഷകമായ സബ്സിഡി നൽകി പ്രോത്സാഹിപ്പിക്കണം. വായ്പ ആവശ്യമുള്ളവർക്ക് ബാങ്കുകളിൽ നിന്നും സഹകരണസംഘങ്ങളിൽ നിന്നും മിത പലിശയ്ക്ക് അതു ലഭ്യമാക്കേണ്ടതാണ്.

7 വിവിധതരം കീടശല്യങ്ങൾക്കും രോഗങ്ങൾക്കും വിധേയമായി പലപ്പോഴും ഭീമമായ നഷ്ടം കാർഷികവിളകൾക്കു സംഭവിക്കാറുണ്ട്. കീടരോഗ ബാധകൾ പരിഹരിക്കുവാനും, പ്രതിരോധിക്കുവാനും കൃത്യമായ ഉപദേശങ്ങളിലൂടെ കർഷകരെ സഹായിക്കാനുള്ള ബാധ്യത കൃഷിഭവൻ ഉദ്യോഗസ്ഥർക്കുള്ളതാണ്. ആവശ്യമായ കീടനാശിനികളും പ്രയോഗിക്കാനുള്ള ഉപകരണങ്ങളും ലഭ്യമാക്കേണ്ട ചുമതലയും അവർക്കായിരിക്കണം. പ്രവർത്തന പുരോഗതി ഗ്രാമപഞ്ചായത്ത് അവലോകനം ചെയ്യണം.

8 ഗ്രൂപ്പ് ഫാമിംഗ് സമിതികളുടെയും, കേരകർഷക സമിതിയുടെയും പ്രവർത്തനം പഞ്ചായത്തു പ്രദേശത്തിനു മുഴുവൻ ലഭ്യമാകത്തക്കവണ്ണം വിപുലീകരിക്കണം.

9 ആനാവൂർ ഭാഗത്തു നടപ്പാക്കിവരുന്ന വാട്ടർഷെഡ് പ്രോഗ്രാം തുടരുകയും, പുതിയ നീർമറി പ്രദേ

ശങ്ങൾ കണ്ടെത്തി പദ്ധതിയുടെ പ്രയോജനം വ്യാപിപ്പിക്കുകയും വേണം.

10 അർഹതയുള്ള കർഷകർക്ക് കാലവിളംബം കൂടാതെ കൃഷിവായ്പ അനുവദിക്കുവാൻ സഹകരണബാങ്കും, മറ്റുബാങ്കുകളും നടപടിയെടുക്കുന്നുവെന്ന് ഉറപ്പുവരുത്തണം.

11 ജൈവവള ദൗർലഭ്യം കൃഷിക്കാരെ അലട്ടുന്ന ഒരു പ്രധാന പ്രശ്നമാണ്. മണ്ണിന്റെ ഘടന മെച്ചപ്പെടുത്തുന്നതിനും, പരിപാലിക്കുന്നതിനും കാലിവളം/ കമ്പോസ്റ്റ്/ പച്ചിലവളം ധാരാളമായി മണ്ണിൽ ചേർക്കേണ്ടതാണ്. ജൈവാംശത്തിന്റെ കുറവുകൊണ്ട് ഘടന മോശമായി പൂഴിയായിത്തീരുന്ന മണ്ണ് ചരിവുഭൂമികളിൽ നിന്നു മഴക്കാലത്ത് ഒലിച്ചുപോവുകയും, നിലങ്ങളിൽ അത്തരം മണ്ണിറങ്ങി നികഴ്ന്നുപോവുകയും ചെയ്യും. അതുകൊണ്ട് സത്വരമായി പരിഹാരം കാണേണ്ട ഒരു പ്രശ്നമാണിത്. അതിനു താഴെ പറയുന്ന നടപടികൾ നിർദ്ദേശിക്കുന്നു.

(a) കൃഷിഭവൻ വഴി അനുയോജ്യമായ പച്ചിലച്ചെടികളുടെ വിത്തുകൾ സൗജന്യനിരക്കിൽ ലഭ്യമാക്കുകയും, ബോധവൽക്കരണത്തിലൂടെയും പ്രേരണയിലൂടെയും വയൽതരിശുകളിലും തെങ്ങിൻ തടങ്ങളിലും, പുറമ്പോക്കുകൾ ഉൾപ്പെടെ ലഭ്യമായ മറ്റു സ്ഥലങ്ങളിലും കൃഷിചെയ്യിക്കുകയും യഥാകാലം മണ്ണിൽ ചേർപ്പിക്കുകയും വേണം.

(b) പഞ്ചായത്തിന്റെ വകയായ പൊതുസ്മശാനത്തിൽ പച്ചിലവളച്ചെടിയായ ശീമക്കൊന്ന ധാരാളമായി വച്ചുപിടിപ്പിക്കാവുന്നതാണ്. കൃത്യമായ അകലത്തിൽ വരിയായി ശീമക്കൊന്ന നട്ടുപിടിപ്പിച്ചാൽ അതു സ്മശാനാവശ്യത്തിനു തടസമാകുകയില്ല. മാത്രമല്ല ഭാവിയിൽ കൊല്ലം തോറും കൂപ്പ് ലേലം ചെയ്ത് പഞ്ചായത്തിനു മുതൽ കൂട്ടുകയും ചെയ്യാം. മറ്റു പുറമ്പോക്കുകളിലും ഇത് ചെയ്യാവുന്നതാണ്.

(c) ഇടവേളകളിൽ വയലുകളിൽ പയർ കൃഷി ചെയ്താൽ മാംസ്യധന്യമായ പയർ ലഭിക്കുന്നതിനു പുറമേ അടുത്ത നെൽകൃഷിക്കാവശ്യമായ ജൈവവളം ലഭിക്കുകയും ചെയ്യും. ഇടയ്ക്കൊരു കൃഷിമാറ്റം കാരണം രോഗകീടങ്ങൾ കുറയുകയും ചെയ്യും. അതുകൊണ്ട് കൃഷിഭവന്റെ മേൽനോട്ടത്തിൽ മേൽത്തരം വിത്തും വളവും സൗജന്യനിരക്കിൽ നൽകി പയർ കൃഷി പ്രോത്സാഹിപ്പിക്കേണ്ടതാണ്.

(d) റോഡുകളിലും, ചന്തകളിലും നിന്ന് നീക്കം ചെയ്യുന്ന പാഴ്വസ്തുക്കൾ ഉപയോഗിച്ച് കമ്പോസ്റ്റുല്പാദിപ്പിച്ച് വിതരണം ചെയ്യാനുള്ള ഒരു പദ്ധതി പഞ്ചായത്തു തലത്തിൽ നടപ്പാക്കണം.

12 കാർഷികോല്പന്നങ്ങൾ ന്യായമായ വിലയ്ക്കു വിറ്റഴിക്കുവാൻ സമീപത്തു തന്നെ സൗകര്യം ലഭിക്കുമെങ്കിൽ ലാഭേച്ഛയോടെ കൂടുതൽ മുടക്കി കൂടുതലുല്പാദിപ്പിക്കുവാനുള്ള പ്രചോദനമുണ്ടാവുന്നു. അതുകൊണ്ട് (a) വിളയെടുപ്പുകാലത്തു വിലയിടിവു മൂലം നഷ്ടം സംഭവിക്കാതിരിക്കാൻ പ്രധാന കാർഷികോല്പന്നങ്ങൾക്കെല്ലാം തറവില പ്രഖ്യാപിക്കുകയും അവ സംഭരിച്ച് വിപണനം നടത്തുന്നതിന് ഗ്രാമപഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ഗോഡൗൺ സൗകര്യങ്ങളോടെ മാർക്കറ്റിംഗ് സൊസൈറ്റി രൂപവൽക്കരിക്കുകയും വേണം.

(b) പ്രാദേശികോല്പന്നങ്ങളുടെ സുഗമമായ വിപണനത്തിന് ചന്തകൾ സ്ഥാപിക്കണം.

13 മൽബറി കൃഷിയും, പട്ടുനൂൽപുഴുവളർത്തലും വ്യാപിപ്പിക്കുകയാണെങ്കിൽ താല്പര്യമുള്ള കൃഷിക്കാർക്ക് അതു നല്ല വരുമാനമാർഗ്ഗമാവും. കേരളാ സ്റ്റേറ്റ് സെറികൾച്ചർ കോപ്പറേറ്റീവ് ഫെഡറേഷൻ ലിമിറ്റഡ് (SERIFED) ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് വകുപ്പ്, ഗാന്ധിസ്മാരകനിധി, ഖാദിബോർഡ് തുടങ്ങി ഈ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുമായി ഇതിലേയ്ക്കാവശ്യമായ പദ്ധതിയാവിഷ്കരിച്ചു നടപ്പിലാക്കേണ്ടതാണ്.

14. കർഷകർക്ക് സൗജന്യ ഇൻഷ്വറൻസ് പദ്ധതിയും സൗജന്യ വൈദ്യസഹായവും ലഭ്യമാക്കണം.

15. പോഷക സമൃദ്ധവും രുചികരവും ആയ കൂൺ വിഭവങ്ങൾ ഭക്ഷണ ഭാഗമാക്കുന്നതിനുള്ള താല്പര്യം പ്രചുര പ്രചാരം നേടിവരുന്നു. കൂൺ കൃഷി പ്രോത്സാഹിപ്പിച്ചാൽ അതു ഭക്ഷണരീതിയിൽ ആരോഗ്യകരമായ മാറ്റമുണ്ടാക്കുന്നതിനു പുറമേ പ്രസ്തുത കൃഷി ചെയ്യുന്നവർക്ക് ആകർഷകമായ ആദായവും നേടിക്കൊടുക്കുന്നു. വനിതാ സമാജങ്ങൾ തുടങ്ങിയ സംഘടനകൾക്കും വ്യക്തികൾക്കും കൂൺ കൃഷി ഏറ്റെടുക്കാവുന്നതാണ്. വെള്ളനാട് കൃഷി വിജ്ഞാന കേന്ദ്രത്തിലോ, വെള്ളായണി കാർഷിക കോളേജിലോ നിന്നും പരിശീലനം ലഭ്യമാക്കുകയും സബ്സിഡി നൽകി പ്രോത്സാഹിപ്പിക്കുകയും ചെയ്താൽ വളരെപ്പേർ ഈ രംഗത്തേയ്ക്കു കടന്നു വരും. വിളവെടുപ്പു ദിവസം തന്നെ ചെലവാകാതെ മിച്ചം വരുന്ന കൂൺ ഉണക്കിയും പിക്കിൾസ് ആക്കിയും സൂക്ഷിച്ചുവച്ച് വിപണനം ചെയ്യാവുന്നതാണ്. ഇത് ആദായകരമായ ഒരനുബന്ധ വ്യവസായത്തിനു സാധ്യത നൽകുന്നു.

16. കൈതച്ചക്ക (Pineapple) കൃഷിചെയ്യുന്നതിന് യോജ്യമായ ധാരാളം സ്ഥലം നമ്മുടെ പഞ്ചായത്തിലുണ്ട്. വമ്പിച്ച ആദായ സാധ്യതയുള്ള ഈ കൃഷി പ്രോത്സാഹനം അർഹിക്കുന്നു. മേൽത്തരം നടീൽ വസ്തുക്കളും, കൃഷിപ്പണികൾക്കുള്ള ധനസഹായവും ലഭ്യമാക്കിയാൽ ഈ കൃഷി വളരെ പെട്ടെന്നു വ്യാപിക്കുന്നതാണ്. സ്ക്വാഷ്, ജാം, ജെല്ലി, ക്യാൻഡ്ഫ്രൂട്ട് എന്നിവയുടെ ഉല്പാദനത്തിനുള്ള അനുബന്ധ വ്യവസായങ്ങൾക്കും സാധ്യതയുണ്ട്.

17. പ്രോത്സാഹനം അർഹിക്കുന്ന മറ്റൊരു സംരംഭമാണ് ഔഷധ സസ്യകൃഷി. പാലോട് ട്രോപികൽ ബൊട്ടാണിക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ആയുർവേദ കോളേജിന്റെ ഔഷധത്തോട്ടം തുടങ്ങിയവയിൽ നിന്ന് നടീൽ വസ്തുക്കളും ധനസഹായവും ലഭ്യമാക്കിയാൽ ഈ കൃഷി ആദായകരമായി നടത്താൻ കഴിയും. ആകയാൽ അതിനു നടപടി സ്വീകരിക്കണം.

18. പ്രദേശികാവശ്യങ്ങൾക്കുള്ള പൂക്കൾപോലും ആയൽ സംസ്ഥാനത്തു നിന്നാണെത്തുന്നത്. അതു കൊണ്ട് പിച്ചി, കുറ്റിമുല്ല എന്നിവയുടെ കൃഷിക്ക് നല്ല സാധ്യതയുണ്ട്. നടീൽ വസ്തുക്കളും ധനസഹായവും ലഭ്യമാക്കി ഈ കൃഷി വിപുലീകരിക്കേണ്ട താണ്.

ഓർക്കിഡ്, ആന്തൂറിയം തുടങ്ങി വിദേശ വിപണിയിൽ പ്രിയമേറിയ പുഷ്പങ്ങളുടെ കൃഷി സാധ്യതയും ആരായേണ്ടതാണ്.

19. പഴവൃക്ഷതൈകൾ, പൂച്ചെടികൾ, മറ്റലങ്കാര സസ്യങ്ങൾ, പച്ചക്കറി വിത്തുകളും തൈകളും ഇവയൊക്കെ ഉല്പാദിച്ച് വിതരണം ചെയ്യുന്നതിനുള്ള ഹോർട്ടിക്കൾച്ചറൽ നഴ്സറികൾ തുടങ്ങാൻ താല്പര്യവും സൗകര്യവുമുള്ളവർക്ക് ഗ്രാന്റും വായ്പയും ലഭ്യമാക്കി പ്രോത്സാഹിപ്പിക്കണം. മുമ്പുപറഞ്ഞ പുഷ്പ കൃഷിക്കും ഔഷധ സസ്യകൃഷിക്കും മറ്റുമാവശ്യമുള്ള നടീൽ വസ്തുക്കൾ ഇത്തരം നഴ്സറികളിൽ ഉല്പാദിപ്പിച്ചു വിതരണം ചെയ്യാനും സാധിക്കും.

20. തേനീച്ചക്കൂടുകൾ പകുതി വിലയ്ക്കു ലഭ്യമാക്കുകയാണെങ്കിൽ തേനീച്ച വളർത്തൽ വിപുലമാക്കി കൃഷിക്കാരുടെ ആദായം വർദ്ധിപ്പിക്കാൻ സാധിക്കും. റബർ തോട്ടങ്ങളും മറ്റുവൃക്ഷങ്ങളും ധാരാളമുള്ള ഈ പ്രദേശത്ത് തേനുല്പാദനത്തിന് ഏറെ സാധ്യതയുണ്ട്.

21. കാർഷികവിളകൾക്കും, കാർഷികോല്പന്നങ്ങൾക്കും എലികളുടെ ആക്രമണം നിമിത്തം കനത്ത നാശം സംഭവിക്കാറുണ്ട്. അതുകൊണ്ട് പഞ്ചായത്തു പ്രദേശം മുഴുവൻ ഒരേ സമയം എലിനശീകരണം നടപ്പിലാക്കത്തക്കവണ്ണം എലിനശീകരണ കാമ്പയിൻ ഓരോ കൊല്ലവും നടത്തേണ്ടതാണ്. ഇതിനാവശ്യമായ എലിവിഷം പാക്കറ്റുകളിലാക്കി പ്രിന്റുചെയ്ത നിർദ്ദേശങ്ങളുൾപ്പെടെ എല്ലാ വീടുകളിലും വിതരണം ചെയ്യണം. ഇതിന് സന്നദ്ധ സംഘടനകളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

22. കുന്നത്തുകാൽ വാർഡിൽ ഒരു നെല്ലുല്പാദക സഹകരണസംഘം രൂപീകരിക്കേണ്ടതാണ്.

## VIII നേട്ടങ്ങൾ

മേൽ പറഞ്ഞ പരിപാടികൾ നടപ്പിലാക്കിക്കഴിയുമ്പോൾ താഴെപ്പറയുന്ന നേട്ടങ്ങൾ കൈവരിക്കാനാവുമെന്നു പ്രതീക്ഷിക്കുന്നു.

(1) ഉല്പാദനക്ഷമതാ വർധനവിലൂടെയും, ആവർത്തന കൃഷികളിലൂടെയും, കൂടുതൽ സ്ഥലം വീണ്ടും കൃഷിയിറക്കാൻ ലഭ്യമാക്കുന്നതിലൂടെയും നെല്ലുൽപാദനവും, വൈക്കോലുൽപാദനവും പലമടങ്ങു വർദ്ധിക്കും.

(2) പച്ചക്കറിയുൽപാദനം ഇരട്ടിയാകും.

(3) പയറുല്പാദനം ഇരട്ടിയാവും.

(4) ശാസ്ത്രീയ കൃഷിമുറകളിലൂടെ മറ്റുവിളകളുടെ ഉല്പാദനം 50 ശതമാനമെങ്കിലും വർദ്ധിക്കും.

(5) കർഷകന്റെ ജീവിതസൗകര്യങ്ങൾ വർദ്ധിക്കും.

(6) തൊഴിലാളികൾക്ക് തൊഴിലവസരം വർദ്ധിക്കും.

### പട്ടിക 4

### നന്നാക്കേണ്ട കുളങ്ങളും തോടുകളും

**I ആനാവൂർ**

1) നെല്ലിയോട്ടുകുളവും, തോടും
2) മഠത്തുവിളാകം കുളവും തോടും
3) കുളക്കോട്ടുകുളവും തോടും
4) തലക്കോട്ടുകോണം കുളവും തോടും
5) തേരണികുളവും തോടും
6) ഇടമലയ്ക്കൻ കുളവും തോടും
7) മുളവൻകോട് കുളവും തോടും

**II പാലിയോട്**

1) മലവിളക്കോണം ചിറകുളവും തോടും
2) പാലിയോട് പുത്തറകുളവും തോടും
3) മുക്കലച്ചൽ കൊക്കിടി കുളം
4) ആലത്തൂർ കുളക്കോട്ടുകോണം കുളവും തോടും
5) പരുത്തിച്ചിൽ കുളവും തോടും
6) കോട്ടയത്തുകോണം കുളവും തോടും
7) പുത്രകുളവും തോടും

പുതിയകുളങ്ങൾ: 1) ആഴാംകുളത്ത്കോണം കുളം

**III കോരണംകോട്**

1) ഊട്ടുപറമ്പ് കുളവും തോടും
2) ഐവറിചിറകുളവും തോടും
3) കിഴവോട്ടുകോണം കുളവും തോടും
4) ഐക്കോട്ട് കുളവും തോടും
5) പടപ്പിത്തോട്ടം ചിറകുളവും തോടും
6) പാലിയോട്ടു കുളവും തോടും
7) പെരുംമ്പ്രാകം കുളവും തോടും

**IV കോട്ടയ്ക്കൽ**

1) പുകിലൂർകുളവും തോടും
2) ഐക്കാട്ട് കുളവും തോടും
3) വറട്ടയത്ത്കുളവും തോടും
4) പേരിമ്പക്കോണം വലിയകുളവും തോടും

**V അരുവിയോട്**

1) ഇടുക്കത്ത്കുളവും തോടും
2) നയനാർമഠം കുളവും തോടും
3) അരുവിയോട് കുളവും തോടും
4) കുന്നാകുടികുളവും തോടും
5) കയറുകോണം കുളവും തോടും
6) സുബ്രഹ്മണ്യം കുളവും തോടും

പുതിയകുളങ്ങൾ: താന്നികുഴി കുളക്കോട്ടുകോണം.

**VI മൂവേരിക്കര**

1) പന്നിയോട്ടു കുളവും തോടും
2) വിതപ്പകൽ കുളവും തോടും
3) മൈപറമ്പിൽ കുളവും തോടും
4) പുന്നറത്തല കുളവും തോടും
5) പനയറക്കോണത്ത് കുളവും തോടും
6) അരുമാന്നൂർ പുത്തൻകുളം

7) അരുമാളൂർ കോരകുളം
8) പെരുമാവറത്തല കുളവും തോടും
9) മണ്ണകോട്ടുകുളം

VII മാണിനാട്

1) ഓണംകോട്ടുകുളവും തോടും
2) ചിമ്മിണ്ടികുളവും തോടും
3) മാണിനാട് കുളവും തോടും
4) വെതുക്കോട്ടുകോണം കുളവും തോടും
5) മൂവോട്ടുകോണം കുളവും തോടും
6) ഇലങ്കം കുളവും തോടും
7) അലയ്ക്കാട്ടു കുളവും തോടും

VIII കുന്നത്തുകാൽ

1) കൊന്നാന്നൂർകോണം കുളവും തോടും
2) കുറ്റിക്കാട്ടുകുളവും തോടും
3) മുരശികുളവും തോടും
4) തച്ചംകോട്ടു കുളവും തോടും
5) നൊച്ചുവാടികുളവും തോടും
6) മേര്യാംകോട്ടുകുളവും തോടും

IX കാരക്കോണം

1) കാരക്കോണം ഇരട്ടകുളവും തോടും
2) അണ്ടൂർകോണം കുളവും തോടും
3) കണ്ഠൻചിറകുളവും തോടും
4) ഇറ്റിയോട്ടുകോണം കുളവും തോടും
5) മങ്കാരത്ത് കുളവും തോടും
6) മാച്ചാംകോട് കുളവും തോടും

X കോട്ടുക്കോണം

1) കവിയൂർക്കോണം കുളവും തോടും
2) കൈതോട്ടുകോണം കുളവും തോടും
3) ചീരംകോട്ടുകുളവും തോടും
4) നൊച്ചുവാടികുളവും തോടും
5) ചുനപ്പാറകുളവും തോടും

6) അരുമാനിച്ചൽ കുളവും തോടും
7) ചെഴുങ്ങാന്നൂർ കുളവും തോടും
8) വേലിത്താരക്കോണം കുളവും തോടും
9) കോട്ടുക്കോണത്ത് കുളം

XI നാറാണി:

1) കൊങ്ങൻകോട്ടുകുളവും തോടും
2) തൊളിച്ചൽ കുളവും തോടും
3) മണക്കാലക്കുളവും തോടും
4) കോട്ടുക്കോണത്ത് കുളവും തോടും
5) ഇടുക്കത്ത് കുളവും തോടും
6) കുരുവിയോട് കുളവും തോടും
7) കുശപ്പാറകുളവും തോടും

XII ചെറിയകൊല്ല

1) പിച്ചിയോട്ടു കുളവും തോടും
2) ഉണ്ടൻകോട്ടു കുളവും തോടും
3) കുറ്റിക്കാട്ടു കുളവും തോടും
4) കൊല്ലോട്ടു കുളവും തോടും

പുതിയകുളം: ഉണ്ടൻകോട് താഴെകുളം

XIII കുടയാൻ

1) പുനംകുടിക്കോണം കുളവും തോടും
2) ചത്യാർകോണത്ത് മേലെ കുളവും തോട്
3) ചത്യാർകോണത്ത് താഴെ കുളവും
4) പോങ്കോട്ട് മേലെകുളവും തോടും
5) പോങ്കോട്ട് താഴെകുളവും തോടും
6) പാലയ്കോണത്ത് കുളവും തോടും

പുതിയകുളങ്ങൾ

1) നരിക്കോട്ടുകുളം
2) കാരോട്ടുകുളം
3) കുറക്കോട്ടുകുളം
4) അലയ്ക്കാട്ടുകോണം കുളം പുനർനിർമ്മിക്കൽ
5. കാഞ്ഞിരംകോണത്തുകുളം.

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

## മൃഗസംരക്ഷണം

**ആമുഖം:** പഞ്ചായത്തിലെ സമ്പദ്ഘടനയിൽ പ്രധാന പങ്കുവഹിക്കുന്ന മേഖലയാണ് മൃഗസംരക്ഷണരംഗം. കന്നുകാലി ഉടമകളിൽ ബഹുഭൂരിപക്ഷവും ചെറുകിടകർഷകരും, കർഷകത്തൊഴിലാളികളുമാണ്. കഴിഞ്ഞ മൂന്നു ദശാബ്ദകാലയളവിൽ നമ്മുടെ പഞ്ചായത്തിലെ മൃഗസംരക്ഷണ മേഖലയിൽ വ്യക്തമായ പുരോഗതി ഉണ്ടായിട്ടുണ്ട്. ഉൽപ്പാദന ക്ഷമത കുറഞ്ഞ നാടൻ കന്നുകാലി ഇനങ്ങളിൽ നിന്നും ഉൽപ്പാദനക്ഷമത കൂടിയ സങ്കര ഇനം കന്നുകാലികളിലേക്കുള്ള മാറ്റം പാലുൽപ്പാദന രംഗത്ത് വമ്പിച്ച കുതിച്ചുകയറ്റം സാധ്യമാക്കിയിട്ടുണ്ട്. ഈ പഞ്ചായത്തിലെ മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കുന്ന 6 ക്ഷീരോൽപ്പാദക സഹകരണസംഘങ്ങൾ ഈ മേഖലയിലുള്ള വളർച്ച വ്യക്തമാക്കുന്നു. പാലുൽപ്പാദനരംഗത്ത് അസൂയാവഹമായ നേട്ടം കൈവരിച്ചിട്ടുണ്ടെങ്കിലും മുട്ട, മാംസം, മുതലായവയുടെ ഉൽപ്പാദനത്തിൽ നാം ഇനിയും ബഹുദൂരം മുന്നോട്ട് പോകേണ്ടിയിരിക്കുന്നു. അറവ്ശാല ഉപോൽപ്പന്നങ്ങളായ തുകൽ, എല്ല്, കൊഴുപ്പ് തുടങ്ങിയവ വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തുവാൻ നമുക്ക് ഇനിയും കഴിഞ്ഞിട്ടില്ല. പേവിഷബാധ നിയന്ത്രണം, മാംസപരിശോധനയിലൂടെ ശുദ്ധമായ മാംസോൽപ്പാദനം, തുടങ്ങിയ രംഗങ്ങളിൽ കാര്യമായ പുരോഗതി കൈവരിക്കേണ്ടതായിട്ടുണ്ട്.

ഈ മേഖലയിലേക്ക് കടന്നുവരുവാനുള്ള അഭ്യസ്തവിദ്യരുടെ താല്പര്യക്കുറവ്, പെരുകുന്ന ഉൽപ്പാദനചിലവ്, തീറ്റപ്പുൽ കൃഷിയിലുണ്ടായ മാന്ദ്യം, കാലിത്തീറ്റയുൽപ്പാദനത്തിനുള്ള അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യതക്കുറവ് ധനകാര്യ വായ്പാ സ്ഥാപനങ്ങളുടെ താല്പര്യക്കുറവ്; മൃഗസംരക്ഷണ പ്രവർത്തനങ്ങളുടെ അപര്യാപ്തത തുടങ്ങിയവ ഈ രംഗത്തെ പ്രധാന പ്രശ്നങ്ങളാണ്.

### പഞ്ചായത്തിലെ മൃഗസംരക്ഷണ സ്ഥാപനങ്ങൾ

ഈ പഞ്ചായത്തിൽ ഒരു മൃഗാശുപത്രി, ഒരു മൊബൈൽ ഫാം എയിഡ് യൂണിറ്റ് (M.F.A.U.), നാല് കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങൾ മുതലായവ പ്രവർത്തിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് അനുബന്ധ ചാർട്ട് കാണുക.

### പഞ്ചായത്തിലെ പക്ഷി-മൃഗാദികളുടെ സ്ഥിതി വിവരക്കണക്കുകൾ

1996 ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ വളർത്തുമൃഗ സാംഖ്യ താഴെക്കാണും വിധമാണ്. പഞ്ചായത്തിലെ കന്നുകാലികളിൽ ഭൂരിഭാഗവും സങ്കരഇനം കന്നുകാലികളാണ്. ഉൽപ്പാദനക്ഷമത കൂടിയവയാണ് ഇവയിലേറെയും. അനുബന്ധം പേജ് 24 കാണുക

### ഉൽപ്പാദന മേഖല. I പാലുൽപ്പാദനം

ഈ പഞ്ചായത്തിൽ ആകെയുള്ള കന്നുകാലികളിൽ ഭൂരിഭാഗവും ഉയർന്ന ജനിതക ഗുണമേന്മയും ഉയർന്ന ഉൽപ്പാദനക്ഷമതയുമുള്ള സങ്കരഇനം കന്നുകാലികളാണ്. പാലുൽപ്പാദന രംഗത്ത് ഈ പഞ്ചായത്ത് വളരെ മെച്ചപ്പെട്ട നിലവാരം പുലർത്തുന്നു. പഞ്ചായത്തിൽ വളരെ നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്ന ആറോളം ക്ഷീരോല്പാദക സഹകരണ സംഘങ്ങളുണ്ട്. പ്രതിവർഷം ഈ സൊസൈറ്റികളിൽ ശേഖരിക്കുന്ന പാലിന്റെ വിവരം ചുവടെ ചേർക്കുന്നു.

**പഞ്ചായത്തിലെ ക്ഷീരോല്പാദക സഹകരണസംഘങ്ങൾ**

| പേര് | സ്ഥിതിചെയ്യുന്ന സ്ഥലം | ശേഖരിക്കുന്ന പാൽ (ലിറ്ററിൽ) |
|---|---|---|
| കുന്നത്തുകാൽ APCOS | കുന്നത്തുകാൽ | 3,10,250 |
| എള്ളുവിള-APCOS | എള്ളുവിള | 2,92,000 |
| മൂവേരിക്കര-APCOS. | ആലംപാറ | 1,64,250 |
| കോട്ടയ്ക്കൽ-APCOS | പാലിയോട് | 2,73,750 |
| ആനാവൂർ-APCOS. | ആനാവൂർ | 2,37,250 |
| ചെറിയകൊല്ല-APCOS. | വേങ്കോട്. | 2,00,000 |

ഉൽപ്പാദിപ്പിക്കുന്ന പാലിന്റെ 50% മാത്രമേ ഈ സൊസൈറ്റികളിൽ ശേഖരിക്കുന്നുള്ളൂ. ബാക്കിയുള്ളവ സ്വന്തം വീട്ടാവശ്യത്തിനും മറ്റു വീടുകൾ, ഹോട്ടലുകൾ മുതലായവയ്ക്കായി നൽകുന്നു. ഉൽപ്പാദനച്ചെലവിനനുസൃതമായ വില പാലിന് ലഭിക്കുന്നില്ല എന്നത് ഒരു പ്രധാന പ്രശ്നമാണ്.

### മൃഗസംരക്ഷണ വകുപ്പ് ഈ രംഗത്ത് നടപ്പിലാക്കിയ പദ്ധതികൾ.

**പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി**

ജനിതക ഗുണമുള്ള പശുക്കുട്ടികൾക്ക് പരിചരണം നൽകി പ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറയ്ക്കുക. (ശേഷം പേജ് 24 ൽ)

## മൃഗസംരക്ഷണ സ്ഥാപനങ്ങൾ – കുന്നത്തുകാൽ പഞ്ചായത്ത്

| സ്ഥാപനം | സ്ഥിതിചെയ്യുന്നത് | ജീവനക്കാരുടെ എണ്ണം | | | | പ്രവർത്തന മേഖല |
|---|---|---|---|---|---|---|
| | | വെറ്റിനറി സർജൻ | ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ | അറ്റൻന്റന്റ് | പാർട്ട്ടൈം സ്വീപ്പർ | |
| മൃഗാശുപത്രി കുന്നത്തുകാൽ | കാരക്കോണത്ത് സ്വന്തം കെട്ടിടത്തിൽ | ഒന്ന് | ഒന്ന് | ഒന്ന് | ഒന്ന് | കുന്നത്തുകാൽ പഞ്ചായത്ത് |
| മൊബൈൽ ഫാം എയിഡ് യൂണിറ്റ് പെരുങ്കടവിള | കോട്ടയ്ക്കൽ ക്ഷീരോൽപ്പാദക സംഘം കെട്ടിടത്തിൽ | ഒന്ന് | ഇല്ല | ഒന്ന് | ഇല്ല | പെരുങ്കടവിള ബ്ലോക്കിലെ പഞ്ചായത്തുകൾ |
| I.C.D.P. ഉപകേന്ദ്രം ചാവടി കുന്നത്തുകാൽ | ചാവടി ജംഗ്ഷൻ വാടക കെട്ടിടത്തിൽ | ഇല്ല | ഒന്ന് | ഇല്ല | ഒന്ന് | കുന്നത്തുകാൽ പഞ്ചായത്ത് |
| I.C.D.P. ഉപകേന്ദ്രം എള്ളുവിള | എള്ളുവിള ക്ഷീരോൽപ്പാദകസംഘം കെട്ടിടത്തിൽ | ഇല്ല | ഒന്ന് | ഇല്ല | ഒന്ന് | കുന്നത്തുകാൽ പഞ്ചായത്ത് |
| I.C.D.P. ഉപകേന്ദ്രം വേങ്കോട് | ചെറിയ കൊല്ല ക്ഷീരോൽപ്പാദക സംഘം കെട്ടിടത്തിൽ. | ഇല്ല | ഒന്ന് | ഇല്ല | ഒന്ന് | കുന്നത്തുകാൽ പഞ്ചായത്ത് |
| I.C.D.P. ഉപകേന്ദ്രം പാലിയോട് | കോട്ടയ്ക്കൽ ക്ഷീരോൽപ്പാദക സംഘം കെട്ടിടത്തിൽ | ഇല്ല | ഒന്ന് | ഇല്ല | ഒന്ന് | കുന്നത്തുകാൽ പഞ്ചായത്ത് |

## (1) വളർത്തുമൃഗ സംഖ്യ–കുന്നത്തുകാൽ പഞ്ചായത്ത്

[അവലംബം: 1996 ലെ കന്നുകാലി സെൻസസ്]

| കാള–നാടൻ | | കാള സങ്കരം | | പശു–നാടൻ | | പശു–സങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി | മുയൽ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| വംശ വർദ്ധനവ് | മറ്റുള്ളവ | വംശ വർദ്ധനവ് | മറ്റുള്ളവ | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | | | | |
| 3 | 55 | 12 | 276 | 239 | 245 | 1279 | 1299 | 274 | 286 | 132 | 2829 | 3224 | 48 |

## (2) വളർത്തു–പക്ഷിസംഖ്യ–കുന്നത്തുകാൽ പഞ്ചായത്ത്

(അവലംബം– 1996 ലെ കന്നുകാലി സെൻസസ്)

| പൂവൻകോഴി | പിടക്കോഴി | | താറാവ് | | മറ്റുള്ളവ. |
|---|---|---|---|---|---|
| | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് | ആൺ | പെൺ | |
| 7276 | 16857 | 8838 | 56 | 123 | 149 |

ആദ്യപ്രസവം 30-ാം മാസത്തിനുള്ളിൽ സാധ്യമാക്കുക. ഇൻഷുറൻസ് പരിരക്ഷ നൽകി സംരക്ഷിക്കുക മുതലായവയാണ് ലക്ഷ്യങ്ങൾ. 4 മുതൽ 9 മാസം പ്രായമായ മേൽത്തരം സങ്കരയിനം കന്നുകുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. ഇവയെ 32 മാസം പ്രായമാകുന്നതുവരെ സൗജന്യനിരക്കിൽ, കാലിത്തീറ്റ, മരുന്നുകൾ, ഇൻഷ്വറൻസ് സംരക്ഷണം മുതലായവ നൽകുന്നു. കന്നുകുട്ടികൾ ചെനയേൽക്കുന്നതോടെ ഈ പദ്ധതിയിൽ നിന്നും ഒഴിവാക്കപ്പെടുന്നു.

### പ്രശ്നങ്ങൾ

(a) ഈ പഞ്ചായത്തിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കന്നുകുട്ടികളുടെ എണ്ണം തീരെകുറവാണ്.

(b) സങ്കര ഇനം പശുക്കുട്ടികളെ മാത്രമേ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നുള്ളൂ. എരുമക്കുട്ടികളെ ഉൾപ്പെടുത്തുന്നില്ല.

(c) പ്രതിമാസ വരുമാനം 900 രൂപയിൽ താഴെയുള്ളവർക്ക് മാത്രമേ ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുള്ളൂ.

(d) കാലിത്തീറ്റയ്ക്ക് നൽകുന്ന ധനസഹായം തീറ്റ വില വർദ്ധിക്കുന്നതിനനുസരിച്ച് ഉയർത്തുന്നില്ല.

### നിർദ്ദേശം

ഈ പദ്ധതിയിൽ പഞ്ചായത്തിലെ എല്ലാ സങ്കര ഇനം പശുക്കുട്ടികളേയും എരുമക്കുട്ടികളേയും ഉൾപ്പെടുത്തുക. വരുമാനപരിധി എടുത്തുകളയുക. കാലിത്തീറ്റ വിലവർദ്ധനവ് അനുസരിച്ച് സബ്സിഡി വർദ്ധിപ്പിക്കുക.

### കാലിത്തീറ്റ ഉൽപ്പാദനരംഗം

കാലിത്തീറ്റയുടെ അമിതവില ക്ഷീര കർഷകരെ ബാധിച്ചിരിക്കുന്ന ഒരു പ്രധാന പ്രശ്നമാണ്. ഈ വില വർദ്ധനവ് ഒരളവ് വരെ പിടിച്ചു നിറുത്തുന്നതിനായി നമ്മുടെ പഞ്ചായത്തിൽ ലഭ്യമാകുന്ന തീറ്റ അസംസ്കൃത വസ്തുക്കളായ കപ്പ, തേങ്ങാപ്പിണ്ണാക്ക്, പുളിയരിപ്പൊടി, ചക്കക്കുരു, തവിട് മുതലായവ ഉപയോഗിച്ച് തീറ്റ നിർമ്മിക്കുക എന്നതാണ്. ചെറുകിട തീറ്റ മിശ്രണ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും, ഒഴിഞ്ഞുകിടക്കുന്ന ഭൂമികൾ, തെങ്ങിൻതോപ്പുകൾ, വഴിയോരങ്ങൾ, കനാൽ വരമ്പുകൾ സ്കൂൾ വളപ്പിലെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ തുടങ്ങിയവയിൽ വൻതോതിൽ തീറ്റപ്പുൽകൃഷി ചെയ്യുക, തുടങ്ങിയ പരിപാടികളിലൂടെ കാലിത്തീറ്റ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാവുന്നതാണ്. ചെറുകിട തീറ്റമിശ്രണകേന്ദ്രങ്ങൾ കാലക്രമേണ കാലിത്തീറ്റ ഫാക്ടറികളായി ഉയർത്തി വ്യവസായികാടിസ്ഥാനത്തിൽ ഗുണമേന്മയുള്ള കാലിത്തീറ്റ ഉൽപ്പാദിപ്പിക്കാവുന്നതും അങ്ങനെ ഈ പ്രശ്നം ശാശ്വതമായി പരിഹരിക്കാവുന്നതുമാണ്. പാലുൽപ്പാദനം വർദ്ധിപ്പിക്കുവാനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനും താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

### മിനി ഡയറി യൂണിറ്റുകൾ

മൂന്നു പശുക്കൾ അടങ്ങുന്നതാണ് ഈ യൂണിറ്റ്. പദ്ധതിയുടെ ചിലവിന്റെ പകുതി തുക വായ്പയായും, നാലിലൊന്ന് ധനസഹായമായും ബാക്കി ഗുണഭോക്താവിന്റെ വിഹിതമായും സ്വരൂപിക്കാവുന്നതാണ്. അല്ലെങ്കിൽ മുഴുവൻ തുകയും വായ്പയായി നൽകുവാനുള്ള സംവിധാനം സഹകരണ ബാങ്കുകളുമായോ, ദേശസാത്കൃത ബാങ്കുകളുമായോ, ക്ഷീരോൽപ്പാദക സഹകരണസംഘം മുഖേനയോ ഉണ്ടാക്കാവുന്നതാണ്.

### വനിതാ സംരംഭകർക്കുള്ള പശുവളർത്തൽ

പഞ്ചായത്തിലെ അഞ്ചോ അതിൽക്കൂടുതലോ അടങ്ങുന്ന ഒരു സംഘം വനിതകൾക്ക് സ്വയം തൊഴിൽ നൽകുവാൻ ഈ പദ്ധതിയിലൂടെ സാധിക്കും. വായ്പ ലഭ്യമാക്കുവാൻ D.W.C.R.A, ബാങ്കുകൾ തുടങ്ങിയവയിലൂടെ സാധിക്കും.

ക്ഷീരോൽപ്പാദനം കൂടിയ സ്ഥലങ്ങളിൽ പാൽ സംഭരണകേന്ദ്രങ്ങൾ സ്ഥാപിച്ച് പാൽസംഭരണം മെച്ചപ്പെടുത്താവുന്നതാണ്.

### മാംസോൽപ്പാദന രംഗം

പഞ്ചായത്തിലെ മാംസോൽപ്പാദന രംഗം തികച്ചു ശോചനീയമായ അവസ്ഥയിലാണ്. ലൈസൻസുള്ള അറവ്ശാലകൾ പഞ്ചായത്തിൽ പ്രവർത്തിക്കാത്തതിനാൽ ഗുണമേന്മയുള്ള മാംസം ലഭിക്കുന്നില്ല. കശാപ്പിനുമുമ്പും കശാപ്പിനു ശേഷവും മൃഗങ്ങളെ പരിശോധിക്കുവാനുള്ള സൗകര്യം ഇപ്പോൾ ഇല്ല. അറവ്ശാല ഉപോൽപ്പന്നങ്ങളായ തുകൽ, എല്ല്, രക്തം, കൊഴുപ്പ് തുടങ്ങിയവ വേണ്ടരീതിയിൽ ഉപയോഗപ്പെടുത്തുവാൻ കഴിയുന്നില്ല.

### അടിയന്തിരമായി ചെയ്യേണ്ടുന്ന ചില പരിപാടികൾ

(a) കശാപ്പ് ശാലകൾക്ക് ലൈസൻസ് ഏർപ്പെടുത്തുക.

(b) കശാപ്പിനു മുമ്പ് മൃഗങ്ങളെ പരിശോധനയ്ക്ക് വിധേയമാക്കുക.

(c) ഉൽപ്പാദിപ്പിക്കുന്ന മാംസം പരിശോധനയ്ക്ക് വിധേയമാക്കുക.

(d) കശാപ്പ് ശാലകൾക്ക് മിനിമം സൗകര്യങ്ങൾ നിഷ്കർഷിക്കുക.

(e) ജന്തുജന്യരോഗങ്ങളെക്കുറിച്ചുള്ള അവബോധം പൊതുജനങ്ങളിലും കശാപ്പ് ശാലയിൽ ജോലി ചെയ്യുന്നവർക്കും നൽകുക.

(f) കശാപ്പ് ശാലയിലെ അവശിഷ്ടങ്ങൾ യഥാവിധി നശിപ്പിക്കുക.

### മാംസോൽപ്പാദനം വർദ്ധിപ്പിക്കുവാൻ ചില പദ്ധതികൾ

#### (a) ആടുവളർത്തൽ പദ്ധതി

ശാസ്ത്രീയമായ തീറ്റ രീതികൾ അവലംബിച്ചും, പ്ലാവ്, സുബാബൂക്കർ, ശീമക്കൊന്ന, മുരിക്ക്, തുടങ്ങിയവ പരമാവധി ഉപയോഗിച്ചും, താല്പര്യവുമുള്ള കർഷകർക്ക് ആവശ്യമായ ധനസഹായം നൽകിയും ആടുവളർത്തൽ പ്രോത്സാഹിപ്പിക്കാവുന്നതാണ്.

#### b) പന്നിവളർത്തൽ

ഹോട്ടൽ വേസ്റ്റ്, അറവ്ശാല വേസ്റ്റ്, തുടങ്ങിയ ഉപയോഗശൂന്യമായി പോകുന്ന, പരിസ്ഥിതി പ്രശ്നങ്ങളുണ്ടാക്കുന്ന വസ്തുക്കളെ, ഉപയോഗിച്ച് പന്നിവളർത്തൽ ലാഭകരമാക്കാവുന്നതാണ്.

### c) മൂരിക്കുട്ടികളെ/പോത്തിൻ കുട്ടികളെ വളർത്തൽ

പഞ്ചായത്തിലുണ്ടാകുന്ന മൂരിക്കുട്ടികളും പോത്തിൻ കുട്ടികളും ആവശ്യമായ പരിചരണത്തിന്റെ അഭാവത്തിൽ ചത്തുപോവുകയാണ് ചെയ്യുന്നത്. ഇവയെ വേണ്ട രീതിയിൽ സംരക്ഷിച്ച് രുചികരമായ മാംസം ഉൽപ്പാദിപ്പിക്കാവുന്നതാണ്.

### d) മുയൽ, കാട, ടർക്കി തുടങ്ങിയവ വളർത്തൽ

ബ്രോയിലർ മുയലുകൾ, കാട, ടർക്കി തുടങ്ങിയവയുടെ ഉൽപ്പാദനത്തിന് ആവശ്യമായ ധനസഹായവും പ്രോത്സാഹനവും നൽകി ഇവയിൽ നിന്നുള്ള മാംസോൽപ്പാദനം വർദ്ധിപ്പിക്കാവുന്നതാണ്.

### ബ്രോയിലർ കോഴി വളർത്തൽ

നല്ലനിലയിൽ പ്രവർത്തിക്കുന്ന മൂന്ന് ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകളാണ് ഈ പഞ്ചായത്തിലുള്ളത്. തീറ്റയുടേയും കോഴിക്കുഞ്ഞുങ്ങളുടേയും അമിതവില, ഇടത്തട്ടുകാരുടെ ചൂഷണം തുടങ്ങിയവ ഈ രംഗത്തെ പ്രധാനപ്രശ്നങ്ങളാണ്.

പഞ്ചായത്ത് തലത്തിൽ കോഴിക്കുഞ്ഞുങ്ങളും തീറ്റയും വിതരണം ചെയ്യുക, വിൽക്കാൻ പ്രായമായ കോഴിക്കുഞ്ഞുങ്ങളെ ശേഖരിച്ച് സംസ്കരിച്ച്, വിൽപ്പന നടത്തുക, തുടങ്ങിയ പദ്ധതികളിലൂടെ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാവുന്നതാണ്.

### മുട്ടയുൽപ്പാദന രംഗം

പ്രതിവർഷ മുട്ടയുൽപ്പാദനം പഞ്ചായത്തിൽ

| മുട്ടക്കോഴികളുടെ എണ്ണം | ഉൽപ്പാദിപ്പിക്കുന്ന മുട്ട |
|---|---|
| 16,980 | 10,95,705 |

വ്യാവസായിക അടിസ്ഥാനത്തിലുള്ള മുട്ടക്കോഴി വളർത്തൽ യൂണിറ്റുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. മുട്ടയുൽപ്പാദനം പ്രധാനമായും അടുക്കള മുറ്റത്തെ കോഴിവളർത്തലിൽ ഒതുങ്ങി നിൽക്കുന്നു. ഇങ്ങനെയുൽപ്പാദിപ്പിക്കുന്ന മുട്ട ആഭ്യന്തര ഉപഭോഗത്തിന് തീരെ അപര്യാപ്തമാണ്. തമിഴ്നാട്ടിൽ നിന്നും മറ്റും എത്തിച്ചേരുന്ന മുട്ടയാണ് ഇപ്പോൾ ദൈനം ദിന ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത്.

പഞ്ചായത്ത് തലത്തിൽ ഒരു എഗ്ഗർ നഴ്സറി (Egger Nursery) സ്ഥാപിച്ച് 2 മാസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ ഓരോ കുടുംബത്തിനും വിതരണം ചെയ്ത് മുട്ടയുൽപ്പാദനം വർദ്ധിപ്പിക്കുവാൻ സാധിക്കും.

## II സേവനമേഖല

### മൃഗാശുപത്രി സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

സ്വന്തമായ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എക സ്ഥാപനം കാരക്കോണത്ത് പ്രവർത്തിക്കുന്ന മൃഗാശുപത്രിയാണ്. മറ്റുള്ളവ ക്ഷീരോല്പാദക സഹകരണ സംഘം കെട്ടിടത്തിലും വാടകകെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. കാരക്കോണം മൃഗാശുപത്രിയെ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു സ്ഥാപനമായി ഉയർത്തേണ്ടതും ജീവനക്കാർക്ക് താമസത്തിനായി ക്വാർട്ടേഴ്സുകൾ, ലബോറട്ടറി തുടങ്ങിയവ സ്ഥാപിക്കേണ്ടതുമാണ്. ഈ സ്ഥാപനത്തിന് സ്വന്തമായി വാഹനം, ടെലഫോൺ മുതലായ സൗകര്യങ്ങളും ലഭ്യമാക്കേണ്ടതാണ്. ഈ മൃഗാശുപത്രിയിൽ അടിയന്തിരമായി വൈദ്യുതീകരണം, കുടിവെള്ളം കണക്ഷൻ മുതലായവ നൽകേണ്ടതാണ്.

കൃത്രിമ ബീജസങ്കലന പ്രവർത്തനങ്ങൾക്കായി ഈ പഞ്ചായത്തിൽ 4 ഉപകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയുടെ പ്രവർത്തനം എല്ലാ കർഷകർക്കും ഉപയോഗപ്പെടുത്തുവാൻ കഴിയുന്നില്ല. ആയതിനാൽ അഞ്ഞൂറ് പശുക്കൾക്ക് ഒന്ന് എന്ന നിലയിൽ കൃത്രിമ ബീജ സങ്കലന കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതാണ്.

95-96 സാമ്പത്തിക വർഷത്തിലെ ബീജസങ്കലന വിവരങ്ങൾ താഴെ ചേർക്കുന്നു

കൃത്രിമ ബീജസങ്കലന വിവരങ്ങൾ

| വളർത്തുമൃഗഇനം | ആകെ എണ്ണം | കൃത്രിമ ബീജ സങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2 ലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ |
|---|---|---|---|
| പശു | 2268 | 1812 | 680 |
| കിടാരി | 894 | 783 | 412 |
| എരുമ | 560 | 230 | 53 |

### പേവിഷ ബാധ നിയന്ത്രണം

പേ വിഷബാധ- പ്രതിരോധവും ചികിത്സയും (1995-1996 സാമ്പത്തികവർഷം)

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച |
|---|---|---|---|---|---|
| പ്രതിരോധ കുത്തിവെയ്പ് നൽകിയവയുടെ എണ്ണം | - | - | - | 225 | - |
| കടിയേറ്റതിനുശേഷം കുത്തിവയ്പു നടത്തിയവയുടെ എണ്ണം | 48 | - | 8 | 5 | - |

പഞ്ചായത്തിൽ പേവിഷബാധ വളരെ വ്യാപകമാണ്. അതിർത്തി പ്രദേശമായതിനാൽ പ്രതിരോധ പ്രവർത്തനങ്ങൾ ഫലപ്രദമാകുന്നില്ല. അലഞ്ഞുതിരിയുന്ന നായ്ക്കളുടെ കടിയേറ്റാണ് ഇവിടെ പ്രധാനമായും രോഗം പകരുന്നത് പേവിഷബാധ നിർമ്മാർജ്ജനം ലക്ഷ്യമാക്കി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്

a) പഞ്ചായത്ത് തല പ്രവർത്തന സമിതി രൂപീകരിച്ച് വളർത്തുന്ന നായ്ക്കളുടെ കണക്കെടുപ്പ് നടത്തുക
b) പേവിഷബാധയെക്കുറിച്ച് പഞ്ചായത്ത് തല ബോധവത്കരണം നടത്തുക.
c) എല്ലാ വളർത്തു നായ്ക്കൾക്കും ലൈസൻസ് നിർബന്ധമാക്കുക.

d) എല്ലാ വളർത്തു നായ്ക്കളെയും, എല്ലാ വർഷവും പ്രതിരോധ കുത്തിവയ്പിന് വിധേയമാക്കുക.
e) അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കുക.
f) ചപ്പു ചവറുകളും ഭക്ഷണാവശിഷ്ടങ്ങളും തെരുവുകളിൽ വലിച്ചെറിയുന്നത് തടയുക.
e) പ്രതിരോധ കുത്തിവെയ്പിനാവശ്യമായ വാക്സിൻ ലഭ്യമാക്കുക.

**മൃഗ സംരക്ഷണ രംഗത്തെ പ്രശ്നങ്ങൾ**

1) ഗുണനിലവാരമുള്ള തീറ്റയുടെ ദൗർലഭ്യവും അനിയന്ത്രിതമായ വിലയും
2) ഉൽപ്പാദകന് കിട്ടുന്ന പാൽ വില ഉൽപ്പാദന ചിലവിന് അനുസൃതമല്ല. ഉപഭോക്താവിന് മിതമായ വിലക്ക് പാൽ ലഭിക്കുന്നില്ല.
3) ഭാരിച്ച ചികിത്സാ ചിലവ്.
4) 24 മണിക്കൂറും പ്രവർത്തിക്കുന്ന മൃഗാശുപത്രിയുടെ അഭാവം.
5) വിപണന രംഗത്തെ അപര്യാപ്തത
6) വായ്പ നൽകുന്നതിനുള്ള ധനകാര്യ സ്ഥാപനങ്ങളുടെ വിമുഖത
7) അശാസ്ത്രീയമായ മാംസോത്പാദന വിപണന രീതികൾ
8) മൃഗാശുപത്രി സൗകര്യങ്ങളുടെ അപര്യാപ്തത
9) ഇൻഷ്വറൻസ് പരിരക്ഷയുടെ അപര്യാപ്തത.
10) സമഗ്ര പേവിഷ നിയന്ത്രണ നയത്തിന്റെ അഭാവം.
11) കുറഞ്ഞ വനിതാ പങ്കാളിത്തം
12) ക്ഷീര രംഗത്ത് പ്രവർത്തിക്കുവാനുള്ള അഭ്യസ്തവിദ്യരുടെ വിമുഖത.
13) വിപണന രംഗത്തെ അപര്യാപ്തത.
14) ഗുണമേന്മയുള്ള പക്ഷി മൃഗാദികളുടെ ലഭ്യതക്കുറവ്.

**സാധ്യതകൾ**

1) പ്രാദേശികമായി ലഭ്യമായ വിഭവങ്ങൾ സമാഹരിച്ച് തീറ്റ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുക. അസംസ്കൃത സാധനങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനും നിയന്ത്രിത വിലയ്ക്ക് ഗുണമേന്മയുള്ള തീറ്റ ലഭിക്കുന്നതിനും പ്രാദേശികമായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഇത് സഹായിക്കും.
2) പാൽ വിപണന സ്ഥാപനങ്ങൾ കർഷകന് പ്രാപ്യമായ രീതിയിൽ പുനരാസൂത്രണം ചെയ്യുകയും, പാലിന് അർഹമായ വില ഉറപ്പുവരുത്തുകയും ചെയ്യുക.
3) മൃഗാശുപത്രികളിൽ ആവശ്യത്തിന് മരുന്നുകൾ ലഭ്യമാക്കുക/ പഞ്ചായത്ത് തലത്തിൽ ന്യായവില മെഡിക്കൽ സ്റ്റോറുകൾ സ്ഥാപിക്കുക.
4) കാരക്കോണം മൃഗാശുപത്രി 24 മണിക്കൂറും പ്രവർത്തിക്കുന്ന വെറ്റിനറി പോളിക്ലിനിക്ക് ആയി ഉയർത്തുക. മൊബൈൽ ഫാം എയിഡ് യൂണിറ്റ് പെരുങ്കടവിള – യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലേക്കായി വാഹനം നൽകുക.
5) മുട്ട, മാംസം എന്നിവയുടെ വിപണനത്തിനായി പഞ്ചായത്ത് തലത്തിൽ വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുക.
6) പാൽ സൊസൈറ്റികളും ധനകാര്യസ്ഥാപനങ്ങളും കർഷകനും ചേർന്ന് കൂട്ടുത്തരവാദിത്വത്തോടെയുള്ള വായ്പാ സംവിധാനം ഉണ്ടാക്കുക.
7) ആധുനിക രീതിയിലുള്ള ശാസ്ത്രീയമായ അറവുശാലകൾ പ്രാദേശികമായി സ്ഥാപിക്കുകയും ശുദ്ധമാംസ വിപണന സൗകര്യങ്ങൾ ഏർപ്പെടുത്തുക, മാംസപരിശോധന നിർബന്ധിതമാക്കുക. ജന്തു ജന്യ രോഗങ്ങളെക്കുറിച്ചുള്ള അവബോധം അറവ്ശാലയിൽ പണിയെടുക്കുന്നവർക്കും, പൊതുജനങ്ങൾക്കും നൽകുക.
8) മൃഗാശുപത്രി– (കാരക്കോണം)യിൽ ആധുനിക ലബോറട്ടറി, ടെലഫോൺ, വാഹനം മുതലായവ നൽകുക. മൃഗാശുപത്രി വൈദ്യുതീകരിക്കുക.
9) പഞ്ചായത്ത് തലത്തിൽ മൃഗങ്ങൾക്ക് മാസ്റ്റർ പോളിസി വഴി ഇൻഷ്വറൻസ് പരിരക്ഷ നൽകുക.
10) സമഗ്ര പേവിഷ ബാധ നിയന്ത്രണനയം ഉണ്ടാക്കുകയും പഞ്ചായത്തിലെ എല്ലാ വളർത്തുനായ്ക്കളേയും, പ്രതിരോധകുത്തിവയ്പിന് വിധേയമാക്കി ലൈസൻസിംഗ് നിർബന്ധമാക്കുക.
11) വനിതാ സംരംഭകർക്ക് ആവശ്യമായ ധനസഹായം, പ്രോത്സാഹനം എന്നിവ നൽകുക.
12) മൃഗ സംരക്ഷണ പ്രവർത്തനങ്ങൾ പരിശീലിക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കുക.
13) പഞ്ചായത്ത് തലത്തിൽ ഒരു എഗ്ഗർ നഴ്സറി (Egger Nursery) സ്ഥാപിക്കുക.
14) പഞ്ചായത്തിലെ ക്ഷീര കർഷകർക്ക് അംഗീകാരം നൽകുക.
15) ഗോബർ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുക.

**മത്സ്യബന്ധനം**

മത്സ്യബന്ധനം തൊഴിലാക്കിയ കുടുംബങ്ങൾ ഈ പഞ്ചായത്തിലില്ല. ഈ പഞ്ചായത്തിൽ 87 കുളങ്ങളുണ്ട്. മേൽത്തരം മത്സ്യക്കുഞ്ഞുങ്ങളെ ഈ കുളങ്ങളിൽ വളർത്തുവാനുള്ള സാഹചര്യം ഉണ്ട്. പഞ്ചായത്തിലെ ചില വീടുകളോട് ബന്ധപ്പെട്ട ചെറുകുളങ്ങളും മത്സ്യകൃഷിക്കായി ഉപയോഗപ്പെടുത്താവുന്നതാണ്. മത്സ്യകൃഷിരംഗത്ത് പ്രവർത്തിക്കുന്ന സർക്കാർ ഏജൻസികൾ ഒന്നും തന്നെ ഈ പഞ്ചായത്തിലില്ല.

താല്പര്യമുള്ള വ്യക്തികൾക്ക് മത്സ്യക്കൃഷി നടത്തുവാനുള്ള ബാങ്ക് വായ്പ, മേൽത്തരം മൽസ്യക്കുഞ്ഞുങ്ങൾ മുതലായവ ലഭ്യമാക്കേണ്ടതാണ്.

മുൻകാലങ്ങളിൽ മത്സ്യക്കൃഷി ചിലകുളങ്ങളിൽ നടപ്പിലാക്കിയിരുന്നു. പൂർണ്ണവളർച്ചയെത്തിയ മത്സ്യങ്ങളെ പിടിക്കുന്നതിനായി കുളം വറ്റിക്കുന്നത് മറ്റ് കാർഷിക വിളകൾക്ക് ദോഷമായി മാറിയിരുന്നു. ഇത് ഒഴിവാക്കാൻ വലിയ കുളങ്ങളിൽ മീൻ വളർത്തലിനായി പ്രത്യേകം സ്ഥലം വേർതിരിച്ചെടുക്കേണ്ടതാണ്.

# വിദ്യാഭ്യാസം

കുന്നത്തുകാൽ ഗ്രാമ പഞ്ചായത്തിൽ വിവിധ വാർഡുകളിലെ ഗ്രാമസഭകൾ കൂടി വാർഡു തലത്തിൽ ക്രോഡീകരിച്ചെടുത്ത വിദ്യാഭ്യാസ സംബന്ധമായ റിപ്പോർട്ട്.

രാഷ്ട്ര പുരോഗതിക്ക് വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം എന്താണെന്ന് ഏവർക്കും അറിയാവുന്നതാണല്ലോ. ഒരു വ്യക്തിയുടെ സർവ്വതോന്മുഖമായ വികാസത്തിന് മുൻഗണന നലകിക്കൊണ്ടായിരിക്കണം വിദ്യാഭ്യാസത്തിന്റെ രൂപരേഖ തയാറാക്കേണ്ടത്.

ഈ പഞ്ചായത്തിൽ ഏകദേശം എൺപത് വർഷങ്ങൾക്കുമുമ്പ് തന്നെ കാരക്കോണം കേന്ദ്രമാക്കി ഒരു മലയാളം മിഡിൽ സ്കൂളും കുന്നത്തുകാൽ കൊന്നാനൂർക്കോണം കേന്ദ്രമാക്കി ഒരു കൃഷ്ണവിലാസം എൽപിഎസ് ഉം പ്രവർത്തിച്ചിരുന്നു. ഇതിൽ കാരക്കോണത്ത് പ്രവർത്തിച്ചിരുന്ന മലയാളം മിഡിൽ സ്കൂൾ ഇന്ന് ഗവ: യുപിഎസ് കുന്നത്തുകാൽ എന്ന് അറിയപ്പെടുന്നു. കൃഷ്ണവിലാസം സ്കൂൾ ഇന്ന് പ്രവർത്തനരഹിതമാണ്. ഈ രണ്ട് സ്ഥാപനങ്ങളും ആ കാലഘട്ടത്തിൽ ഈ പഞ്ചായത്തിലെ ജനങ്ങളുടെ വ്യക്തിത്വ വികാസത്തിനും സാംസ്ക്കാരിക വളർച്ചക്കും രാജ്യസ്നേഹം ഊട്ടി ഉറപ്പിക്കുന്നതിനും നിർണായക പങ്കു വഹിച്ചിട്ടുണ്ട്. ഈ വിദ്യാലയങ്ങളിൽ വിദ്യാഭ്യാസം നേടിയ നല്ലൊരു വിഭാഗം വിവിധ സേവനത്തുറകളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടുകൊണ്ട് തന്നെ ഈ പഞ്ചായത്തിലെ പുരോഗതിക്ക് ആണിക്കല്ലായി പ്രവർത്തിച്ചിരുന്ന പരേതനായ ശ്രീ. പരമുപിള്ള, കാരക്കോണം കേന്ദ്രമാക്കി ആയിരത്തിതൊള്ളായിരത്തി നാല്പത്തി മൂന്നിൽ ഒരു ഇംഗ്ലീഷ് മിഡിൽ സ്കൂൾ സ്ഥാപിച്ചത് ഈ പഞ്ചായത്തിലെ ജനങ്ങളുടെ പുരോഗതിക്ക് നാന്ദി കുറിച്ചിരുന്നു.

പട്ടിക അനുബന്ധമായ് ചേർത്തിരിക്കുന്നു.

പത്തു വർഷത്തിനുള്ളിൽ ഈ പഞ്ചായത്തിൽ പുതിയ സ്കൂളുകൾ സ്ഥാപിക്കുകയോ നിലവിലുണ്ടായിരുന്നവ നിർത്തലാക്കുകയോ ചെയ്തിട്ടില്ല. മാത്രമല്ല അപ്ഗ്രേഡ് ചെയ്യപ്പെടേണ്ട പല സ്കൂളുകളും അപ്ഗ്രേഡ് ചെയ്യപ്പെട്ടിട്ടില്ല. ഈ സ്കൂളുകളിൽ കുട്ടികളുടെ കുറവ് വർഷംതോറും തുടർച്ചയായനുഭവപ്പെടുന്നു. സമീപ പ്രദേശങ്ങളിലെ അൺ എയ്ഡഡ്, അൺറെക്കഗ്നൈസ്ഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ സ്വാധീനവും ജനന നിരക്കിലുണ്ടായ കുറവും ഇതിന്റെ കാരണങ്ങളാണ്. സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയും ഇതിന് ഒരു കാരണമാകുന്നു.

ഗവൺമെന്റ് നിർദ്ദേശമനുസരിച്ച് എല്ലാ സ്കൂളിലും പിറ്റിഎ നിലവിലുണ്ട്. എന്നാൽ പൊതുവിൽ സർക്കാർ വിദ്യാലയങ്ങളിലും ചില സ്വകാര്യ സ്കൂളുകളിലും പിറ്റിഎ സജീവമാണെങ്കിലും മറ്റ് പല സ്കൂളുകളിലും കാര്യക്ഷമമായ പ്രവർത്തനം ഇല്ല. പിറ്റിഎ കാര്യക്ഷമമായ് പ്രവർത്തിക്കുന്ന സ്കൂളുകളിൽ അദ്ധ്യാപനം മെച്ചമാക്കുന്നതിനും കുട്ടികൾക്ക് പ്രാഥമിക സൗകര്യങ്ങൾ ഒരു പരിധി വരെ ഏർപ്പെടുത്തിക്കൊടുക്കുന്നതിനും സാധിക്കുന്നുണ്ട്.

കലാകായിക രംഗങ്ങളിൽ കുട്ടികളെ പരിശീലിപ്പിക്കുന്നതിന് പ്രാഗല്ഭ്യം നേടിയ അദ്ധ്യാപകരുടെ അഭാവം കാണുന്നു. കായിക പരിശീലനത്തിന് ഉതകുന്ന കളി സ്ഥലങ്ങളുടെ അപര്യാപ്തതയും ഈ രംഗത്തെ പിന്നോക്കാവസ്ഥക്ക് കാരണമാകുന്നു. എന്നിരുന്നാലും ഈ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് സബ്-ജില്ലാ, ജില്ലാ കലാകായിക മത്സരങ്ങളിൽ മെച്ചപ്പെട്ട പ്രകടനം കാഴ്ചവക്കുന്നു. പാഠ്യാനുബന്ധമായ ശാസ്ത്ര മത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിച്ച് അവരുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്ന സ്കൂളുകളും ഉണ്ട്. എന്നാൽ സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിൽ താല്പര്യം കാണിക്കുന്നില്ല. ഇതിനു പ്രധാനകാരണം അവരുടെ ഭൗതിക സാഹചര്യത്തിന്റെ അപര്യാപ്തതയാണ്.

വിദ്യാഭ്യാസത്തിന്റെ ഭാഗമായി പ്രവർത്തിയ്ക്കേണ്ടുന്ന വായന ശാലകളുടെ സ്ഥിതി ആശാവഹമല്ല. പ്രത്യേകിച്ച് ഈ പഞ്ചായത്തിലെ ഏറെപ്പഴക്കമുള്ള ദേശസേവിനീഗ്രന്ഥശാലയുടെ സ്ഥിതി വളരെ ശോചനീയമാണ്.

നമ്മുടെ പഞ്ചായത്തിൽ സാക്ഷരതാ പ്രവർത്തനം ബഹുജന പങ്കാളിത്തത്തോടെ സജീവമായി നടത്തിയിരുന്നു. തത്ഫലമായി നമ്മുടെ പഞ്ചായത്തിലെ തൊണ്ണൂറ് ശതമാനത്തോളം ആളുകൾക്ക് എഴുത്തും വായനയും അറിയാം. ഈ പ്രവർത്തനം തുടരേണ്ടതാണ്.

പഞ്ചായത്തിലെ നിലവിലുള്ള വിദ്യാഭ്യാസ സൗകര്യങ്ങൾ തുടർന്നു കൊടുത്തിരിക്കുന്ന പട്ടികകളിൽ നിന്നു വ്യക്തമാണ്. (പട്ടിക 1 മുതൽ 7 വരെ)

**പട്ടിക-1**

**നിലവിലുള്ള വിദ്യാലയങ്ങളുടെ വാർഡ് തിരിച്ചുള്ള പട്ടിക**

| വാർഡ് | സ്കൂളിന്റെ പേര് | മാനേജ്മെന്റ് |
|---|---|---|
| 1 കുടയാൽ | MSCLPS | എയ്ഡഡ് |
| 2 ചെറിയകൊല്ല | St.ജോൺസ് HS ഉണ്ടൻകോട് | എയ്ഡഡ് |

| | | | | | |
|---|---|---|---|---|---|
| 3 കോട്ടുക്കോണം | LMSUPS | എയ്ഡഡ് | 7 ആനാവൂർ | ഗവ:HS ആനാവൂർ | സർക്കാർ |
| | HWLPS | സർക്കാർ | 8 കുന്നത്തുകാൽ | | |
| 4 കാരക്കോണം | ഗവ:UPS കുന്നത്തുകാൽ | സർക്കാർ | 9 മാണിനാട് | | |
| | PPMHS കാരക്കോണം | എയ്ഡഡ് | 10 നാറാണി | | |
| 5 കോട്ടക്കൽ | LMS UPSപേരിമ്പക്കോണം | എയ്ഡഡ് | 11 ആറുവിയോട് | | |
| | LMS LPS കോട്ടക്കൽ | എയ്ഡഡ് | 12 പാലിയോട് | | |
| 6 മൂവേരിക്കര | LPS മൂവേരിക്കര | എയ്ഡഡ് | 13 കോറണാകോട് | | |

## പട്ടിക-2

| | സ്കൂളിന്റെപേര് | മാനേജ്മെന്റ് | വിദ്യാർത്ഥികൾ | | ആകെ | അധ്യാപകർ |
|---|---|---|---|---|---|---|
| | | | ആൺ | പെൺ | | |
| 1 | ഗവ:H.S. ആനാവൂർ | Govt. | 505 | 571 | 1076 | 30 |
| 2 | P.P.M.H.S. കാരക്കോണം | Aided | 781 | 731 | 1512 | 58 |
| 3 | St. John's.H.S. ഉണ്ടൻകോട് | Aided | 1236 | 1354 | 2590 | 84 |
| 4 | ഗവ: U.P.S. കുന്നത്തുകാൽ | Govt. | 436 | 466 | 902 | 29 |
| 5 | L.M.S.U.P.S കോട്ടുക്കോണം | Aided | 405 | 360 | 765 | 19 |
| 6 | L.M.S.U.P.S പേരിമ്പക്കോണം | Aided | 393 | 365 | 758 | 23 |
| 7 | L.M.S.L.P.S. കോട്ടയ്ക്കൽ | Aided | 81 | 53 | 136 | 3 |
| 8 | M.S.C.L.P.S. കുടയാൽ | Aided | 100 | 127 | 227 | 5 |
| 9 | L.P.S. മൂവേരിക്കര | Aided | 113 | 110 | 223 | 8 |
| 10 | HWLPS കുന്നത്തുകാൽ | Govt. | 47 | 60 | 107 | 4 |

## പട്ടിക-4A

### സ്കൂളുകളുടെ ഭൗതീകസൗകര്യങ്ങൾ

| | സ്കൂളിന്റെ പേര് | ആകെ വിസ്തീർണ്ണം (സെന്റിൽ) | കളിസ്ഥലം (സെന്റിൽ) | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യൂതി | ഡിവിഷൻ |
|---|---|---|---|---|---|---|---|---|
| 1 | ഗവ:H.S. ആനാവൂർ | 270 | 80 | 3 | 1 | ഉണ്ട് | ഉണ്ട് | 25 |
| 2 | P.P.M.H.S. കാരക്കോണം | 385 | 250 | 3 | 2 | ഉണ്ട് | ഉണ്ട് | 35 |
| 3 | St.John"s H.S. ഉണ്ടൻകോട് | 350 | 75 | 7 | 4 | ഉണ്ട് | ഉണ്ട് | 58 |
| 4 | ഗവ:U.P.S. കുന്നത്തുകാൽ | 105 | 65 | 2 | 1 | ഉണ്ട്(കിണർ) | ഉണ്ട് | 24 |
| 5 | L.M.S.U.P.S കോട്ടുക്കോണം | 300 | 50 | 2 | 2 | ഉണ്ട് | ഉണ്ട് | 19 |
| 6 | L.M.S.U.P.S പേരിമ്പാക്കോണം | 75 | 12 | 2 | 2 | ഉണ്ട്(കുഴൽ കിണർ) | ഉണ്ട് | 20 |
| 7 | MSC L.P.S. കുടയാൽ | 20 | 12 | ഇല്ല | 1 | ഇല്ല | ഇല്ല | 5 |
| 8 | LMS L.P.S കോട്ടയ്ക്കൽ | 40 | 15 | 2 | ഇല്ല | ഉണ്ട്(കിണർ) | ഇല്ല | 4 |
| 9 | L.P.S മുവേലിക്കര | 118 | 25 | 1 | ഇല്ല | ഉണ്ട്(കിണർ) | ഇല്ല | 8 |
| 10 | HW L.P.S കുന്നത്തുകാൽ | 50 | 40 | 1 | ഇല്ല | ഉണ്ട്(കിണർ) | ഇല്ല | 4 |

## പട്ടിക 5
### പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിവരം

| NO | സ്കൂളിന്റെ പേര് | എൽ. പി. വിഭാഗം | | | യു. പി. വിഭാഗം | | | എച്ച്. എസ്. വിഭാഗം | | |
|---|---|---|---|---|---|---|---|---|---|---|
| | | ആകെ | SC/ST | % | ആകെ | SC/ST | % | ആകെ | SC/ST | % |
| 1. | M.S.CLPS കുടയാൽ | 227 | 40 | 17.62 | * | * | * | * | * | * |
| 2. | L.M.S.L.P.S കോട്ടയ്ക്കൽ | 136 | 17 | 12.5 | * | * | * | * | * | * |
| 3. | HWLPS കുന്നത്തുകാൽ | 107 | 36 | 33.64 | * | * | * | * | * | * |
| 4. | L.P.S. മുവേരിക്കര | 223 | 31 | 13.90 | * | * | * | * | * | * |
| 5. | LMSUPS കോട്ടുക്കോണം | 434 | 85 | 19.58 | 331 | 56 | 16.91 | * | * | * |
| 6. | St.John's HS ഉണ്ടൻകോട് | 882 | 135 | 15.30 | 900 | 144 | 16 | 908 | 172 | 18.94 |
| 7 | Govt. H.S. ആനാവൂർ | 381 | 51 | 13.38 | 320 | 64 | 20 | 375 | 57 | 15.2 |
| 8. | L.M.S UPS പേരിമ്പാകോണം | 444 | 59 | 13.28 | 314 | 33 | 10.50 | * | * | * |
| 9. | Govt.U.P.S. കുന്നത്തുകാൽ | 461 | 128 | 27.76 | 441 | 98 | 22.22 | * | * | * |
| 10. | P.P.M.H.S കാരക്കോണം | * | * | * | 269 | 38 | 14.12 | 1243 | 198 | 15.92 |
| | ആകെ | 3295 | 572 | 17.35 | 2575 | 433 | 16.81 | 2526 | 427 | 16.90 |

### S S L C വിജയശതമാനം

| NO | സ്കൂളിന്റെ പേര് | 92–93 % | 93–94 % | 94–95 % | 95–96 % |
|---|---|---|---|---|---|
| 1. | Govt. H.S. ആനാവൂർ | 23 | 15 | 33.3 | 36.7 |
| 2. | P.P.M.H.S. കാരക്കോണം | 32 | 33.3 | 34 | 38 |
| 3. | St.John's. H.S. ഉണ്ടൻകോട് | 52 | 55 | 61.5 | 73 |

## 9.4 അക്കാദമിക് സൗകര്യങ്ങൾ

| സ്കൂളിന്റെ പേര് | ലൈബ്രറി ഉണ്ട്/ഇല്ല പ്രവർത്തിക്കുന്ന പ്രവർത്തിക്കുന്നില്ല | ലാബോറട്ടറി/സയൻസ് കോർണർ ഉണ്ട് / ഇല്ല. പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല | പഠനോപകരണങ്ങൾ (മാപ്പുകൾ, ചാർട്ടുകൾ, ഗ്ലോബുകൾ) വേണ്ടത്ര ഉണ്ട് / ഇല്ല | ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ-എണ്ണം | | | | | | | | ബ്ലാക്ക് ബോർഡ് | | 95-96ൽ ലഭിച്ച അധ്യയന ദിവസം | സമരങ്ങളിലൂടെ നഷ്ടപ്പെട്ട അധ്യയന ദിനങ്ങൾ | പ്രത്യേക പൊതു അവധികളിലൂടെ നഷ്ടമായ അധ്യയന ദിനങ്ങളുടെ എണ്ണം | മാതൃസംഗമം സജീവം/സജീവമല്ല | ക്ലാസ് റൂം പി.ടി.എ.കൾ പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | റേഡിയോ | ടേപ്പ്റെക്കോർഡർ | ടി.വി. സെറ്റ് | വി.സി.ആർ/വി.സി.പി | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ഓവർ ഹെഡ്പ്രൊജക്ടർ | കമ്പ്യൂട്ടർ | ആവശ്യമുള്ളത് | നിലവിലുള്ളത് | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 |
| Govt. HS ആനാവൂർ | ഉണ്ട് | ഉണ്ട് | വേണ്ടത്രയില്ല | – | – | – | – | ഉണ്ട് | ഉണ്ട് | – | – | 28 | 12 | 190 | 1 | 4 | സജീവം | പ്രവർത്തിക്കുന്നു |
| PPM. H.S. കാരക്കോണം | ഉണ്ട് | ഉണ്ട് | വേണ്ടത്രയില്ല | ഉണ്ട് | ഉണ്ട് | – | – | – | ഇല്ല | – | – | 32 | 25 | 198 | – | – | സജീവം | പ്രവർത്തിക്കുന്നു |
| സെന്റ് ജോൺസ് H.S. ഉണ്ടൻകോട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | – | – | – | – | – | – | 58 | 58 | 193 | – | 4 | – | പ്രവർത്തിക്കുന്നു |
| LMS U.P.S. കോട്ടുക്കോണം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | – | – | – | – | – | – | – | 19 | 15 | 198 | – | – | സജീവം | പ്രവർത്തിക്കുന്നു |
| LMS UPS പേരിമ്പക്കോണം | ഉണ്ട് | ഉണ്ട് | വേണ്ടത്രയില്ല | ഇല്ല | – | – | – | – | – | – | – | 25 | 20 | 195 | – | 12 | സജീവം | പ്രവർത്തിക്കുന്നു |
| ഗവ: U.P.S. കുന്നത്തുകാൽ | ഉണ്ട് | ഉണ്ട് | വേണ്ടത്രയില്ല | ഉണ്ട് | – | – | – | – | – | – | – | 30 | 20 | 193 | 3 | 4 | അല്ല | പ്രവർത്തിക്കുന്നു |
| HWLPS കുന്നത്തുകാൽ | ഉണ്ട് | ഉണ്ട് | വേണ്ടത്രയില്ല | ഉണ്ട് | ഉണ്ട് | – | – | – | – | – | – | 4 | 4 | 190 | – | – | സജീവം | പ്രവർത്തിക്കുന്നു |
| LMS LPS കോട്ടയ്ക്കൽ | ഉണ്ട് | ഉണ്ട് | വേണ്ടത്രയില്ല | ഇല്ല | ഉണ്ട് | – | – | – | – | – | – | 4 | 4 | 180 | – | 20 | സജീവം | പ്രവർത്തിക്കുന്നു |
| LPS മൂവേരിക്കര | ഇല്ല | – | – | – | – | – | – | – | – | – | – | 8 | 5 | 194 | 3 | 3 | അല്ല | പ്രവർത്തക്കുന്നു |
| MSC LPS കുടയാൽ. | – | – | – | – | – | – | – | – | – | – | – | 7 | 5 | 194 | – | 6 | സജീവം | പ്രവർത്തിക്കുന്നു |
| സെന്റ് ബാപ്റ്റിസ്റ്റ് നഴ്സറിസ്കൂൾ ഉണ്ടൻകോട് | – | – | വേണ്ടത്രയില്ല | – | – | – | – | – | – | – | – | 4 | 3 | 198 | – | 6 | സജീവം | പ്രവർത്തിക്കുന്നു |
| മാർത്തോമാ നഴ്സറി, ആലുവിള | – | – | – | – | – | – | – | – | – | – | – | 1 | 1 | 197 | – | 6 | സജീവം | പ്രവർത്തിക്കുന്നു |
| സെന്റ് ജോസഫ് നഴ്സറിസ്കൂൾ, പാലിയോട് | – | – | – | – | – | – | – | – | – | – | – | 1 | 1 | 194 | – | 6 | സജീവം | പ്രവർത്തിക്കുന്നു |
| ഭാരതീയ ത്രസെന്റർ, എള്ളുവിള. | – | – | – | – | – | – | – | – | – | – | – | 1 | 1 | 193 | – | 5 | സജീവം | പ്രവർത്തിക്കുന്നു |
| N.S.S. നഴ്സറിസ്കൂൾ കാരക്കോണം | – | – | – | – | – | – | – | – | – | – | – | 4 | 1 | 196 | – | 6 | സജീവം | പ്രവർത്തിക്കുന്നു |
| മോഡൽ പ്രിപ്രൈമറി സ്കൂൾ കുന്നത്തുകാൽ. | – | – | – | – | – | – | – | – | – | – | – | 3 | 2 | 196 | – | 6 | സജീവം | പ്രവർത്തിക്കുന്നു |
| വ്യാസാ കാരക്കോണം. | – | – | – | – | – | – | – | – | – | – | – | 4 | 1 | 220 | – | 7 | സജീവം | പ്രവർത്തിക്കുന്നു |

പട്ടിക 3

## 1.7. വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ

Ref. AV G.

| വാർഡ് | സ്കൂളുകളുടെ എണ്ണം | | | | | | | | | | | | | | | | | | | | സാങ്കേതിക വിദ്യാലയങ്ങൾ (ഏതെന്ന് ബ്രാക്കറ്റിൽ) | | | കോളേജുകൾ | | | പാരലൽ കോളേജ് | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | H.S.S./H.S. | | | | | U.P.S. | | | | | L.P.S. | | | | | നഴ്സറി | | | | | | | | | | | | |
| | സർക്കാർ | എയിഡഡ് | അൺ. എയിഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | എയിഡഡ് | അൺ. എയിഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | എയിഡഡ് | അൺ. എയിഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | പഞ്ചാ.വക | സ്വകാര്യം | ആകെ | സർക്കാർ | സ്വകാര്യം | ആകെ | സർക്കാർ | സ്വകാര്യം | ആകെ | സ്കൂൾ ക്ലാസുകൾ നടത്തുന്നവ | കോളേജ് ക്ലാസുകൾ മാത്രം നടത്തുന്നവ | സ്കൂൾ-കോളേജ് ക്ലാസുകൾ നടത്തുന്നവ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 | 26 | 27 | 28 | 29 |
| I | 1 | - | - | - | 1 | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | 2 | - | - |
| II | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | 1 | - | - |
| III | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | 1 | 1 | - | - | - | - | - | - | - | - | 1 |
| IV | - | - | - | - | - | - | 1 | - | - | 1 | - | 1 | - | - | 1 | - | - | - | - | - | - | - | - | - | - | - | - | - |
| V | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | 1 | 1 | - | - | - | - | - | - | - | - | - |
| VI | - | - | - | - | - | - | - | - | - | - | - | 1 | - | - | 1 | - | - | 1 | 1 | - | - | - | - | - | - | - | - | - |
| VII | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | 1 | 1 | - | - | - | - | - | - | - | - | - |
| VIII | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | 1 | - | - |
| IX | - | 1 | - | - | 1 | 1 | - | - | - | 1 | - | - | 1 | - | 1 | 1 | - | 3 | 4 | - | - | - | - | - | - | - | - | 1 |
| X | - | - | - | - | - | - | 1 | - | - | 1 | 1 | - | - | - | 1 | - | - | 1 | 1 | - | - | - | - | - | - | 1 | - | - |
| XI | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | - | 1 | - | - |
| XII | - | 1 | - | - | 1 | - | - | - | - | - | - | - | - | - | - | - | - | 1 | 1 | - | - | - | - | - | - | 1 | - | - |
| XIII | - | - | - | - | - | - | - | - | - | - | - | - | 1 | - | 1 | - | - | - | - | - | - | - | - | - | - | - | - | - |
| ആകെ | 1 | 2 | – | – | 3 | 1 | 2 | – | – | 3 | 1 | 2 | 2 | – | 5 | 1 | – | 9 | 10 | – | – | – | – | – | – | 7 | – | 2 |

# വിദ്യാഭ്യാസ മേഖലയെ പരിപോഷിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

1. ഈ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും രണ്ട് അംഗൻവാടികൾ വീതമെങ്കിലും സ്ഥാപിക്കുക. കുട്ടികളുടെ വിദ്യാഭ്യാസത്തിന്റെ അടിത്തറ ഇവിടെ നിന്നാരംഭിക്കുന്നതിനാൽ ഈ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങളായ കെട്ടിടം, കളിസ്ഥലം, കളിപ്പാട്ടങ്ങൾ, യോഗ്യതയുള്ള അദ്ധ്യാപകർ, പോഷകാഹാര വിതരണം, പ്രാഥമികസൗകര്യം, ആരോഗ്യ സംരക്ഷണം, തുടങ്ങിയവ ഏറ്റവും മെച്ചമാക്കേണ്ടതാണ്.
2. എല്ലാ വിദ്യാലയങ്ങളോടനുബന്ധിച്ചും നഴ്സറി തുടങ്ങുക. സ്ക്കൂളുകൾ ഇല്ലാത്ത വാർഡുകളിൽ ചുരുങ്ങിയത് ഒരു നഴ്സറി എങ്കിലും സ്ഥാപിക്കുക. നഴ്സറി വിദ്യാഭ്യാസം സൗജന്യമാക്കുകയും അംഗൻ വാടിയിലേയും പ്രീപ്രൈമറിയിലേയും സിലബസ് ഏകീകരിക്കുകയും ചെയ്യുക. 4ാം ക്ലാസ് വരെയുള്ള പഠനം നിർബന്ധമായും മാതൃഭാഷയിലാക്കണം.
3. ഈ പഞ്ചായത്തിൽ ഒരു വിദ്യാലയം പോലുമില്ലാത്ത കുന്നത്തുകാൽ, മാണിനാട്, നാറാണി, അരുവിയോട്, പാലിയോട്, കോരണംകോട് എന്നീ വാർഡുകളിലും ആനാവൂർ വാർഡിലെ പിന്നോക്ക മേഖലയായ തേരണി, കുടയാൽ വാർഡിലെ വേങ്കോട് എന്നിവിടങ്ങളിലും ഓരോ LP സ്ക്കൂൾ തുടങ്ങുക.
4. ആനാവൂർ ഗവൺമെന്റ് ഹൈസ്ക്കൂൾ, ഉണ്ടൻകോട് St: ജോൺസ് ഹൈസ്ക്കൂൾ, കാരക്കോണം PPMHS എന്നീ മൂന്ന് ഹൈസ്ക്കൂളിലും ഹയർ സെക്കന്ററി വിഭാഗം തുടങ്ങുക.
5. ഈ പഞ്ചായത്തിലെ ഏറ്റവും പഴക്കം ചെന്ന സർക്കാർ. വിദ്യാലയമായ കുന്നത്തുകാൽ ഗവൺമെന്റ് UPSന് സ്വന്തമായുള്ളതും അന്യാധീനപ്പെട്ടുകൊണ്ടിരിക്കുന്നതുമായ 1 ഏക്കർ 50 സെന്റ് സ്ഥലം (സർവ്വെ 10/1A) ഏറ്റെടുത്ത് ഈ സ്ക്കൂളിനെ ഒരു ജൂനിയർ ടെക്കനിക്കൽ സ്ക്കൂൾ ആക്കി ഉയർത്തുക.
6. ആയിരത്തിലധികം കുട്ടികൾ പഠിക്കുന്ന കുന്നത്തുകാൽ UPS ലെ കാലപ്പഴക്കം ചെന്ന കെട്ടിടത്തിനു പകരമായി എല്ലാസജ്ജീകരണങ്ങളോടും കൂടിയ ഒരു ബഹുനില മന്ദിരം പണിയുക.
7. ആനാവൂർ സ്ക്കൂളിനോടനുബന്ധിച്ചുള്ള വിശാലമായ കളിസ്ഥലം നന്നാക്കി ഈ പഞ്ചായത്തിലെ തന്നെ കായിക മത്സരങ്ങൾ നടത്തുന്നതിന് സജ്ജമാക്കുക.
8. ഈ പഞ്ചായത്തിലെ പേരിമ്പക്കോണം UPS, കോട്ടുക്കോണം UPS എന്നിവ അപ്ഗ്രേഡ് ചെയ്യുക.
9. ഈ പഞ്ചായത്തിലെ UP സ്ക്കൂളുകളിലും ഹൈസ്ക്കൂളുകളിലും കമ്പ്യൂട്ടർ പരിശീലനം ഏർപ്പെടുത്തുക.
10. സ്ക്കൂളുകളിൽ ലബോറട്ടറികൾക്കാവശ്യമായ ഉപകരണങ്ങൾ എത്തിച്ചുകൊടുക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പു വരുത്തുക.
11. LP വിഭാഗത്തിലെ നിർദ്ധനരായ കുട്ടികൾക്ക് സൗജന്യമായ് പഠനോപകരണങ്ങളും യൂണിഫോമും വിതരണം ചെയ്യുക.
12. ഓരോ ടേമിലും കുട്ടികൾക്ക് വൈദ്യ പരിശോധന നടത്തുകയും തുടർന്ന് സൗജന്യ ചികിത്സ ഏർപ്പെടുത്തുകയും ചെയ്യുക.
13. സ്ക്കൂളിൽ കുട്ടികൾക്ക് എത്താൻ മെച്ചപ്പെട്ട യാത്രാ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും സൗജന്യയാത്ര അനുവദിക്കുകയും ചെയ്യുക.
14. ജനവിദ്യാകേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുക.
15. അദ്ധ്യാപക ഒഴിവുകൾ യഥാസമയം നികത്തുക. സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്ഥിക പുനഃസ്ഥാപിക്കുക. അദ്ധ്യാപകർക്ക് കാലാകാലങ്ങളിൽ റിഫ്രഷർ കോഴ്സുകൾ നടത്തുക.
16. പഞ്ചായത്ത് തലത്തിൽ സ്കൂൾ കോംപ്ലക്സുകൾ ആരംഭിക്കുക.
17. അക്കാഡമിക് പരിശോധനാ സമ്പ്രദായം കാര്യക്ഷമമാക്കുക.
18. വിദ്യാലയങ്ങളിലെ രാഷ്ട്രീയ ഇടപെടലുകൾ ഇല്ലാതാക്കുക.
19. PTA യുടെ പ്രവർത്തനം എല്ലാ സ്ക്കൂളുകളിലും കാര്യക്ഷമമാക്കുക. ആയതിലേക്ക് രക്ഷകർത്താക്കളിൽ ബോധവത്ക്കരണം നടത്തുക.
20. അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകൾ പ്രോത്സാഹിപ്പിക്കാതിരിക്കുക.
21. സ്ക്കൂളുകളോടനുബന്ധിച്ചുള്ള ലൈബ്രറികൾ പ്രവർത്തനക്ഷമമാക്കുക.
22. സ്ക്കൂളുകളിൽ ഇപ്പോൾ നടന്നുവരുന്ന പാഠ്യാനുബന്ധ പ്രവർത്തനങ്ങളായ പഠനയാത്ര, സാഹിത്യസമാജം, കലോത്സവം, കൈയെഴുത്തു മാസിക എന്നിവ കൂടുതൽ ചിട്ടയായും ശുഷ്കാന്തിയോടുകൂടെയും നടത്തുക.
23. സ്ക്കൂൾ സൊസൈറ്റികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും, ആക്ഷേപങ്ങൾക്ക് പഴുതില്ലാത്തതും ആക്കേണ്ടതാണ്. ഇതിൽ നിന്നും ലഭിക്കുന്ന ലാഭവിഹിതം വിനിയോഗിച്ച് സാധുക്കളായ

വിദ്യാർത്ഥികൾക്ക് പല ആനുകൂല്യങ്ങളും ലഭ്യ മാക്കുവാൻ കഴിയും.

24. പഞ്ചായത്തു പ്രദേശത്തെ എല്ലാ സ്ക്കൂളുകളുടെയും പ്രവർത്തനം ക്രോഡീകരിക്കുന്നതിനും പുരോഗതി കാലാകാലങ്ങളിൽ വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും, വിദ്യാലയങ്ങളുടെയും പഞ്ചായത്തിന്റെയും പ്രതിനിധികളും വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന വിദഗ്ദ്ധരും അടങ്ങുന്ന ഒരു സമിതി പഞ്ചായത്തുതലത്തിൽ രൂപവൽക്കരിക്കേണ്ടതാണ്.

പട്ടിക 7

**നഴ്സറി സ്ക്കൂളുകളിലെ വിദ്യാർത്ഥികൾ**

| നമ്പർ | സ്ക്കൂളിന്റെ പേര് | എൽ.കെ.ജി. | യു.കെ.ജി. | എൽ.കെ.ജി.& യു.കെ.ജി ആകെ | അദ്ധ്യാപകർ |
|---|---|---|---|---|---|
| 1 | എൻ.എസ്സ്.എസ്സ്.നഴ്സറി കാരക്കോണം | 8 | 14 | 22 | 1 |
| 2 | ST. ബാപ്റ്റിസ്റ്റ് നഴ്സറി ഉണ്ടൻകോട് | 75 | 65 | 140 | 3 |
| 3 | St. ജോസഫ് നഴ്സറി പാലിയോട് | 22 | 13 | 35 | 2 |
| 4 | മാർത്തോമാ നഴ്സറി ആലുവിള | 14 | 18 | 32 | 2 |
| 5 | ഭാരതീയ യാത്രാസെന്റർ എള്ളുവിള (സോഷ്യൽ ഫെൽഫയർ ബോർഡ്) | 16 | 30 | 46 | 2 |
| 6 | മോഡൽ പ്രീപ്രൈമറി സ്ക്കൂൾ കുന്നത്തുകാൽ | 34 | 38 | 72 | 2 |
| 7 | സരോജനിനായിഡു മഹിളാ സമാജം നഴ്സറി കാരക്കോണം | 20 | 33 | 53 | 3 |

# പൊതുജനാരോഗ്യം – കുടിവെള്ളം

ആരോഗ്യമുള്ള ജനത ഒരു രാഷ്ട്രത്തിന്റെ സമ്പത്താണ്. ലോകാരോഗ്യ സംഘടനയുടെ വിപക്ഷയിൽ ആരോഗ്യത്തെ ഇപ്രകാരം നിർവചിക്കുന്നു. "ആരോഗ്യമെന്നാൽ ഒരു വ്യക്തിയുടെ അംഗവൈകല്യമില്ലാത്തതോ രോഗമില്ലാത്തതോ ആയ അവസ്ഥ മാത്രമല്ല-പിന്നെയോ ഒരു വ്യക്തിയുടെ ശാരീരികവും മാനസികവും സാമൂഹ്യവുമായ സുസ്ഥിതിയാണ് ആരോഗ്യം." ലോകജനസംഖ്യയിൽ രണ്ടാംസ്ഥാനത്ത് നിൽക്കുന്ന ഇന്ത്യയിലെ തെക്കേ അറ്റത്തെ സംസ്ഥാനമായ കേരളം ആരോഗ്യ പരിപാലനരംഗത്ത്, വികസിത രാഷ്ട്രങ്ങളോട് കിടപിടിക്കതക്കവിധത്തിലുള്ള നേട്ടങ്ങൾ ഇതിനകം കൈവരിച്ചു കഴിഞ്ഞിട്ടുണ്ട്. കേരളത്തിന്റെ തലസ്ഥാനമായ തിരുവനന്തപുരത്തിന് ഏകദേശം മുമ്പത് കിലോമീറ്റർ തെക്ക് കിഴക്ക് ഭാഗത്ത് തമിഴ്നാടിന്റെ കന്യാകുമാരി ജില്ലയുമായി തൊട്ടുരുമികിടക്കുന്ന നമ്മുടെ പഞ്ചായത്തും ആരോഗ്യ പരിപാലനരംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്.

ഗതാഗത സൗകര്യങ്ങളും ആധുനിക ചികിത്സാസൗകര്യങ്ങളും എല്ലാ ജനതയ്ക്കും ലഭ്യമാകാൻ സൗകര്യമില്ലാതിരുന്ന കാലഘട്ടത്തിൽ പരമ്പരാഗത ആയുർവേദ സിദ്ധമർമ്മ ചികിത്സാ വിഭഗ്ധന്മാരും വിഷ ചികിത്സകരും ചികിത്സാ രംഗത്ത് സേവനം അനുഷ്ഠിച്ചിരുന്നു. നാറാണി പാച്ചുപിള്ള എന്ന് അറിയപ്പെട്ടിരുന്ന പരമേശ്വരൻപിള്ള വൈദ്യർ, അപ്പി പിള്ള വൈദ്യർ, ചെറിയകൊല്ല യേശുദാസൻ വൈദ്യർ. തുടങ്ങിയവർ അവരിൽ പ്രമുഖരായിരുന്നു. ഉണ്ടൻക്കോട് എന്ന സ്ഥലത്ത് പരമ്പരാഗത വിഷചികിത്സകനായ ഡി. ദേവരം വൈദ്യർ പഴയകാലത്തെ അത്തരം ചികിത്സകരിൽ ഇന്നും ജീവിച്ചിരിപ്പുണ്ട്.

ആധുനിക ചികിത്സാസമ്പ്രദായമായ അലോപ്പതി ചികിത്സാരംഗത്തും ഈ പഞ്ചായത്തിന് ഒരു നൂറ്റാണ്ടിൽ കൂടുതൽ പഴക്കമുണ്ട്.

ലണ്ടൻ മിഷൻ സർവീസ്കാരാൽ 1894-ൽ സ്ഥാപിച്ചതും സി. എസ്. ഐ. സൗത്ത് കേരള മെഡിക്കൽ മിഷന്റെ അധീനതയിൽ പ്രവർത്തിക്കുന്നതുമായ "ഡോ: സാമുവേൽ മെമ്മോറിയൽ സി.എസ്.ഐ. മിഷൻ ആശുപത്രി ഈ പഞ്ചായത്തിന്റെ ആസ്ഥാനമായ കാരക്കോണത്ത് ആണ് സ്ഥിതിചെയ്യുന്നത്. ഈ പഞ്ചായത്ത് പ്രദേശം ഒരു കാലത്ത് മലമ്പനി രോഗത്തിന്റെ പിടിയിലമർന്നിരുന്നു. കൊല്ലവർഷം 1103-ൽ മലമ്പനി ബാധിച്ച് ഈ പ്രദേശത്തെ 43%ത്തോളം ആൾക്കാർ മരണത്തിനിരയായിരുന്നതായി പഴമക്കാരിൽ നിന്നും അറിയുവാൻ കഴിഞ്ഞു. മലമ്പനി രോഗത്തിന്റെ ചികിത്സയ്ക്കായി ഉദ്ദേശം 65 കൊല്ലം മുമ്പ് കുന്നത്തുകാലിൽ സ്ഥാപിച്ച മലേറിയ ഡിസ്പെൻസറി എന്നറിയപ്പെട്ടിരുന്ന സ്ഥാപനമാണ് ഇപ്പോഴത്തെ കുന്നത്തുകാൽ പ്രാധമികാരോഗ്യ കേന്ദ്രം. ഈ കേന്ദ്രത്തിൽ ചികിത്സയ്ക്കും പൊതുജനാരോഗ്യ രോഗപ്രതിരോധ കുടുംബക്ഷേമ പ്രവർത്തനങ്ങൾ ജനങ്ങൾക്കു ലഭ്യമാക്കുന്നതിനു വേണ്ടി ഒരു മെഡിക്കൽ ഓഫീസറുടെ നിയന്ത്രണത്തിൽ ചികിത്സാരംഗത്ത് ഒരു ഫാർമസിസ്റ്റ് ലബോറട്ടറി ടെക്നിഷ്യൻ, രണ്ട് നേഴ്സിംഗ് അസിസ്റ്റന്റ് മാർ മൂന്ന് ഹോസ്പിറ്റൽ അറ്റന്റന്റ്-ഗ്രേഡ്.II ഒരു ഓഫീസ് ക്ലാർക്ക്, ഒരു പ്യൂൺ, ഒരു പാർട്ട് ടൈം സ്വീപ്പർ എന്നിവരും മാതൃശിശു സംരക്ഷണ കുടുംബക്ഷേമപ്രവർത്തനങ്ങൾക്കു വേണ്ടി പ്രാഥമികാരോഗ്യകേന്ദ്രത്തോട് അനുബന്ധിച്ചും-പഞ്ചായത്തിന്റെ മറ്റു പ്രദേശങ്ങളായ കോരണം കോട്, പേരുമ്പക്കോണം, മണ്ണംകോട്, കുന്നത്തുകാൽ, പുല്ലൻന്തേരി, ചെറുപുന്നക്കാല, കോട്ടുക്കോണം (കുറ്റിക്കാട്) എന്നീപ്രദേശങ്ങൾ കേന്ദ്രമാക്കി ഓരോ കുടുംബക്ഷേമ കേന്ദ്രങ്ങളും നിലവിലുണ്ട്. ഇവയുടെ പ്രവർത്തനങ്ങൾക്കായി എട്ട്-ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരുമുണ്ട്. പൊതുജനാരോഗ്യരോഗപ്രതിരോധ ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിനു വേണ്ടിയിട്ട്-ഒരു ഹെൽത്ത് ഇൻസ്പെക്ടറുടെ ചുമതലയിൻകീഴിൽ. ചെറിയകൊല്ല, കാരക്കോണം, കുന്നത്തുകാൽ, കോട്ടയ്ക്കൽ, മണവാരി എന്നീ സ്ഥലങ്ങളെ ആസ്ഥാനമായി അഞ്ച് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ മാരും പ്രവർത്തിച്ച് വരുന്നു. ഇവരെകൂടാതെ ദേശീയ കുഷ്ഠരോഗ നിവാരണ പരിപാടിയുടെ ഭാഗമായി രണ്ട് ലെപ്രസി- ഇൻസ്പെക്ടർമാരും സേവനം അനുഷ്ഠിച്ച് വരുന്നു. പ്രസ്തുത ആരോഗ്യ കേന്ദ്രത്തിൽ 1995-96-കാലഘട്ടത്തിൽ വിവിധരോഗങ്ങളുടെ ചികിത്സക്കായി 52,920-പേരും 1992-96-വരെ യുള്ള കാലഘട്ടങ്ങളിലായി 1,98,000 പേരും ചികിത്സക്കായി എത്തിയിട്ടുണ്ട്. ചികിത്സാവിവരപട്ടിക അനുബന്ധമായി ചേർക്കുന്നു.

ലഭ്യമായ കണക്കനുസരിച്ച് മരുന്ന് വാങ്ങുന്നതിനു വേണ്ടി 1995-'96- സാമ്പത്തിക വർഷത്തിൽ 1,40,314/-രൂപ ചെലവായിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കുന്നത്തുകാൽ തവയത്തുകോണം പട്ടികജാതി കോളനി നിവാസികൾക്ക് വേണ്ടി 1985-ൽ അനുവദിച്ച ആയൂർവേദ ഡിസ്പെൻസറി കുന്നത്തുകാൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് സമീപം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. പ്രസ്തുത ആശുപത്രിയിൽ ഒരു സീനിയർ മെഡിക്കൽ ഓഫീസറും ഒരു

## രോഗവിവരപട്ടിക – കുന്നത്തുകാൽ പ്രാഥമികാരോഗ്യകേന്ദ്രം. 1

| വർഷം | ഇൻപേഷ്യന്റ് എണ്ണം | ഔട്ട് പേഷ്യന്റ് എണ്ണം | രോഗങ്ങൾ സംബന്ധിച്ച വിവരം | | | | | |
|---|---|---|---|---|---|---|---|---|
| | | | ത്വക്ക് രോഗം | വാതരോഗം (എല്ലാവിഭാഗവും) | പകർച്ച വ്യാധികൾ | വിഷചികിത്സ (പാമ്പ്കടി etc) | മറ്റുള്ള രോഗങ്ങൾ | ആകെ |
| 1992–'93 | ഇല്ല | 46,440 | 192 | 380 | 35 | ഇല്ല | 45,833 | 46,440 |
| 1993–'94 | ഇല്ല | 48,960 | 183 | 464 | 29 | ഇല്ല | 48,289 | 48,960 |
| 1994–'95 | ഇല്ല | 49,680 | 189 | 538 | 168 | ഇല്ല | 48,785 | 49,680 |
| 1995–'96 | ഇല്ല | 52,920 | 194 | 743 | 218 | ഇല്ല | 51,765 | 52,920 |
| ആകെ | ഇല്ല | 1,98,000 | 758 | 2,125 | 445 | ഇല്ല | 1,94,672 | 1,98,000 |

നോൺ കേഡർ മെഡിക്കൽ ഓഫീസറും ഒരു അറ്റന്റർും ഒരു പാർട്ട് ടൈം സ്വീപ്പറും ഉൾപ്പെടെ നാല് ജീവനക്കാർ സേവനം അനുഷ്ഠിക്കുന്നു. അവിടെ നിന്നുള്ള സേവനം പഞ്ചായത്ത് പ്രദേശത്തെ പട്ടിക ജാതി വിഭാഗക്കാർക്ക് പുറമെ മറ്റ് ജനങ്ങൾക്കും ലഭ്യമാകുന്നുണ്ട്. പ്രസ്തുത കേന്ദ്രത്തിൽ നിന്നും 1992–'93–1995–'96–വരെയുള്ള കാലയളവിൽ ഔട്ട്പേഷ്യന്റ് ആയി 3,59,755/ പേരും 95–96–വർഷത്തിൽ 92,877/– ആളുകളും ചികിത്സക്കായി എത്തിയിട്ടുണ്ട്. 1995–'96– വർഷക്കാലയളവിൽ 11,987–40/– രൂപ മരുന്ന് വാങ്ങുന്നതിനും 357/–രൂപ മറ്റ് ഉപകരണങ്ങൾ വാങ്ങുന്നതിനു വേണ്ടിയിട്ട് ചിലവായിട്ടുണ്ട്.

ആയുർവേദ ഡിസ്പെൻസറിയിൽ ചികിത്സയ്ക്ക് എത്തിയവരുടെ രോഗവിവരപട്ടിക ചുവടെ ചേർക്കുന്നു.

മേൽപ്പറഞ്ഞ പ്രാഥമികാരോഗ്യ കേന്ദ്രവും ആയൂർവേദ ഡിസ്പെൻസറിയും കൂടാതെ ആയൂർവേദ അലോപ്പതി, സിദ്ധമർമ്മ, വിഷ ചികിത്സാ എന്നീ വിഭാഗത്തിലായി 14–ചികിത്സാകേന്ദ്രങ്ങളും ഈ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്നു.

പ്രസ്തുത സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള വിവര പട്ടിക അനുബന്ധമായി ചേർക്കുന്നു.

ആരോഗ്യ രക്ഷാ പ്രവർത്തനങ്ങളിൽ സർക്കാർ തലത്തിലും സ്വകാര്യ തലത്തിലും നനിലവിലുള്ള മേല്പറഞ്ഞ സംവിധാനങ്ങൾക്ക് പുറമെ ഊർജ്ജിത ശിശു വികസന സേവന പദ്ധതിയിൻ കീഴിൽ 17–അംഗൻ വാടികൾ ഈ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ആരോഗ്യരംഗത്തെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനു വേണ്ടി നാല് ''മഹിളാസ്വസ്ത സംഘ്''.ലെ പ്രവർത്തകരും സേവനം അനുഷ്ഠിക്കുന്നു. അംഗൻ വാടികൾ മുഖാന്തിരം അഞ്ച് വയസ്സിൽ താഴെയുള്ള കുട്ടികളുടെ പോഷണനിലവാരം ഉയർത്തുന്നതിന് വേണ്ടി പ്രത്യേക പോഷകാഹാര വിതരണ പരിപാടി നിലവിലുണ്ട്. കൂടാതെ ഈ പഞ്ചായത്തിലുള്ള മൂന്ന് ഹൈസ്ക്കൂളും–3–യു.പി.എസ്സ്. ഉം. 4–എൽ.പി. വിഭാ

(ശേഷം പേജ് 37 ൽ)

## ആയുർവേദ ഡിസ്പെൻസറി–കുന്നത്തുകാൽ 2

| വർഷം | ഇൻപേഷ്യന്റ് എണ്ണം | ഔട്ട് പേഷ്യന്റ് എണ്ണം | രോഗങ്ങൾ സംബന്ധിച്ച വിവരം | | | | | |
|---|---|---|---|---|---|---|---|---|
| | | | ത്വക്ക് രോഗം | വാതരോഗം (എല്ലാവിഭാഗവും) | പകർച്ച വ്യാധികൾ | വിഷചികിത്സ (പാമ്പ്കടി etc) | മറ്റുള്ള രോഗങ്ങൾ | ആകെ |
| 1992–'93 | ഇല്ല | 80,236 | 20,036 | 50,200 | 2,000 | 2,000 | 6,000 | 80,236 |
| 1993–'94 | ഇല്ല | 93,594 | 33,234 | 45,200 | 3,066 | 3,000 | 9,094 | 93,594 |
| 1994–'95 | ഇല്ല | 93,048 | 21,500 | 45,000 | 3,848 | 2,700 | 2,000 | 93,048 |
| 1995–'96 | ഇല്ല | 92,877 | 16,200 | 42,677 | 2,000 | 3,000 | 29,000 | 92,877 |
| ആകെ | ഇല്ല | 3,59,755 | 90,970 | 1,83,077 | 10,914 | 10,700 | 64,094 | 3,59,755 |

## III സർക്കാർ ഇതര ആരോഗ്യ സ്ഥാപന വിവരങ്ങൾ

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഇനം | കെട്ടിടം സ്വന്തം വാടക | ഉദ്യോഗസ്ഥരുടെ എണ്ണം | സ്ഥാപനപരമായ പ്രശ്നങ്ങൾ പ്രശ്നങ്ങൾ |
|---|---|---|---|---|---|
| 1. | ഡോ: സാമുവേൽ മെമ്മോറിയൽ സി.എസ്.ഐ. ആശുപത്രി കാരക്കോണം | അലോപ്പതി | സ്വന്തം | 108 | പരിസര ശുചീകരണം തൃപ്തികരമല്ല, രോഗികളുടെ കൂട്ടിരിപ്പുകാർക്ക്-മലമൂത്ര വിസർജനത്തിനുള്ള സംവിധാനം ഇല്ല. മാലിന്യങ്ങൾ ആരോഗ്യപരമായി നീക്കം ചെയ്യുന്നില്ല. |
| 2. | ഡേവിഡ് നേഴ്സിംഗ്ഹോം പാലിയോട് | അലോപ്പതി | സ്വന്തം | 3 | മുറികളുടെ സൗകര്യം പരിമിതം. |
| 3. | സി.എസ്. ആശുപത്രി പാലിയോട് | അലോപ്പതി | വാടക | 5 | മുറികളുടെ സൗകര്യം തൃപ്തികരമല്ല. പരിസര ശുചിത്വം തൃപ്തികരമല്ല. |
| 4. | ആർ.വി.എം. ഹോസ്പിറ്റൽ നാറാണി | അലോപ്പതി | വാടക | 4 | രോഗികളെ കിടത്തിചികിത്സിക്കുന്നതിനുള്ള സൗകര്യങ്ങൾ പരിമിതമാണ്. |
| 5. | കേരള ആശുപത്രി ചെറിയകൊല്ല | അലോപ്പതി | സ്വന്തം | 4 | – |
| 6. | ബാപ്റ്റിസ്റ്റ് ഡിസ്പെൻസറി ഉണ്ടൻകോട് | അലോപ്പതി | സ്വന്തം | 2 | – |
| 7. | തുഷാര ഹോമിയോ ക്ലിനിക് | ഹോമിയോ | സ്വന്തം | 1 | – |
| 8. | സൗമ്യ സിദ്ധമർമ്മ വൈദ്യശാല ചെറിയകൊല്ല | സിദ്ധ | വാടക | 1 | – |
| 9. | സിദ്ധ മർമ്മവൈദ്യശാല നിലമാമൂട് | സിദ്ധ | വാടക | 1 | – |
| 10. | മൃത്യുഞ്ജയ വിലാസം ആയുർവേദ വൈദ്യശാല- കുന്നത്തുകാൽ. | ആയുർവേദം | സ്വന്തം | 1 | – |
| 11. | ഗുരുപ്രകാശം പാരമ്പര്യ വൈദ്യശാല- കുന്നത്തുകാൽ | സിദ്ധ | സ്വന്തം | 1 | – |
| 12. | ശാരോൺ സിദ്ധമർമ്മ വൈദ്യശാല മണലുവിള, വണ്ടിത്തടം. | സിദ്ധ | സ്വന്തം | 1 | – |
| 13. | സിദ്ധ വിഷ വൈദ്യശാല- ഉണ്ടൻകോട് | സിദ്ധ | സ്വന്തം | 1 | – |
| 14. | സിദ്ധ മർമ്മ വൈദ്യശാല കോട്ടുകോണം. | സിദ്ധ | വാടക | 1 | – |

ഗത്തിലെയും- യു.പി. വരെയുള്ള കുട്ടികൾക്ക് പോഷ ണനിലവാരം ഉയർത്തുന്നതിന് വേണ്ടിയുള്ള ഉച്ച ക്കഞ്ഞി പരിപാടി നിലവിലുണ്ട്.

1991-ലെ കനേഷ്മാരി കണക്കിൻ പ്രകാരം ഈ പഞ്ചായത്ത് പ്രദേശത്തെ മൊത്തം ജനസംഖ്യ 33,648 ആണ്. 1996-ലെ ലഭ്യമായ കണക്കനുസരിച്ച് ജന സംഖ്യ 36,373 ആണ്. 1995-96-ലെ ആകെ ജനനം 268 ആണ്. ജനനനിരക്ക് 13.5 ആണ്. ഇത് നമ്മുടെ സംസ്ഥാ നത്തെ ജനനനിരക്കായ 17-നെക്കാൾ കുറവാണ്.

1995-'96-ലെ ആകെ മരണം 64 ആണ്. മരണനി രക്ക് 5.7-ആണ്. കേരളത്തിലെ പൊതുമരണനിരക്ക് 5.9ആണ്. നമ്മുടെത് സംസ്ഥാന ശരാശരിയെക്കാൾ 0.2%കുറവാണ്.

ഒരു വയസ്സിന് താഴെ മരിച്ചകുട്ടികളുടെ എണ്ണം 5-ആണ്. ശിശുമരണനിരക്ക് 18.6 ആണ്. ശിശുമരണ നിരക്ക് സംസ്ഥാന നിരക്കായ 16-നെക്കാൾ 2.6- കൂടു തലാണ്. ഇതിന് കാരണം ഗർഭിണിയായിരിക്കുമ്പോൾ ഉണ്ടാകുന്ന പോഷകാഹാരകുറവും പരിസര ശുചിത്വ ത്തിന്റെ അപര്യാപ്തത മൂലമുണ്ടാകുന്ന വയറിളക്ക രോഗങ്ങളുമാണ്.

**പട്ടിക IV**

**ചില ആരോഗ്യ സൂചികൾ**

| ആരോഗ്യ സൂചികകൾ | സംസ്ഥാനം | പഞ്ചായത്ത് |
|---|---|---|
| ജനനനിരക്ക് | 17 | 13.5 |
| ശിശുമരണനിരക്ക് | 16 | 18.6 |
| മാതൃമരണനിരക്ക് | 1 | 3.73 |
| വൈകല്യനിരക്ക് | – | 7.1 |

അഞ്ച് വയസ്സിന് താഴെയുള്ള 2,791-കുട്ടികളുണ്ട്. ഗർഭിണികളുടെ എണ്ണം 319 ആണ്. പ്രസവ സംബന്ധ മായ അസുഖങ്ങളാൽ മരണപ്പെട്ടവരുടെ എണ്ണം ഒന്ന് ആണ്. മാതൃ മരണനിരക്ക് 3.73-ആണ്. മരണം സംഭ വിച്ചത് ആശുപത്രിയിൽ വച്ചാണ്. ഹൃദയസംബന്ധ മായ അസുഖങ്ങൾ കാരണമാണ് മരണപ്പെട്ടത്.

അറുപതു വയസ്സിന് മുകളിൽ പ്രായമുള്ളവർ ഏക ദേശം 3,200-വോളം വരും എന്നാണ് ലഭ്യമായ കണ ക്കുകൾ സൂചിപ്പിക്കുന്നത്.

ലഭ്യമായ കണക്കനുസരിച്ച് ഈ പഞ്ചായത്തിലെ വികലാംഗരുടെ എണ്ണം 260 ആണ്. വൈകല്യ നിരക്ക് 7.1-ആണ്.

ഈ പഞ്ചായത്ത് പ്രദേശത്തുള്ള പത്തുപേർ കുഷ്ഠ രോഗ ചികിത്സയ്ക്ക് വിധേയരാകുന്നുണ്ട് കുഷ്ഠരോ ഗചികിത്സയ്ക്ക് കുന്നത്തുകാൽ പ്രാദമികാരോഗ്യ കേന്ദ്രത്തിൽ വരാത്തവരും മറ്റ് സെന്ററുകളിൽ നിന്നും ചികിത്സ എടുക്കുന്നവരും കണ്ടേയ്ക്കാം.

പ്രാദമികാരോഗ്യ കേന്ദ്രത്തിൽനിന്നും ലഭിച്ച കണ ക്കനുസരിച്ച് 12- ക്ഷയരോഗികളാണ് ചികിത്സയ്ക്ക് വിധേയരാകുന്നത്. മറ്റു സ്വകാര്യ ആശുപത്രിയിൽ നിന്നും ഇത്തരം ചികിത്സയ്ക്ക് വിധേയരാകുന്നവരും ശരിയായ രോഗനിർണ്ണയം നടത്തി ചികിത്സയ്ക്ക് വിധേ യരാകാത്ത രോഗികളുടെ എണ്ണം ഇനിയും വളരെയ ധികം ഉണ്ടെന്നാണ് മനസ്സിലാകുന്നത്.

നമ്മുടെ സംസ്ഥാനത്തു നിന്നും മലമ്പനി നിർമ്മാർജ്ജനം ചെയ്തു എങ്കിലും ഈ പ്രദേശത്തു നിന്നും അന്യ സംസ്ഥാനങ്ങളിൽ ജോലിചെയ്യുന്ന ധാരാളം ആളുകൾ ഉള്ളതുകൊണ്ട് അത്തരം രോഗം ബാധിച്ച് ഇവിടെ എത്തുന്നവർ ഉണ്ട് അതിൽ മിക്ക രോഗികളും സ്വകാര്യ ആശുപത്രികളിൽ ചികിത്സയ്ക്ക് എത്തി രോഗനിർണ്ണയം ശരിക്കുംനടത്താതെ മറ്റസു ഖങ്ങൾക്കു ചികിത്സിച്ച് മടങ്ങിപ്പോകുന്നുണ്ട്. കഴിഞ്ഞ മൂന്നു കൊല്ലത്തിൽ മൂന്നു പേർ മലമ്പനി ബാധിച്ച് ചികിത്സയ്ക്ക് വിധേയരായിട്ടുണ്ട്.

ഈ പ്രദേശത്ത് സാധാരണയായികണ്ടുവരുന്നത് വയറിളക്കരോഗങ്ങളും ശ്വാസകോശ സംബന്ധമായ മറ്റുരോഗങ്ങളുമാണ്, കൂടാതെ സന്നിപാതജ്വരം, പക രുന്നതരം മഞ്ഞപ്പിത്തം, വൈറൽ ഫിവർ തുടങ്ങിയ രോഗങ്ങളും കണ്ടുവരുന്നു. കാലാവസ്ഥാമാറ്റം സംഭ വിക്കുന്നതനുസരിച്ച് വയറിളക്ക രോഗങ്ങളും ശ്വാസ കോശരോഗങ്ങളും കൂടുതലായി കണ്ടു വരുന്നു. സ്ത്രീകളിൽ ഗർഭാശയ സംബന്ധമായ രോഗങ്ങളും ഉള്ളതായി മനസ്സിലാക്കുവാൻ കഴിഞ്ഞു. മൊത്തം ജന സംഖ്യയുടെ 5% പേർക്ക് പ്രമേഹവും 5% പേർക്ക് രക്ത സമ്മർദ്ദ രോഗങ്ങളും ഉള്ളതായി വിവിധ ചികിത്സാകേ ന്ദ്രങ്ങളിലെ ഡോക്ടർമാരുടെ അഭിപ്രായത്തിൽ നിന്നും മനസ്സിലാക്കുവാൻ കഴിഞ്ഞു. കുട്ടികളിൽ ചെറിയതോ തിലുള്ള പോഷണക്കുറവ് കണ്ടുവരുന്നുണ്ട്. പോഷ ണനിലവാരം മെച്ചപ്പെടുത്തുന്നതിനു വേണ്ടി നടത്തുന്ന സേവനങ്ങളെക്കുറിച്ച് നേരത്തെ പറഞ്ഞിട്ടുണ്ട്.

ജനനനിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്ന കാര്യ ത്തിൽ ഇത്തരം പരിപാടിയുടെ തുടക്കം മുതൽ തന്നെ ഈ പ്രദേശം വളരെയധികം മുന്നിലായിരുന്നു. ഈ പഞ്ചായത്തിൽ 3,809 ദമ്പതികൾ നിലവിലുണ്ട്. അതിൽ രണ്ടായിരത്തി തൊള്ളായിരത്തി അമ്പതു പേർ (2,950) വിവിധ ജനനനിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുള്ള വരാണ്. സ്ഥിതിവിവരങ്ങൾ പട്ടിക രൂപത്തിൽ ചേർത്തി ട്ടുണ്ട്.

**പട്ടിക V**

**ദമ്പതികളിൽ ജനനനിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചവരുടെ-സ്ഥിതിവിവരം**

| ജീവിച്ചിരിക്കുന്ന കുട്ടികളുടെ എണ്ണം | അമ്മമാരുടെ എണ്ണം | കുടുംബക്ഷേമ മാർഗ്ഗങ്ങൾ സ്വീകരിച്ച | സ്വീകരി ക്കേണ്ട വർ |
|---|---|---|---|
| 1-കുട്ടി | 814 | 229 | 585 |
| 2-കുട്ടി | 1,569 | 1,484 | 85 |
| 2-ൽ കൂടുതൽ | 1,426 | 1,237 | 189 |
| ആകെ | 3,809 | 2,950 | 859 |

**ആരോഗ്യപ്രശ്നങ്ങൾ**

ഈ പഞ്ചായത്തിലെ ഏക പ്രാഥമികാരോഗ്യ കേന്ദ്ര മായ കുന്നത്തുകാൽ പി. എച്ച്. സി. യിൽ രോഗികളെ

കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യം നാളിതുവരെ ലഭ്യമായിട്ടില്ല. പത്തു കിടക്കകൾ ഉള്ള ഒരു വാർഡും ഒരു മെഡിക്കൽ ഓഫീസർ ക്വാർട്ടേഴ്സും നാട്ടുകാരുടെ സഹകരണത്തോടെയും പഞ്ചായത്തിന്റെ ആഭിമുഖ്യത്തിലും നിർമ്മാണം പൂർത്തിയാക്കി വൈദ്യുതിയും വെള്ളവും എത്തിച്ചു. എങ്കിലും ആവശ്യമുള്ള ജീവനക്കാരെ നിയമിച്ച് പൊതു ജനങ്ങൾക്കു മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിന് വേണ്ടുന്ന നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടില്ല. സാമ്പത്തികമായി പിന്നോക്കമായി നിൽക്കുന്നവരും, ചെറുകിടകർഷകരും കർഷകതൊഴിലാളികളും നിവസിക്കുന്ന ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് കിടത്തി ചികിത്സിക്കേണ്ടതായ രോഗം ബാധിച്ചാൽ ഈ പഞ്ചായത്തിൽ തന്നെയുള്ള സ്വകാര്യ ആശുപത്രികളിലോ - പാറശ്ശാല, നെയ്യാറ്റിൻകര തുടങ്ങിയ ഗവ. ആശുപത്രികളിലോ പോകേണ്ട അവസ്ഥയാണ് നിലവിലുള്ളത്.

പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ മറ്റ് സ്റ്റാഫ് അംഗങ്ങൾക്കു താമസിക്കുവാനുള്ള ക്വാർട്ടേഴ്സും നിലവിലില്ല. ആശുപത്രിക്ക് ചുറ്റുമതിലും നിലവിലില്ല. ആശുപത്രി വികസനത്തിന് ആവശ്യമായ ഭൂമി ലഭ്യമാക്കേണ്ടതാണ്. ആശുപത്രിയോട് ഒരു ക്ലിനിക്കൽ ലാബോറട്ടറി പ്രവർത്തിക്കുന്നുണ്ടെങ്കിലും അതിന് ആവശ്യമായ രാസവസ്തുക്കൾ നൽകാത്തതു കൊണ്ട് രോഗികൾക്ക് അതുകൊണ്ടുള്ള പ്രയോജനം ലഭിക്കുന്നില്ല.

ഈ പഞ്ചായത്ത് പ്രദേശത്ത് എട്ട് കുടുബക്ഷേമ കേന്ദ്രങ്ങൾ നിലവിലുണ്ടെങ്കിലും അതിൽ കോരണംകോട് സെന്ററിൽ മാത്രമെ ഗവ: കെട്ടിടം ഉള്ളൂ. അതു തന്നെ ശരിയായ രീതിയിൽ അറ്റകുറ്റപ്പണികൾ നടത്താത്തതു കാരണം ശരിയായ രീതിയിൽ പ്രവർത്തിക്കുവാൻ കഴിയുന്നില്ല. ശേഷിക്കുന്ന ഏഴ് കേന്ദ്രങ്ങൾക്കും കെട്ടിടം ഇല്ലാത്തതുകൊണ്ട് ഗർഭിണികൾക്കും കുട്ടികൾക്കുമുള്ള ക്ലീനിക്കുകൾ നടത്തുവാനോ മെച്ചപ്പെട്ട രീതിയിൽ സേവനം ലഭ്യമാക്കുവാനോ കഴിയുന്നില്ല. കൂടാതെ ജീവനക്കാർക്ക് അവരുടെ രജിസ്റ്ററുകൾ മരുന്ന് തുടങ്ങിയവ സൂക്ഷിക്കുവാനോ കഴിയുന്നില്ല.

പകർച്ചവ്യാധിനിയന്ത്രണം, രോഗപ്രതിരോധം, കുടുംബക്ഷേമം, ആരോഗ്യ വിദ്യാഭ്യാസം എന്നീ കാര്യങ്ങൾ നിർവഹിക്കുന്നതിന് നിയുക്തരായ അഞ്ച് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ ഈ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തി എടുക്കുന്നു എങ്കിലും അവർക്ക് ഓഫീസ് സൗകര്യം ഏർപ്പെടുത്താത്തതു കാരണം അവർക്ക് റെക്കോഡുകൾ സൂക്ഷിക്കുന്നതിനോ, പൊതുജനങ്ങൾക്ക്, പൊതുജനാരോഗ്യ പ്രശ്ന പരിഹാരങ്ങൾക്കു വേണ്ടി അവരുമായി ബന്ധപ്പെടുന്നതിനോ സാധിക്കുന്നില്ല. വിവിധോദ്ദേശ ആരോഗ്യ പരിപാടിയുടെ മാർഗ്ഗരേഖ അനുസരിച്ച് ജനസംഖ്യാനുപാതികമായി ഇത്തരം ജീവനക്കാരുടെ എണ്ണം കുറവാണ്.

ആരോഗ്യ രക്ഷാപ്രവർത്തനങ്ങളുമായി ബന്ധമുള്ള പതിനേഴ് അംഗൻ വാടികൾ ഈ പഞ്ചായത്തിൽ നിലവിലുണ്ട്. അതിൽ പതിനാല് എണ്ണത്തിനെ കെട്ടിടം ഉള്ളൂ. ഇവയിൽ 9 എണ്ണത്തിന് ഇനിയും വൈദ്യുതി ലഭ്യമാക്കേണ്ടതുണ്ട്. എട്ട് അംഗൻവാടികളിൽ കക്കൂസ് പുതിയതായി പണിയേണ്ടതായിട്ടുണ്ട്. പതിനാല് അംഗൻവാടികളിൽ കുടിവെള്ള സൗകര്യം ഉള്ളത് രണ്ടെണ്ണത്തിനാണ്.

ഈ പഞ്ചായത്ത് പ്രദേശത്ത് ഉൾപ്പെട്ട കോട്ടുക്കോണം (കുറ്റിക്കാട്) കുടുംബക്ഷേമകേന്ദ്രത്തിന്റെയും ചെറിയകൊല്ല ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെയും ഭരണപരമായ നിയന്ത്രണം ഇപ്പോഴും വെള്ളറട പ്രാഥമികാരോഗ്യ കേന്ദ്രത്തിനാണ്. ഇത് ഈ പഞ്ചായത്തിലെ പൊതുജനാരോഗ്യപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് തടസ്സമാണ്.

തവയത്തു കോണം പട്ടികജാതി കോളനി നിവാസികൾക്കുവേണ്ടി സ്ഥാപിച്ച ഗവൺമെന്റു ആയുർവേദ ഡിസ്പെൻസറി ഇന്നും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. നിലവിലുള്ള കെട്ടിടത്തിൽ സ്ഥലക്കുറവും കഷായം തയ്യാറാക്കുന്നതിനും മറ്റുമുള്ള സൗകര്യങ്ങളും ഇല്ല. ആശുപത്രിക്ക് ആവശ്യം വേണ്ടുന്ന ഫർണിച്ചറുകളും കുറവാണ്. രോഗികളുടെ എണ്ണത്തിനനുസരിച്ച് മരുന്ന് ലഭ്യമാകുന്നില്ല. പ്രസ്തുത ഡിസ്പെൻസറി രോഗികളെ കിടത്തി ചികിത്സിക്കുവാൻ സൗകര്യമുള്ള ആശുപത്രി ആയി ഉയർത്തേണ്ടതും ആയതിലേയ്ക്ക് വേണ്ടുന്ന ഭൂമി ലഭ്യമാക്കി കെട്ടിടം പണിയേണ്ടതായിട്ടുണ്ട്.

### പരിസര ശുചിത്വം

അന്തരീക്ഷം, മണ്ണ്, ജലം ഇവയാണ് പരിസരത്തിന്റെ മൂന്ന് ഘടകങ്ങൾ. ഇവയുടെ മലിനീകരണമാണ് കൂടുതലായും ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നത്. അന്തരീക്ഷ മലിനീകരണം പകരുന്നതും-പകരാത്തതുമായ ശ്വാസകോശ രോഗങ്ങൾ ഉണ്ടാകുന്നതിന് കാരണമാകുന്നു. നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം കന്യാകുമാരി ജില്ലയിലെ ചില കശുവണ്ടി ഫാക്ടറികളിൽ നിന്നും മറ്റ് വാഹനങ്ങിൽ നിന്നും ബഹിർഗമിക്കുന്ന പുകയിൽ നിന്നുള്ള ചെറിയ തോതിലുള്ളതും റബ്ബർഷീറ്റ് ഉണ്ടാകുന്ന റബ്ബർ റോളറുകളിൽ നിന്നും പുറത്ത് വരുന്ന ദുർഗന്ധവും ഒഴിച്ചാൽ പൊതുവെ അന്തരീക്ഷമലിനീകരണം കുറവാണ്.

മണ്ണിന്റെ മലിനീകരണമാണ് നമ്മുടെ പ്രദേശത്തെ ഒരു പ്രധാന ആരോഗ്യപ്രശ്നം. പഞ്ചായത്ത് മേഘലയിൽ ആകെയുള്ള 10,280 വീടുകളിൽ കക്കൂസ് ഉള്ള വീടുകൾ ആകെ 5,296 ആണ്. 3,523 വീടുകളിലും കക്കൂസ് ഇല്ലാത്തതു കാരണം അത്തരക്കാർ പൊതുനിരത്തിന് അരിക് വശവും ചിലകുളങ്ങളുടെ പരിസരങ്ങളിലും തോട്ടു വരമ്പുകളിലും മലവിസർജനം നടത്തുന്നു. കാരക്കോണത്ത് ഇരട്ടകുള പരിസരം ചെഴുങ്ങാനൂർ ക്ഷേത്രത്തിന് സമീപമുള്ള തോട്ടിൻകര ഇവ ചെറിയ ഉദാഹരണങ്ങളാണ്. ഇപ്രകാരം വിസർജിക്കപ്പെടുന്ന മാലിന്യങ്ങൾ അടുത്തുള്ള തോടുകളിലും കുളങ്ങളിലും ഒലിച്ചിറങ്ങുവാനും, ഈച്ച പരത്തുന്നതും ജലത്തിൽക്കൂടി പകരുന്നതുമായ കോളറ, സന്നിപാദജ്വരം തുടങ്ങിയ മാരകമായ പകർച്ചാരോഗങ്ങൾ കൊക്കപ്പുഴു തുടങ്ങിയ വിരജന്യ രോഗങ്ങൾക്കും കാര

ണമാകുന്നു.

പരിസരശുചിത്വത്തിൽ പ്രധാനമായ ഒരുകാര്യം നമ്മുടെ വീടും പരിസരവും അതുപോലെതന്നെ പൊതുനിരത്തുകളുടെയും ഓടകളുടെയും ശുചിത്വ മാണ്.

വീടും പരിസരവും ശുചിയാക്കുന്ന കാര്യത്തിൽ പരിഷ്കൃത ജനത എന്നഭിമാനിക്കുന്ന നാം പഴയതല മുറയെക്കാൾ പിന്നിലാണ്. ജനസംഖ്യയും കച്ചവട സ്ഥാപനങ്ങളും താമസ കേന്ദ്രങ്ങളും ഇന്നത്തെക്കാളും തുലോകുറവായിരുന്ന മുൻകാലങ്ങളിൽ നടപ്പിലുണ്ടാ യിരുന്ന പൊതു ശുചീകരണ പ്രവർത്തനങ്ങൾ ഇന്ന് പഞ്ചായത്തു തലത്തിലോ സർക്കാർ തലത്തിലോ പാർപ്പിട വാണിജ്യ സ്ഥാപനങ്ങളുടെ വർദ്ധനവിന് ആനുപാതികമായി കൂടിയിട്ടില്ല എന്നു മാത്രമല്ല-കുറ യുകയാണ് ചെയ്യുന്നത്. റോഡിന്റെ സംരക്ഷണത്തിന് വേണ്ടി നിർമ്മിച്ചിട്ടുള്ള ഓടകളിൽക്കൂടിയും പൊതു നിരത്തിൽക്കൂടിതന്നെയും വീടുകളിലെയും കച്ചവട സ്ഥാപനങ്ങളിലെയും മലിനജലം ഒഴുക്കി വിടുന്നതു കാരണം വെള്ളം കെട്ടിനിന്ന് മലമ്പനി, മന്ത് തുടങ്ങിയ രോഗങ്ങൾ പരത്തുന്ന കൊതുക് പെറ്റുപെരുകുന്ന തിനും തദ്വാര അത്തരം രോഗങ്ങൾ ഉണ്ടാകുന്നതിനും കാരണമാകുന്നു. അതുപോലെ തന്നെ റോഡരികിലും ഓടകളിലും മേൽപ്പറഞ്ഞ കേന്ദ്രങ്ങളിൽ നിന്നും ചപ്പ് ചവറുകളും ഭക്ഷണ അവശിഷ്ടങ്ങളും അലക്ഷ്യമായി വലിച്ചെറിയുന്നതു കാരണം എലി, ഈച്ച തുടങ്ങിയ രോഗം പരത്തുന്ന പ്രാണികൾ വർദ്ധിക്കുന്നു. കാര ക്കോണത്ത് പഞ്ചായത്ത് ഓഫീസിനു സമീപമുള്ള സി. എസ്. ഐ ആശുപത്രി ജംഗ്ഷൻ, കാരക്കോണം വെയിറ്റിംഗ് ഷെഡ്ഡിന് സമീപപ്രദേശം, നിലമാമൂട് ജംഗ്ഷൻ, കുന്നത്തുകാൽ ജംഗ്ഷൻ മുതലായ സ്ഥല ങ്ങൾ ഇത്തരം മാലിന്യാവസ്ഥയുടെ ചില ഉദാഹരണ ങ്ങളാണ്.

### വഴിയോര ചന്തകൾ

പഞ്ചായത്തിന്റെ അനുമതി കൂടാതെ പഞ്ചായ ത്തിന്റെ ചില കേന്ദ്രങ്ങളിൽ റോഡ് വക്കിൽ അനധി കൃത ചന്തകൾ കൂടുന്നുണ്ട്. ഇവിടെ നിന്നും മാലിന്യ ങ്ങൾ അശാസ്ത്രീയമായി നിക്ഷേപിക്കുന്നതു കാരണം പലപൊതുജനാരോഗ്യ പ്രശ്നങ്ങളും ഉണ്ടാകുന്നു. പുല്ലന്തേരി, കുന്നത്തുകാൽ ചാവടി ജംഗ്ഷൻ എന്നീ സ്ഥലങ്ങൾ ചില ഉദാഹരണങ്ങൾ മാത്രമാണ്.

### അനധികൃതമാംസകശാപ്പും വിപണനവും

പഞ്ചായത്തിന്റെ പലഭാഗത്തും ആടുമാടുകളെ രോഗപരിശോധന കൂടാതെയും അനാരോഗ്യകരമായ പരിസരത്തിലും കശാപ്പ് ചെയ്ത് വിപണനം നടത്തു ന്നുണ്ട്. അത്തരം മാംസങ്ങൾ കഴിക്കുന്നതു കൊണ്ട് പല രോഗങ്ങളും ഉണ്ടാകാം.

### ഭക്ഷണപദാർത്ഥങ്ങളിൽ മായം ചേർക്കൽ

നമ്മുടെ മേഘലയിൽ വിതരണം ചെയ്യുന്ന മിക്ക ഭക്ഷ്യവസ്തുക്കളും ലഭിക്കുന്നത് അന്യസംസ്ഥാനങ്ങ ളിൽ നിന്നുമാണ്. (പലവ്യഞ്ജനങ്ങൾ, കറിപൗഡർ, വെളിച്ചെണ്ണ മുതലായവ.) ഇവയിൽ പലതിലും ആരോ ഗ്യത്തിന് ഹാനികരമായ രാസവസ്തുക്കളും മറ്റ് ആരോഗ്യത്തിന് ഹാനികരമായ വസ്തുക്കളും കലർന്നിരിക്കാൻ സാധ്യതയുണ്ട്. ഇത്തരത്തിൽ മായം ചേർത്ത ഭക്ഷ്യവസ്തുക്കൾ ഉപയോഗിക്കുന്നതും ആരോഗ്യത്തിന് ഹാനികരമാണ്.

### പേവിഷബാധ

അലഞ്ഞ് നടക്കുന്ന തെരുവ് നായ്ക്കൾക്ക് പേവി ഷബാധ ഉണ്ടാവുകയും അവയുടെ കടിയേറ്റ് മനു ഷ്യർക്കും മറ്റ് വളർത്ത് മൃഗങ്ങൾക്കും പേവിഷബാധ ഉണ്ടാകുവാനും കാരണമാകുന്നു.

### ആരോഗ്യപ്രശ്ന പരിഹാര നിർദ്ദേശങ്ങൾ

കുന്നത്തുകാൽ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് വേണ്ടി നിർമ്മിച്ചിട്ടുള്ള വാർഡും മെഡിക്കൽ ഓഫീസർ ക്വാർട്ടേഴ്സും തുറക്കുന്നതിന് വേണ്ടുന്ന ഭരണനടപ ടികളും ആവശ്യമായ ജീവനക്കാരെയും നിയമിച്ച് ജന ങ്ങൾക്ക് മെച്ചപ്പെട്ട ചികിത്സ ഉറപ്പ് വരുത്തുക.

പാരാമെഡിക്കൽ ജീവനക്കാർക്ക് താമസിക്കുവാ നുള്ള ക്വാർട്ടേഴ്സ് പണിയുക.

ആശുപത്രിയുടെ ഭാവി വികസനത്തിനാവശ്യമായ ഭൂമി ലഭ്യമാക്കി- ചുറ്റുമതിൽ കെട്ടുക.

ആശുപത്രിയോട് അനുബന്ധിച്ചുള്ള ക്ലീനിക്കൽ ലാബോറട്ടറി കാര്യക്ഷമമായി പ്രവർത്തിപ്പിക്കുവാൻ വേണ്ടുന്ന ഉപകരണങ്ങളും രാസവസ്തുക്കളും ലഭ്യ മാക്കുക.

നിലവിലുള്ള മെഡിക്കൽ ഓഫീസർക്ക് പുറമെ ഒരു വനിതാ ഗൈനക്കോളജിസ്റ്റിനെ നിയമിക്കുക.

നിലവിലുള്ള കുടുംബക്ഷേമ കേന്ദ്രങ്ങളുടെ ഏര്യാ പുനർനിർണ്ണയം നടത്തി-പുതിയ കെട്ടിടങ്ങൾ നിർമ്മിച്ച് അവയുടെ പ്രവർത്തനം മെച്ചപ്പെടത്തുക. ഓരോ കുടുംബക്ഷേമ കേന്ദ്രങ്ങളിലും മെഡിക്കൽ ഓഫീസറുടെ സേവനം മാസത്തിൽ 2- പ്രാവശ്യമെ ങ്കിലും ലഭ്യമാക്കുക. കുടുംബ ക്ഷേമ കേന്ദ്രങ്ങളിൽ അത്യാവശ്യം വേണ്ടുന്ന മരുന്നുകൾ ലഭ്യമാക്കുക.

കോരണംക്കോട്ടിൽ നിലവിലുള്ള കുടുംബക്ഷേമ കേന്ദ്രം അറ്റകുറ്റപണി ചെയ്യുക.

ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മേൽ നോട്ടം വഹിക്കുന്നതിനും വേണ്ടി ലേഡിഹെൽത്ത് ഇൻസ്പെക്ടർ തസ്തിക സൃഷ്ടിക്കുക.

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് ഓഫീസ് സൗകര്യം ഏർപ്പെടുത്തുക.

ആരോഗ്യ പരിപാലനരംഗത്ത് അത്യാവശ്യമായ സ്ഥിതിവിവരങ്ങൾ ശരിയായ രീതിയിൽ ലഭ്യമാക്കുന്ന തിനും ആസൂത്രണം ചെയ്യുന്നതിനും വേണ്ടിയിട്ട് ജന നമരണ രജിസ്ട്രേഷൻ ആരോഗ്യവകുപ്പ് ജീവനക്കാ രുടെ ചുമതലയിൽ കൊണ്ടുവരുക.

വിവിധോദ്ദേശ ആരോഗ്യ പരിപാടി വിഭാവനം ചെയ്തിട്ടുള്ളതനുസരിച്ച് ജനസംഖ്യ ആനുപാതികമാ യിട്ട് 5000/- ജനസംഖ്യക്ക് ഒന്ന് എന്ന ക്രമത്തിൽ ജൂനി യർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ കുറവുള്ള

തസ്തിക സൃഷ്ടിക്കുക..

### ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി

1. പ്രസ്തുത ആശുപത്രിയുടെ ഭാവി വികസനം ലക്ഷ്യമിട്ടുകൊണ്ട് ആവശ്യമായ ഭൂമി വാങ്ങി അടിയന്തിരമായി കെട്ടിടം പണിത് രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള ആശുപത്രിയായി ഉയർത്തുവാനുള്ള നടപടി സ്വീകരിക്കുകയും ഫർണിച്ചറുകൾ ലഭ്യമാക്കുകയും ചെയ്യുക.
2. മരുന്നിന്റെ ലഭ്യത ഉയർത്തുക.
3. ആയൂർവേദ ആശുപത്രിയോട് അനുബന്ധിച്ച് സിദ്ധ മർമ്മ ചികിത്സാ വിഭാഗം കൂടെ ആരംഭിക്കുക.

ആനാവൂർ പ്രദേശത്ത് ഒരു ഗവൺമെന്റ് ഹോമിയോ ആശുപത്രി സ്ഥാപിക്കുക.

### പരിസരശുചിത്വം

1. അതിർത്തി പ്രദേശങ്ങളിലെ കശുവണ്ടി ഫാക്ടറികളിൽ നിന്നുമുള്ള മലിനീകരണം തടയുന്നതിന് കന്യാകുമാരി ജില്ലയിലെ ആരോഗ്യവകുപ്പ് അധികാരികളുമായി ബന്ധപ്പെട്ട് പരിഹാരം ഉണ്ടാക്കുക.
2. റബ്ബർ റോളറുകൾ സ്ഥാപിക്കുന്നതിനുമുമ്പ് പഞ്ചായത്തിന്റെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങണമെന്നുള്ള നിബന്ധന നടപ്പിലാക്കുക.
3. നിലവിലുള്ളവ ശുചിയായി സൂക്ഷിക്കുന്നതിനും അതിൽ നിന്നുമുള്ള മലിനജലം ആരോഗ്യകരമായി ഒഴുക്കുന്നതിനുള്ള നിർദ്ദേശം നൽകുക.
4. കക്കൂസ് ഇല്ലാത്ത വീടുകളിൽ കക്കൂസ് നിർമ്മിക്കുന്നതിന് വേണ്ടുന്ന നിർദ്ദേശം നൽകുകയും ദുർബല വിഭാഗത്തിന് അത് സൗജന്യമായി പണിത് കൊടുക്കുകയും ചെയ്യുക.
5. പൊതു നിരത്തുകളിലും കുളത്തിന്റെയും തോടുകളുടെയും പരിസരങ്ങളിൽ മലമൂത്രവിസർജ്ജനം നിരോധിക്കുക.
6. വെയിറ്റിംഗ് ഷെഡ്ഡുകളോട് അനുബന്ധിച്ച് പ്രാഥമികാവശ്യ നിർവഹണത്തിനുള്ള സൗകര്യം ഏർപ്പെടുത്തുകയും അവയുടെ ശുചിത്വം ഉറപ്പുവരുത്തുകയും ചെയ്യുക.
7. പുതുതായി വീടുകൾ പണിയുമ്പോൾ പഞ്ചായത്തിന്റെ മുൻ കൂട്ടിയുള്ള അനുവാദം വാങ്ങണമെന്നും അത്തരം വീടുകളിൽ പരിസര ശുചിത്വത്തിനുള്ള സൗകര്യങ്ങൾ ഉൾപ്പെടുത്തിയതായി ഉറപ്പ് വരുത്തുകയും വേണം.
8. വീടും കച്ചവട സ്ഥാപനങ്ങളും ചന്തകളും കൂടുതലുള്ള കാരക്കോണം, കുന്നത്തു കാൽ, ചാവടി ജംഗ്ഷൻ,* കുറുവാട്, വണ്ടിത്തടം തുടങ്ങിയ സ്ഥലങ്ങളെ കേന്ദ്രീകരിച്ച് ചപ്പ് ചവറുകൾ നീക്കം ചെയ്യുന്നതിനും ഓടകളിലെ തടസ്സങ്ങൾ മാറ്റുന്നതിനും വേണ്ടി തൂപ്പ്ജോലിക്കാരെ നിയമിക്കുക.
9. പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ ചപ്പ് ചവറുകൾ നിക്ഷേപിക്കുന്നതിന് വീപ്പകൾ സ്ഥാപിക്കുക, വീടുകളിൽ നിന്നും കച്ചവട സ്ഥാപനങ്ങളിൽ നിന്നുമുള്ള ചപ്പുചവറുകൾ ഈ വീപ്പകളിൽ തന്നെ നിക്ഷേപിക്കണമെന്ന് കർശന നിർദ്ദേശം നൽകുക. ഇപ്രകാരം ശേഖരിക്കപ്പെടുന്ന ചപ്പു ചവറുകൾ യഥാസമയം നീക്കം ചെയ്യുകയും അവ ഉപയോഗിച്ച് കമ്പോസ്റ്റ് വളം നിർമ്മിക്കുകയും ചെയ്യുക.
10. വീടുകൾ, കച്ചവട സ്ഥാപനങ്ങൾ മറ്റ് സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും മലിനജലം പൊതു ഓടകളിലും നിരത്തുകളിലും ഒഴുക്കുന്നത് കർശനമായി നിരോധിക്കുക.
11. ഇത്തരം മലിനജലം ഒഴുക്കുന്നതിന് "സോക്കേജ് പിറ്റ്" നിർമ്മിക്കുന്നതിന് വേണ്ടുന്ന ബോധവൽക്കരണം നടത്തുക.
12. പൊതു ഓടകൾ വെള്ളം ശരിയായി ഒഴുകി പോകത്തക്കവിധത്തിൽ മണ്ണുമാറ്റി അറ്റകുറ്റപണികൾ നടത്തുക.
13. രോഗികളെ കിടത്തി ചികിത്സിക്കുന്ന സർക്കാരിതര ആശുപത്രികളിലെ പരിസര ശുചിത്വം ഉറപ്പ് വരുത്തുന്നതിനുള്ള നിർദ്ദേശം നൽകുക.
14. പഞ്ചായത്തിന്റെ അനുമതികൂടാതെ പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ നടത്തിവരുന്ന വഴിയോരചന്തകൾ നിർത്തലാക്കുകയും തദ്ദേശവാസികൾക്ക് സൗകര്യപ്രദമായ രീതിയിൽ പഞ്ചായത്തിന്റെ അധീനതയിൽ മിനി- ചന്തകൾ സ്ഥാപിച്ച് അവയുടെ ശുചിത്വം ഉറപ്പുവരുത്തുക.
15. ഭക്ഷ്യസാധനങ്ങൾ തയ്യാറാക്കി പാകം ചെയ്ത് വിൽപ്പന നടത്തുന്ന കേന്ദ്രങ്ങളുടെ ശുചിത്വ നിലവാരം ഉറപ്പ് വരുത്തി ലൈസൻസ് ഏർപ്പെടുത്തുക. ഇത്തരം സ്ഥാപനങ്ങളിൽ ആരോഗ്യവകുപ്പ് അധികൃതരുടെ കൃത്യമായ പരിശോധനയും നിർദ്ദേശങ്ങളും നൽകപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തുക.
16. അനധികൃത ആടുമാടുകളുടെ കശാപ്പ് നിയന്ത്രിക്കുകയും അറവ് മൃഗങ്ങളെ കശാപ്പ് ചെയ്യുന്നതിന് മുൻപും അതിന് ശേഷവും പരിശോധനയ്ക്ക് വിധേയമാക്കുകയും- അതിന് സാധ്യമെങ്കിൽ ഒരു പൊതു അറിവ് ശാല സ്ഥാപിക്കുകയും ചെയ്യുക.
17. മായം ചേർത്ത ഭക്ഷണ സാധനങ്ങൾ വിൽപ്പന നടത്തുന്നത് നിയന്ത്രിക്കുന്നതിന് നിലവിലുള്ള സർക്കാർ തല പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല. ഈ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയും കച്ചവടക്കാരെയും പൊതു ജനങ്ങളെയും ബോധവൽക്കരിച്ച് മായം ചേർക്കൽ നിയന്ത്രിക്കുവാനുള്ള നടപടികൾ എടുക്കണം.
18. അലഞ്ഞ് തിരിയുന്ന തെരുവ് നായ്ക്കളെ പിടിച്ച് നശിപ്പിക്കുകയും- വീട്ടിൽ വളർത്തുന്ന നായ്ക്കൾക്ക് പ്രതിരോധ കുത്തിവയ്പ്പ് നൽകി ലൈസൻസും ഏർപ്പെടുത്തുക.
19. ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക.

## കുടിവെള്ളം

ഈ പഞ്ചായത്ത് പ്രദേശത്തെ ഭൂരിഭാഗം ആൾക്കാരും കുടിവെള്ളത്തിന് ആശ്രയിക്കുന്നത് സ്വന്തം വീട്ടിലെ കിണറുകളും പൊതു കിണറുകളും- കുന്നത്തുകാൽ ഗ്രാമീണ ജല വിതരണ പദ്ധതിയിൻ കീഴിലുള്ള വാട്ടർ ടാപ്പുകളിൽ നിന്നും മറ്റ് ഉറവകളിൽ നിന്നുമാണ്. വേനൽകാലങ്ങളിൽ നിലവിലുള്ള കിണറുകളിൽ ഭൂരിഭാഗവും വറ്റുന്നതു കാരണം ജലക്ഷാമം ഉണ്ടാകാറുണ്ട്. നിലവിലുള്ള ജലവിതരണ പദ്ധതിയിൽ നിന്നും പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും വെള്ളം എത്തുന്നില്ല. ഉള്ള വാട്ടർ ടാപ്പുകളിൽ തന്നെ എല്ലാ ദിവസവും വെള്ളം കിട്ടാറില്ല. ശുദ്ധ ജലം പൂർണ്ണമായി ലഭ്യമാകാത്തതുകൊണ്ട് വയറിളക്ക സംബന്ധമായ രോഗങ്ങൾ ഉണ്ടാകുന്നുണ്ട്. കുടിവെള്ളത്തിന്റെ ലഭ്യത എല്ലാ ജനങ്ങൾക്കും ഉറപ്പ് വരുത്തുന്നതിന് വേണ്ടി താഴെ പ്പറയുന്ന നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തേണ്ടതാണ്.

1. നിലവിലുള്ള പൊതു കിണറുകൾ ആഴം കൂട്ടി ശുചിയായി സൂക്ഷിക്കുക.
2. ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയിൻ കീഴിൽ എല്ലാ ഭാഗത്തും വെള്ളം ലഭ്യമാകുന്നതിന് വേണ്ടിയിട്ട് പഴമലയും ആനാവൂർ കുളക്കോട് സ്ഥാപിച്ചിരിക്കുന്ന പമ്പ് ഹൗസുകളുടെ വൈദ്യുതി കണക്ഷൻ ഒരു ട്രാൻസ്ഫോർമറിന്റെ കീഴിൽ ആക്കുക.
3. അരുവിയോട് എന്ന സ്ഥലത്ത് ബൂസ്റ്റർ പമ്പ് സ്ഥാപിക്കുക.
4. കോട്ടുക്കോണത്തോ എള്ളുവിളയിലോ ഒരു പുതിയ പമ്പ് ഹൗസും ടാങ്കും നിർമ്മിക്കുക.
5. ഇപ്പോൾ പമ്പ് ഹൗസിൽ സ്ഥാപിച്ചിരിക്കുന്ന ശക്തികുറഞ്ഞ മോട്ടോറുകൾ മാറ്റി കുതിരശക്തി കൂടിയ മോട്ടോറുകൾ സ്ഥാപിക്കുക.
6. ഇപ്പോൾ സ്ഥാപിച്ചിരിക്കുന്ന കേടായ പഴയ പൈപ്പുകളും ടാപ്പുകളും മാറ്റുക.
7. കടലുകാണിയിലുള്ള റിസർവൊയറിനു ചുറ്റു മതിൽ കെട്ടി സെക്യൂരിറ്റി ഫെൻസിംഗ്- നിർമ്മിക്കുക.
8. റിസർവൊയർ ശുചിയാക്കി- അവിടെ നിന്നും വിതരണം ചെയ്യുന്ന കുടിവെള്ളം അണുനശീകരണം നടത്തുന്നു എന്ന് ഉറപ്പുവരുത്തുക.
9. ഈ പ്രദേശത്ത് ഇപ്പോൾ നിലവിലുള്ള കുഴൽ കിണറുകളിലെ ഇരുമ്പ് പൈപ്പ് മാറ്റി പി.വി.സി. പൈപ്പ് സ്ഥാപിക്കുക.
10. പൈപ്പ് ലൈൻ എത്താത്ത സ്ഥലങ്ങളിൽ പുതിയ ലൈൻ എത്തിച്ച് ടാപ്പുകൾ സ്ഥാപിക്കുക.
11. തേരണി, മൈലപ്പൊറ്റ, ആനാവൂർ, H.S. ജംഗ്ഷൻ, ആലത്തൂർ, വിട്ടിയറം, പൂവഞ്ചേരി, ആലുവിള പൊറ്റ, കുളപ്പുറത്തു കോണം, കന്യാകുഴി, ചാമവിള, മുഴങ്ങിൽ, പുലകിൽകോണം, പെരുമ്പ്രാകം, കുടയാൽ, താന്നിക്കുഴി ഹരിജൻ കോളനി, കുളക്കോട്ടുക്കോണം, അമ്പലക്കാല അംഗനവാടി കോമ്പൗണ്ട്, തോലടി, പുല്ലന്തേരി, തുറ്റിയോട്, കണ്ടൻചിറ, കല്ലറത്തല, കുന്നത്തുകാൽ U.P.S., കന്നുമാമൂട്, അരുവിയോട് അംഗനവാടി, ആലമ്പാറ, തോട്ടത്തുവിള, കുന്നത്തുകാൽ P.H.C യുടെ മുൻവശം, നാറാണി, കോട്ടുക്കോണം ജംഗ്ഷൻ, വാറുവിള, പനയറക്കോണം, തട്ടിട്ടമ്പലം, നിലമാമൂട്, ത്രേസ്യാപുരം, തവയത്തുകോണം, നരിക്കൽവിള, വെതുക്കോട്ടുകോണം, ചെമ്മൺത്തട്ട്, വേങ്ങക്കാല, പാലിയോട്, നുള്ളിപ്പാറ, വേങ്കോട്, മേപ്പാംകോട്, കൈതക്കുഴി, മലവിളക്കോണം, മലയൻകാവ്, ചെറിയകൊല്ല, നരിക്കോട്, തുരുത്തിമൂല എന്നിവിടങ്ങളിൽ കുഴൽകിണറുകൾ സ്ഥാപിക്കണം.
12. വീടുകളിലേക്ക് വാട്ടർ കണക്ഷൻ നൽകാനുള്ള ഏർപ്പാട് ഉണ്ടാക്കണം.

ആരോഗ്യപരിപാലന രംഗത്ത് വികസിത രാഷ്ട്രങ്ങളിലെ നേട്ടങ്ങളോട് കിടപിടിക്കത്തക്ക നേട്ടങ്ങൾ കൈവരിച്ചുവെന്ന് നാം അഭിമാനിക്കുന്നു. എങ്കിലും പുതിയ പുതിയ രോഗങ്ങൾ ഈ രംഗത്ത് വെല്ലുവിളി ഉയർത്തുകയാണ്. AIDS, മലമ്പനി, പേഌ്, മസ്തിഷ്കജ്വരം, എലിപ്പനി തുടങ്ങിയ രോഗങ്ങൾ നമ്മുടെ സംസ്ഥാനത്ത് അങ്ങിങ്ങായി ജനങ്ങളുടെ മരണത്തിന് കാരണമാകുന്നുണ്ട്. AIDS രോഗംബാധിച്ച് നമ്മുടെ പഞ്ചായത്ത് പ്രദേശത്തും ഒരാൾ മരണപ്പെട്ടതായി അറിയുവാൻ കഴിഞ്ഞു. കൂടാതെ തൂക്കക്കുറവുള്ള ശിശുക്കളുടെ ജനനവും ഒരു ആരോഗ്യ പ്രശ്നമായി അവശേഷിക്കുന്നു. ഇത്തരം രോഗങ്ങൾ നമ്മുടെ പ്രദേശത്ത് ബാധിക്കാതിരിക്കുവാനുള്ള ആരോഗ്യ ബോധവൽക്കരണത്തിൽ കൂടെയും പരിസര ശുചീകരണത്തിൽ കൂടെയും രോഗ പ്രതിരോധത്തിൽ ഊന്നൽ നൽകി കൊണ്ടുള്ള ആരോഗ്യ പ്രവർത്തനങ്ങളിലൂടെയും എല്ലാവർക്കും ശുദ്ധജലവും ലഭ്യമാക്കി ഈ പ്രദേശത്തുള്ള ജനങ്ങളുടെ ആരോഗ്യം കാത്ത് സൂക്ഷിക്കുവാൻ കഴിയുമെന്ന് പ്രത്യാശിക്കട്ടെ.!

# വ്യവസായം

വ്യാവസായികമായി വളരെ പിന്നോക്കം നിൽക്കുന്ന പഞ്ചായത്താണ് കുന്നത്തുകാൽ തന്മൂലം അഭ്യസ്ഥ വിദ്യരുടെ തൊഴിലില്ലായ്മ രൂക്ഷമാണ്. ഈ പഞ്ചായത്തിൽ സഹകരണ മേഖലയിലോ, പൊതു മേഖലയിലോ പ്രവർത്തിക്കുന്ന വ്യവസായങ്ങൾ ഒന്നും തന്നെയില്ല. പരമ്പരാഗതമായും, കുടിൽ വ്യവസായമായും വിവിധ ചെറുകിട വ്യവസായ സംരംഭങ്ങൾ ഈ പഞ്ചായത്തിൽ നാമമാത്രമായി പ്രവർത്തിക്കുന്നു. പരമ്പരാഗത മേഖലയിൽ ഒന്നാം സ്ഥാനത്ത് പ്രവർത്തിക്കുന്നത് കൈത്തറി വ്യവസായമാണ്. ഈ മേഖലയിൽ ജോലി ചെയ്യുന്നവരിൽ ഭൂരിഭാഗവും സ്ത്രീ തൊഴിലാളികളാണ്.

പഞ്ചായത്തിൽ പരമ്പരാഗതമായോ കുടിൽ വ്യവസായമായോ പ്രവർത്തിക്കുന്ന വ്യവസായങ്ങളുടെ പട്ടിക. പട്ടിക 'എ' യിൽ കാണിച്ചിരിക്കുന്നു. ആധുനിക രീതിയിൽ പ്രവർത്തിക്കുന്ന വ്യവസായങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ ഇല്ല.

### പ്രശ്നങ്ങൾ

പരമ്പരാഗത വ്യാവസായിക മേഖലയിൽ നേരിടുന്ന പ്രധാന പ്രശ്നം വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവവും അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവുമാണ്. ഉല്പാദിപ്പിക്കപ്പെടുന്ന സാധനങ്ങൾക്ക് വിപണന സാധ്യത കുറവായതിനാൽ ലാഭത്തിൽ ഏറിയ പങ്കും ഇടത്തട്ടുകാരുടെ കൈയ്യിലെത്തുന്നു. താരതമ്യേന കുറഞ്ഞ കൂലി നിരക്കാണ് ഈ മേഖലയിൽ തൊഴിലെടുക്കുന്ന തൊഴിലാളികൾക്കു ലഭിക്കുന്നത്. കൈത്തറി വ്യവസായവും സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നതിനാൽ തൊഴിലാളികൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. അവർ ചൂഷണത്തിന് വിധേയരാണ്. കൈത്തറി മേഖല ഇപ്പോൾ പ്രവർത്തിക്കുന്നത് ആധുനിക രീതിയിലല്ല. ഈ മേഖല യന്ത്രവത്ക്കരിച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിക്കേണ്ടതുണ്ട്. പനയോല, ഈറ, ഫൈബർ മുതലായവ കൊണ്ടുള്ള കുടിൽ വ്യവസായങ്ങൾ പ്രവർത്തിച്ചു വരുന്നു. എങ്കിലും ഇതിനാവശ്യമായ അസംസ്കൃത സാധനങ്ങൾ അടുത്ത സംസ്ഥാനമായ തമിഴ്നാട്ടിൽ നിന്നും കൂടിയ വിലയ്ക്കാണ് ലഭ്യമാകുന്നത്. ഇതിൽ നിന്നും ഉല്പാദിപ്പിക്കപ്പെടുന്ന ഉല്പന്നങ്ങൾക്ക് വിപണന സാധ്യതയും കുറവാണ്. അതിനാൽ ഈ വ്യവസായങ്ങൾ ലാഭകരമായി പ്രവർത്തിക്കുന്നില്ല. മൂന്ന് തടി യറുപ്പ് മില്ലുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു എങ്കിലും യഥാസമയത്ത് ഉപഭോക്താക്കൾക്ക് സേവനം ലഭിക്കുന്നില്ല. ഇഷ്ടിക വ്യവസായം കോട്ടക്കൽ വാർഡിൽ, കോട്ടയ്ക്കൽ വറട്ടയം എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ ഉപഭോക്താക്കൾക്ക് ആവശ്യാനുസരണമുള്ള ഇഷ്ടിക ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്നില്ല. ആയതിനാൽ തൊട്ടടുത്ത സംസ്ഥാനമായ തമിഴ്നാടിനെയാണ് ആശ്രയിക്കുന്നത്. തടി കടച്ചിൽ, ഫർണീച്ചർ വ്യവസായം ഈ പഞ്ചായത്തിൽ ചെറിയ തോതിൽ സ്വകാര്യ വ്യക്തികൾ നടത്തി വരുന്നു. ഈ മേഖലയിൽ വൈദഗ്ദ്ധ്യം നേടിയ തൊഴിലാളികളുടെ അഭാവം നിലവിലുണ്ട്. റെഡിമെയ്ഡ് ഗാർമെന്റ്സ് വ്യവസായം സന്നദ്ധ സംഘടനകൾ നടത്തി വരുന്നു. സാങ്കേതിക പരിചയമുള്ള തൊഴിലാളികളുടെ അഭാവം കാരണം ആധുനിക രീതിയിലുള്ള വസ്ത്രങ്ങൾ ഇവിടെ നിർമ്മിക്കപ്പെടുന്നില്ല. പുൽപ്പായ് നെയ്ത്ത്, കുടിൽ വ്യവസായം എന്നിവ നാറാണി, കോട്ടയ്ക്കൽ, വേങ്കവിള എന്നീ സ്ഥലങ്ങളിൽ പ്രവർത്തിച്ചു വരുന്നു. അസംസ്കൃത വസ്തുക്കൾ കുറഞ്ഞ നിരക്കിൽ സുലഭമായി ലഭ്യമല്ലാത്തതിനാൽ ഈ വ്യവസായവും പ്രതിസന്ധിയിലാണ്.

### സാധ്യതകൾ

കുന്നത്തുകാൽ പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ കൈത്തറി വ്യവസായം നിലവിലില്ല. ഈ മേഖലയിൽ പരിശീലനം സിദ്ധിച്ച തൊഴിലാളികൾ ധാരാളമുണ്ട്. ഇവർ തൊഴിലിനു വേണ്ടി പരിസരത്തുള്ള അന്യ പഞ്ചായത്തിലെ സ്വകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കുന്നു. ഈ മേഖലയിലെ തൊഴിലാളികളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു വേണ്ടി പഞ്ചായത്തിൽ വില്ലേജടിസ്ഥാനത്തിൽ സഹകരണ മേഖലയിൽ രണ്ട് കൈത്തറി വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക. ഈ വ്യവസായത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനും വിപണനം കണ്ടെത്തുന്നതിനും വേണ്ടി ഒരു മാർക്കറ്റിംഗ് സഹകരണ സംഘം പഞ്ചായത്തു തലത്തിൽ രൂപീകരിക്കണം.

ഇവിടത്തെ പ്രധാന നാണ്യവിളയാണ് നാളികേരം. ഇതിന്റെ അടിസ്ഥാനത്തിലുള്ള ഒരു വ്യവസായവും പഞ്ചായത്തിൽ നിലവിലില്ല. ഇതിൽ നിന്നും കാലിത്തീറ്റ നിർമ്മാണം, കയർ വ്യവസായം, ചിരട്ടയിൽ നിന്നും കരകൗശല വസ്തുക്കളുടെ നിർമ്മാണം തുടങ്ങിയ വൻകിട വ്യവസായങ്ങൾക്ക് സാധ്യതയുണ്ട്. ഈ പഞ്ചായത്തിൽ സുലഭമായി ലഭ്യമാകുന്ന നാളികേരം, മരച്ചീനി (കപ്പ), പുളിയരിപ്പൊടി, ചക്കക്കുരു തുടങ്ങിയവ ഉപയോഗിച്ചു കൊണ്ടുള്ള ഒരു കാലിത്തീറ്റ ഫാക്ടറിക്ക് വൻ സാധ്യതയുണ്ട്.

പഞ്ചായത്തിലെ മറ്റൊരു പ്രധാന കൃഷി റബർ ആണ്. തന്മൂലം റബർ പാൽ, റബർ തടി തുടങ്ങിയവ സുലഭമായി ലഭ്യമാണ്. റബർ അധിഷ്ഠിത വ്യവസായം, റബർ തടി സംസ്ക്കരണ വ്യവസായം തുടങ്ങിയവ ലാഭകരമായി പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കാൻ കഴിയും.

ഭവനം, റോഡ്, പാലം, തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പ്രധാനമായും ആവശ്യമുള്ള ഇഷ്ടിക, ഹോളോബ്രിക്സ്, മെറ്റൽ, പാറപ്പൊടി എന്നിവയ്ക്ക് കൂടുതലായും അയൽ സംസ്ഥാനമായ തമിഴ്നാടിനെയാണ് ആശ്രയിക്കുന്നത്. ഇതിലേക്കാവശ്യമായ കളിമണ്ണ്, പാറ മുതലായവ ഈ പഞ്ചായത്തിൽത്തന്നെ സുലഭമായി ലഭ്യമാണ്. ആയതിനാൽ ഇഷ്ടിക നിർമ്മാണ യൂണിറ്റുകളും, ഓട്, പച്ചട്ടികൾ, മൺകലങ്ങൾ നിർമ്മാണ യൂണിറ്റുകളും, ക്രഷ് മെറ്റൽ യൂണിറ്റുകളും, ഹോളോ ബ്രിക്സ് നിർമ്മാണ യൂണിറ്റുകളും പഞ്ചായത്തു തലത്തിൽ അനുയോജ്യമായ സ്ഥലങ്ങളിൽ നടപ്പിലാക്കാൻ കഴിയും.

തീപ്പെട്ടി വ്യവസായത്തിനാവശ്യമായ തീപ്പെട്ടി ക്കോൽ നിർമ്മിക്കുന്നതിനു വേണ്ടിയുള്ള 'സോഫ്റ്റ് വുഡ്'കൾ ഈ പഞ്ചായത്തിൽ സുലഭമാണ്. പഞ്ചായത്തു തലത്തിൽ തീപ്പെട്ടിക്കോൽ നിർമ്മാണ യൂണിറ്റ് ആരംഭിച്ചാൽ ലാഭകരമായിരിക്കും. ഫർണീച്ചർ നിർമ്മാണ മേഖലയിൽ തൊഴിൽ പരിശീലനം നല്കുന്നതിനു വേണ്ടി, തൊഴിൽ പരിശീലന കേന്ദ്രം പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കണം.

മുകളിൽ സൂചിപ്പിച്ചതു കൂടാതെ ഈ പഞ്ചായത്തിൽ ലഭ്യമുള്ള തൊഴിലാളികളുടെയും അസംസ്കൃത വസ്തുക്കളുടെയും അടിസ്ഥാനത്തിൽ താഴെ പറയുന്ന വ്യവസായ സംരംഭങ്ങൾ ലാഭകരമായി നടപ്പിലാക്കാൻ കഴിയും.

(a) സോപ്പ് നിർമ്മാണം
(b) തേനീച്ച വളർത്തൽ
(c) പട്ടുനൂൽപുഴു വളർത്തൽ
(d) ബുക്ക് ബയന്റിംഗ്
(e) മെഴുകുതിരി നിർമ്മാണം
(f) ബേക്കറി വ്യവസായം
(g) സാമ്പ്രാണിത്തിരി നിർമ്മാണം
(h) ഈറ വ്യവസായം
(I) പ്ലാസ്റ്റിക്ക് വ്യവസായം
(j) പുൽപ്പായ് നെയ്ത്ത്
(k) കറി പൗഡർ നിർമ്മാണം
(l) പഴവർഗ്ഗ സംസ്കരണം
(m) റെഡിമെയ്ഡ് ഗാർമെന്റ്
(n) അച്ചാർ, ചിപ്സ്, പിക്കിൾസ് നിർമ്മാണം

ഈ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത് തമിഴ്നാടിന്റെ അതിർത്തി പ്രദേശത്താണ്. ഈ അതിർത്തി പ്രദേശങ്ങളിൽ ധാരാളം കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കുന്നു. അതു മൂലം പരിസരമലിനീകരണവും ഉണ്ട്.

പട്ടിക 'A'

| No. | വിഭാഗം | സ്വകാര്യ മേഖലയിലോ/ പരമ്പരാഗത മേഖലയിലോ/ കുടിൽ വ്യവസായമോ | തൊഴിലാളികളുടെ എണ്ണം | പ്രവർത്തിക്കുന്ന വാർഡ്/സ്ഥലങ്ങൾ |
|---|---|---|---|---|
| 1. | കൈത്തറി നെയ്ത്ത് വ്യവസായം | പരമ്പരാഗത സ്വകാര്യമേഖലയിൽ 535–ൽ 400 തൊഴിലാളികൾ ഈ പഞ്ചായത്തിന് പുറത്ത് ജോലി ചെയ്യുന്നു. | 535 | കട്ടച്ചൽ വിള എള്ളുവിള തെട്ടയത്തു കോണം പനയറക്കോണം. |
| 2. | കൈത്തറി നെയ്ത്ത് വ്യവസായം | കുടിൽ വ്യവസായം | 100 | ആനാവൂർ പാലിയോട് താന്നിക്കുഴി കൊന്നാനൂർ കോണം കിഴക്കിൻകര. |
| 3. | പനയോല/ഈറ | കുടിൽ വ്യവസായം | 276 | ആണ്ടൂർകോണം ഇഴീക്കോട് കൈവൻകാല അണിമംഗലം വേങ്കക്കാല വള്ളിച്ചിറ ആനാവൂർ അരിമാളൂർകോണം വെതുക്കോട്ടുകോണം ആലുവിള ഇഴീക്കോട് |
| 4. | തീപ്പെട്ടിക്കോൽ | സ്വകാര്യമേഖലയിൽ | 30 | മേര്യാംകോട് |
| 5. | തടിയറുപ്പ്മിൽ | സ്വകാര്യമേഖലയിൽ | 15 | കുന്നത്തുകാൽ നാറാണി ആഴാംകുളം |
| 6. | ഇഷ്ടിക വ്യവസായം | സ്വകാര്യമേഖലയിൽ | 200 | കോട്ടയ്ക്കൽ വറട്ടയം |
| 7. | തടി കടച്ചിൽ, ഫർണീച്ചർ | സ്വകാര്യമേഖലയിൽ | 30 | കാരക്കോണം നാറാണി ചെറിയകൊല്ല |
| 8. | റെഡിമെയ്ഡ് ഗാർമെന്റ്സ് | സന്നദ്ധ സംഘടന | 15 | ആനാവൂർ കാരക്കോണം |
| 9. | പുൽപ്പായ് നെയ്ത്ത് | പരമ്പരാഗത കുടിൽ വ്യവസായം | 30 | നാറാണി കോട്ടക്കൽ വേങ്കവിള |
| 10. | കശുവണ്ടി ത്തൊഴിലാളികൾ | തമിഴ്നാട്ടിൽ | 1505 | |

# കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത്

## റോഡ് മേപ്പ്



# ഗതാഗതം, ഊർജം, മാർക്കറ്റ്

A ഗതാഗതം : വിശേഷാൽ ഗ്രാമസഭകളിൽ ഏറ്റവും സജീവ ചർച്ച നടന്നത് ഗ്രൂപ്പ് ഗതാഗതവുമായി ബന്ധപ്പെട്ടായിരുന്നു. റെയിൽ ഗതാഗതവും ജലഗതാഗതവും ഇല്ലാത്ത ഈ പഞ്ചായത്തിലെ ഏക ഗതാഗത സൗകര്യം റോഡു ഗതാഗതം ആണ്. ആകെ 28.270 കി. മീ. P. W. D റോഡുകളും 74 കി. മീ. പഞ്ചായത്ത് റോഡുകളും ഉണ്ട്. ഇത് സംസ്ഥാന ശരാശരിയെക്കാൾ കൂടുതലാണെങ്കിലും റോഡുകളുടെ അവസ്ഥ മോശമാണ്.

## P. W. D. റോഡുകൾ

1. *കന്നുമാമൂട് - മലയൻകാവ് : 5 കി. മീ.* കാരക്കോണം, നിലമാമൂട് എന്നീ സ്ഥലങ്ങളിൽ ഓട നിർമ്മിക്കണം. കാരക്കോണം സി. എസ്. ഐ. ആശുപത്രിനട, പുല്ലംതേരി മുതൽ തോലടി വരെ സൈഡുവാൾ നിർമ്മിച്ച് റോഡ് റീടാർ ചെയ്യണം.

2. *ആലത്തൂർ - കുന്നത്തുകാൽ : 8.600 കി. മീ.* കുന്നത്തുകാൽ ചാവടി, കുറുവാട്, പാലിയോട്, മണവാരി, കുട്ടക്കുഴി എന്നിവിടങ്ങളിൽ ഓടകൾ നിർമ്മിക്കണം. കൊന്നാനൂർകോണം, ചാവടി എന്നിവിടങ്ങളിൽ സൈഡുവാൾ നിർമ്മിച്ച് റോഡ് റീടാർ ചെയ്യണം.

3. *നിലമാമൂട് - കൂടയാൽ - മാവുവിള : 3.2 കി. മീ.* 8 മീറ്റർ വീതിയിൽ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ സൈഡുവാൾ നിർമ്മിക്കുക. പ്രധാനമായി നിലമാമൂട്, വ്ളാങ്കുളം, കുറ്റിക്കാട്, ആലുവിള, തുരുത്തിമൂല, കുടയാൽ എന്നിവിടങ്ങളിൽ ഓടകൾ നിർമ്മിക്കുക. അപകട നിലയിലുള്ള കുടയാൽ കലുങ്ക് പുനർനിർമ്മാണം ചെയ്ത് റോഡ് റീടാർ ചെയ്യുക.

4. *കാരക്കോണം - കുന്നത്തുകാൽ - പൂവ്വത്തൂർ : 3.220 കി. മീ.* കുന്നത്തുകാൽ ജംഗ്ഷനിൽ ഓടയും കലുങ്കും നിർമ്മിക്കുക. കുന്നത്തുകാൽ മുതൽ ഇരട്ടക്കുളം വരെയും കുന്നത്തുകാൽ മുതൽ വെതുക്കോട്ടുകോണം - മണലുവിളവരെയും വണ്ടിത്തടം മുതൽ പൂവ്വത്തൂർ വരെയും സൈഡുവാൾ നിർമ്മിക്കുക. വണ്ടിത്തടം ജംഗ്ഷനിൽ ഓട നിർമ്മിച്ച് റോഡ് റീടാർ ചെയ്യുക.

5. *എള്ളുവിള - മൂവേരിക്കര : 3 കി. മീ.* മൂവേരിക്കര സ്കൂൾ നട മുതൽ - മൂവേരിക്കര വരെ ടാറിടാതെ അവശേഷിക്കുന്ന ഭാഗം അടിയന്തിരമായി ടാറിട്ട്സൈഡുവാൾ നിർമ്മിക്കുക. കോട്ടുക്കോണം ജംഗ്ഷനിൽ കലുങ്കും ഓടയും നിർമ്മിച്ച് റോഡ് റീടാർ ചെയ്യുക.

6. *പാലിയോടു - കോട്ടയ്ക്കൽ : 1.5 കി. മീ.* ചോമ്പക്കോണം റോഡും കാഞ്ഞിരംമൂട് റോഡും സന്ധിക്കുന്ന സ്ഥലങ്ങളിൽ പ്രൊട്ടക്ഷൻ വാൾ നിർമ്മിച്ച് അപകടസ്ഥിതി ഒഴിവാക്കുക. കാഞ്ഞിരംമൂടു മുതൽ പൊങ്കിൻനട വരെ സൈഡുവാൾ നിർമ്മിച്ച് റോട് റീടാർ ചെയ്യുക.

7. *പാലിയോടു - പുലവക്കോണം : 1.750 കി. മീ.* പെരുമ്പ്രാകം, ചുഴിനില, ചാമവിള എന്നിവിടങ്ങളിൽ സൈഡുവാൾ നിർമ്മിച്ച് റോഡ് റീടാർ ചെയ്യുക.

8. *കാരക്കോണം - വ്ളാംകുളം : 2.200 കി. മീ.* ചെറുപുന്നക്കാല, കല്ലറത്തല, കണ്ടൻചിറ എന്നിവിടങ്ങളിൽ സൈഡുവാൾ നിർമ്മിച്ച് റീടാർ ചെയ്യുക.

## പൊതു നിർദ്ദേശം

അമരവിള - ധനുവച്ചപുരം - കാരക്കോണം - പനച്ചമൂട് - വെള്ളറട - അംബൂരി - ഡാം റോഡ് സ്റ്റേറ്റ് ഹൈവേ ആക്കുക.

വാഹന സ്റ്റാൻറുകൾ : വാഹനങ്ങളുടെ അമിതമായ വർദ്ധനവ് ഗതാഗതക്കുരുക്കുകൾ സൃഷ്ടിക്കുകയാണ്. റോഡു സൈഡുകളിൽ കാർ, ആട്ടോറിക്ഷാ, തുടങ്ങിയ വാഹനങ്ങൾ പാർക്കു ചെയ്യുന്നതു മൂലവും ഗതാഗത തടസ്സങ്ങൾ ഉണ്ടാവുകയാണ്. ഇതിനൊരു പരിഹാരം എന്ന നിലയ്ക്ക് കുന്നത്തുകാൽ, കാരക്കോണം, പാലിയോട്, ചെറിയകൊല്ല, നാറാണി, നിലമാമൂട് എന്നീ സ്ഥലങ്ങളിൽ വാഹന സ്റ്റാൻറുകൾ നിർമ്മിക്കുക.

വിശ്രമ മന്ദിരങ്ങൾ : മഴയത്തും വെയിലത്തും യാത്രക്കാർക്ക് കയറി നിൽക്കുവാൻ പഞ്ചായത്തിലെ പല പ്രധാനപ്പെട്ട സ്ഥലങ്ങളിൽ വിശ്രമ മന്ദിരം നിർമ്മിക്കേണ്ട തുണ്ട്. ചെറിയകൊല്ല, നിലമാമൂട്, പാലിയോട്, കുറുവാട്, ചാവടി, കുന്നത്തുകാൽ, പുല്ലംതേരി, തട്ടിട്ടമ്പലം, മണവാരി, കോട്ടുക്കോണം, എള്ളുവിള, തുരുത്തിമൂല, ഉണ്ടൻകോട്, വണ്ടിത്തടം, കുട്ടക്കുഴി, പഞ്ചായത്തുനട, മലയൻകാവ്, വേങ്കോട്, കുടയാൽ, ആനാവൂർ സ്കൂൾ നട, കട്ടച്ചൽവിള, പടപ്പിത്തോട്ടം,

അരുവിയോട്, കുഴീക്കട, ചാമവിള, ത്രേസ്യാപുരം, പൂവ്വത്തൂർ, വിട്ടിയറം, കൈവൻകാല, മണ്ണുകോട്, മണലുവിള, പൊങ്കുനട എന്നിവിടങ്ങളിൽ വിശ്രമ മന്ദിരങ്ങൾ സ്ഥാപിക്കണം.

ബസ്സ് സർവ്വീസുകൾ : വെള്ളറട - പനച്ചമൂട് - കാരക്കോണം വഴി തമിഴ്നാടു ട്രാൻസ്പോർട്ട് മധുര തിരനെൽവേലി തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് ദീർഘദൂര സർവ്വീസുകൾ നടത്തുമ്പോൾ കെ. എസ്. ആർ. ടി. സി. യുടെ നിലവിലുണ്ടായിരുന്ന അംബൂരി - കോട്ടയം - കൂത്താട്ടുകുളം സർവ്വീസും ചെമ്പകപ്പാറ - തിരുവനന്തപുരം - മെഡിക്കൽ കോളേജ്, തിരുവനന്തപുരം - മംഗലപുരം സർവ്വീസുകളും നിറുത്തിവച്ചിരിക്കുകയാണ്. നിലവിൽ വെള്ളറട - കാരക്കോണം റൂട്ടിൽ ഒരു ഫാസ്റ്റുപാസഞ്ചർ സർവ്വീസുപോലും ഇല്ല. കാരക്കോണം റൂട്ടിൽ ദീർഘദൂര - ഹ്രസ്വദൂര ഫാസ്റ്റുപാസഞ്ചർ സർവ്വീസുകൾ കെ. എസ്. ആർ. ടി.സി. അടിയന്തിരമായി പുനരാരംഭിക്കണം. കുന്നത്തുകാൽ, വെള്ളറട മേഖലയിലെ അതിരൂക്ഷമായ യാത്രാക്ലേശം പരിഹരിക്കുവാൻ കാരക്കോണം കേന്ദ്രമാക്കി കെ. എസ്. ആർ. ടി. സി. യുടെ ഒരു ഡിപ്പോ ആരംഭിക്കണം, ഡിപ്പോയ്ക്കാവശ്യമായ സ്ഥലം പഞ്ചായത്ത് നൽകുന്നതാണ്.

വെള്ളറട - കാരക്കോണം - ധനുവച്ചപുരം റൂട്ടിൽ രാവിലെയും വൈകുന്നേരവും സ്ത്രീകൾക്കു മാത്രമായുള്ള ഓരോ ട്രിപ്പ് സർവ്വീസ് നടത്തണം. കാരക്കോണം - പെരുങ്കടവിള റൂട്ടിലെ യാത്രാക്ലേശം പരിഹരിക്കുവാൻ ട്രിപ്പുകൾ കൂട്ടി ഷെഡ്യൂൾ പരിഷ്ക്കരിക്കണം. അഞ്ചുമരംകാല - വെള്ളറട, കല്ലറത്തല, കൈവൻകാല, പടപ്പിത്തോട്ടം, മുഴങ്ങിൽ കോവിലുവിള, വേങ്കോട്, കോട്ടുക്കോണം, മൂവേരിക്കര എന്നീ ബൈ-റൂട്ടുകളിൽ ട്രിപ്പുകൾ വർദ്ധിപ്പിച്ച് കൃത്യമായി സർവ്വീസ് നടത്തുക.

പാറശാല, നെയ്യാറ്റിൻകര ഡിപ്പോകളിൽ നിന്നും താഴെ പറയുന്ന സ്ഥലങ്ങളിലേയ്ക്ക് പുതുതായി ബസ് സർവ്വീസ് ആരംഭിക്കുക.

1. മാണിനാട് - ചിമ്മണ്ടി ക്ഷേത്രനട
2. വേങ്കോട് - ചെറുതോട്ടം - തുരുത്തിമൂല
3. വണ്ടിത്തടം - ഇലവൻകുഴി - നാറാണി
4. പേരമ്പക്കോണം - വറട്ടയം
5. കന്നത്തുകാൽ - പെരുന്തറത്തല - വ്ളാങ്കുളം
6. ചെറിയകെല്ല - അമ്പലക്കാല

താഴെ പറയുന്ന പഞ്ചായത്ത് റോഡുകൾ അടിയന്തിരമായി P. W. D. യെ കൊണ്ട് ഏറ്റെടുപ്പിക്കുക.

1. മണവാരി - പടപ്പിത്തോട്ടം - തേരണി - കാനക്കോട്
2. കോട്ടുകോണം - കൈവൻകാല - അരുവിയോട്
3. മണവാരി - കലങ്ങപ്പാറ (രാജപാത റോഡ്)
4. വേങ്കോട് - ചെറുതോട്ടം - തുരുത്തിമൂല - ആറ്റിൻപള്ളം, ഇളംതോട്ടം, അരുവിയോട്
5. മാണിനാട് - ചിമ്മണ്ടി
6. വണ്ടിത്തടം - ഇലവൻകുഴി - അമ്പേന്തല - കാലായിൽ
7. കുന്നത്തുകാൽ - പെരുന്തറത്തല - വ്ളാങ്കുളം
8. പേരമ്പക്കോണം - വറട്ടയം - കാലായിൽ
9. ചെറിയകൊല്ല - അമ്പലക്കാല - കൊല്ലോട്ടുകുഴി - വ്ളാങ്കുളം
10. പൂവ്വത്തൂർ - അറവിളാകം

കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിലെ പ്രധാന നിരത്തുകളും ലിങ്കു റോഡുകളും ഫലപ്രദമായി ഉപയോഗിക്കണമെങ്കിൽ സർവ്വീസുറോഡുകളുടെ ഒരു ശക്തവും വിസ്തൃതവുമായ ശൃംഖല നിർമ്മിക്കപ്പെടേണ്ടതുണ്ട്. ഇതിനായി ഓരോ വാർഡിലും പുതുതായി നിർമ്മിക്കപ്പെടേണ്ടതും നിലവിലുള്ളവ വികസിപ്പിക്കേണ്ടതുമായ സർവ്വീസ് റോഡുകൾ നടപ്പാലങ്ങൾ എന്നിവ തരംതിരിച്ച് പട്ടികയായി ചുവടെ ചേർക്കുന്നു.

പട്ടിക

| വാർഡ് | പുതിയ നിർമ്മാണം | നിലവിലുള്ള റോഡുകളുടെ വികസനം |
|---|---|---|
| I<br>ആനാവൂർ | 1. പടപ്പിത്തോട്ടം - കല്ലറനട വാമ്പിൽകട ബണ്ട് റോഡാക്കുക.<br>2. കാനക്കോട് - വരമ്പിൽകട ബണ്ടിനെ റോഡാക്കുക.<br>3. ആനാവൂർ ക്ഷേത്രം - വിട്ടിയറം വരമ്പിൽ കട.<br>4. കാലായിൽ - വിട്ടിയോട്<br>5. കാനക്കോട് - ചെറുമാങ്കോട്<br>6. തേരണി - കല്ലറ<br>7. കാനക്കോട് - കുളക്കോട് - H. S.<br>8. നെല്ലിയോട് - വെട്ടിത്തിരുത്തി കല്ലറനട<br>9. മണവാരിതോട്ടം - നെല്ലിയോട് വെട്ടിത്തിരുത്തി<br>10. കുളക്കോട് - കുഴിയോടൽ ബണ്ട്<br>11. ഇടമലയ്ക്കൽ കുളബണ്ട്<br>12. ആനാവൂർ - അപ്പട്ടുമൂല ബണ്ട്<br>*നടപ്പാലങ്ങൾ*<br>1. പടപ്പിത്തോട്ടം - കാട്ടാംകുളം - വിട്ടിയറം - തോട്ടുകാൽ തോട് - 14 സ്ലാബ്<br>2. കുളക്കോട് - ഇളങ്ങനാട് - വിട്ടിയറം - 12<br>3. നെല്ലിയോട് - ഇളങ്ങനാട് - വിട്ടിയറം - തോട്ടുകാൽ - 8<br>4. തേരണി - വിട്ടിയറം തോട് - 10<br>5. കാനക്കോട് - പൂവ്വഞ്ചേരി വിട്ടിയറം തോട്ടുകാൽ - 13<br>6. മുളവൻകോട് തോട് - 12 | 1. മണവാരി - പടപ്പുത്തോട്ടം റോഡ് സൈഡുവാൾ കെട്ടി റോഡ് റീടാർ ചെയ്യുക.<br>2. മുഴുങ്ങിൽ - തേരണി - കാനക്കോടു റോഡ് - ടാർ ചെയ്യുക.<br>3. ആനാവൂർ എച്ച്. എസ് - വല്ലയത്തുകോണം - വിട്ടിയോടു റോഡ് വികസനം.<br>4. മുഴങ്ങിൽ - മൈലപ്പൊറ്റ റോഡ് വികസനം. |
| II<br>പാലിയോട് | 1. കോട്ടയ്ക്കൽ മുടിപ്പുര മുതൽ കൈതക്കുഴി ക്ഷേത്രം വരെ<br>2. പറക്കോണം - നാടാരുകോണം ബണ്ടിനെ റോഡാക്കുക<br>3. മുടിപ്പുരനട - കൈതക്കുഴി വഴി തൃപ്പലവൂർക്ക് പുതിയ റോഡ്<br>4. മലവിളക്കോണം കുളബണ്ട് റോഡ്<br>5. പരുത്തിച്ചൽ കുളബണ്ട് റോഡ്<br>6. പാലിയോട് - മാങ്കാല റോഡ്<br>*നടപ്പാലങ്ങൾ*<br>1. കാനക്കോട് - പറക്കോണം തോടിൽ - 10<br>2. ചിറക്കുളം - കോട്ടയ്ക്കൽ തോട് - 20<br>3. പുത്തറക്കുളം തോട് - 7<br>4. കോഴിക്കോടു തോട് - 5<br>5. ആവണംകോട് തോട് - 9<br>6. കോട്ടയത്തുകോണം തോട് - 5 | 1. മേപ്പാംകോട് - മുടിപ്പുര റോഡ് ടാർ ചെയ്യുക.<br>2. കാഞ്ഞിരംമൂട് - മുടിപ്പുര റോഡ് വീതികൂട്ടി സൈഡുവാൾ നിർമ്മിച്ച് ടാർ ചെയ്യുക.<br>3. മലവിളക്കോണം - ആലത്തൂർ റോഡ് വികസിപ്പിക്കുക. |

<table>
<tr><th>വാർഡ്</th><th>പുതിയ നിർമ്മാണം</th><th>നിലവിലുള്ള റോഡുകളുടെ വികസനം</th></tr>
<tr><td>III<br>കോരണംകോട്</td><td>1. കല്ലിക്കോണം - വള്ളിച്ചിറ ഹരിജൻ കോളനിവഴി തട്ടാംവിളാകത്തേയ്ക്ക് പുതിയ റോഡ്<br>2. ഐക്കോട് - കല്ലിംഗൽ<br>3. ചുഴിനിലം - പറക്കോണം വഴി തിരുവല്ലൂർക്കോണത്തേയ്ക്ക്<br>4. ഐക്കോട് - ഉണ്ടച്ചാൻവിള കല്ലിക്കോണം - വള്ളിച്ചിറ<br>5. പാലിയോട് തോട്ടത്തു കൂടി ചെന്നക്കാട് ബണ്ടിൽ ഇറങ്ങുന്ന നടപ്പാത വീതി കൂട്ടുക.<br>6. കല്ലികോണം - കുഴീക്കട<br><br>നടപ്പാലങ്ങൾ<br><br>1. കല്ലിക്കോണം - വാറുവിളാകം തോടിൽ - 15<br>2. ഐക്കോട് - കീഴ്ശേരി - 5<br>3. കുഴീക്കട - കൈതേത്തുനട - 10<br>4. കിഴവോട്ടുകോണം - പടപ്പിത്തോട്ടം തോടിൽ - 7<br>5. വള്ളിച്ചിറ തട്ടാംവിളാകം - 15<br>6. പടപ്പിത്തോട്ടം പാലം<br>7. ചെക്കുംമൂട് പാലം<br>8. കൈതയത്ത് പാലം</td><td>1. കലങ്ങപ്പാറ - വല്ലയത്തുകോണം ഊട്ടുപറമ്പ് ഹരിജൻ കോളനി റോഡ് വികസിപ്പിച്ച് ടാർ ചെയ്യുക.<br>2. പടപ്പുത്തോട്ടം - ഊട്ടുപറമ്പ് റോഡ് വികസിപ്പിക്കുക.<br>3. മണവാരി - കലങ്ങപ്പാറ റോഡ് ടാർ ചെയ്യുക.<br>4. മുഴങ്ങിൽ - നെല്ലിക്കാല റോഡ് വികസിപ്പിക്കുക.<br>5. പുലകിൽക്കോണം - വള്ളിച്ചിറ റോഡ് വികസിപ്പിക്കുക.</td></tr>
<tr><td>IV<br>കോട്ടയ്ക്കൽ</td><td>1. കോട്ടയ്ക്കൽ എൽ. പി. സ്കൂളിലേയ്ക്ക് പുതിയ റോഡ് നിർമ്മിക്കുക.<br>2. മേമല - തോട്ടത്ത് റോഡ് വറട്ടയം പാലവുമായി ബന്ധിപ്പിക്കുക.<br>3. മൂവേരിക്കര സ്കൂളിൽ നിന്നും ഐക്കാടുവഴി പമ്പുഹൗസുവരെ<br>4. താന്നിക്കുഴി വരട്ടയം റോഡ്<br>5. താന്നിക്കുഴി പള്ളിനട - വറട്ടയം<br>6. അരുവിയോടു നിന്നും എൻ. എസ്. എസ്. കരയോഗം വഴി ചിറ്റാർ ബണ്ടിനെ റോഡാക്കുക.<br>7. പാലിയോട് - വറട്ടയം ബണ്ട് റോഡ്<br>8. മേമല - ശിശുമന്ദിരം റോഡ്<br><br>നടപ്പാലങ്ങൾ<br><br>1. പാലിയോടു - കാവിൽ - കണിയാംകോണം വറട്ടയം തോടിൽ - 10<br>2. അരുവിയോടു നിന്നും എൻ. എസ്. എസ്. കരയോഗംവഴി ചിറ്റാർ ബണ്ടിൽ - 5<br>3. മേമല - തോട്ടത്തു റോഡിൽ നിന്നും ചിറ്റാറ്റിലിറങ്ങാൻ പടിയും കുളിക്കടവും.</td><td>1. പേരമ്പക്കോണം - കുട്ടത്തിവിള - വറട്ടയം - കാലായിൽ റോഡ് വികസിപ്പിച്ച് ടാർ ചെയ്യുക.<br>2. മേമല - തോട്ടത്തു റോഡ് വികസിപ്പിക്കുക.<br>3. കുട്ടത്തിവിള - പമ്പുഹൗസ് റോഡ്.<br>4. പേരമ്പക്കോണം - കാവിൽവഴി - കുഴിതറ കണിയാംകോണം - വറട്ടയം റോഡ്<br>5. കുറുവാട് - താന്നിമൂട് റോഡ് - താന്നിമൂട്ടിൽ പാലം</td></tr>
</table>

| വാർഡ് | പുതിയ നിർമ്മാണം | നിലവിലുള്ള റോഡുകളുടെ വികസനം |
|---|---|---|
| | 4. കുറിച്ചിപ്പഴിഞ്ഞി തോടിൽ - 7<br>5. വേളാംകുടി തോട് - 15<br>6. കോട്ടയത്തുകോണം തോട് - 10<br>7. വറട്ടയം ഏലാതോട് - 5<br>8. പുകിലൂർ തോട് - 10<br>9. ചിറ്റാർ - വറട്ടയം പമ്പുഹൗസ് - 1 | |
| V<br>അരുവിയോട് | 1. അരുവിയോടു നിന്നും എൻ. എസ്. എസ്. കരയോഗം വഴി പോകുന്ന ചിറ്റാറിൻെറ ബണ്ട് റോഡാക്കി 5 നടപ്പാലങ്ങൾ നിർമ്മിക്കുക.<br>*നടപ്പാലങ്ങൾ*<br>2. തുരുത്തിമൂല - മൂവേരിക്കര ചിറ്റാറിൽ 10 നടപ്പാലങ്ങൾ<br>3. മൂത്താംവാതുക്കൽ - ശ്രീകാര്യംകോടു തോട് - 7<br>4. ഇടുക്കത്തുകോണം - അരുവിയോട് തോട് - 7<br>5. താന്നിക്കുഴി വറട്ടയം - 5<br>6. മേലരുവിയോട് - വലിയരുവിമൂല - 9<br>7. അരുവിയോട് - താന്നിക്കുഴി നടപ്പാത റോഡാക്കുക.<br>8. പള്ളിവിള ഹരിജൻ കോളനി ഇടവഴി കല്ലുപാകുക<br>9. നാറാണി - അരുവിയോട് ബണ്ട് റോഡാക്കുക.<br>10. കുന്നാക്കുടി - അരുവിയോടു തോടിൽ 5 സ്ലാബുകൾ | 1. അരുവിയോട് - കടമ്പറ മൂല - ഇളം തോട്ടം റോഡ് വികസിപ്പിച്ച് ടാർ ചെയ്യുക. കടമ്പറ മൂലയിൽ പാലം നിർമ്മിക്കുക.<br>2. ചാമവിള - താന്നിമൂട് റോഡ് വികസിപ്പിച്ച് താന്നിമൂട്ടിൽ പാലം നിർമ്മിക്കുക.<br>3. കാലായിൽ - താന്നിക്കുഴി ഹരിജൻ കോളനി റോഡ് വറട്ടയം വരെ വികസിപ്പിക്കുക.<br>4. ഇടുക്കം - മുടഞ്ഞാറ റോഡ്<br>5. അരുവിയോടു - പള്ളിവിള കൈവൻകാല റോഡിൽ സൈഡുവാളും ഓടയും നിർമ്മിച്ച് E. C. I ചർച്ച് നട, കൈവൻകാല, തൊളിച്ചൽ എന്നിവിടങ്ങളിൽ കലുങ്കുകൾ സ്ഥാപിച്ച് റോഡ് ടാർ ചെയ്യുക.<br>6. കൈവൻകാല - ഹരിജൻ കോളനി റോഡ് വികസിപ്പിക്കുക. |
| VI<br>മൂവേരിക്കര | 1. അലയ്ക്കാട് - പൂവ്വത്തൂർ ഇടവഴി റോഡാക്കുക<br>2. കാക്കരമേലേ - പൂവ്വത്തൂർ ഇടവഴി റോഡാക്കുക.<br>3. ചിമ്മണ്ടി ക്ഷേത്രനട റോഡുമായി കട്ടച്ചൽവിള റോഡും ലക്ഷംവീടു റോഡും ബന്ധിപ്പിക്കുക.<br>4. നാറാണിയിൽ നിന്നു പന്നിയോട്ടു കുളത്തിലേയ്ക്കുള്ള ഇടവഴി വികസിപ്പിക്കുക.<br>*നടപ്പാലങ്ങൾ*<br>1. ചെഴുങ്ങാനൂർ - ചിമ്മണ്ടി - ഇലവൻകുഴി - മൂവേരിക്കര തോടിൽ - 15<br>2. പന്നിയോട്ടു കുളംതോട് - 4<br>3. വിതപ്പകൽ കുളംതോട് - 4<br>4. പനയറക്കോണം കുളംതോട് - 8 | 1. പൂവ്വത്തൂർ - മൂവേരിക്കര റോഡു ടാർ ചെയ്യുക.<br>2. വണ്ടിത്തടം - അറവിളാകം മണ്ണംകോട് റോഡ് വികസിപ്പിച്ച് ടാർ ഇടുക. പാലം നിർമ്മിക്കുക.<br>3. വണ്ടിത്തടം - ഇലവൻകുഴി അമ്പേന്തല ഹരിജൻ കോളനി റോഡ് വികസിപ്പിച്ച് അവശേഷിക്കുന്ന ഭാഗം ടാർ ചെയ്യുക.<br>4. മൂവേരിക്കര റോഡിൽ മൂവേരിക്കരയിൽ പാലം നിർമ്മിക്കുക.<br>5. ഇലവൻകുഴി പുന്നറത്തല റോഡ് വികസിപ്പിക്കുക.<br>6. കട്ടച്ചൽ വിള - ചിമ്മണ്ടി റോഡ്<br>7. പനയറക്കോണം - പന്നിയോട് റോഡ്<br>8. കട്ടച്ചൽ വിള ലക്ഷംവീടു കോളനി റോഡ് |

| വാർഡ് | പുതിയ നിർമ്മാണം | നിലവിലുള്ള റോഡുകളുടെ വികസനം |
|---|---|---|
| | 5. പുന്നറത്തൽ കുളംതോട് - 2<br>6. മ്മെപറമ്പ് കുളംതോട് - 2<br>7. അരുമാളൂർ പുത്തൻകുളംതോട് - 4<br>8. കേരക്കുളത്തോട് - 4 | |
| VII<br>മാണിനാട് | 1. ചെമ്മംതട്ട് - ഇലങ്കം റോഡിനെ ചാവടി റോഡുമായി ബന്ധിക്കുക.<br>2. മാണിനാട്ടുനിന്നും - തച്ചംകോടുവരെ പുതിയ റോഡ്<br>3. മാണിനാട് - വെള്ളംകൊള്ളി - കാക്കര മേലേ ബണ്ടു റോഡ്<br>4. പാതിരശേരി - കുഞ്ചുവീടുനട - ഇലങ്കം ചാവടി റോഡ്<br>5. കുളപ്പുറത്തുകോണം - ഓണംകോട് മണലുവിള റോഡ്<br>*നടപ്പാലങ്ങൾ*<br>1. മാണിനാടു - വെള്ളംകൊള്ളി തോട് - 7<br>2. കുളപ്പറത്തുകോണം - വെള്ളംകൊള്ളി തോട് - 7<br>3. ഓണംകോട് - കാക്കരതോട് - 7<br>4. അലയ്ക്കാട്ടുകോണം - കാക്കര - 5<br>5. മൂവോട്ടുകോണം - കാക്കര - 5<br>6. മാണിനാടു - ഇലങ്കം തോട് - 10<br>7. ചിമ്മണ്ടിതോട് - 7 | 1. മാണിനാടു - ചിമ്മണ്ടിക്ഷേത്ര റോഡ് അടിയന്തിരമായി ടാർ ചെയ്യുക.<br>2. മണലുവിള - പാലറവിള അലയ്ക്കാട്ടുകോണം റോഡ് വികസിപ്പിച്ച് ടാർ ചെയ്യുക.<br>3. ചെമ്മംതട്ട് ഇലങ്കം റോഡു വികസിപ്പിക്കുക.<br>4. ആലുവിള - മുവോട്ടുകോണം റോഡ് വികസിപ്പിച്ച് ടാർ ഇടുക.<br>5. പനവിള - കുണ്ടറത്തല വിളാകം റോഡ് വികസിപ്പിച്ച് ടാർ ചെയ്യുക.<br>6. വെതുക്കോട്ടുകോണം - പൂവ്വൻ കാവ് ഹരിജൻ കോളനിറോഡ് വികസിപ്പിച്ച് ടാർ ചെയ്യുക.<br>7. വെതുക്കോട്ടുകോണം - നെട്ടയത്തുകോണം റോഡ് വികസിപ്പിക്കുക. |
| VIII<br>കുന്നത്തുകാൽ | 1. കുന്നത്തുകാൽ - കുറ്റിക്കാട്ടുകോണം റോഡിനെ മാണിനാടു ക്ഷേത്രറോഡുമായി ബന്ധിപ്പിക്കുക.<br>2. ചാവടി നടയിൽ നിന്നും പുതിയ റോഡു നിർമ്മിച്ച് ഇലങ്കം റോഡുമായി ബന്ധിപ്പിക്കുക.<br>3. മൂലേം വീട്ടുനടയിൽനിന്നും ചീരംകോടു വരെ ബണ്ടുറോഡു നിർമ്മിക്കുക.<br>4. ചെഴുങ്ങാനൂർ ക്ഷേത്രനട റോഡ് - തവയത്തുകോണം റോഡുമായി ബന്ധിപ്പിക്കുക.<br>5. കൊന്നാനൂർകോണം - തച്ചംകോടു റോഡ് പെരുന്തറത്തല റോഡുമായി ബന്ധിപ്പിക്കുക.<br>6. മാച്ചാംകോട്ടു നിന്നും സ്റ്റേഡിയം റോഡിലേയ്ക്ക് പുതിയ റോഡു നിർമ്മിക്കുക.<br>*നടപ്പാലങ്ങൾ*<br>1. കൊന്നാനൂർക്കോണം - കൈതടിമൂല തോടിൽ - 10 | 1. കുന്നത്തുകാൽ - പെരുന്തറത്തല വ്ളാങ്കുളം റോഡ് വികസിപ്പിച്ച് ടാർ ചെയ്യുക.<br>2. തച്ചംകോട് - മാണിനാടു റോഡ് വികസിപ്പിക്കുക.<br>3. കുന്നത്തുകാൽ സ്റ്റേഡിയം റോഡ് വികസിപ്പിച്ച് ടാർ ചെയ്യുക.<br>4. കൊന്നാനൂർകോണം - തോപ്പുവിള റോഡ് വികസിപ്പിക്കുക.<br>5. കുന്നത്തുകാൽ - കുറ്റിക്കാട്ടുകോണം റോഡ് വികസിപ്പിക്കുക.<br>6. ചെഴുങ്ങാനൂർ ക്ഷേത്രനട റോഡ് ടാർ ചെയ്യുക.<br>7. ചാവടി - മൂലേംവീട്ടു വിളാകം ഇടവഴി ടാർ ചെയ്യുക.<br>8. തച്ചംകോട് - കൊന്നാനൂർകോണം റോഡ് വികസിപ്പിച്ച് ടാർ ചെയ്യുക. |

| വാർഡ് | പുതിയ നിർമ്മാണം | നിലവിലുള്ള റോഡുകളുടെ വികസനം |
|---|---|---|
| | 2. നെച്ചുവാടി - ചെഴുങ്ങാനൂർ തോട് - 10<br>3. കണ്ടൻചിറ - കൈതടിമൂല - 5<br>4. തച്ചംകോട് - ചെഴുങ്ങാനൂർ - 7<br>5. കുറ്റിക്കാട്ടുകോണം - ചെഴുങ്ങാനൂർ - 10 | |
| IX<br>കാരക്കോണം | 1. കാരക്കോണം ഇരട്ടക്കുളത്തിന്റെ പടിഞ്ഞാറുവശത്ത് കല്ലുപാകിയ ഇടവഴി മുതൽ മൈലറത്തല - തോട്ടപ്പറ വഴി മൂപ്പുവിളാകം വരെ പുതിയ റോഡ് നിർമ്മിക്കുക.<br>2. കാരക്കോണം കമ്പനിനട റോഡിൽനിന്നും ചെഴുങ്ങാനൂർ ക്ഷേത്രനട വരെ പുതിയ ബണ്ടുറോഡ് നിർമ്മിക്കുക.<br>3. അണ്ടൂർകോണം ക്ഷേത്രനട റോഡു മുതൽ കണ്ടൻചിറ വരെ പുതിയ ബണ്ടു റോഡു നിർമ്മിക്കുക.<br>4. പഞ്ചായത്തുനട - അണിമംഗലം - തുറ്റിയോട്ടുകോണം ഇടവഴി വികസിപ്പിച്ച് റോഡാക്കുക.<br>5. പുല്ലംതേരി നാലുകെട്ട് - അണ്ടൂർകോണം പണ്ടാരത്തറ ഇടവഴിയെ വികസിപ്പിക്കുക.<br>6. തുറ്റിയോടു മുതൽ പുല്ലംതേരി വരെ പുതിയ റോഡ് നിർമ്മിക്കുക.<br>7. തുറ്റിയോടു കുളത്തിന്റെ കീഴ്ഭാഗത്തുള്ള തോടുവരമ്പ് വികസിപ്പിച്ച് റോഡാക്കുക.<br>8. മാച്ചാംകോട്ടു നിന്നും മെയിൻ റോഡിലേയ്ക്ക് പുതിയ റോഡു നിർമ്മിക്കുക.<br>9. വാഴവിള - പൊട്ടൻചിറ ശ്മശാനം വഴി കാരക്കോണത്തേയ്ക്ക് പുതിയ റോഡു നിർമ്മിക്കുക.<br>10. ഇരട്ടക്കുളത്തിന്റെ കീഴ്വരമ്പ് വികസിപ്പിച്ച് ഇരുവശത്തും എത്തിനിൽക്കുന്ന ഇടവഴിയുമായി ബന്ധിപ്പിച്ച് മെയിൻ റോഡിനോടു ചേർത്ത് ഒരു റിംഗ് റോഡ് നിർമ്മിക്കുക.<br>11. കമ്പനിനട ഏലാവരമ്പ് വികസിപ്പിക്കുക.<br>*നടപ്പാലങ്ങൾ*<br>1. അണ്ടൂർകോണം - കൈതടിമൂല തോട് - 10<br>2. കാരക്കോണം - കൈതടിമൂല തോട് - 10<br>3. കുശവിളാകം - കണ്ടൻചിറ തോട് - 5<br>4. തുറ്റിയോട്ടുകോണം - മുപ്പറത്തരി തോട് - 7<br>5. മച്ചാൻകോട് - പൊട്ടൻചിറ തോട് - 5 | 1. തോലടി - അണ്ടൂർകോണം ക്ഷേത്ര നട റോഡ് വികസിപ്പിച്ച്ടാർ ചെയ്യുക.<br>2. കുന്നത്തുകാൽ സ്റ്റേഡിയം മൂപ്പു വിളാകം റോഡ് വികസിപ്പിച്ച് ടാർ ചെയ്യുക.<br>3. കാരക്കോണം - കമ്പനിനട റോഡ് കോൺക്രീറ്റു ചെയ്യുക.<br>4. കാരക്കോണം ഇരട്ടക്കുളം ഇടവഴി വികസിപ്പിച്ച് കോൺക്രീറ്റു ചെയ്യുക.. |

| വാർഡ് | പുതിയ നിർമ്മാണം | നിലവിലുള്ള റോഡുകളുടെ വികസനം |
|---|---|---|
| X<br>കോട്ടുക്കോണം | 1. തട്ടിട്ടമ്പലം മുതൽ ത്രേസ്യാപുരം വരെ പുതിയ റോഡ് നിർമ്മിക്കുക.<br>2. നിലമാമൂട് - കവിയൂർ കുള ബണ്ട് - തോടുവരമ്പിലൂടെ കണ്ടൻചിറവരെ പുതിയ റോഡ് നിർമ്മിക്കുക.<br>3. നെച്ചുവാടിയിൽ നിന്നും - ചാവടിനടയ്ക്ക് പുതിയ റോഡ് നിർമ്മിക്കുക.<br>4. H. W. L. P. S. റോഡിനെ കൈതോടു കോളനി റോഡുമായി ബന്ധിപ്പിക്കുക.<br>5. അണ്ടൂർകോണം ക്ഷേത്രനട റോഡ് - ത്രേസ്യാപുരത്ത് റോഡുമായി ബന്ധിപ്പിക്കുക.<br>*നടപ്പാലങ്ങൾ*<br>1. കവിയൂർകോണം - കണ്ടൻചിറ തോടിൽ - 7<br>2. ചുനപ്പാറ - നെച്ചുവാടി - ചെഴുങ്ങാനൂർ തോടിൽ - 15<br>3. കൈതോട് - കല്ലറത്തല തോടിൽ - 7<br>4. ചീരംകോട് - ചെഴുങ്ങാനൂർ തോട് - 7<br>5. വേലിത്താരക്കോണം - ചെഴുങ്ങാനൂർ തോട് - 10 | 1. തവയത്തുകോണം ഹരിജൻ കോളനി റോഡ് വികസിപ്പിച്ച് ടാർ ചെയ്യുക.<br>2. കൈതോട് H. W. L. P. S. ൽ എത്തുന്ന റോഡ് വികസിപ്പിച്ച് ടാർ ചെയ്യുക.<br>3 വ്ളാങ്കുളം - കൈതോട് പെരുന്തറത്തല - കുന്നത്തുകാൽ റോഡ് വികസിപ്പിച്ച് ടാർ ചെയ്യുക.<br>4. നിലമാമൂട് - ചെറുപുന്നക്കാല റോഡ് വികസിപ്പിച്ച് ടാർ ചെയ്യുക.<br>5. കോട്ടുകോണം - ചീരംകോടു റോഡ് വികസിപ്പിച്ച് ടാർ ചെയ്യുക. |
| XI<br>നാറാണി | 1. കോട്ടുകോണം - പനയറകോണം റോഡ് നാറാണിയിൽ മെയിൻ റോഡുമായി ബന്ധിപ്പിക്കുക.<br>2. തൊളിച്ചൽ - മണലി തലക്കൽ റോഡിനെ മണക്കാല റോഡുമായി ബന്ധിപ്പിക്കുക.<br>3. തുരുത്തിമൂല - ആറ്റിൻപള്ളം റോഡിനെ - കൈവൻകാല റോഡുമായി ബന്ധിപ്പിക്കുക.<br>4. കോട്ടുക്കോണത്തു നിന്നും തൊളിച്ചൽ ശ്രീ ദുർഗ്ഗാക്ഷേത്രത്തിലേയ്ക്ക് പുതിയ റോഡ്.<br>5. കുറ്റിക്കാട്ടു നിന്നും തൊളിച്ചൽ വരെ പുതിയ റോഡ്<br>6. കുരുവിയോടു കുളത്തിലേയ്ക്കുള്ള വഴി കല്ലു പാകുക.<br>*നടപ്പാലങ്ങൾ*<br>1. കുരുവിയോടു - തുരുത്തിമൂല തോടിൽ - 7<br>2. കൊങ്ങുംകോട് - തുരുത്തിമൂല തോടിൽ - 7<br>3. തൊളിച്ചൽ - ഇടുക്കം അരുവിയോടു തോടിൽ - 10<br>4. മണക്കാല കുളംതോട്ടിൽ - 5 | 1. മുടഞ്ഞറ - ഇടുക്കംറോഡ് വികസിപ്പിച്ച് ടാർ ചെയ്യുക.<br>2. കോട്ടുക്കോണം - മണക്കാല ഇടുക്കം റോഡ് വികസിപ്പിച്ച് ടാർ ചെയ്യുക.<br>3. തുരുത്തിമൂല - ആറ്റിൻപള്ളം റോഡ് വികസിപ്പിച്ച് ടാർ ചെയ്യുക. ആറ്റിൻ പള്ളത്ത് ചിറ്റാറിനു കുറുകേ പാലം നിർമ്മിക്കുക.<br>4. കോട്ടുക്കോണം - പനയറകോണം റോഡ് വികസിപ്പിക്കുക.<br>5. തൊളിച്ചൽ - മണലിതലക്കൽ റോഡ് വികസിപ്പിക്കുക.<br>6. കോട്ടുക്കോണം - കട്ടച്ചൽവിള റോഡ് റീടാർ ചെയ്യുക. |

| വാർഡ് | പുതിയ നിർമ്മാണം | നിലവിലുള്ള റോഡുകളുടെ വികസനം |
|---|---|---|
| | 5. കോട്ടുകോണം - കൊശപ്പുറം തോട്ടിൽ - 5<br>6. കൊശപ്പുറക്കോണം തോട്ടിൽ - 5 | |
| XII<br>ചെറിയകൊല്ല | 1. ഉണ്ടൻകോട് - പീച്ചിയോട് - അമ്പലക്കാല - ഇരട്ടത്തല വരെ പുതിയ റോഡു നിർമ്മിക്കുക.<br>2. വ്ളാങ്കുളം - ഉണ്ടൻകോട് കൊല്ലോട്ടുകുഴി പുതിയ റോഡ് നിർമ്മിക്കുക.<br>3. അമ്പലക്കാല റോഡ് - കുറ്റിക്കാട്ടു റോഡുമായി ബന്ധിപ്പിക്കുക.<br>*നടപ്പാലങ്ങൾ*<br>1. പീച്ചിയോടു - കൊല്ലോട്ടുകുഴി തോടിൽ - 10 സ്ലാബുകൾ<br>2. ഉണ്ടൻകോട് - കുറിച്ചിവിള തോടിൽ - 15<br>3. കുറ്റിക്കാട് - അയ്യൻ തലക്കൽ തോടിൽ - 10 | 1. ചെറിയകൊല്ല - അമ്പലക്കാല റോഡ് വികസിപ്പിച്ച് അടിയന്തിരമായി ടാർ ചെയ്യുക.<br>2. വ്ളാങ്കുളം - കൊല്ലോട്ടുകുഴി റോഡ് വികസിപ്പിച്ച് ടാർ ചെയ്യുക.<br>3. ഉണ്ടൻകോട് കുളത്തിലേയ്ക്കുള്ള ഇട വഴി വികസിപ്പിച്ച് കോൺക്രീറ്റു ചെയ്യുക.<br>4. അമ്പലക്കാലയിൽ നിന്നും പീച്ചിയോടു കുളത്തിലേയ്ക്കുള്ള ഇട വഴി വികസിപ്പിച്ച് കല്ലുപാകുക. |
| XIII<br>കുടയാൽ | 1. വേങ്കോട് - ഇളവറക്കുഴി - കുറക്കോട് - മാവുവിള പുതിയ റോഡ്<br>2. കുടയാൽ - മേലക്കാരോട് - കുറക്കോട് പുതിയ റോഡ്<br>3. വേങ്കോട് - കാഞ്ഞിരംകോണം ചെറുതോട്ടം പുതിയ റോഡ്<br>4. ചെറിയകൊല്ല - പാലീക്കോണം പൂവ്വത്രവിളാകം റോഡ്<br>5. ചെറിയകൊല്ല - തുരുത്തിമൂല തോടു വരമ്പ് റോഡാക്കുക.<br>6. ഇഴീക്കോടു റോഡും ക്ഷേത്രനട റോഡും അമ്പലക്കാല റോഡുമായി ബന്ധിപ്പിക്കുക.<br>*നടപ്പാലങ്ങൾ*<br>1. പുനംകുടികോണം - തുരുത്തിമൂല തോടിൽ 15 നടപ്പാലങ്ങൾ<br>2. ഇടുവച്ചൽ - പരപ്പിയറത്തല തോടിൽ - 15<br>3. ചിറ്റാറിൽ ഇളവറക്കുഴി മുതൽ തുരുത്തിമൂല വരെ - 5<br>4. പോങ്കോടു - മണലിനട തോടിൽ - 5<br>5. ചാത്യാരുകോണം കുളത്തിന്റെ ഇരുവശങ്ങളിലും ഉള്ള തോടുകളിൽ - 10<br>6. കീഴക്കാരോട് - മണലി തോടിൽ - 3 | 1. വേങ്കോട് - ചെറുതോട്ടം - തുരുത്തിമൂല റോഡ് വികസിപ്പിച്ച് ടാർ ചെയ്യുക.<br>2. മലയൻകാവ് - ചെറിയകൊല്ല ക്ഷേത്രനട റോഡ് ടാർ ചെയ്യുക.<br>3. ഇഴീക്കോടു ഹരിജൻ കോളനി റോഡ് ടാർ ചെയ്യുക.<br>4. ചെറുതോട്ടം - കുടയാൽ റോഡ് സൈഡുകൾ കെട്ടി വികസിപ്പിച്ച് ടാർ ചെയ്യുക. ടി റോഡിൽ കാഞ്ഞിരക്കാട്ട് ചിറ്റാറിനു കുറുകേ പാലം നിർമ്മിക്കുക.<br>5. ചെറിയകൊല്ല - പാലീക്കോണം ഇട വഴി വികസിപ്പിച്ച് കോൺക്രീറ്റു ചെയ്യുക.<br>6. കുടയാൽ - പുരുതാല ഇടവഴി വികസിപ്പിച്ച് കോൺക്രീറ്റു ചെയ്യുക.<br>7. ചെറിയകൊല്ല ക്ഷേത്രനട മുതൽ പഴവീട്ടുവിളാകം വരെയുള്ള ഇടവഴി കോൺക്രീറ്റു ചെയ്യുക.<br>8. പുനംകുടികോണത്ത് കുളത്തിലേയ്ക്കുള്ള ഇടവഴി കല്ലുപാകുക. |

മുൻകാലങ്ങളെ അപേക്ഷിച്ച് പഞ്ചായത്ത് ഭാരവാഹികൾക്ക് തിരക്കും ജോലിക്കൂടുതലും ആണ്. കൃത്യസമയത്ത് എത്തേണ്ട സ്ഥലങ്ങളിൽ കാര്യനിർവ്വഹണങ്ങൾക്ക് എത്തിച്ചേരാൻപോലും കഴിയാതെ വരുന്നു. വിസ്തൃതിയേറിയ കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിൽ അംഗങ്ങൾക്കും ജീവനക്കാർക്കും ഇത് വലിയൊരു പ്രശ്നമാണ്. ഇതിനൊരു പരിഹാരം എന്ന നിലയ്ക്ക് ഗതാഗതം എന്ന പട്ടികയിൽ പഞ്ചായത്തിന് ഒരു വാഹനം എന്ന പൊതുനിർദ്ദേശവും ഉൾപ്പെടുത്തുന്നു.

**B ഊർജ്ജം :** കൃഷി, വ്യവസായം തുടങ്ങി നാടിന്റെ മുഴുവൻ വളർച്ചയ്ക്കും ഊർജ്ജം മുന്നുപാധിയാണ്. എന്നാൽ വൈദ്യുതി ഊർജ്ജം ഉപഭോഗത്തിനനുസരിച്ച് ഉല്പാദനം നടക്കുന്നില്ല. സൗരോർജ്ജം തുടങ്ങിയ പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളെക്കുറിച്ച് ചിന്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. സൗരോർജ്ജവിളക്കുകൾക്ക് ചെറുതായി പ്രചരണം ലഭിച്ചു വരുന്നുണ്ടെങ്കിലും സാധാരണക്കാരനു താങ്ങാനാവാത്ത വില ഇതിന്റെ വ്യാപനത്തെ തടസ്സപ്പെടുത്തുന്നുണ്ട്. വ്യാപകമായി ഉപയോഗിച്ചുവരുന്ന ഊർജ്ജം വൈദ്യുതി ഊർജ്ജം തന്നെയാണ്. വിതരണ സമ്പ്രദായം ശാസ്ത്രീയമായി ആവശ്യക്കാരന് ലഭിക്കുന്ന സ്ഥിതി കൈവരിക്കേണ്ടിയിരിക്കുന്നു.

കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിൽ 2227 പേർ ഗാർഹിക ആവശ്യത്തിന് വൈദ്യുതി ഉപയോഗിക്കുമ്പോൾ 436 പേർ വ്യാപാരത്തിനും 34 പേർ വ്യവസായത്തിനും 135 പേർ കാർഷിക ആവശ്യത്തിനും ഉപയോഗിക്കുന്നു. ഇതിൽനിന്നും ഈ പഞ്ചായത്തിൽ നല്ലൊരു വിഭാഗം ആളുകൾക്ക് ഇനിയും വൈദ്യുതി ലഭ്യമായിട്ടില്ലെന്ന് മനസ്സിലാക്കാം. പഞ്ചായത്തിലാകെ ഇനിയും ഓർഡിനറി കണ ക്ഷനുവേണ്ടി 1147 പേരും O. T. P കണക്ഷനുവേണ്ടി 26 പേരും O. Y. E. C. യ്ക്കു വേണ്ടി 75 പേരും കാത്തുകിടപ്പുണ്ട്.

തെരുവു വിളക്കുകളായി പഞ്ചായത്തിലാകെ 40 വാട്ടു ബൾബ് 248-ഉം 60 വാട്ടു ബൾബ് 110-ഉം 100 വാട്ട് ബൾബ് 160-ഉം ട്യൂബ് ലൈറ്റുകൾ 75-ഉം മെർക്കുറി വേപ്പർ ലാംബ് 4-ഉം ഉപയോഗിക്കുന്നുണ്ട്. പഞ്ചായത്തിൽ ഇതുവരേയും സോഡിയം വേപ്പർ ലാംബുകൾ സ്ഥാപിച്ചിട്ടില്ല. തെരുവു വിളക്കുകൾക്കായി പഞ്ചായത്ത് പ്രതിമാസം 7059 രൂപ അടയ്ക്കുകയാണ്.

പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന L. T. ട്രാൻസ്ഫോർമർകൾ

1. ചെറിയകൊല്ല
2. നിലമാമൂട്
3. മലയൻകാവ്
4. എള്ളുവിള
5. കൈവൻകാല
6. അരുവിയോട്
7. പാലിയോട്
8. മണവാരി
9. കാരക്കോണം
10. കല്ലറത്തല
11. വണ്ടിത്തടം
12. മൂവേരിക്കര
13. ചാവടി
14. നെട്ടറത്തല

പഞ്ചായത്തിലാകെ 18 ഹരിജൻ കോളനികൾ വൈദ്യുതീകരിച്ചിട്ടുണ്ട്. വിശദമായി പട്ടികയിൽ ചേർക്കുന്നു.

| ക്രമ നമ്പർ | കോളനിയുടെ പേര് | വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങൾ | സൗജന്യ സ്ലാബിൽ വൈദ്യുതി ഉപയോഗിക്കുന്നവർ | വൈദ്യുതി ചാർജ് നൽകുന്നവർ |
|---|---|---|---|---|
| 1. | കുട്ടത്തിവിള | 26 | 10 | 16 |
| 2. | വേങ്കവിള | 12 | 8 | 4 |
| 3. | കുളക്കോട് | 30 | 14 | 16 |
| 4. | വള്ളിച്ചിറ | 38 | 20 | 18 |
| 5. | കൈവൻകാല | 30 | 15 | 15 |
| 6. | അണ്ടൂർകോണം | 20 | 13 | 7 |
| 7. | കൈതോട്ടുകോണം | 24 | 10 | 14 |
| 8. | നരിക്കോട് | 32 | 10 | 22 |
| 9. | ഇഴീക്കോട് | 30 | - | - |
| 10. | തയത്തുകോണം | 42 | 9 | 33 |
| 11. | മേരിയാംകോട് | 19 | 5 | 14 |
| 12. | വേങ്ങക്കാല | 65 | 9 | 56 |
| 13. | തുറ്റിയോട് - പണ്ടാരത്തറ | 24 | - | 24 |
| 14. | അമ്പേന്തല | 28 | - | 28 |
| 15. | നെട്ടറത്തല | 40 | - | 40 |
| 16. | കട്ടച്ചൽവിള | 18 | 3 | 15 |
| 17. | മണ്ണംകോട് | 19 | 3 | 16 |
| 18. | അരുമാളൂർകോണം | 4 | - | 4 |

കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിൽ നിർധനരായ 950 പേർക്ക് പഞ്ചായത്ത് സൗജന്യമായി വയറിംങ് ചെയ്തു കൊടുത്തതിൽ 93/94 വരെയുള്ള വർക്ക് കണക്ഷൻ ലഭിച്ചിട്ടുണ്ട്.

വൈദ്യുതി കൂടാതെ മറ്റു സ്രോതസ്സുകളും വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുണ്ട്. പാചകത്തിനുൾപ്പെടെ മണ്ണെണ്ണയുടെ ഉപയോഗം കൂടിവരികയാണ്.

പാചക ആവശ്യത്തിന് വിരളമായി L. P ഗ്യാസ് ഉപയോഗിക്കുന്നുണ്ടെങ്കിലും കൂടുതൽ ആളുകളും വിറകിനെ ആശ്രയിക്കുന്നു. വിറകിൻെറ ലഭ്യത കുറഞ്ഞുവരുന്നു.

## പ്രശ്നങ്ങൾ

1. വൈദ്യുതി വോൾട്ടേജ് കുറയുന്നു. തുടരെയുള്ള വൈദ്യുതികട്ട്.
2. ശേഷിയുള്ളവർ വോൾട്ടേജ് സ്റ്റെബിലൈസർ ഉപയോഗിക്കുന്നതുകൊണ്ടുണ്ടാകുന്ന വോൾട്ടേജ് പ്രശ്നങ്ങൾ.
3. വിറക് ദൗർലഭ്യം - വില കൂടുതൽ.

## സാദ്ധ്യതകൾ :

1. ഉല്പാദനം കൂട്ടുകയും പ്രസരണ വിതരണ നഷ്ടം കുറയ്ക്കുകയും ചെയ്താലേ വോൾട്ടത കുറവ് പരിഹരിക്കാൻ കഴിയൂ. ഇലക്ട്രിക് ലൈനുകളിൽ തൊട്ടുകിടക്കുന്ന കൊമ്പും ചില്ലയും യഥാസമയം വെട്ടിമാറ്റുക.
2. സന്ധ്യാസമയങ്ങളിൽ വൈദ്യുതി ഉപയോഗം അത്യാവശ്യങ്ങൾക്കു മാത്രമാക്കുക. സ്റ്റെപ്പ് അപ്പ് ട്രാൻസ്ഫോർമറുകൾ ഉപയോഗിച്ചാൽ അയൽക്കാരൻെറ വൈദ്യുതിയാണ് സത്യത്തിൽ കവർന്നെടുക്കുന്നത്. ഇത് ബോധവൽക്കരണത്തിലൂടെ മാത്രമേ മറികടക്കാനാകൂ.
3. വിറകുപയോഗം ഗണ്യമായി കുറയ്ക്കാവുന്ന പരിഷത്തടുപ്പുകളുടെ വ്യാപനം, പ്രഷർ കുക്കർ എന്നിവയുടെ പ്രചാരം കൂട്ടൽ.

## നിർദ്ദേശങ്ങൾ :

1. ആലംപാറ 110 ന്നർ സബ് സ്റ്റേഷൻെറ കാര്യക്ഷമത വർദ്ധിപ്പിക്കുക. കൂടുതൽ ട്രാൻസ്ഫോർമർകൾ സ്ഥാപിക്കുക.
2. കോംപാക്ട് ഫ്ളൂറസൻറ് ലാംബുകൾ വ്യാപക മാക്കുക. സാധാരണ ബൾബിൻെറ നാലിരട്ടിപ്രകാശവും പതിന്മടങ്ങ് ആയുസുമുള്ള കോംപാക്ട് ഫ്ളൂറസൻറ് ലാംബിന് വില അല്പം കൂടതലാണ്. ഏകദേശം 300 രൂപ. വെറും 9 വാട്ടിൽ കത്തുന്ന പ്രസ്തുത ലാംബ് സർക്കാർ ഉടമയിൽ നിർമ്മിച്ച് വില കുറച്ച് നൽകി വ്യാപകമാക്കുക. ഒരു 40 വാട്ട് ബൾബിനുപകരം ഒരു കോംപാക്ട് ഫ്ളൂറസൻറ് ലാംബ് ഉപയോഗിച്ചാൽ ഒരു വർഷം 50 യൂണിറ്റിലേറെ വൈദ്യുതി ലാഭിക്കാൻ കഴിയും.
3. സംയോജിത ഗ്രാമീണ ഊർജ്ജാസൂത്രണ പദ്ധതി (IREP) പഞ്ചായത്തിൻെറ സഹകരണ - നിർദ്ദേശങ്ങളോടെ നടപ്പാക്കുക.
4. വിറകടുപ്പുകളെക്കാൾ നാലിരട്ടി ദക്ഷതയുള്ള മൈക്രോവേവ് ഗ്യാസ് അടുപ്പുകൾ പ്രചരിപ്പിക്കുക.
5. ബയോ ഗ്യാസ്, സൗരോർജ്ജം മുതലായ വിവിധ ഊർജ്ജസ്രോതസ്സുകളെ ഉപയോഗപ്പെടുത്തി ഒരു ഗ്രാമത്തിലെ സകല ഊർജ്ജാവശ്യങ്ങളും നിറവേറ്റാനുള്ള പദ്ധതി ആവിഷ്ക്കരിക്കുക.
6. ഊർജനഷ്ടവും പുകശല്യവും ഉണ്ടാക്കുന്ന അശാസ്ത്രീയ വിറകടുപ്പുകൾക്കു പകരം ANERT പോലുള്ള സർക്കാർ സ്ഥാപനങ്ങൾ പ്രചരിപ്പിക്കുന്ന മെച്ചപ്പെട്ട അടുപ്പുകൾ വ്യാപകമാക്കുക.
7. മെച്ചപ്പെട്ട ദക്ഷതയുള്ള മണ്ണെണ്ണ സ്റ്റൗ വ്യാപ കമാക്കുക.
8. ഉടനെ വൈദ്യുതി എത്താൻ സാദ്ധ്യത കുറഞ്ഞ സ്ഥലങ്ങളിൽ സൂര്യവിളക്കുകൾ സ്ഥാപിക്കുക.
9. കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിൽ കുടയാൽ വാർഡിൽ ചിറ്റാറിൽ അരുവിക്കാവ് എന്ന സ്ഥലത്തെ ചെറുവെള്ളച്ചാട്ടത്തെ മെരുക്കിANERT ൻെറ സഹായത്തോടെ ഒരു ചെറുകിട ജലവൈദ്യുത പദ്ധതിക്ക് രൂപം കൊടുക്കുക.
10. പാലിയോടു വാർഡിൽ കടലുകാണി കുന്നിൽ കാറ്റാടി യന്ത്രങ്ങൾ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുക.

## ആവശ്യങ്ങൾ

1. കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിലെ എല്ലാ റോഡുകളിലും തെരുവു വിളക്കുകളോടെ വൈദ്യുതി എത്തിക്കുക.

2. ഇനിയും വൈദ്യുതി എത്താത്ത എല്ലാ പ്രദേശങ്ങളിലും വൈദ്യുതി എത്തിക്കുക.
3. എല്ലാ വീടുകൾക്കും വൈദ്യുതി എത്തിക്കുക.
4. പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ സോഡിയം വേപ്പർ ലാംബുകൾ സ്ഥാപിക്കുക.
5. പ്രധാനപ്പെട്ട സ്ഥലങ്ങളിൽ കൂടുതൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.
7. കുന്നത്തുകാലിൽ പ്രവർത്തിക്കുന്ന K. S. E. B ഓവർസീയർ ആഫീസ് സബ്-ഡിവിഷൻ ആഫീസായി ഉയർത്തുക.
8. എല്ലാ ഹരിജൻ കോളനികളും വൈദ്യുതീകരിക്കുക.
9. ലക്ഷം വീടു കോളനിക്കാർക്ക് സൗജന്യമായി വൈദ്യുതി നൽകുക.
10. ഗതാഗത തടസ്സം സൃഷ്ടിക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുക.
11. സൗരോർജ്ജ വിളക്കുകൾ വ്യാപകമാക്കുക.

## C. മാർക്കറ്റ്

കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിലെ ഏക പൊതു ചന്ത കൂറുവാടു ചന്തയാണ്. എന്നാൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ റോഡുസൈഡിൽ അപകടകരമായി ഒട്ടനവധി അനധികൃത ചന്തകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ദൂരയാത്ര നടത്തി വലിയ ചന്തകളിൽ പോയി സാധനങ്ങൾ വാങ്ങുമ്പോഴുണ്ടാകുന്ന ധന-സമയ നഷ്ടങ്ങൾ കാരണ മാണ് ആളുകൾ ഇത്തരത്തിൽ അടുത്തുള്ള അപകട ചന്തകളെ ആശ്രയിക്കുന്നത്. കാർഷിക ഉല്പന്നങ്ങൾ വിൽക്കാനും കച്ചവടക്കാരെ ആകർഷിക്കാനും അപകടങ്ങൾ ഒഴിവാക്കാനും പോരുന്ന തരത്തിൽ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ കൊച്ചുകൊച്ചു ചന്തകൾ സ്ഥാപിക്കുന്നതാണ് ഇക്കാലത്ത് പ്രായോഗികമായിട്ടുള്ളത്. ഈ പഞ്ചായത്തിൽ താഴെ പറയുന്ന സ്ഥലങ്ങളിൽ ഇത്തരത്തിലുള്ള ചെറുചന്തകൾ സ്ഥാപിക്കേണ്ടതുണ്ട്. (1) കുന്നത്തുകാൽ (2) ചാവടി (3) വണ്ടിത്തടം (4) കാരക്കോണം (5) പുല്ലംന്തേരി (6) ചെറിയകൊല്ല (7) മണവാരി (8) പടപ്പിത്തോട്ടം (9) നാറാണി (10) എള്ളുവിള (11) വേങ്കോട് (12) അമ്പലക്കാല.

## നിർദ്ദേശങ്ങൾ

1. ചന്തകളിൽ വിൽക്കുന്നവർക്കും വാങ്ങുന്നവർക്കും ചൂഷണവിമുക്തമായ നിജപ്പെടുത്തിയ വില നിയന്ത്രണം ഏർപ്പെടുത്തുക.
2. അളവുതൂക്കങ്ങളുടെ കൃത്യത പരിപാലിക്കപ്പെടുക.
3. ചന്തയോടനുബന്ധിച്ചുണ്ടാകുന്ന പരിസര മലിനീകരണം ഇല്ലാതാക്കുക.
4. കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിൽ അടിയന്തിരമായി ഒരു മാവേലിസ്റ്റോർ അനുവദിക്കുക.

# ഭവനനിർമ്മാണവും സാമൂഹ്യക്ഷേമവും

പഞ്ചായത്തിലെ ജനസംഖ്യയുമായി തട്ടിച്ചു നോക്കുമ്പോൾ വാസയോഗ്യമായ പാർപ്പിടങ്ങളുടെ പരിമിതി വളരെയേറെ ഉണ്ട്. കെട്ടിടനിർമ്മാണരംഗത്ത് ആധുനിക പ്രവണതകൾ കടന്നുകൂടിയിട്ടുണ്ടെങ്കിലും മൊത്തത്തിൽ കെട്ടിടങ്ങൾക്ക് വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങൾ കുറവാണ്, ഇതിൽ ഒരു വിഭാഗം ഓല മേഞ്ഞ, താമസസൗകര്യം തീരെ ഇല്ലാത്ത കുടിലുകളാണ്. ഒന്നിലധികം കുടുംബങ്ങൾ ഒരേ വീട്ടിൽ താമസിക്കുന്ന സ്ഥിതി വിശേഷവും ഇവിടെയുണ്ട്.

ആധുനിക രീതിയിലുള്ള കോൺക്രീറ്റ് കെട്ടിടങ്ങൾ പഞ്ചായത്തിൽ കൂടി വരുകയാണ്. പരമ്പരാഗത വാസ്തു ശില്പ മാതൃകയിലുള്ള കെട്ടിടങ്ങൾ നിർമ്മിയ്ക്കാനൊന്നും തന്നെ ആൾക്കാർ താല്പര്യം കാണിക്കുന്നില്ല. ചെലവു കുറഞ്ഞ ബക്കർ മാതൃകയിലുള്ള കെട്ടിടങ്ങൾ ഒന്നും തന്നെ പഞ്ചായത്തിൽ വന്നിട്ടില്ല.

കെട്ടിട നിർമ്മാണത്തിനാവശ്യമായ പാറ, ഇഷ്ടിക, ഓട് തുടങ്ങിയ സാമഗ്രികൾക്കെല്ലാം തന്നെ മറ്റ് പഞ്ചായത്തുകളേയോ, അന്യസംസ്ഥാനത്തേയോ ആശ്രയിയ്ക്കേണ്ട അവസ്ഥയാണ്. മുൻകാലങ്ങളിൽ ജൈവവേലികൾ നിലവിൽ ഉണ്ടായിരുന്നു. മതിലുകൾ കെട്ടാനുള്ള ഭ്രമം ഉണ്ടായതോടുകൂടി ജൈവവേലികൾ അപ്രത്യക്ഷമായി കൊണ്ടിരിക്കുന്നു.

കെട്ടിട നിർമ്മാണതൊഴിലാളികളുടെ ലഭ്യത പഞ്ചായത്തിൽ കുറവാണ്. അതിന് പല കാരണങ്ങൾ ഉണ്ട്. വിദഗ്ധരായ തൊഴിലാളികൾ കൂടുതൽ വേതനം പ്രതീക്ഷിച്ച് വിദേശരാജ്യങ്ങളിലേയ്ക്ക് പോകുന്നു. മാത്രമല്ല നഗരപ്രദേശങ്ങളിൽ ഉള്ള വൻകിടകെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ഈ തൊഴിലാളികളെ അങ്ങോട്ട് ആകർഷിക്കുന്നു.

തൊഴിലാളികളുടെ ശമ്പളനിരക്ക് ഗണ്യമായി കൂടിക്കൊണ്ടിരിക്കുന്നു. 1985-90 ലേതിനേക്കാൾ ഏകദേശം മൂന്നുമടങ്ങ് വർദ്ധനവ് ഉണ്ടായിട്ടുണ്ട്. അതേസമയം ജോലിയുടെ അളവ് താരതമ്യേന കുറഞ്ഞിട്ടുണ്ട്. ഭാഗ്യാന്വേഷികളായി വിദൂരങ്ങളിൽ പോകാതെ ശേഷിക്കുന്ന വൈദഗ്ധ്യം കുറഞ്ഞ തൊഴിലാളികളെക്കൊണ്ടു നടത്തുന്ന ഭവന നിർമ്മിതിയിൽ പല വൈകല്യങ്ങളും സംഭവിക്കാറുണ്ട്.

ഭവന നിർമ്മാണ രംഗത്ത് വായ്പ നൽകുന്ന ഹൗസിംഗ് സൊസൈറ്റി നിലവിലുണ്ട്. എങ്കിലും അർഹരായ പലർക്കും വായ്പ ലഭിക്കുന്നതിന് പ്രയാസം നേരിടുന്നുണ്ട്. സഹകരണ രംഗത്ത് ഭവന നിർമ്മാണ വായ്പ നൽകുന്നതിന് നിലവിലുള്ള നിയമങ്ങൾ സാധാരണക്കാർക്ക് വളരെ ബുദ്ധിമുട്ട് ഉണ്ടാക്കുന്നു.

ഭവന നിർമ്മാണ രംഗത്ത് ഹൗസിംഗ് ബോർഡ് LIC തുടങ്ങിയവ വഴി വായ്പകൾ ലഭ്യമാണെങ്കിലും ഭൂമിയുടെ അമിതമായ വിലക്കയറ്റവും ഭൂദൗർലഭ്യം ആവശ്യസാധനങ്ങളുടെ ഭീമമായ വിലക്കയറ്റം എന്നിവ പുതിയ കെട്ടിട നിർമ്മാണ രംഗത്തെ സാരമായി ബാധിക്കുന്നുണ്ട്.

ഭവനരഹിതരായ ധാരാളം കുടുംബങ്ങൾ പഞ്ചായത്തിൽ നിലവിലുണ്ട്. IRDP സർവ്വേ പ്രകാരം വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണവും മറ്റു വിവരങ്ങളും അടങ്ങുന്ന വാർഡ് അടിസ്ഥാനത്തിലുള്ള പട്ടിക ചുവടെ ചേർക്കുന്നു. (അടുത്ത പേജ് കാണുക)

***ലക്ഷം വീട് കോളനികൾ :***

നരിക്കോട്, ഉണ്ടൻകോട്, കൈതോട്ടുകോണം, കട്ടച്ചൽവിള, കുളപ്പുറത്തുകോണം എന്നീ 5 ലക്ഷം വീട് കോളനികളാണ് പഞ്ചായത്തിലുള്ളത്. ഈ കോളനികളൊന്നും തന്നെ വാസയോഗ്യമല്ല. പദ്ധതിക്കാലത്ത് അടിസ്ഥാന സൗകര്യങ്ങൾ ഒന്നും തന്നെ ഇവിടെ നടപ്പിലാക്കിയിട്ടില്ലായിരുന്നു. ഈ കോളനികളിൽ അടിയന്തിരമായി അടിസ്ഥാന സൗകര്യം ഏർപ്പെടുത്തി വാസയോഗ്യം ആക്കേണ്ടതുണ്ട്.

***ഹരിജൻ കോളനികൾ :***

കൈവൻകാല, തവയത്തുകോണം, വേങ്കവിള, മേര്യാംകോട്, കുട്ടത്തിവിള, കുളക്കോട്, വള്ളിച്ചിറ, അരുമാനൂർക്കോണം, തുറ്റിയോട്ടുകോണം, പണ്ടാറ

| വാർഡ് | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം (IRDP സർവ്വേ) | വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ചതിൽ ഇനിയും പൂർത്തീകരിക്കാനുള്ള വീട് | ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം |
|---|---|---|---|---|---|
| ആനാവൂർ | 196 | 1 | 1 | – | 195 |
| കോട്ടയ്ക്കൽ | 167 | 5 | 5 | 1 | 162 |
| കോരണംകോട് | 190 | 2 | 2 | – | 188 |
| മൂവേരിക്കര | 160 | 2 | 2 | – | 158 |
| മാണിനാട് | 104 | 6 | 5 | 1 | 98 |
| കുന്നത്തുകാൽ | 101 | 21 | 18 | 3 | 80 |
| കാരക്കോണം | 90 | 14 | 10 | 4 | 76 |
| കോട്ടുക്കോണം | 98 | 20 | 18 | 2 | 78 |
| ചെറിയകൊല്ല | 100 | 14 | 9 | 5 | 76 |
| കുടയാൽ | 97 | 17 | 12 | 5 | 80 |
| നാറാണി | 191 | 6 | 6 | 2 | 185 |
| പാലിയോട് | 182 | 3 | 3 | – | 179 |

ത്തറ, അംബിയൻതല (IHDP) ഇഴീക്കോട്. മലയങ്കാവ്, നെട്ടറത്തല വെതുക്കോട്ടുകോണം, ഉണ്ടംകോട് കിഴക്കുംകര, വല്ലയത്തുകോണം, വേങ്കക്കാല, മൂപ്പുകാല, ചെമ്മൺതട്ട്, തോപ്പുവിള, ചെമ്മൺകാല തുടങ്ങിയ ഹരിജൻ കോളനികളാണ് പഞ്ചായത്തിൽ ഉള്ളത്. ഈ കോളനികളിൽ എല്ലാംതന്നെ ലക്ഷംവീട് കോളനികളെ അപേക്ഷിച്ച് അടിസ്ഥാന സൗകര്യങ്ങൾ കൂടുതലാണ്. പട്ടികജാതി പട്ടിക വർഗ്ഗത്തിനായുള്ള പ്രത്യേക ആനുകൂല്യ പദ്ധതികൾ ഉള്ളതാണ് ഇതിന് കാരണം. എങ്കിലും പല കെട്ടിടങ്ങളും താമസയോഗ്യമല്ല.

***സാദ്ധ്യതകൾ:***

പഞ്ചായത്തിലെ 13 വാർഡുകളിലായി 3500–ഓളം പുതിയ ഭവനങ്ങൾ നിർമ്മിക്കേണ്ടതും 3300–ഓളം ഓലമേഞ്ഞ വീടുകൾ ഓട് ഇടേണ്ടതുമാകുന്നു. ഓട് മേഞ്ഞതും കാലപ്പഴക്കത്താൽ ജീർണിച്ചതുമായ വീടുകൾ പുതുക്കി പണിയേണ്ടതുണ്ട്. ഭവനരഹിതരായിട്ടുള്ളവരും വരുന്ന അഞ്ചുകൊല്ലക്കാല അളവിൽ ഭവനരഹിതരാകാവുന്നവരുമായ കുടുംബങ്ങൾക്ക് ജാതിവിവേചനമില്ലാതെ വീട് വെച്ചുനൽകുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുക.

നിർമ്മിത കേന്ദ്രത്തിന്റെ യൂണിറ്റ് പഞ്ചായത്തിൽ സ്ഥാപിച്ച് ചെലവുകുറഞ്ഞ നിർമ്മിതി വീടുകൾ സ്ഥാപിക്കാനുള്ള ഉപദേശം നൽകുകയും നിർമ്മാണ പ്രവർത്തനത്തിനുള്ള അസംസ്കൃത വസ്തുക്കൾ കുറഞ്ഞ ചെലവിൽ ഉപഭോക്താക്കൾക്ക് കിട്ടത്തക്ക വിധത്തിൽ പഞ്ചായത്തു തലത്തിൽ സംവിധാനം ഉണ്ടാക്കുകയും ചെയ്യുക. ഈ നിർമ്മിതി കേന്ദ്രങ്ങൾ വഴി നിർമ്മാണ തൊഴിലാളികൾക്ക് വിദഗ്ദ്ധപരിശീലനവും നൽകാവുന്നതാണ്.

ഭൂരഹിതരായ നിർധനർക്ക് ഭൂമി ലഭ്യമാക്കി പാർപ്പിട സൗകര്യം ഏർപ്പെടുത്തുക.

ആഡംബരങ്ങളോട് കൂടിയ ചെലവ് കൂടിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നവരിൽ നിന്നും കൂടിയ നികുതി ഈടാക്കുക.

കെട്ടിടമെയിന്റനൻസിനുവേണ്ടി ഹൗസ്കൺസ്ട്രക്ഷൻ സൊസൈറ്റി മാതൃകയിലുള്ള സംവിധാനങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ രൂപീകരിയ്ക്കാവുന്നതാണ്.

പഞ്ചായത്തിന്റെ പല ഭാഗത്തും പുറമ്പോക്ക് നിവാസികൾ ഉണ്ട്. ഗതഗാത തടസ്സം ഉണ്ടാകുന്നതിന് പോലും ഈ താമസം കാരണമാകുന്നു. തടസ്സമില്ലാതെ പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് പൊതുതാല്പര്യങ്ങൾക്ക് വിധേയമായി പട്ടയം നൽകുക. മറ്റുള്ളവരെ പഞ്ചായത്തിൽ പ്രത്യേകം സ്ഥലം കണ്ടെത്തി പുനരധിവസിപ്പിക്കുക. പഞ്ചായത്തിന്റെ ഒന്നോരണ്ടോ കേന്ദ്രങ്ങളിൽ വിവിധ സൗകര്യങ്ങളോടുകൂടിയ ആസൂത്രിത ഭവനപദ്ധതി രൂപീകരിക്കുക.

പഞ്ചായത്തിലെ പല സർക്കാർ കെട്ടിടങ്ങളും ജീർണ്ണിച്ച അവസ്ഥയിലാണ്. കുന്നത്തുകാൽ വില്ലേജാഫീസ്, ആനാവൂർ വില്ലേജാഫീസ്, കുന്നത്തുകാൽ യു.പി.എസ്/ആനാവൂർ ഹൈസ്കൂൾ തുടങ്ങിയവ

ഇതിൽ ഉൾപ്പെടുന്നു. ഈ കെട്ടിടങ്ങളെ അടിയന്തിര മായി പുനരുദ്ധരിക്കേണ്ടതുണ്ട്.

പഞ്ചായത്തിലെ വിവിധ വാർഡുകളിലായി കക്കൂസുകൾ തുടങ്ങിയ സാനിട്ടറി സൗകര്യങ്ങൾ ഇല്ലാത്ത വീടുകൾ നിരവധി ഉണ്ട്. ഇതു സംബന്ധിച്ച വിവരങ്ങൾ പട്ടികയായി താഴെ രേഖപ്പെടുത്തിയിരിക്കുന്നു.

| വാർഡിന്റെ പേര് | കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം | ഇനി കക്കൂസുകൾ വേണ്ട വീടുകളുടെ എണ്ണം |
|---|---|---|
| ആനാവൂർ | 475 | 475 |
| പാലിയോട് | 300 | 300 |
| കോരണംകോട് | 300 | 300 |
| കോട്ടയ്ക്കൽ | 300 | 300 |
| അരുവിയോട് | 150 | 150 |
| മൂവേരിക്കര | 200 | 200 |
| മാണിനാട് | 450 | 450 |
| കുന്നത്തുകാൽ | 250 | 250 |
| കാരക്കോണം | 350 | 350 |
| കോട്ടുക്കോണം | 400 | 400 |
| നാറാണി | 250 | 250 |
| ചെറിയകൊല്ല | 300 | 300 |
| കുടയാൽ | 275 | 275 |

പഞ്ചായത്തിലെ എല്ലാ ലക്ഷം വീടു കോളനികളിലെയും വീടുകൾ ഒറ്റ വീടുകളാക്കി പുനരുദ്ധരിക്കേണ്ടതാണ്. കൂടാതെ തത്തലാപാട്, വടകരിമൂല, പീച്ചിയോട്, തുരുത്തിമൂല, താന്നിക്കുഴി, കുളക്കോട്ടുകോണം, താത്ത്യാരുകോണം, കൈതോട്ടുകോണം, അണിമാംഗലം, പൂവഞ്ചേരി, കുരുവിനിരപ്പ്, ഊട്ടുപറമ്പ്, ആലുവിള, കല്ലുതട്ട് എന്നീ ഹരിജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളെ ഹരിജൻ കോളനികളാക്കി പ്രഖ്യാപിക്കുകയും ഭവനം, വൈദ്യുതി, കുടിവെള്ളം, തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്യണം. പ്രസ്തുത കോളനികളിൽ ഭവനരഹിതർക്ക് വീട് നിർമ്മിച്ച് കൊടുക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കണം. അർഹത അനുസരിച്ച് വീട് വയ്ക്കുന്നതിന് കുറഞ്ഞ പലിശനിരക്കിൽ, വായ്പയും ഗ്രാന്റും അനുവദിക്കുക.

*സാമൂഹ്യക്ഷേമം :-*

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 4874 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെ ഉള്ളവരാണ്. ഈ വിഭാഗം ജനങ്ങൾക്ക് സാമൂഹികമായും സാമ്പത്തികമായും മുന്നേറുന്നതിനുള്ള സഹായ പദ്ധതികൾ അപര്യാപ്തമാണ്. ഇതു സംബന്ധിച്ച വിവരം പട്ടികയായി ചുവടെ രേഖപ്പെടുത്തിയിരിക്കുന്നു. (IRDP സർവേവ പ്രകാരം) (അടുത്ത പേജ് കാണുക)

TRISEM, DWCRA പദ്ധതികൾ പ്രകാരം ഈ പഞ്ചായത്തിൽ 317 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. അവരിൽ ഏറിയ കൂറും ഈ രംഗത്ത് തന്നെ പ്രവർത്തിക്കുന്നുണ്ട്. എങ്കിലും സാമ്പത്തിക പരാധീനത കാരണം അവർ പ്രസ്തുത മേഖലയിൽ തുടരാൻ വൈമനസ്സ്യം പ്രകടിപ്പിക്കുന്നു. ഇക്കാരണത്താൽ ഇവർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിയുന്നില്ല. കൂടുതൽ സാമ്പത്തിക സഹായം അനുവദിക്കേണ്ടതാണ്. ഇതിനാവശ്യമായ ധനസഹായം പല ഉപഭോക്താക്കൾക്കും അനുവദിച്ചു കിട്ടുന്നില്ല. വായ്പ കിട്ടുന്നതിനുള്ള വ്യവസ്ഥകൾ ലഘൂകരിച്ചാൽ മാത്രമേ ഇത് കാര്യക്ഷമമാക്കാൻ സാധിക്കുകയുള്ളു. പഞ്ചായത്തിൽ നിന്നും നൽകിയിട്ടുള്ള വിവിധ തരം പെൻഷനുകളുടെ പട്ടിക താഴെ രേഖപ്പെടുത്തുന്നു.

| അഗതി പെൻഷൻ | വിധവ പെൻഷൻ | വികലാംഗ പെൻഷൻ | വാർദ്ധക്യ പെൻഷൻ |
|---|---|---|---|
| 824 | 493 | 240 | 91 |

*അവലംബം : പെൻഷൻ രജിസ്റ്റാർ*

അർഹരായ വിധവകൾക്കും വയോജനങ്ങൾക്കും നിയമപരമായ നടപടിക്രമങ്ങൾ കാരണം പെൻഷനുകൾ യഥാസമയം കിട്ടുന്നില്ല. അതിനാൽ പ്രസ്തുത നടപടിക്രമങ്ങൾ ഉദാരവൽക്കരിക്കേണ്ടതുണ്ട്. അർഹരായവർക്ക് അറിവില്ലായ്മ മൂലം യഥാസമയം ആനുകൂല്യങ്ങൾക്ക് അപേക്ഷിക്കാൻ സാധിക്കുന്നില്ല. ഇതിലേയ്ക്കായി ബോധവൽക്കരണം ആവശ്യമാണ്. ധനസഹായത്തിന് അപേക്ഷ നൽകിയിട്ടും സർക്കാർ ഉദ്യോഗസ്ഥരുടെ അനാസ്ഥ മൂലം കാലതാമസം ഉണ്ടാകുന്നു. ആയതുകൊണ്ട് ഈ സംവിധാനം പഞ്ചായത്തു മുഖേന നടപ്പിലാക്കുക.

വിവിധ രീതിയിലുള്ള ആനുകൂല്യങ്ങൾ വികലാംഗർക്ക് ലഭിക്കുന്നുണ്ട്. അജ്ഞത കാരണം ഭൂരിപക്ഷം പേരും വികലാംഗക്ഷേമ കോർപ്പറേഷനിൽ അംഗമാകുന്നില്ല. ഇതിന് പരിഹാരമാർഗ്ഗമായി വാർഡ് തോറും അംഗനവാടികൾ മുഖേന ബോധവൽക്കരണ പരിപാടികൾ നടത്തണം. സാമ്പത്തികമായി സഹായം ലഭിക്കുന്നതിന് ആവശ്യമായ നടപടി ക്രമങ്ങൾക്ക് ഗവ: ഓഫീസുകളിൽ എത്തുന്ന വികലാംഗർക്ക് വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടിവരുന്നുണ്ട്. ഇത് പരിഹരിക്കുന്നതിന് ഉതകുന്ന സംവിധാനം ഗവ: ആഫീസുകളിൽ ഉണ്ടാകണം.

അന്ധ-ബധിര-മൂകർക്ക് വേണ്ടിയുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ ഗ്രാമ പഞ്ചായത്ത് മുഖേന നടപ്പിലാക്കേണ്ടതുണ്ട്. അജ്ഞാ

| വാർഡ് | ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ചതു വഴി ദാരിദ്ര്യരേഖക്കു മുകളിൽ എത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖക്കു താഴെ ഉള്ള ആകെ കുടുംബങ്ങൾ |
|---|---|---|---|---|---|---|
| ആനാവൂർ | 530 | 77 | 9 | 2 | 9 | 530 |
| കോട്ടയ്ക്കൽ | 500 | 64 | 23 | 17 | 23 | 500 |
| കോരണംകോട് | 573 | 104 | 29 | 21 | 29 | 573 |
| മൂവേരിക്കര | 469 | 82 | 12 | 7 | 12 | 469 |
| മാണിനാട് | 383 | 60 | 35 | 15 | 28 | 383 |
| കുന്നത്തുകാൽ | 341 | 102 | 30 | 15 | 20 | 341 |
| കാരക്കോണം | 371 | 85 | 29 | 15 | 21 | 371 |
| കോട്ടുക്കോണം | 407 | 48 | 30 | 20 | 20 | 407 |
| നാറാണി | 443 | 84 | 36 | 18 | 36 | 443 |
| ചെറിയകൊല്ല | 403 | 65 | 27 | 10 | 18 | 403 |
| കുടയാൽ | 287 | 46 | 27 | 15 | 17 | 287 |
| പാലിയോട് | 476 | 57 | 23 | 11 | 22 | 476 |

തകാരണം അർഹരായവർക്ക് IRDP ലിസ്റ്റിൽ ഉൾപ്പെടാൻ സാധിക്കാത്ത അവസ്ഥ ഉണ്ട്. ഇടനിലക്കാരുടെ ഇടപെടൽ മൂലം ഈ രംഗത്ത് അഴിമതി സംജാതമാകുന്നു. ഈ സ്ഥിതി മാറ്റാനും, ബോധവൽക്കരണം നടത്താനുമുള്ള സംവിധാനം ഉണ്ടാകണം.

വനിതാ ക്ഷേമത്തിനായി DWCRA യൂണിറ്റുകൾ വാർഡ് തലത്തിൽ സ്ഥാപിക്കുക. TRISEM പരിപാടിയിൽ പരിശീലനം സിദ്ധിച്ച യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ സഹായം നൽകുക. ഇതിലേയ്ക്കായി സഹകരണ മേഖലയിൽ വാർഡു തലത്തിൽ യൂണിറ്റുകൾ സ്ഥാപിക്കുക.

വാർഡുതലത്തിൽ ജനകീയ കമ്മിറ്റികൾ രൂപീകരിച്ച് ധനസഹായപദ്ധതികൾക്ക് അർഹരായവരെ കണ്ടെത്തുക.

വാർഡുതലത്തിൽ പ്രവർത്തിക്കുന്ന മഹിളാ സമാജങ്ങൾ, ബാലവാടികൾ എന്നിവയുടെ കീഴിൽ പോഷകാഹാരം പ്രതിരോധചികിത്സാ സംവിധാനം എന്നിവ നടപ്പിലാക്കുക. ഇതിലേയ്ക്ക് ജനകീയ സമിതികൾ വാർഡുതലത്തിൽ രൂപീകരിച്ച് പ്രവർത്തനക്ഷമമാക്കുക.

പഞ്ചായത്തു തലത്തിൽ വനിതകളെ ഏകോപിപ്പിച്ചുകൊണ്ട് ഒരു സർവ്വീസ് സഹകരണ ബാങ്ക് സ്ഥാപിച്ച് സ്ത്രീകൾക്ക് ഉദാരവ്യവസ്ഥയിൽ തൊഴിൽ കണ്ടെത്തുന്നതിനുള്ള ധനസഹായം നടപ്പിലാക്കുക.

വയോജനങ്ങളെ സംരക്ഷിക്കുന്നതിനായി പഞ്ചായത്തു തലത്തിൽ ഒരു "വൃദ്ധസദനം" സ്ഥാപിക്കുക.

സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ ദേശസാൽക്കൃതബാങ്കുകൾ, റിസർവ്വ് ബാങ്ക് അംഗീകരിച്ചിട്ടുള്ള മറ്റ് ബാങ്കുകൾ തുടങ്ങിയവയുടെ നിലവിലുള്ള ജാമ്യവ്യവസ്ഥകൾ ലഘൂകരിച്ചുകൊണ്ടുള്ള നടപടികൾ സ്വീകരിക്കുക.


കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത്
സർക്കാർ സ്ഥാപനങ്ങൾ
ആരാധനാലയങ്ങൾ
സർക്കാർസ്ഥാപനങ്ങൾ
പള്ളികൾ
ക്ഷേത്രങ്ങൾ
പള്ളിക്കൂടങ്ങൾ
പുലകിൽക്കോണം
ചാമവിള
ആലത്തൂർ
മൂവേരിക്കര
ഇരുത്തിമൂല
വണ്ടിത്തടം
കുന്നത്തുകാൽ
കൂനമ്പന
മലയിൻകാവ്
ചെറിയക്കൊല്ല
നിലമാമൂട്
തോലടി
കാരക്കോണം
കന്നുമാമൂട്

9 പഞ്ചായത്തു തലത്തിൽ ഒരു റിക്രിയേഷൻ ക്ലബ് സ്ഥാപിക്കുക.

10 നിലവിലുള്ള പഞ്ചായത്തു സ്റ്റേഡിയം, വിപുലീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.

11 കായിക പരിശീലനത്തിന് പഞ്ചായത്ത് തലത്തിൽ ഒരു പരിശീലന കേന്ദ്രം സ്ഥാപിക്കുക.

12 ആർഷ ഭാരത സംസ്കാരം ഉയർത്തിപിടിക്കുന്നതിന് പാശ്ചാത്യ സംസ്കാരത്തിന്റെ അന്ധമായ അനുകരണം മാറ്റിയെടുക്കാനുള്ള ശ്രമം (ശേഷം പേജ് 67-ൽ)

## പ്രധാനക്ഷേത്രങ്ങളും വാർഷികോത്സവവും

| | ക്ഷേത്രത്തിന്റെ പേര് | സ്ഥലം | വാർഷികോത്സവം | |
|---|---|---|---|---|
| 1 | പിറന്തൂർ മഹാദേവർ ക്ഷേത്രം | ചെറിയകൊല്ല | 1. തിരുവാതിര മഹോത്സവം<br>2. ശിവരാത്രി | ഡിസംബർ – ജനുവരി മാസങ്ങളിൽ |
| 2 | ചെഴുങ്ങാനൂർ ശിവക്ഷേത്രം | കുന്നത്തുകാൽ | ശിവരാത്രി മഹോത്സവം | മാർച്ച് മാസം |
| 3 | ചിമ്മണ്ടി നീലകേശി ക്ഷേത്രം | മാണിനാട്ട് | കാളിയൂട്ട് മഹോത്സവം (ദാരക വധം) | മാർച്ച് മാസം |
| 4 | ശ്രീകൃഷ്ണസ്വാമിക്ഷേത്രം | മാണിനാട് | ശ്രീകൃഷ്ണജയന്തി (അഷ്ടമിരോഹിണി) | സെപ്തംബർ മാസം |
| 5 | മുര്യത്തോട്ടം ശാസ്താകണ്ഠൻ ക്ഷേത്രം | കാരക്കോണം (ചുറ്റിയോട്ടുകോണം) | വിഷുമഹോത്സവം | മാർച്ച്, ഏപ്രിൽ മാസം |
| 6 | അണ്ടൂർകണ്ഠൻ ശാസ്താ ക്ഷേത്രം | തോലടി | മകരവിളക്ക് മഹോത്സവം | ജനുവരി മാസം |
| 7 | വിട്ടിയറ ശ്രീകണ്ഠൻ ശാസ്താ ക്ഷേത്രം | വരമ്പിൽക്കട (ആനാവൂർ) | മകരവിളക്ക് മഹോത്സവം | ജനുവരി മാസം |
| 8 | ആഴാംകുളം ശ്രീധർമ്മശാസ്താ ക്ഷേത്രം | പാലിയോട് | മകരവിളക്ക് മഹോത്സവം | ജനുവരി മാസം |
| 9 | നെല്ലന്നൂർക്കോണം നാഗരാജാ ക്ഷേത്രം | കുന്നത്തുകാൽ | ആയില്യപൂജുമഹോത്സവം | (എല്ലാമാസവും) |
| 10 | കൊന്നന്നൂർക്കോണം ക്ഷേത്രം | കൊന്നന്നൂർക്കോണം | ചിറപ്പുമഹോത്സവം | |
| 11 | ആനാവൂർ ശ്രീഭദ്രകാളി ദേവീക്ഷേത്രം | ആനാവൂർ | കാളിയൂട്ട് മഹോത്സവം | മാർച്ച് മാസം |
| 12 | കോട്ടയ്ക്കൽ ദേവീക്ഷേത്രം | കോട്ടയ്ക്കൽ | കാളിയൂട്ട് മഹോത്സവം | മാർച്ച് മാസം |
| 13 | അരുവിയോട് ഗണപതി ക്ഷേത്രം | അരുവിയോട് | നിത്യപൂജയും വിനായകചതുർത്ഥിയുത്സവവും | |
| 14 | ശ്രീകൃഷ്ണസ്വാമിക്ഷേത്രം | അരുവിയോട് | | |
| 15 | അരുവിക്കാവ് ഭൂതത്താൻപാറക്കാവ് | കുടയാൽ | നിത്യപൂജയും കെടുതിയുത്സവവും | |
| 16 | വെതുക്കോട്ടുക്കോണം ഭൂതത്താൻകാവ് | വെതുക്കോട്ടു ക്കോണം | ആഗസ്റ്റുമാസം വാർഷികോത്സവം | |
| 17 | പൂവൻകാവ് സർപ്പക്കാട് | പൂവൻകാവ് | ആയില്യംപൂജമഹോത്സവം | |
| 18 | ദുർഗ്ഗാക്ഷേത്രം | തൊളിച്ചൽ | മാർച്ച് മാസം | |

## പ്രധാനക്രിസ്തീയ ദേവാലയങ്ങൾ

| പേര് | സ്ഥലം | വാർഷികതിരുനാൾ |
|---|---|---|
| 1. ആങ്കോട് സി.എസ്.ഐ. ചർച്ച് | മൈലപ്പൊറ്റ | ഏപ്രിൽ - മേയ്- ഡിസാംബർ മാസങ്ങളിൽ ക്രിസ്മസ്, ഈസ്റ്റർ, വാർഷിക തിരുനാൾ |
| 2 ശാരോൺ പെന്തക്കോസ്തു ചർച്ച് | മുഴങ്ങിൽ | |
| 3 മുഴങ്ങിൽ ആർ.സി. ചർച്ച | മുഴങ്ങിൽ | |
| 4 കന്യാകുഴി സാൽവേഷൻ ആർമി | കന്യാകുഴി | |
| 5 ശാരോൺ പെന്തക്കോസ്തു കുട്ടക്കുഴി | കുട്ടക്കുഴി (ആലത്തൂർ) | |
| 6 റിവൈവൽ ചർച്ച് മുഴങ്ങിൽ | മുഴങ്ങിൽ | |
| 7 ആർ.സി. ചർച്ച്, മൊട്ടലുംവിള | മൊട്ടലുംവിള | |
| 8 കാഞ്ചിയോട്ട് ബി.എഫ്.എം. | കാഞ്ചിയോട് | |
| 9 ഇന്റർ നാഷണൽ സീയോൻ ചർച്ച് ഓഫ് ഗോഡ് കണിയാംക്കോണം | കണിയാംക്കോണം | |
| 10 എൽ.എം.എസ്. ചർച്ച് പേരിൻപകോണം | പേരിൻപകോണം | |
| 11 പെനിയേൽലൂഥറൻ ചർച്ച് | ആലംപാറ | |
| 12 അസംബ്ലീസ് ഓഫ് ഗോഡ് | കോട്ടയ്ക്കൽ | |
| 13 മാർത്തോമ്മാ ചർച്ച്, ചാമവിള | ചാമവിള | |
| 14 സി.സി.ഐ. ചർച്ച് ഇടത്തോട്ടം | ഇടത്തോട്ടം | |
| 15 ആർ.സി. ചർച്ച് കൈവൻകാല | കൈവൻകാല | |
| 16 ഇ.എസ്.ഐ. ചർച്ച് പള്ളിവിള | പള്ളിവിള | |
| 17 സെന്റ് മേരീസ് ചർച്ച് | അരുവിയോട് | |
| 18 ഇ.സി.ഐ. ചർച്ച് പള്ളിവിള | പള്ളിവിള | |
| 19 ഇവാഞ്ചലിക്കൽ ചർച്ച് | കട്ടാറമല | |
| 20 പെന്തക്കോസ്തുമിഷൻ ചർച്ച് | മുള്ളംകുഴി | |
| 21 ഐ.പി.സി. ചർച്ച് | വിരാലക്കാല | |
| 22 മാർത്തോമ്മാ ചർച്ച് | ഇടയ്ക്കോട്ടുക്കോണം | |
| 23 ഇവാഞ്ചലിക്കൽ ചർച്ച ഓഫ് ഇൻഡ്യ | പാറക്കോണം | |
| 24 സെന്റ് ജോസഫ് ചർച്ച് | പാലിയോട് | |
| 25 ബൈബിൾ ഫെയിത്ത് മിഷൻ | വള്ളിച്ചിറ | |
| 26 സാൽവേഷൻ ആർമി | വള്ളിച്ചിറ | |
| 27 സി.എസ്.ഐ. ചർച്ച് | കിഴക്കോട്ടുമേല | |
| 28 സി.എസ്.ഐ. ചർച്ച് | മണവാരി | |

# സംസ്കാരം

"ഉത്തരം യൽ സമുദ്രസ്യഹിമാദ്രേശ് ചൈവദക്ഷിണം

വർഷം തത്ഭാരതം നാമഭാരതീയത്ര സന്തതി"

എന്ന് പരാശരമഹർഷി അഭിമാനതരംഗിതനായി പ്രസ്താവിച്ച ആർഷഭാരതം, ആ സ്വർഗ്ഗീയഭൂമി ഇന്ന് സാംസ്കാരിക അധ:പതനത്തിന്റെ പാതയിൽ നിൽക്കുന്നു.

കഴിഞ്ഞ ഒരു നൂറ്റാണ്ടിനുശേഷം, അനുഭവിച്ചു വരുന്ന ഈ അപചയത്തിന് നിദാനമായ ഘടകങ്ങളെക്കുറിച്ച് നാം ഗൗരവപൂർവ്വം ചിന്തിക്കേണ്ടതുണ്ട്.

അന്നന്നത്തെ പ്രശ്നങ്ങൾ, സങ്കുചിതവും, സ്വാർത്ഥപ്രേരിതവുമായ പ്രശ്നങ്ങൾ, പരിഹരിക്കുന്നതിനതീതമായി സമഗ്രമായ സാംസ്കാരികോന്നമനത്തിന് വഴിയൊരുക്കുന്നതിനെപ്പറ്റി കലാപരമായും, കായികപരമായും സാമൂഹ്യമായും ഉള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്.

സമൂഹത്തിന്റെ പൊതുക്കാര്യങ്ങളിൽ പുറംതിരിഞ്ഞു നിൽക്കുകയും സ്വന്തം കാര്യങ്ങളിൽ മാത്രം ശ്രദ്ധ ചെലുത്തുകയും ചെയ്യുന്ന ജനകീയ സംസ്കാരമാണ് മാറ്റിമറിക്കേണ്ടത്. സ്വാർത്ഥമോഹങ്ങളില്ലാത്ത സമൂഹത്തിനുവേണ്ടി ജീവിതം ഉഴിഞ്ഞുവയ്ക്കാൻ തയ്യാറുള്ള ആത്മാർത്ഥതയുള്ള ഒരു സമൂഹത്തെ വാർത്തെടുക്കേണ്ടത് നമ്മുടെ ആവശ്യമാണ്. അതിന് ഒരു പഞ്ചായത്തു വാർഡിലെ ചെറിയൊരു വിഭാഗം മുതൽ പഞ്ചായത്ത് തലംവരെ പ്രവർത്തിക്കേണ്ടതുണ്ട്.

*മതസൗഹാർദ്ദം*

ഹിന്ദുക്കളും ക്രസ്ത്യാനികളും ഇടകലർന്ന് തിങ്ങിവസിക്കുന്ന ഈ പഞ്ചായത്ത് മതസൗഹാർദ്ദത്തിന്റെ കാര്യത്തിൽ മാതൃകയാണ്. സാമൂഹ്യമായ ഉച്ചനീചത്വങ്ങൾ മുൻകാഘലട്ടത്തിൽ ചെറിയതോതിൽ നില നിന്നിരുന്നു എങ്കിലും ഇപ്പോൾ തീരെ ഇല്ലെന്നുതന്നെ പറയാൻ. വിവാഹാദി ചടങ്ങുകളിൽ എല്ലാജാതിമത വിഭാഗങ്ങളിലേയും ആളുകൾ സഹകരിക്കുകയും പങ്കെടുക്കുകയും പന്തിഭോജനം നടത്തുകയും ചെയ്യുന്നുണ്ട്.

ഇവിടെ നടത്താറുള്ള ആഘോഷങ്ങൾ കേരളത്തിന്റെ തനത് ആഘോഷമായ ഓണാഘോഷം, വിവിധ കലാസാംസ്കാരിക സംഘടനകളുടെ നേതൃത്വത്തിൽ കലാസാംസ്കാരിക പരിപാടികൾ ഉൾക്കൊള്ളിച്ചും തനതു കലകളെ പ്രോത്സാഹിപ്പിച്ചും നടത്തുന്ന ആഘോഷങ്ങൾ നൂറ്റാണ്ടുകളോളം പഴക്കമുള്ള ഈ പ്രദേശത്തെ ക്ഷേത്രങ്ങളോടനുബന്ധിച്ച് നടത്തുന്ന വാർഷികാഘോഷങ്ങൾ, ക്രിസ്ത്യൻ ജനവിഭാഗം നടത്തുന്ന ക്രിസ്തുമസ് ആഘോഷങ്ങൾ ശ്രീ നാരായണ ഗുരു ജയന്തി ആഘോഷം എന്നിവയാണ്. ഇത്തരം ആഘോഷങ്ങളിൽ എല്ലാ വിഭാഗം ആളുകളും പരസ്പരം സഹകരിച്ചു പോരുന്നുണ്ട്. (പ്രധാന ആരാധനാലയങ്ങളുടെ പട്ടിക അനുബന്ധമായി കൊടുത്തിരിക്കുന്നു)

ഈ പഞ്ചായത്തിലെ ഗ്രന്ഥശാലകളും, വായനശാലകളും, പ്രത്യേക കമ്മിറ്റികളുടെ നേതൃത്വത്തിലാണ് പ്രവർത്തിക്കുന്നത്. ഇവയിൽ 'ദേശസേവിനി' ഗ്രന്ഥശാല, കാരക്കോണം, 'വിദ്യാവിലാസിനി' കുന്നത്തുകാൽ S.S.M. പബ്ലിക് ലൈബ്രറി കോട്ടുക്കോണം ജനതാ സോഷ്യൽ റീഡിംഗ് റൂം എന്നിവയ്ക്കു സ്വന്തമായി കെട്ടിടങ്ങളുണ്ട്. ഇതിൽ ഏറ്റവും പഴക്കമേറിയ ഗ്രന്ഥശാലയാണ് 'ദേശസേവിനി' കാരക്കോണം.

പഞ്ചായത്തിന്റെ വകയായി ഒരു വായനശാലയോ, ഗ്രന്ഥശാലയോ നിലവിലില്ല. മിക്കവാറും ഗ്രന്ഥശാലകൾ ഇടിഞ്ഞുപൊളിഞ്ഞ കെട്ടിടങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. അതുകൊണ്ട് പഴയ പല ഗ്രന്ഥശേഖരങ്ങളും നശിച്ചുകൊണ്ടിരിക്കുന്നു.

പഞ്ചായത്തിൽ നിന്നും കെട്ടിടമോ, പുതിയ പുസ്തകങ്ങൾ വാങ്ങുന്നതിനു ഗ്രാന്റോ, ലഭിക്കുന്നില്ല. വർഷത്തിൽ ഒരിക്കൽ നടത്തുന്ന വാർഷികസമ്മേളനത്തിൽ ഒതുങ്ങിനിൽക്കുന്നു ഗ്രന്ഥശാലകളുടെ പ്രവർത്തനം.

ഈ പഞ്ചായത്ത് പ്രദേശത്ത് മലയാളമനോരമ, മാതൃഭൂമി, മംഗളം, കേരളകൗമുദി, ദേശാഭിമാനി എന്നീ മലയാള പത്രങ്ങൾ ഹിന്ദു, ഇൻഡ്യൻ എക്സ്പ്രസ് എന്നീ ഇംഗ്ലീഷ് ദിനപത്രങ്ങൾ മലയാളമനോരമ, മംഗളം, മാതൃഭൂമി, കേരളാകൗമുദി, കേരളശബ്ദം, നാന, ചിത്രഭൂമി, എന്നീ ആഴ്ചപ്പതിപ്പുകൾ വനിത,

ഗൃഹലക്ഷ്മി, മഹിളാരത്നം, ബാലരമ, പൂമ്പാറ്റ, കളിക്കുടുക്ക, ബാലഭൂമി, ബാലമംഗളം, ചിത്രകഥ എന്നീ ബാലസാഹിത്യ പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവ പ്രചാരത്തിലുണ്ട്. ഇവയൊക്കെയാണെങ്കിലും ഇലക്ട്രോണിക് മാദ്ധ്യമങ്ങളുടെ അതിപ്രസരം മൂലം പൊതുവേ ജനങ്ങളിൽ വായനാശീലം കുറഞ്ഞുവരുന്നതായിക്കാണുന്നു.

*കലയും കലാസമിതിയും*

കേരള സംസ്കാരത്തിന്റെ പ്രാചീന കലകളായ ഓട്ടൻ തുള്ളൽ, കാക്കാരിശ്ശി നാടകം, തിരുവാതിരക്കളി, വില്ലുപ്പാട്ട്, തോറ്റംപാട്ട്, ശാസ്താംപാട്ട്, തുടങ്ങിയ പ്രാചീനകലകൾ, നൂറ്റാണ്ടുകളായി ഇവിടെ നിലനിന്നുപോരുന്നു. ഇവയെല്ലാം തന്നെ ക്ഷേത്രോത്സവങ്ങളോടനുബന്ധിച്ചാണ് നടന്നുവരുന്നത്. ഇതൊടൊപ്പം, കലാസാംസ്കാരിക സമിതികൾ നാടകങ്ങൾ, കഥാപ്രസംഗം, ഹരികഥ, നൃത്തനൃത്ത്യങ്ങൾ, സംഗീതം, വില്ലുപാട്ട് എന്നീ കലാപരിപാടികൾ ഈ പഞ്ചായത്തിലെ കലാകാരന്മാരെയും, കലാകാരികളെയും പങ്കെടുപ്പിച്ചുകൊണ്ട്, പഞ്ചായത്തിനുള്ളിലെ, പൊതുപറമ്പുകളിലും അതവതരിപ്പിച്ചുവരുന്നു. മാത്രവുമല്ല കലാസമിതികളുടെ ആഭിമുഖ്യത്തിൽ നടത്താറുള്ള വാർഷികാഘോഷങ്ങളിൽ പുതിയ തലമുറയെ കണ്ടെത്തുകയും അർഹമായ സമ്മാനങ്ങൾ നൽകുകയും ചെയ്തുവരുന്നു.

മറ്റൊരു പ്രധാന കാര്യം ഈ പഞ്ചായത്തിലെ വായനാശാലകളും, ഗ്രന്ഥശാലകളും നിലനിൽക്കുന്നതു തന്നെ കലാസമിതികളുടെ ചുവടുപിടിച്ചാണ്.

കലയ്ക്കും സാഹിത്യത്തിനും, സംഗീതത്തിനും കായിക വിനോദത്തിനും പല കലാസമിതികളും വിപുലമായ പ്രോത്സാഹനം നൽകിവരുന്നു.

വേണ്ടത്ര പരിശീലനം ലഭിക്കാത്തതുമൂലം കായികവിനോദങ്ങളിൽ പങ്കെടുക്കുന്നവർക്ക് പലബുദ്ധിമുട്ടുകളും അനുഭവപ്പെടുന്നു. സ്ഥലപ്പരിമിതി, സ്വന്തമായി കെട്ടിട ഉപകരണങ്ങൾ, വിദഗ്ദ്ധ പരിശീലകർ, ഫണ്ട് എന്നിവയുടെ അഭാവം ഇവയൊക്കെ ശരിയായ പരിശീലനം ലഭിക്കാത്തതിനുള്ള കാരണങ്ങളിൽ പെടുന്നു.

നടാൻ പന്തുകളി, കിളിത്തട്ട്, എന്നിവ പൂർണ്ണമായും, വോളീബാൾ, ബാറ്റ്മിന്റൺ, ഫുട്ബാൾ എന്നിവ ഭാഗികമായും മറഞ്ഞുകഴിഞ്ഞിരിക്കുന്നു. ക്രിക്കറ്റുകളിയുടെ പ്രചാരം യുവതലമുറയെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ വക ഒരു മിനിസ്റ്റേഡിയം മാത്രമേ കായിക വിനോദങ്ങൾക്കായി നിലവിലുള്ളു.

ഈ പഞ്ചായത്തിൽ കലാസാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിച്ചു അവശതയനുഭവിക്കുന്നവരും വിരളമല്ല.

പട്ടിക ബി

അശ്ലീല സിനിമകളുടെ കടന്നുകയറ്റം പുതിയ തലമുറയെ വളരെയധികം ബാധിച്ചിട്ടുണ്ട്. നമ്മുടെ സംസ്കാരത്തിനും വിദ്യാഭ്യാസത്തിനും വളരെയധികം പോറലേൽപിച്ചിട്ടുണ്ട്. അനാചാരങ്ങൾ പലതും മറഞ്ഞുതുടങ്ങിയെങ്കിലും ഇന്നും ചില ഭാഗങ്ങളിൽ തുടരുന്നു.

പൊതുവിൽ കായിക കലാരംഗങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം താരതമ്യേന കുറവാണ്.

*നിർദ്ദേശങ്ങൾ*

1 വിദ്യാഭ്യാസ പരമായി മുൻപന്തിയിൽ നിൽക്കുന്ന. ഈ പഞ്ചായത്തിൽ, ഉപരിപഠന വിദ്യാർത്ഥികൾക്ക് ഉപകാരപ്രദമായി റഫറൻസ് ബുക്കുകളും മറ്റും, ഉൾക്കൊള്ളുന്ന ഒരു പഞ്ചായത്ത് ഗ്രന്ഥശാല സ്ഥാപിക്കണം.

2 നിലവിലുള്ള ഗ്രന്ഥശാലകളുടെ വളർച്ചയ്ക്ക് സർക്കാരിൽ നിന്നും ധനസഹായം നൽകി പ്രവർത്തന ക്ഷമത വർദ്ധിപ്പിക്കുക.

3 സർക്കാരിൽ നിന്നുള്ള തൊഴിൽ വാർത്ത, ഗസറ്റ്, സാംസ്കാരിക പ്രസിദ്ധീകരണങ്ങൾ, മറ്റു ഗവൺമെന്റ് പ്രസിദ്ധീകരണങ്ങൾ എന്നിവ വായനാശാലകൾക്കും, ഗ്രന്ഥശാലകൾക്കും പഞ്ചായത്തു വഴി വിതരണം നടത്തുക.

4 പൊതു ആഘോഷങ്ങളും, പ്രാദേശികാഘോഷങ്ങളും പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കുക

5 വാർഡ് തലത്തിൽ, വീഡിയോ ക്ലബുകൾ രൂപീകരിക്കണം. പൗരാണികകലകളും സാമൂഹ്യം, സാംസ്കാരികം, വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിലെ വളർച്ചയും ചീത്രികരിക്കുന്ന വീഡിയോ കാസറ്റുകൾ, ഗവൺമെന്റ് തലത്തിൽ നിർമിക്കുകയും ബോധവൽക്കരണത്തിനായി ലക്ഷം വീടു കോളനികൾ, പട്ടികജാതി-പട്ടികവർഗ്ഗ കോളനി തുടങ്ങിയ സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുകയും വേണം.

6 കലാകായിക പ്രതിഭകളെ കണ്ടെത്തി അവർക്ക് വേണ്ട പ്രോത്സാഹനം കൊടുക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക

7 പഞ്ചായത്തു തലത്തിൽ കലാമണ്ഡലം മാതൃകയിൽ ഒരു കലാകേന്ദ്രം സ്ഥാപിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

8 പഞ്ചായത്തിലെ അവശതയനുഭവിക്കുന്ന, തിരുവാതിരക്കളിയാശാൻമാർ. ആശാട്ടിമാർ, സംഗീതവിദ്വാൻമാർ, നാദസ്വരവിദ്വാൻമാർ, നാടകകലാകാരൻമാർ എന്നിവർക്ക് പെൻഷൻ അനുവദിക്കുക.

## പ്രധാനആരാധനാലയങ്ങൾ

| പേര് | സ്ഥലം | വാർഷികതിരുനാൾ |
|---|---|---|
| 29 സാൽവേഷൻ ആർമി | പടപ്പിത്തോട്ടം | ഏപ്രിൽ മേയ് ഡിസംബർ മാസങ്ങളിൽ |
| 30 എച്ച്.എം.എസ്. ചർച്ച് | കുറുവണ്ടൂർ | ഈസ്റ്റർ, ക്രിസ്മസ്-വാർഷിക തിരുനാൾ |
| 31 യഹോവ സഭ | കാവുവിള | |
| 32 രക്ഷാസൈന്യം | അലയ്ക്കോട്ടുകോണം | |
| 33 വിശുദ്ധസ്നാപകയോഹന്നാൻ ചർച്ച് | പനവിള | ആഗസ്റ്റ് 27ന് സ്നാപകയോഹന്നാന്റെ തിരുനാൾ |
| 34 മാർത്തോമ്മ ചർച്ച് | ആലുവിള | |
| 35 പെന്തക്കോസ്തു സഭ | കുരുവിക്കാല | |
| 36 ദൈവസഭ | ചെമ്മംതട്ട് | |
| 37 ശാരോൻ ചർച്ച് | മണലുവിള | |
| 38 ദൈവസഭ | ഓണാംകോട് | ഏപ്രിൽ, മേയ്, ഡിസംബർ മാസങ്ങളിൽ |
| 39 ബാപ്ടിസ്റ്റ് ചർച്ച് | മണലുവിള | ക്യസ്തുമസ്, ഈസ്റ്റർ വാർഷിക തിരുനാൾ |
| 40 സി.എസ്.ഐ. ചർച്ച് | വേങ്കക്കാല | |
| 41 ലൂഥറൻ ചർച്ച് | മേര്യംകോട് | |
| 42 സി.എസ്.ഐ. ചർച്ച് | പുന്നക്കാട് | |
| 43 എസ്.ഡി.എ. ചർച്ച് | തോപ്പുവിള | |
| 44 സി.എസ്.ഐ. ചർച്ച് | കാരക്കോണം | |
| 45 എസ്.ഡി.എ. ചർച്ച് | കാരക്കോണം | |
| 46 അസംബ്ലീസ് ഓഫ് ഗോഡ് | പുല്ലൻതേരി | |
| 47 സി.എസ്.ഐ. ചർച്ച് | കോട്ടുക്കോണം | |
| 48 ആർ.സി. ചർച്ച് | ത്രേസ്യപുരം | |
| 49 സെന്റ് ജോസഫ് ചർച്ച് | ഉണ്ടൻകോട് | |
| 50 സി.എസ്.ഐ. ചർച്ച് | വ്ളാങ്കുളം | |
| 51 സി.എസ്.ഐ. ചർച്ച് | കുറ്റിക്കാട് | |
| 52 സാൽവേഷൻ ആർമി | കുറ്റിക്കാട് | |
| 53 സി.എസ്.ഐ. ചർച്ച് | ബഥേൽപുരം - മലയൻകാവ് | |
| 54 എസ്.ഡി.എ. ചർച്ച് | വേങ്കോട് | |
| 55 സാൽവേഷൻ ആർമി | മലയൻകാവ് | |

നടത്തുക.

13 നെഹ്റു യുവകേന്ദ്രത്തിൽ നിന്നും കായിക പരിശീലനത്തിനും തൊഴിൽ പരിശീലനത്തിനും പാനോപകരണങ്ങളും മറ്റാനുകൂല്യങ്ങളും ലഭ്യമാക്കി യുവജനങ്ങളുടെ ആരോഗ്യവും ജീവിത സൗകര്യങ്ങളും വർദ്ധിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കണം.

14 കുന്നത്തുകാൽ പഞ്ചായത്തു സ്റ്റേഡിയവും, ആനാവൂർ സ്കൂൾ സ്റ്റേഡിയവും വിപുലീകരിച്ച് 'ഓപ്പൺ എയർ തീയേറ്റർ' സ്ഥാപിക്കുക.

15 പഞ്ചായത്തിൽ യോഗ പരിശീലന കേന്ദ്രം സ്ഥാപിച്ച്, വിദഗ്ദ്ധ പരിശീലകരെ നിയമിച്ച് പരിശീലനം നൽകുക.

16 ബ്ലോക്കടിസ്ഥാനത്തിൽ ഒരു സ്പോർട്സ് സ്കൂൾ ഈ പഞ്ചായത്തിൽ സ്ഥാപിക്കേണ്ടതാണ്.

## പട്ടിക A
## ഗ്രന്ഥശാലകളുടെ പട്ടിക

| | പേര് | സ്ഥാപിച്ച വർഷം | ഗ്രേഡ് | പുസ്തകങ്ങളുടെ എണ്ണം | ശരാശരി പ്രതിമാസ വിതരണം | ആനുകാലികങ്ങളുടെ എണ്ണം | മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|
| 1. | എസ്.എസ്.എം. പബ്ലിക് ലൈബ്രറി കോട്ടുക്കോണം | Reg. No. 323 | | 5123 | പുസ്തകവിതരണം<br>1. കമ്മിറ്റികൾ<br>2 പരിശോധന<br>3. വരിസംഖ്യ<br>4 വാർഷികാഘോഷം | 5 | 460 അംഗങ്ങളുൾകൊണ്ടതും ഒരു പ്രത്യേക സമിതി ഭരണമേറ്റെടുത്തു നടത്തുന്നതുമാകുന്നു. മലയാളം, തമിഴ്, ഹിന്ദി സംസ്കൃതം എന്നീ ഭാഷകളിലുള്ള ബുക്കുകൾ ഉണ്ട്. ഇതിന്റെ പിന്നിൽ, കലാകായിക സാംസ്കാരിക പ്രവർത്തനവും നടക്കുന്നുണ്ട്. |
| 2 | ബാപ്റ്റിസ്റ്റ് മെമ്മോറിയൽ പബ്ലിക് ലൈബ്രറി ഉണ്ടൻകോട്, കൊല്ല | 2.10.1993 | ബി. | 605 | പുസ്തക വിതരണം<br>1 കമ്മിറ്റികൾ<br>2 വരിസംഖ്യ കളക്ഷൻ<br>3 പരിശോധന<br>4 വാർഷികാഘോഷം | 4 | 129 അംഗങ്ങളുള്ള ഗ്രന്ഥശാലയിൽ ഒരു പ്രത്യേക കമ്മിറ്റിയാണ് ഭരണച്ചുമതല. 'നവമാലിക' എന്ന പേരിൽ ഒരു കൈയ്യെഴുത്തു വാർഷിക പതിപ്പ് ഇറങ്ങുന്നു. കലാകായിക സാംസ്കാരിക രംഗങ്ങളിൽ ഇതിലെ അംഗങ്ങൾ പ്രവർത്തിക്കുന്നു. കലാസമിതിയുടെ വാർഷികത്തിലും പുറമേയുള്ള ഗ്രാമോത്സവം എന്നിവയിലും പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. |
| 3 | ജനതാ സോഷ്യൽ ലൈബ്രറി ആന്റ് റീഡിംഗ് റൂം | Reg. no. 1819<br>1-1-1954 | സി. | 4284 | 1 പുസ്തകവിതരണം<br>2 പരിശോധന<br>3 വരിസംഖ്യ കളക്ഷൻ<br>4 കമ്മറ്റികൾ | ആനുകാലികം 6<br>ബാലസാഹിത്യം 4 | പ്രത്യേക കമ്മിറ്റിയാണ് ഭരണച്ചുമതല. കലാസാംസ്കാരിക കായിക സാമൂഹ്യരംഗങ്ങളിൽ പ്രവർത്തിച്ചുവരുന്നു. വാർഷികാഘോഷ പരിപാടികളും, സംഘടിപ്പിക്കുന്നു. 688 അംഗങ്ങളാണ് ഒരു ലൈബ്രേറിയനുമുണ്ട്. പുസ്തക വിതരണത്തിന് ഗ്രാന്റ് ലഭിക്കുന്നു. |
| 4 | കൈരളി ഗ്രന്ഥശാല, കുറുവാട്, കോട്ടയ്ക്കൽ | Reg. No. 530<br>1978 | | 108 | 1. പുസ്തക വിതരണം<br>2. പരിശോധന<br>3 കമ്മിറ്റികൾ | 3 | കലാകായിക പ്രവർത്തനങ്ങളും സാമൂഹ്യപ്രവർത്തനങ്ങളും നടത്തുന്നു. |
| 5 | വിദ്യാവിലാസിനി ഗ്രന്ഥശാല മൂവേരിക്കര, കട്ടച്ചൽവിള | 1952 | ബി | 1032 | 1. പുസ്തക വിതരണം<br>2. പരിശോധന<br>3. കമ്മിറ്റികൾ | 4 | പുസ്തക വിതരണം, പ്രത്യേക കമ്മിറ്റിയുടെ ചുമതലകൾ ഭരണം നടത്തുന്നു. കലാകായിക സാമൂഹ്യപ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നു. |
| 6 | ദേശസേവിനി ഗ്രന്ഥശാല കാരക്കോണം | 1945<br>Reg. No. 6/45 | | 1685 | പുസ്തക വിതരണം<br>പരിശോധന കമ്മിറ്റികൾ | 6 | പുസ്തക വിതരണം, പ്രത്യേക കമ്മിറ്റിയുടെ ചുമതലയിൽ ഭരണം നടത്തുന്നു. |
| 7 | കലാഗ്രന്ഥശാല കോരണം കോട്, കോട്ടയ്ക്കൽ | Reg. No. 4369<br>18-5-1978 | സി. | 4369 | 1. പുസ്തക വിതരണം<br>2. പരിശോധന<br>3 വരിസംഖ്യകളക്ഷൻ<br>4 കമ്മിറ്റികൾ | 8<br>ബാലപ്രസിദ്ധീകരണങ്ങൾ 4 | ഒരു പ്രത്യേക കമ്മിറ്റിയാണ് ഭരണച്ചുമതല, ഒരു ലൈബ്രേറിയനും പ്രവർത്തിക്കുന്നു. സംഘത്തിൽ നിന്നുമാണ് ലൈബ്രേറിയനുള്ള പ്രതിമാസ വേതനം കൊടുക്കുന്നത്. ഗ്രാൻഡ് ഇതുവരെയും കിട്ടിയിട്ടില്ല. കലാസാംസ്കാരിക കായിക പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

## പട്ടിക A

### ഗ്രന്ഥശാലകളുടെ പട്ടിക

| | പേര് | സ്ഥാപിച്ച വർഷം | ഗ്രേഡ് | പുസ്തക ങ്ങളുടെ എണ്ണം | ശരാശരി പ്രതിമാസ വിതരണം | ആനുകാലിക ങ്ങളുടെ എണ്ണം | മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|
| 8. | ദേശാഭിമാനി ഗ്രന്ഥശാല (ചെറിയകൊല്ല) കുറ്റിക്കാട് | 1965 | ബി | 685 | പുസ്തക വിതരണം, പരിശോധന | 4 | പുസ്തക വിതരണം, ചർച്ചാക്ലാസുകൾ, സാമൂഹ്യപ്രവർത്തനങ്ങൾ |

## പട്ടിക B

## കലാസാംസ്കാരിക കായിക വേദികൾ

| | പേര് | സ്ഥാപന വർഷം | അംഗങ്ങളുടെ എണ്ണം | സംഗീതനാടക അക്കാദമി/സ്പോർട്സ് കൗൺസിൽ, അഫിലിയേഷൻ ഉണ്ടോ? | സ്വന്തമായി കെട്ടിടമുണ്ടോ ? | റേഡിയോ ടി.വി. തുടങ്ങിയവ ഉണ്ടോ ? | മുഖ്യപ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|
| 1. | തൂലിക സാംസ്കാരിക വേദി, ആനാവൂർ | 1994 | 152 | ഇല്ല | ഇല്ല | ഇല്ല T.V. ആവശ്യമാണ് | കലാകായിക രംഗങ്ങളിൽ പ്രവർത്തിച്ചുവരുന്നു. നാടകവേദിയും പ്രവർത്തിച്ചു വരുന്നു. |
| 2 | മിത്രം കലാസമിതി, കുടയാൽ | Reg. No., 738/92 | 128 | ഇല്ല | ഇല്ല | ഇല്ല ആവശ്യമാണ് | കലാകായിക സാംസ്കാരിക സാമൂഹ്യ പ്രവർത്തനം പാവപ്പെട്ട സ്കൂൾ വിദ്യാർത്ഥികൾക്ക് വർഷംതോറും യൂണിഫോമും, പുസ്തകവും വിതരണം ചെയ്യുന്നു. പാവപ്പെട്ടവർക്ക് ഓലമേയുന്നതിന് ധന സഹായം ചെയ്യുന്നു. |
| 3 | ചങ്ങാത്തം, നാറാണി | 1992 | 187 | ഇല്ല | ഇല്ല | ഇല്ല T.V. ആവശ്യമാണ് | കലാസാംസ്കാരിക സമൂഹ്യ പ്രവർത്തനം പാവപ്പെട്ട സ്കൂൾ വിദ്യാർത്ഥികൾക്ക് പുസ്തക വിതരണവും യൂണിഫോമും വിതരണം ചെയ്യുന്നു. ഓണക്കിറ്റുകൾ വിതരണം ചെയ്യുന്നു. വാർഷികാഘോഷം എല്ലാവർഷവും ഡിസ: 12ന് |
| 4 | അനുഗ്രഹ കോരണംകോട് | Reg. no. 735/94 | 97 | ഇല്ല | ഇല്ല | ഇല്ല T.V. ആവശ്യമാണ് | കലാസാംസ്കാരിക സാമൂഹ്യപ്രവർത്തനങ്ങൾ |
| 5 | പൗരസമിതി, പടപ്പിത്തോട്ടം | 1994 | 87 | ഇല്ല | ഇല്ല | ഇല്ല T.V. ആവശ്യമാണ് | കലാസാംസ്കാരിക സാമൂഹ്യപ്രവർത്തനങ്ങൾ |
| 6 | പൗരസമിതി പുല്ലന്തേരി | 1986, Reg. No. 765/86 | 116 | ഇല്ല | ഇല്ല | ഇല്ല T.V. ആവശ്യമാണ് | കലാകായിക സാംസ്കാരിക പ്രവർത്തനങ്ങൾ |
| 7 | വ്യാസ, കോട്ടയ്ക്കൽ | 1995 | 72 | ഇല്ല | ഇല്ല | ഇല്ല T.V. ആവശ്യമാണ് | കലാകായിക സാംസ്കാരിക സാമൂഹ്യ പ്രവർത്തനം |
| 8 | കൈരളി കുറുവാട് | 530/78 | 108 | ഇല്ല | ഇല്ല | ഇല്ല T.V. ആവശ്യമാണ് | കലാസാംസ്കാരിക പ്രവർത്തനം |

## പട്ടിക B

## കലാസാംസ്ക്കാരിക കായിക വേദികൾ

| | പേര് | സ്ഥാപന വർഷം | അംഗങ്ങളുടെ എണ്ണം | സംഗീതനാടക അക്കാദമി സ്പോർട്സ് കൗൺസിൽ, അഫിലിയേഷൻ ഉണ്ടോ? | സ്വന്തമായി കെട്ടിടമുണ്ടോ ? | റേഡിയോ ടി.വി. തുടങ്ങിയവ ഉണ്ടോ ? | മുഖ്യപ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|
| 9 | മിറാഷ്, കുറുവാട് | Reg. 1031/90 | 150 | ഇല്ല | ഇല്ല | ഇല്ല | കലാസാംസ്കാരിക പ്രവർത്തനം |
| 10 | യുവദർശിനി, വേങ്കവിള | 1993 | 48 | ഇല്ല | ഇല്ല | ഇല്ല<br>ആവശ്യമുണ്ട് | കലാസാംസ്കാരിക പ്രവർത്തനം |
| 11 | താളത്രയം | 1975 | 57 | ഇല്ല | ഇല്ല | ഇല്ല<br>ആവശ്യമുണ്ട് | കലാസാംസ്കാരിക പ്രവർത്തനം<br>ഓണചന്തകൾ |
| 12 | കൂട്ടുകാരുടെ കൂട്ടം, കുന്നത്തുകാൽ | 1989 | 89 | ഇല്ല<br>സ്പോർട്ട്<br>കൗൺസിൽ<br>അംഗീകാരമുണ്ട് | ഇല്ല | ഇല്ല<br>ആവശ്യമുണ്ട് | കലാകായിക സാംസ്കാരിക പ്രവർത്തനം. സമൂഹ്യപരമായും വിദ്യാഭ്യാസപരമായും പ്രവർത്തിച്ചുവരുന്നു. സായാഹ്ന ക്ലാസുകൾ, രക്തദാനം, മാഗസിൻ ലൈബ്രറി, ആരോഗ്യപരിസ്ഥിതി രംഗം. |
| 13 | ഫ്രണ്ട്സ് ആർട്സ് & സ്പോർട്സ് ക്ലബ്ബ്, കോട്ടുക്കോണം | 1962 | 160 | ഇല്ല | ഇല്ല | ഇല്ല<br>ആവശ്യമുണ്ട് | കലാകായിക പ്രവർത്തനങ്ങൾ സാമൂഹ്യപ്രവർത്തനങ്ങൾ നടത്തുന്നു. |
| 14 | പുരോഗമന കലാസമിതി, കുന്നത്തുകാൽ | 1967 | 180 | ഇല്ല | ഇല്ല | ഇല്ല<br>ആവശ്യമുണ്ട് | കലാകായിക സാംസ്കാരിക പ്രവർത്തനവും നാടകവേദിയും |
| 15 | പ്രപഞ്ചം ബാലവേദി, കുന്നത്തുകാൽ | 1992 | 68 | ഇല്ല | ഇല്ല | ഇല്ല<br>ആവശ്യമുണ്ട് | കലാസാംസ്കാരിക പ്രവർത്തനവും, നാടകവേദിയും, ആകാശവാണിയിൽ, ബാലലോക പരിപാടികൾ അവതരിപ്പിച്ചുവരുന്നു. ഡാൻസ് ക്ലാസ് നടത്തുന്നു. |
| 16 | ബാപ്റ്റിസ്റ്റ് മെമ്മോറിയൽ ആർട്സ് & സ്പോർട്സ് ക്ലബ്, ഉണ്ടൻകോട് | 1970 | 42 | ഇല്ല | ഇല്ല | ഇല്ല<br>ആവശ്യമുണ്ട് | കലാസാംസ്കാരിക പ്രവർത്തനം |

## പട്ടിക B
## കലാസാംസ്ക്കാരിക കായിക വേദികൾ

| | പേര് | സ്ഥാപന വർഷം | അംഗങ്ങളുടെ എണ്ണം | സംഗീതനാടക അക്കാദമി/സ്പോർട്ട്സ് കൗൺസിൽ, അഫിലിയേഷൻ ഉണ്ടോ? | സ്വന്തമായി കെട്ടിടമുണ്ടോ ? | റേഡിയോ ടി.വി. തുടങ്ങിയവ ഉണ്ടോ ? | മുഖ്യപ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|
| 17 | നവയുഗകലാകായിക വേദി, മലയൻകാവ് | 1996, Reg. No. 558/86 | 56 | ഇല്ല | ഇല്ല | ഇല്ല T.V. ആവശ്യമാണ് | കലാകായിക സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിച്ചുവരുന്നു. സാമൂഹ്യ പ്രവർത്തനവും ഉണ്ട്. |
| 18. | യുവജന സമാജം കാരക്കോണം | 1964 | 112 | ഇല്ല | ഇല്ല | T.V. ഇല്ല ആവശ്യമുണ്ട് | കലാസാംസ്കാരിക കായിക പ്രവർത്തനം |
| 19 | ചാച്ചാജി ഓപ്പൺ സ്കൗട്ട് ഗ്രൂപ്പ് പാലിയോട് | 1992 Reg. No. 6212 | 84 | ഇല്ല | ഇല്ല | ഇല്ല T.V. ആവശ്യമാണ് | കേരള സംസ്ഥാന ഭാരതസ്കൗട്സ് ആന്റ് ഗൈഡ്സിന്റെ ഔദ്യോഗിക വിഭാഗമായി ഉത്തമ പൗരത്വ പരിശീലനത്തിനും, ജീവകാരുണ്യ, സാമൂഹ്യസാംസ്കാരിക പ്രവർത്തനങ്ങൾക്കും മുൻതൂക്കം നൽകി പ്രവർത്തിച്ചുവരുന്നു. ഇതൊരു മാതൃക ഗ്രൂപ്പായി പ്രഖ്യാപിച്ചിട്ടുണ്ട്. മികച്ച പ്രവർത്തനത്തിന് ദേശീയ ബഹുമതികളായ പ്രധാനമന്ത്രിയുടെയും, ഉപരാഷ്ട്രപതി.യുടെയും അവാർഡുകൾ ലഭിച്ചിട്ടുണ്ട്. സംസ്ഥാനതല അവാർഡ് കഴിഞ്ഞ മൂന്നുവർഷമായി തുടർച്ചായി ലഭിക്കുന്നു. ഗ്രൂപ്പിലെ നാലു കുട്ടികൾക്ക് ഭാരത് സ്കൗട്ട് ആന്റ് ഗൈഡ്സിന്റെ ദേശീയ പുരസ്കാർ അവാർഡുകളും ലഭിച്ചിട്ടുണ്ട്. ബോധവൽക്കരണ പരിപാടികൾ, സെമിനാറുകൾ ജീവകാരുണ്യ പ്രവർത്തനം മുതലായ എണ്ണമറ്റ പ്രവർത്തന ശൈലികൾ നടന്നുവരുന്നു. സ്വന്തമായി കെട്ടിടമില്ലാത്തതും, വേണ്ട ധനസഹായമില്ലാത്തതും പ്രവർത്തനത്തെ മന്ദീഭവിപ്പിക്കുന്നു. |
| 20 | ജന്മഭൂമി തിയേറ്റേഴ്സ് വേങ്കോട് | 1994 | 30 | ഇല്ല | ഇല്ല | ഇല്ല ആവശ്യമുണ്ട് | പ്രൊഫഷനൽ നാടക വേദി |
| | | | | | | | |

# വനിത

ഈ പഞ്ചായത്തിൽ ജനസംഖ്യാനുപാതത്തിൽ ഏറ്റവും മുൻപന്തിയിൽ നില്ക്കുന്നത് സ്ത്രീകളാണ്. വിദ്യാഭ്യാസപരമായി സ്ത്രീകൾ പിന്നോക്കാവസ്ഥയലല്ല. തൊഴിൽ പരമായി സ്ത്രീകൾക്ക് അനുയോജ്യമായ തൊഴിലധിഷ്ഠിത വ്യവസായങ്ങൾ തുലോം കുറവാണ്.

ഈ പഞ്ചായത്തിലെ ഏറിയ പങ്ക് സ്ത്രീകളും തൊഴിൽ തേടുന്നത് അതിർത്തി പ്രദേശമായ തമിഴ്നാട്ടിലാണ്. അതും കശുവണ്ടി ഫാക്ടറികളിലാണ്. സ്തീകൾക്കായുള്ള തൊഴിൽ മേഖലകൾ ഉണ്ടെങ്കിലും സാമ്പത്തിക പരാധീനതകൾ കാരണം വളർച്ച പ്രാപിക്കുന്നില്ല. ഈ പഞ്ചായത്തിൽ മൊത്തം അഭ്യസ്ത വിദ്യരായ വനിതകളിൽ മൂന്ന് ശതമാനത്തോളം പേരും സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരാണ്. ഇതു കൂടാതെ കാർഷിക മേഖല, നിർമ്മാണ മേഖല, ചുമട്ടുതൊഴിലാളി മേഖല എന്നിവയിലും ജോലിചെയ്തു വരുന്നു. പഞ്ചായത്തിനകത്തും പുറത്തുമുള്ള സ്വകാര്യ സ്ഥാപനങ്ങളായ കൈത്തറി നെയ്ത്ത് യൂണിറ്റുകളിലും ജോലി ചെയ്തു വരുന്നു. പ്രധാനമായും അഭ്യസ്ത വിദ്യരായ സ്ത്രീകളിൽ ഭൂരിഭാഗവും തൊഴിലന്വേഷകരാണ്.

ദേശീയ പ്രസ്ഥാനത്തിൽ പങ്കെടുക്കുവാൻ സ്ത്രീകൾ പൊതുവേ വിമുഖത കാട്ടിയിരുന്നു. നൂറ്റാണ്ടുകളായി നിലനിൽക്കുന്ന പുരുഷ മേധാവിത്വവും, മുൻനിരയിലേയ്ക്ക് കടന്നുവരുവാനുള്ള സ്ത്രീകൾക്കുള്ള അപകർഷതാ ബോധവും, മുന്നിലേയ്ക്ക് വരുന്നവർ നേരിടുന്ന സാമൂഹ്യപരിഹാസ്യവും ഇതിന് കാരണങ്ങളാണ്. സമൂഹത്തിൽ നിലവിലിരിക്കുന്ന അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും ഇവിടത്തെ സ്ത്രീകളെ വീട്ടിനുള്ളിൽ തളച്ചിട്ടു. ഇന്നും സ്ത്രീകൾ ഇത്തരം വിശ്വാസങ്ങളിൽ നിന്നും വിമുക്തരല്ല.

സ്ത്രീ പീഢനം പഞ്ചായത്തിൽ ഇന്നും നിലനിൽ ക്കുന്നു. മദ്യപാനിയായ ഭർത്താവിന്റെ ശല്യം നിരന്തരം അനുഭവിച്ച് വീർപ്പുമുട്ടി കഴിയുന്നവരാണ് ഒരു ചെറുവിഭാഗം വനിതകൾ. മദ്യപിച്ച് മദോന്മത്തനായ ഭർത്താവും, അത്താഴത്തിന് മുറവിളി കൂട്ടുന്ന കുട്ടികളും, ഇതു രണ്ടിനും മദ്ധ്യത്തിലുള്ള ഒരു ന്യൂനപക്ഷ വിഭാഗം സ്ത്രീകളുടെ ജീവിതം വളരേ ദുസ്സഹമാണ്. ജനകീയ ബോധവൽക്കരണത്തിലൂടെ മാത്രമേ ഇവയ്ക്ക് പരിഹാരം കണ്ടെത്താനാകൂ.

ഈ പഞ്ചായത്തിൽ 14 മഹിളാ സമാജങ്ങൾ പ്രവർത്തിക്കുന്നു. മഹിളാ സമാജങ്ങളിൽ ഭൂരിഭാഗവും സ്വകാര്യസ്വത്തുപോലെയാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഉദ്ദേശിക്കുന്ന ഫലം ലഭിക്കുന്നില്ല. ഇതിനായി മഹിളാ സമാജങ്ങളുടെ രജിസ്ട്രേഷൻ, ഗ്രാൻഡ്, പരിശോധന, എന്നിവയുടെ ചുമതല ഗ്രാമ പഞ്ചായത്തിന്റെ കീഴിൽ കൊണ്ട് വരിക.

സ്ത്രീകളെ അവഹേളിക്കുന്ന രീതിയിലുള്ള അശ്ലീല പരസ്യങ്ങളെ നിരോധിക്കുന്നതിന് വേണ്ടി പഞ്ചായത്തിന് അധികാരം നൽകുക. പഞ്ചായത്ത് തലത്തിൽ സ്ത്രീ ക്ഷേമത്തിനായി താഴേ പറയുന്ന തൊഴിൽ സംരഭങ്ങൾ പഞ്ചായത്തിന്റെ കീഴിൽ വാർഡ് തലത്തിൽ നടപ്പിലാക്കണം.

(എ) കൈത്തറി നെയ്ത്ത്

(ബി) തയ്യൽ പരിശീലനം, റെഡിമെയ്ഡ് ഗാർമെൻഡ്സ് നിർമ്മാണം.

(സി) തീപ്പെട്ടി കോൽ നിർമ്മാണം

(ഡി) പനയോല വ്യവസായം

(ഇ) ഈറ വ്യവസായം

(എഫ്) പുൽപ്പായ് നെയ്ത്ത്

(ജി) മെഴുകുതിരി നിർമ്മാണം

(എച്ച്) പർപ്പട നിർമ്മാണം

(ഐ) കറിപൗഡർ നിർമ്മാണം

(ജെ) സോപ്പ് നിർമ്മാണം

ഈ മേഖലയിൽ സ്ത്രീകൾക്ക് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നു.

## നിർദ്ദേശങ്ങൾ

1 സ്ത്രീകളുടെയും, കുട്ടികളുടെയും ആരോഗ്യ സാരക്ഷണത്തിന് വേണ്ടി, എല്ലാ വാർഡുക

ളിലും കുടുംബക്ഷേമ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

2 അംഗൻവാടികൾ ഇല്ലാത്ത വാർഡുകളിൽ അംഗൻവാടി സ്ഥാപിക്കുക.

3 നിലവിലുള്ള കുന്നത്തുകാൽ പി.എച്ച്. സെന്ററിൽ 24 മണിക്കൂറും സേവനം ലഭ്യമാകത്തക്ക വിധത്തിൽ ഒരു ഗൈനക്കോളജിസ്റ്റിനെയും ചൈൽഡ് സ്പെഷ്യലിസ്റ്റിനെയും നിയമിക്കുക.

4 ആരോഗ്യപരിപാലനത്തിനെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകൾ നിർബന്ധമാക്കുക.

5 അംഗൻവാടികളോടൊപ്പം ബേബി ക്രഷുകളും പ്രവർത്തിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.

6 ബസ്സുകളിൽ സ്ത്രീകൾക്ക് 50% സീറ്റ് സംവരണം ചെയ്യുക.

7 വെയിറ്റിംഗ് ഷെഡിനോടനുബന്ധിച്ച് പ്രാഥമികാവശ്യങ്ങൾ നടത്തുന്നതിനുള്ള സൗകര്യം ഉണ്ടാക്കുക.

8 ബസുകളിലും ബസ്സ്റ്റോപ്പുകളിലും ഉള്ള പൂവാലശല്യം ഒഴിവാക്കുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കുക.

9 മാരകമായി രോഗം ബാധിച്ചോ, അംഗവൈകല്യം മൂലമോ, അദ്ധ്വാനശേഷി നഷ്ടപ്പെട്ട ഭർത്താക്കന്മാരുള്ള സാമ്പത്തികശേഷി കുറഞ്ഞ സ്ത്രീകളുടെ പെൺമക്കളെ വിവാഹം ചെയ്തു കൊടുക്കുന്നതിന് പതിനായിരം രൂപയിൽ കുറയാതെ തുക സാമ്പത്തികസഹായമായി നൽകുക. വിധവകളുടെ പെൺമക്കളെ വിവാഹം ചെയ്തു അയയ്ക്കുന്നതിന് നിലവിലുള്ള സാമ്പത്തികാനുകൂല്യം അപര്യാപ്തമായതിനാൽ, പതിനായിരം രൂപയായി ഉയർത്തണം

10. സർക്കാർ ആഫീസുകളിൽ വിവിധ ആവശ്യങ്ങൾക്കായി എത്തുന്ന സ്ത്രീകൾക്ക് മുന്തിയ പരിഗണന നൽകി ആവശ്യങ്ങൾ നിറവേറ്റി കൊടുക്കണം.

11 സ്ത്രീധന സമ്പ്രദായം നിയമപരമായി നിരോധിച്ചുവെങ്കിലും പൂർണ്ണമായി ഒഴിവാക്കാൻ കഴിഞ്ഞിട്ടില്ല. മറ്റു വിവിധ രൂപങ്ങളിൽ ഇന്നും നിലനിൽക്കുന്നു. ഇതിനെതിരെ വനിതാ ക്ഷേമസമിതിക്കു ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ അധികാരം നൽകുക.

12 സ്ത്രീകൾക്ക് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് വേണ്ടി അത്തരം വിദ്യാഭ്യാസ സ്ഥാപനം പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കുക.

13 സ്വയം തൊഴിൽ കണ്ടെത്തുന്ന പദ്ധതി ഗ്രൂപ്പടിസ്ഥാനത്തിൽ ഏർപ്പെടുത്തി, കറവമാട്, കോഴി വളർത്തൽ, പച്ചക്കറി തോട്ടം, ഉദ്യാനകൃഷി എന്നിവയ്ക്ക് വേണ്ട ധനസഹായം കുറഞ്ഞ പലിശ നിരക്കിൽ ദീർഘകാല വായ്പയായി നൽകുക.

14 പുകയില്ലാത്ത അടുപ്പിനെ കുറിച്ചുള്ള ബോധവൽക്കരണ ക്ലാസുകൾ നടത്തുകയും അത്തരം അടുപ്പുകൾ സുലഭമാക്കുകയും ചെയ്യുക.

15 വനിതകൾക്ക് മാത്രമായി ചെറുകിട വ്യവസായ യൂണിറ്റുകൾ വാർഡ് തലത്തിൽ നടപ്പിലാക്കുക.

16 സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുക. ഇതിനാവശ്യമായ സമിതികൾ വാർഡ് തലത്തിൽ രൂപീകരിക്കുക.

# സഹകരണം

സഹകരണ പ്രസ്ഥാനം ജനങ്ങളിൽ ചെലുത്തിയ സ്വാധീനം വളരെ വലുതാണ്. കേരളത്തിലെ അഞ്ചിലൊരാൾ ഇന്ന് ഏതെങ്കിലും ഒരു സഹകരണ സംഘത്തിലെ അംഗമാണ്. കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിലെ സ്ഥിതിയും വ്യത്യസ്തമല്ല. സ്വകാര്യ പണം ഇടപാടുകാരുടെ ചൂഷണത്തിൽ നിന്നും മോചനം ലഭിക്കുവാനും മനുഷ്യനും മനുഷ്യനും തമ്മിലുള്ള സഹകരണം സമൂഹ നന്മയ്ക്ക് വിനിയോഗിക്കുവാനും വേണ്ടിയാണ് സഹകരണ പ്രസ്ഥാനം ആരംഭിച്ചത്. പ്രധാനമായി കൃഷി, ഭവനിർമ്മാണം, ക്ഷീരോൽപാദനം, റബ്ബർ ഉൽപാദനം, കൈത്തറി എന്നീ മേഖലകളിലാണ് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നത്. ഇവയ്ക്കു പുറമേ ഹരിജൻ സഹകരണ സംഘങ്ങളും വനിതാ സഹകരണ സംഘങ്ങളും ആ വിഭാഗക്കാരുടെ ഉന്നമനത്തിനു വേണ്ടി പ്രവർത്തിക്കുന്നുണ്ട്.

കുന്നത്തുകാൽ ഗ്രാമ പഞ്ചായത്തിലെ സഹകരണ സംഘങ്ങളുടെ വിശദ വിവരം പട്ടികയായി ചുവടെ ചേർക്കുന്നു. (അടുത്ത പേജ് കാണുക)

ഇവയ്ക്കു പുറമേ താഴെ പറയുന്ന സ്കൂളുകളിൽ ഗ്രൂപ്പ് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

1. ഗവ. H.S. ആനാവൂർ
2. PPM HS കാരക്കോണം
3. St. ജോൺസ് H.S ഉണ്ടൻകോട്
4. ഗവ. UPS കുന്നത്തുകാൽ
5. LMS UPS കോട്ടുക്കോണം

ക്ഷീരോൽപാദന രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ വരുത്തുവാൻ ക്ഷീരോല്പാദക സംഘങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിൽ 6 ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിൽ ഏകദേശം 23 ലക്ഷം ലിറ്റർ പാൽ ഉൽപാദനം പ്രതിവർഷം നടക്കുന്നുണ്ടെങ്കിലും ഏകദേശം 14 ലക്ഷം ലിറ്റർ പാൽ മാത്രമാണ് സംഘങ്ങളിൽ എത്തുന്നത്. ഒരു വർഷം ഉൽപാദിപ്പിക്കുന്ന പാലിന്റെ മൂല്യം ഏകദേശം 225 ലക്ഷം രൂപയാണ്. ഇത് സംസ്ഥാന ശാരാശരിയെക്കാൾ വളരെ കൂടുതലാണ്. എങ്കിലും ഈ മേഖലയിൽ കാര്യമായ മുന്നേറ്റം കൈവരിക്കേണ്ടതുണ്ട്. എല്ലാ സംഘങ്ങളും ലാഭത്തിലാണ് പ്രവർത്തിക്കുന്നതെങ്കിലും ക്ഷീരോൽപാദകർക്ക് അർഹമായ നേട്ടം ലഭിക്കുന്നില്ല.

അത്യുല്പാദനശേഷിയുള്ള സങ്കരയിനം കന്നുകാലികളെ ഊർജ്ജിത കന്നുകാലി ഉൽപാദന കേന്ദ്രങ്ങളിലൂടെ സൃഷ്ടിക്കുന്നതുകൊണ്ടും കാര്യക്ഷമമായ മാനേജ്മെന്റ് പ്രവർത്തനം, തൊഴിലാളി-ഉൽപാദകരുടെ മെച്ചപ്പെട്ട പങ്കാളിത്തം, സങ്കുചിതമായ ചേരിതിരിവില്ലായ്മ, അപ്പെക്സ് സംഘങ്ങളുടെ ശക്തമായ പിൻബലം ഇവ കാരണവും സാമാന്യം മെച്ചപ്പെട്ട രീതിയിൽ ക്ഷീരസംഘങ്ങൾ പ്രവർത്തിപ്പിക്കുവാൻ കഴിയുന്നു.

(അടുത്ത പേജിലെ പട്ടിക നോക്കുക)

## കുന്നത്തുകാൽ സർവ്വീസ് സഹകരണ ബാങ്ക്

## ക്ലിപ്തം നമ്പർ 1101

71 വർഷങ്ങൾക്കു മുൻപ് നമ്മുടെ പൂർവ്വികർ അന്നത്തെ സാദ്ധ്യതകളിൽ നിന്ന് രൂപം നൽകിയതയാണ് ഇന്ന് തലയെടുപ്പോടെ കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ സമ്പത് ഘടനയിൽ നിർണ്ണായക സ്വാധീനം ചെലുത്തി നിൽക്കുന്ന "കുന്നത്തുകാൽ സർവ്വീസ് സഹകരണ ബാങ്ക്". കൃഷിക്കാരുടെ ഉന്നമനത്തിനു വേണ്ടി കാർഷിക വായ്പാ പദ്ധതിയുമായി അന്നാരംഭിച്ച പ്രസ്തുത ബാങ്ക് ഇന്ന് വ്യാവസായികം, ഭവനനിർമ്മാണം, വിദേശയാത്ര, വിദ്യാഭ്യാസം, സ്വർണ്ണ പണയം തുടങ്ങിയ മേഖലകളിൽ വായ്പാ പദ്ധതികൾ നടത്തിവരുന്നു. ഒന്നേകാൽകോടി രൂപ ഡെപ്പോസിറ്റായി സ്വരൂപിക്കാൻ കഴിഞ്ഞത് ഈ ബാങ്ക് ജനങ്ങളുടെ വിശ്വാസ്യത പിടിച്ചുപറ്റിയതിന് തെളിവാണ്. വിവിധ സലയുള്ള പല ചിട്ടികളും നടത്തിവരുന്ന ഈ സ്ഥാപനത്തിൽ സ്ഥിരമായ ഒരു കൺസ്യൂമർ സ്റ്റോർ പ്രവർത്തിക്കുന്നു. ഇതിനു പുറമേ വിശേഷ സന്ദർഭങ്ങളിൽ ഓണച്ചന്തപോലുള്ള വിശേഷാൽ ചന്തകൾ നടത്തുന്നുണ്ട്. കഴിഞ്ഞ 25 വർഷങ്ങളായി ശ്രീ. ഇ. രാമൻ പിള്ള ബാങ്കിന്റെ പ്രസിഡന്റായി

| സഹകരണ സംഘത്തിന്റെ പേര് | സ്ഥാപിത വർഷം | സ്വഭാവം | അംഗങ്ങളുടെ എണ്ണം | ഓഹരി മൂലധനം | ജീവനക്കാരുടെ എണ്ണം | വാർഷിക ടേൺ ഓവർ | ലാഭത്തിലോ നഷ്ടത്തിലോ |
|---|---|---|---|---|---|---|---|
| 1. കുന്നത്തുകാൽ സർവ്വീസ് സഹകരണ ബാങ്ക് | 1925 | ക്രഡിറ്റ് സംഘം | 7321 | 1706305 രൂ | 9 | 250 ലക്ഷം | ലാഭം |
| 2 പള്ളിച്ചിറ ഹരിജൻ സഹകരണ സംഘം | 1925 | ക്രഡിറ്റ് സംഘം | 1632 | 75888 രൂപ | 1 | – | നഷ്ടം |
| 3 കുന്നത്തുകാൽ വനിതാ സഹകരണ സംഘം | 1988 | ക്രഡിറ്റ് സംഘം | 273 | 2 ലക്ഷം രൂപ | 1 | – | ലാഭം |
| 4 കുന്നത്തുകാൽ ഹൗസിംഗ് സഹകരണ സംഘം | 1979 | ക്രഡിറ്റ് സംഘം | 264 | 615300 രൂപ | 2 | – | നഷ്ടം |
| 5 കുന്നത്തുകാൽ റബ്ബർ ഉല്പാദന സഹകരണ സംഘം | 1990 | നോൺ ക്രഡിറ്റ് | 160 | 800 രൂപ | 3 | – | നഷ്ടം |

## ക്ഷീരോൽപാദക സംഘങ്ങളുടെ വിവരം

| സംഘത്തിന്റെ പേര് | ആസ്ഥാനം | വാർഷിക പാൽ സംഭരണം (ലിറ്റർ) |
|---|---|---|
| 1 ആനാവൂർ ക്ഷീരോൽപാദക സഹകരണ സംഘം | കുളക്കോട് | 237250 ലി |
| 2 കോട്ടയ്ക്കൽ ക്ഷീരോൽപാദക സഹകരണ സംഘം | പാലിയോട് | 273750 ലി |
| 3 മൂവേരിക്കര ക്ഷീരോൽപാദക സഹകരണ സംഘം | ആലുംപാറ | 164250 ലി |
| 4 കുന്നത്തുകാൽ ക്ഷീരോല്പാദക സഹകരണ സംഘം. | കുന്നത്തുകാൽ | 310250 ലി |
| 5 എള്ളുവിള ക്ഷീരോൽപാദക സഹകരണ സംഘം | എള്ളുവിള | 292000 ലി |
| 6 ചെറിയകൊല്ല ക്ഷീരോല്പാദക സഹകരണ സംഘം | വേങ്കോട് | 200000 ലി |

സേവനം തുടരുകയാണ്.

### വള്ളിച്ചിറ ഹരിജൻ സഹകരണ സംഘം ക്ലിപ്തം നമ്പർ 1071

ME 1101 ൽ പ്രവർത്തനം ആരംഭിച്ച ഈ സംഘം കാലപ്പഴക്കത്തിനനുസരിച്ചുള്ള വളർച്ച പ്രാപിച്ചിട്ടില്ല. ഇതിനു കാരണങ്ങൾ പലതാണ്. 1632 അംഗങ്ങൾ മാത്രമാണ് ഇപ്പോൾ നിലവിലുള്ളത്. 1500 ലധികം വായ്പകൾ മൊത്തം നൽകയിട്ടുണ്ടെങ്കിലും ഇനിയും വായ്പ ലഭിക്കാത്ത അംഗങ്ങൾ ധാരളമുണ്ട്. ധാരാളം പേർക്ക് ഇനിയും അംഗത്വവും ലഭിക്കേണ്ടതുണ്ട്. വായ്പ ലഭിച്ചവരിൽ നിന്നും മുതലും പലിശയുമായി 8,66317 രൂപ പിരിഞ്ഞുകിട്ടാനുണ്ട്. അംഗങ്ങൾ വായ്പ കൃത്യമായി അടയ്ക്കാത്തതും കൃത്യമായി പിരിക്കാൻ അധികൃതർ നടപടികൾ സ്വീകരിക്കാത്തതും സംഘത്തിന്റെ വളർച്ചയുടെ മുരടിപ്പിന് കാരണമാണ്. പാലിയോട് ജംഗ്ഷനിൽ ആകെ രണ്ടു സെന്റ് സ്ഥലത്ത് സ്ഥാപിച്ചിട്ടുള്ള ഈ സ്ഥാപനത്തിന്റെ ഇരുനിലമന്ദിരം പണിപൂർത്തിയായിട്ടില്ല. ഒരു ലക്ഷം രൂപയെങ്കിലും ലഭ്യമാക്കി പ്രസ്തുത സ്ഥാപനത്തിന്റെ പണി പൂർത്തിയാക്കേണ്ട

തുണ്ട്. പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യങ്ങളും ഇപ്പോൾ ഈ സ്ഥാപനത്തിൽ ഇല്ല. കൃഷി ഡിപ്പാർട്ടുമെന്റ് സൗജന്യമായി നൽകിയ പവർ ട്രില്ലർ സൂക്ഷിക്കുന്നതിന് പോലും സ്ഥലസൗകര്യം ഇപ്പോഴില്ല. ഈ പരിമിതിയിൽ നിന്നുകൊണ്ട് സംഘം ചില പുതിയ സംരംഭങ്ങൾക്ക് തുടക്കം കുറിച്ചിരിക്കുകയാണ്. സാങ്കേതിക പരിജ്ഞാനം നേടിയിട്ടുള്ള അംഗങ്ങളിൽ 10 പേർക്ക് സ്ഥിരമായും 5 പേർക്ക് ഭാഗികമായും തൊഴിൽ ലഭിക്കാൻ സാദ്ധ്യതയുള്ള ബുക്ക് ബയന്റിംഗ് യൂണിറ്റും, ചൂരൽ മുതലായവകൊണ്ടുള്ള കരകൗശല വസ്തു നിർമ്മാണയൂണിറ്റും ആരംഭിക്കുവാനുള്ള പ്രാരംഭ നടപടികൾ സംഘം ആരംഭിച്ചിരിക്കുകയാണ്. ഇവയുടെ പ്രാരംഭ മുതൽ മുടക്കിന് ഒരു ലക്ഷം രൂപ ഗ്രാന്റായി ലഭിക്കേണ്ടതുണ്ട്. അയിത്തത്തിനും ഉച്ചനീചത്വത്തിനും എതിരെ തെക്കൻ തിരുവിതാംകൂറിൽ നടന്ന ആദ്യകർഷകതൊഴിലാളി സമരമായ കോരണംകോട്ടു സമരത്തിൽ പങ്കെടുത്തവരിൽ ഇന്നു ജീവിച്ചിരിപ്പുള്ള ഏക വ്യക്തി ശ്രീ പി. നോഹയാണ്. ഇപ്പോൾ ഈ സംഘത്തിന്റെ പ്രസിഡന്റ്.

സഹകരണ മേഖല പഞ്ചായത്തിൽ മെച്ചമാണെങ്കിലും മാർക്കറ്റിംഗ് സഹകരണ സംഘം, കൺസ്യൂമർ സഹകരണ സംഘം എന്നിവ ഒന്നുതന്നെയില്ല. കുന്നത്തുകാൽ സർവ്വീസ് സഹകരണ ബാങ്കും, ക്ഷീരോൽപാദക സഹകരണ സംഘങ്ങളും ഒഴികെയുള്ള സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ട്. പല സംഘങ്ങളും അഴിമതിക്കും പക്ഷപാദത്തിനും വിധേയമായിട്ടുള്ളതിനാൽ ആ സംഘങ്ങളുടെ പ്രവർത്തന പുരോഗതിയെ സാരമായി ബാധിച്ചിട്ടുണ്ട്. ആവശ്യക്കാർക്ക് അർഹതയുണ്ടായിട്ടുപോലും മെമ്പർഷിപ്പ് കൊടുക്കുവാൻ പല സംഘങ്ങളിലും നിലവിലുള്ള ഭരണസമിതികൾ മടി കാണിക്കുന്നു.

### *സാദ്ധ്യതകളും നിർദ്ദേശങ്ങളും*

വില്ലേജടിസ്ഥാനത്തിൽ ആനാവൂർ വില്ലേജിൽ കുന്നത്തുകാൽ സർവ്വീസ് സഹകരണ ബാങ്കിന്റെ ഒരു ശാഖ ആരംഭിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുക. പഞ്ചായത്തിൽ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ മാർക്കറ്റിംഗ് സൊസൈറ്റികൾ ആരംഭിക്കുക. സാമ്പത്തികപരാധീനതയുള്ള സംഘങ്ങളുടെ ഉന്നമനത്തിന് ഗ്രാന്റു നൽകുക. കടലാസു സംഘങ്ങൾ രൂപീകരിച്ച് ഗ്രാന്റും റിബേറ്റും തട്ടിയെടുക്കുന്നവർക്കെതിരെ നടപടിയെടുക്കുക.

താഴെ പറയുന്ന സഹകരണ സംഘങ്ങൾക്കു വേണ്ടി നിർദ്ദേശിക്കുന്നു.

1 മാർക്കറ്റിംഗ് സഹകരണ സംഘം
 – നാറാണി

2 കൺസ്യൂമർ സഹകരണ സംഘം
 – കാരക്കോണം

3 ലേബർ കോൺട്രാക്ട് സൊസൈറ്റി
 – പാലിയോട്

4 സഹകരണ പച്ചക്കറി വിപണനകേന്ദ്രം
 – എള്ളുവിള

5 കൊപ്ര വ്യവസായ സഹകരണ സംഘം
 – കുന്നത്തുകാൽ

6 വനിത സഹകരണ സംഘം
 – ആനാവൂർ വില്ലേജ്

7 ഹരിജൻ സഹകരണ സംഘം
 – കുന്നത്തുകാൽ വില്ലേജിൽ

നിലവിലുള്ള ഹരിജൻ സംവരണ വാർഡിൽ ആസ്ഥാനമായി സ്ഥാപിക്കുക.

8 ഓരോ വാർഡിലും ഓരോ ക്ഷീര സഹകരണ സംഘം ആരംഭിക്കുക

9 ഇറച്ചിക്കോഴി വളർത്തൽ സഹകരണം സംഘം
 – മൂവേരിക്കര

10 മുട്ടക്കോഴി വളർത്തൽ സഹകരണ സംഘം
 – കുറുവാട്

11 ഓട്. ഇഷ്ടിക നിർമ്മാണ സഹകരണ സംഘങ്ങൾ – അരുവിയോട്. കോട്ടയ്ക്കൽ

12 ഇറച്ചിക്കോഴി സംസ്കരണ വിപണന സംഘം
 – ചെറിയകൊല്ല

13 റബ്ബർ ഉല്പാദക സഹകരണ സംഘം
 – ആനാവൂർ വില്ലേജ്

14 പഞ്ചായത്തിൽ ഒരു സഹകരണ ആശുപത്രി സ്ഥാപിക്കുക

15 സഹകരണ അടിസ്ഥാനത്തിൽ ഒരു മെഡിക്കൽ സ്റ്റോർ ആരംഭിക്കുക

16 സംഘങ്ങൾ ഇല്ലാത്ത എല്ലാ സ്കൂളിലുകളിലും ഗ്രൂപ്പ് സഹകരണ സംഘങ്ങൾ ആരംഭിക്കുക

17 സഹകരണ സംഘം ജീവനക്കാർക്കും ബോർഡ് അംഗങ്ങൾക്കും പ്രത്യേക പഠന പരിശീലനക്ലാസുകൾ നൽകുക

18 എല്ലാ സംഘങ്ങളിലും സോഷ്യൽ ഓഡിറ്റ് സമ്പ്രദായം നടപ്പിൽ വരുത്തുക

19 സഹകരണ അടിസ്ഥാനത്തിൽ ഒരു പ്രിന്റിംഗ് പ്രസ്സ് സ്ഥാപിക്കുക

ഇത്തരത്തിൽ സഹകരണ രംഗത്തുണ്ടാകുന്ന മാറ്റം പഞ്ചായത്തിന്റെ കുടി മാറ്റമായി കണക്കാക്കാം.

# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

കുന്നത്തുകാൽ ഗ്രാമ പഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ 2380 പേർ പട്ടികജാതിയിലും 16 പേർ പട്ടികവർഗ്ഗത്തിലും ഉൾപ്പെടുന്നവരാണ്. ഇത് ആകെ ജനസംഖ്യയുടെ 7% മാത്രമാണ്. പ്രശ്നങ്ങളുടെ നാനാവശം പരിശോധിക്കുമ്പോൾ ഈ വിഭാഗക്കാർ വികസനത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തണമെങ്കിൽ നാനാതുറകളിലുള്ള പുരോഗതി മുന്നിൽ കണ്ടുകൊണ്ടുള്ള പ്രവർത്തന പദ്ധതികൾ ഏറ്റെടുക്കേണ്ടിയിരിക്കുന്നു. പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം, ശുദ്ധജലം, വൈദ്യുതി എന്നീ മേഖലകളിലുള്ള വികസനമാണ് പ്രധാനമായുള്ളത്. അംഗീകരിക്കപ്പെട്ട ഹരിജൻ കോളനികളിൽ ഇക്കാര്യങ്ങളിൽ അൽപം പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

അംഗീകൃത ഹരിജൻ കോളനികളുടെ പട്ടിക

| നമ്പർ | കോളനികളുടെ പേര് | വാർഡ് |
|---|---|---|
| 1 | കൈവൻകാല | നാറാണി |
| 2 | തനയത്തുകോണം | കോട്ടുക്കോണം |
| 3 | വേങ്കവിള | കോട്ടയ്ക്കൽ |
| 4 | മേരിയാംകോട് | കുന്നത്തുകാൽ |
| 5 | കുട്ടത്തിവിള | കോട്ടയ്ക്കൽ |
| 6 | കുളക്കോട് | ആനാവൂർ |
| 7 | വള്ളിച്ചിറ | കോരണംകോട് |
| 8 | അരുമാളൂർക്കോണം | മൂവേരിക്കര |
| 9 | ആണ്ടൂർക്കോണം | കോട്ടുകോണം |
| 10 | തുറ്റിയോട്ടുകോണം | കാരക്കോണം |
| 11 | പണ്ടാരത്തറ | ,, |
| 12 | അംമ്പേന്തല IHDP | മൂവേരിക്കര |
| 13 | ഇഴീക്കോട് | കുടയാൽ |
| 14 | മലയൻകാവ് | കുടയാൽ |
| 15 | നെട്ടറത്തല | മാണിനാട് |
| 16 | വെതുക്കോട്ടുകോണം | മാണിനാട് |
| 17 | ഉണ്ടൻകോടുക്കോട്ടു കിഴക്കിൻകര | ചെറിയകൊല്ല |
| 18 | വല്ലയത്ത്കോണം | കോരണംകോട് |
| 19 | വേങ്കക്കാല | കുന്നത്തുകാൽ |
| 20 | കൈതോട്ടുകോണം | കോട്ടുക്കോണം |
| 21 | നരിക്കോട് | കുടയാൽ |

മേൽ സൂചിപ്പിച്ച കോളനികളെല്ലാം തന്നെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ കോളനികളാണ്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ കോളനികൾ ഈ പഞ്ചായത്തിൽ നിലവിലില്ല. മേൽപറഞ്ഞ കോളനികളിൽ ആകെ 418 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ഇവയിൽ തവയത്തുകോണം, വേങ്കക്കാല, അരുവാളൂർക്കോണം, കൈവൻകാല എന്നീ കോളനികളിൽ മാത്രമേ ശുദ്ധജലവിതരണം എത്തിയിട്ടുള്ളൂ. ആകെ 21 കോളനികളിൽ 17 കോളനികൾ വൈദ്യുതീകരിച്ചിട്ടുണ്ട്. മലയൻകാവ്, ഉണ്ടകോടുകിഴക്കിൻകര, വല്ലയത്തുകോണം, കൈതോട്ടുകോണം എന്നീ 4 അംഗീകൃത ഹരിജൻ കോളനികൾ ഇനിയും വൈദ്യുതീകരിക്കാനുണ്ട്. ആകെ 418 കുടുംബങ്ങൾ താമസിക്കുന്ന ഈ 21 കോളനികളിലായി 114 വീടുകൾക്കു മാത്രമാണ് കക്കൂസ് സൗകര്യം നിലവിലുള്ളത്. പല കോളനികളിലും റോഡു സൗകര്യങ്ങൾ ഇല്ല. ബഹുഭൂരിപക്ഷം പേരും കർഷ തൊഴിലാളികളാണ്. ഇവരുടെ ജീവിത നിലവാരം അൽപം പിന്നിലാണെങ്കിലും ജാതിമത ഉച്ച നീചത്വങ്ങൾ ഇപ്പോൾ നിലവിലില്ല. വിവാഹാദി ചടങ്ങുകൾക്ക് എല്ലാ വിഭാഗക്കാരും പരസ്പരം പങ്കെടുക്കുകയും ആഹാരം കഴിക്കുകയും ചെയ്യുക ഇന്ന് സാധാരണമാണ്. വിദ്യാഭ്യാസ കാര്യത്തിലും ഇവർ തീരെ പിന്നിലല്ല.

ഇനിയും സ്വന്തമായി പാർപ്പിടം ഇല്ലാതെ കൂട്ടുകുടുംബമായി കഴിയുന്നവരും ഉണ്ട്. ഈ വിഭാഗത്തിൽപെട്ടവർക്ക് പല പദ്ധതികളിലായി സൗജന്യ

വീടും വൈദ്യുതിയും, കക്കൂസും നൽകിയിട്ടുണ്ടെങ്കിലും ഇനിയും വീടുവയ്ക്കാൻ സ്വന്തമായി ഭൂമിയില്ലാത്തവർ ഉണ്ട്. ഉള്ള വീടുകൾ യഥായോഗ്യം അറ്റകുറ്റപ്പണികൾ നടത്തി കാലാനുസൃതമായ മാറ്റങ്ങൾക്കും പരിഷ്കാരങ്ങൾക്കും വിധേയമാക്കുവാൻ പലപ്പോഴും ഇവരുടെ സാമ്പത്തിക സ്ഥിതി അനുവദിക്കുന്നില്ല. കാർഷിക രംഗത്ത് നെൽക്കൃഷി കുറഞ്ഞു വരുന്നത് ആ മേഖലയിലുള്ള ഇവരുടെ തൊഴിലിനെ ബാധിക്കുന്നുണ്ട്. ചില കോളനികളിൽ പരമ്പരാഗത കുലതൊഴിലായി ഈറ, പനയോല ചൂരൽ വള്ളികൾ, നാരുകൾ, കൈതോല, തുടങ്ങിയവ ഉപയോഗിച്ചുള്ള പണികൾ ചെയ്യുന്നവരും ഉണ്ട്. അത്തരം പണികൾക്കുള്ള അസംസ്കൃത സാധനങ്ങളുടെ ലഭ്യതയും കുറയുന്നു. ഈ വിഭാഗക്കാർക്ക് സാമുദായിക സംഘടനകളും തൊഴിൽ സംഘടനകളും ഉണ്ടെങ്കിലും ഈ പഞ്ചായത്തിൽ ഇവയ്ക്കെല്ലാം അതീതമായി മുഖ്യധാരയിൽ നിൽക്കുന്നവരാണ് ഇവർ. സ്ത്രീകളും ഇക്കാര്യത്തിൽ മുന്നിലാണ്.

*നിർദ്ദേശങ്ങൾ*

1. തവയത്തുകോണം ഹരിജൻ കോളനിയുടെ അനുബന്ധമായി സ്ഥാപിക്കപ്പെട്ട കുന്നത്തുകാൽ ആയർവേദ ആശുപത്രിക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുക.
2. പാലിയോട് കേന്ദ്രീകരിച്ച ഒരു സർക്കാർ ഹോമിയോ ആശുപത്രി സ്ഥാപിക്കുക.
3. എല്ലാ ഹരിജൻ കോളനികളിലും ശുദ്ധജലവും വൈദ്യുതിയും എത്തിക്കുക.
4. ഇവരുടെ വിദ്യാഭ്യാസ സൗകര്യം, ആരോഗ്യപരിരക്ഷ, തൊഴിൽ ഭദ്രത, പരിസര ശുചിത്വം, സാനിട്ടേഷൻ സൗകര്യങ്ങൾ ഇവ ഉറപ്പുവരുത്തുക.
5. ആടു-മാട് കോഴിവളർത്തൽ, പരമ്പരാഗത കുലത്തൊഴിൽ തുടങ്ങിയ മേഖലകളിലെ തൊഴിൽ ഭദ്രതയ്ക്കുവേണ്ടി ഗ്രാന്റും ലോണും നൽകുക.
6. നെൽകൃഷി വ്യാപകമാക്കി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക.
7. തയ്യൽ, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം എന്നീ മേഖലയിൽ പരിശീലനം നൽകുക
8. വിദ്യാഭ്യാസം ആരോഗ്യം, പരിസര ശുചിത്വം, സാമൂഹ്യ പ്രതിബദ്ധത എന്നീ കാര്യങ്ങൾക്ക് ബോധവൽക്കരണം നടത്തുക.
9. സാക്ഷരർ ആയ നിരക്ഷരർക്ക് തുടർവിദ്യാഭ്യാസം നൽകി അവരുടെ സാക്ഷരത നിലനിർത്തുക.
10. എല്ലാ കോളനികളിലും റ്റി.വി. ക്ലാസ്ക്കുകളും കൊച്ചു-കൊച്ചു കമ്മ്യൂണിറ്റി ഹാളുകളും സ്ഥാപിക്കുക.
11. അംഗൻവാടികൾ ഇല്ലാത്ത എല്ലാ കോളനി പ്രദേശത്തും അംഗൻവാടികൾ സ്ഥാപിക്കുക
12. കുട്ടികൾക്കുള്ള രോഗ പ്രതിരോധ ചികിത്സാ കോളനികളിൽ പോയി നടത്തുക.
13. കോളനി പ്രദേശത്തുള്ള എല്ലാ റോഡുകളും ടാറിട്ട് തെരുവു വിളക്കുകൾ സ്ഥാപിക്കുക, വീടുകൾക്ക് സൗജന്യമായി വൈദ്യുതി നൽകുക
14. ബാംബു കോർപ്പറേഷന്റെ ഒരു ബ്രാഞ്ച് പഞ്ചായത്തിൽ സ്ഥാപിക്കുക.
15. നിലവിലുള്ള IHDP കോളനികളുടെ വികസനം മെച്ചപ്പെടുത്തുക മറ്റു കോളനികളെ IHDP കോളനികളായി പ്രഖ്യാപിക്കുക.
16. കൈവൻകാല, ആണ്ടൂർക്കോണം എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന DWCRA യുടെ യൂണിറ്റുകൾ മറ്റു കോളനികളിലും സ്ഥാപിക്കുക.
17. കോളനി പ്രദേശത്തുള്ള കുളങ്ങൾ, തോടുകൾ, കിണറുകൾ ഇവ പരിരക്ഷിക്കുക.

താഴെ പറയുന്ന കോളനി പ്രദേശ കുളങ്ങൾ അറ്റകുറ്റപ്പണി ചെയ്ത് പരിരക്ഷിക്കുക.

1. തുറ്റിയോട്ടുകോണം കുളം
2. ആണ്ടൂർക്കോണം കുളം
3. പൊട്ടൻചിറകുളം
4. മേര്യാംകോട്ടുകുളം
5. കുന്നാക്കുടി കുളം
6. ചീരംകോട്ടുകുളം
7. ചെഴുങ്ങാനൂർകുളം
8. മുരശിക്കുളം
9. കൊശപ്രകുളം
10. അരുമാനിച്ചൽകുളം
11. വെതപ്പകൽകുളം
12. ഉണ്ടൻകോടുകുളം
13. പീച്ചിയോടുകുളം
14. പുനംകുടികോണത്തുകുളം
15. ചാത്യാരുകോണത്തുകുളം
16. കാഞ്ഞിരംകോണത്തുകുളം
17. അരുമാളൂർകോണത്തുകുളം
18. വടകരിമൂലകുളം
19. ഊട്ടുപറമ്പ് കുളം
20. ഐവർചിറകുളം
21. കുളക്കോട്ടുകുളം-ഊറ്റുകുഴി
22. വെള്ളറഊറ്റുകുഴി
23. മണ്ണാംകോട്ടുകുളം
24. വേലിത്താരകോണത്തുകുളം

25 മണക്കാലകുളം

26 കൊങ്ങുംകോട്ടുകുളം

27 പാലീക്കോണത്തുകുളം

18 പഞ്ചായത്തു തലത്തിൽ വനിതാ സഹകരണ സംഘം സ്ഥാപിക്കുക. നിലവിലുള്ള വള്ളിച്ചിറ ഹരിജൻസഹകരണ സംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുക.

19 ഭൂരഹിത ഹരിജനങ്ങൾക്ക് ഭവന നിർമ്മാണത്തിന് ഭൂമിയും ഗ്രാന്റും നൽകുക.

20 ഭൂമിയുള്ള എല്ലാ നിർധന ഹരിജനങ്ങൾക്കും സൗജന്യമായി വീടും കക്കൂസും വൈദ്യുതിയും നൽകുക.

21 നിലവിലുള്ള എല്ലാ നിർധന ഹരിജനങ്ങളുടെയും വീടുകൾ സൗജന്യമായി വൈദ്യുതീകരിച്ച് കക്കൂസ് നിർമ്മിച്ചുനൽകുക.

22 ഹരിജൻ ഡവലപ്പ്മെന്റ് കോർപ്പറേഷൻ മുഖേന നൽകുന്ന ആനുകൂല്യങ്ങൾ പഞ്ചായത്ത് നിർദ്ദേശപ്രകാരം നൽകുക.

23 ഹരിജനങ്ങൾ തിങ്ങിപ്പാർക്കുന്ന താഴെ പറയുന്ന പ്രദേശങ്ങൾഹരിജൻ കോളനികളായി പ്രഖ്യാപിച്ച് വികസന-ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

1 പൂവ്വൻചേരി

2 വടകരിമൂല

3 പൂവ്വൻകാവ്

4 അണിമംഗലം

5 തുരുത്തിമൂല

6 ഊട്ടുപറമ്പ്

7 കുരുവിനിരപ്പ്

8 വെള്ളറ (പട്ടികവർഗ്ഗം)

9 തത്തലംപാട്

10 ചാത്യാർകോണം

11 ഉണ്ടൻകോട് പടിഞ്ഞാറ്

12 തോപ്പുവിള

13 താന്നിക്കുഴി

14 പുന്നക്കാല (പനയറക്കോണം)

15 കുളക്കോട്ടുകോണം

16 കാരക്കോണം പുറമ്പോക്ക്.

17 കല്ലുതട്ട്

18 അമ്പലക്കാല

19 പറക്കോണം

20 മേപ്പാംകോട്

21 പീച്ചിയോട്

നെയ്യാറ്റിൻകര താലൂക്ക് പട്ടികജാതി വികസന ആഫീസിൽ നിന്നും ചുവടെ സൂചിപ്പിക്കുന്ന വർഷങ്ങളിൽ കുന്നത്തുകാൽ പഞ്ചായത്തിലെ പട്ടികജാതിക്കാർക്ക് അനുവദിച്ചു നൽകിയ വിവിധ ഗ്രാന്റുകളുടെ വിശദവിവരങ്ങൾ

1. വിവാഹധനസഹായം

| വർഷം | അനുവദിച്ച തുക | ചെലവായ തുക |
|---|---|---|
| 92–93 | – | – |
| 93–94 | – | – |
| 94–95 | 2000 | 2000 |
| 95–96 | – | – |

2 ചികിത്സാ സഹായം

| | | |
|---|---|---|
| 92–93 | – | – |
| 93–94 | – | – |
| 94–95 | 1000 | 1000 |
| 95–96 | 750 | 750 |

3 ഭൂരഹിത ഭവനരഹിതർക്ക് വീട്ടിനുള്ള ധനസഹായം

| | | |
|---|---|---|
| 91–92 | 1,00000 | 1,00000 |
| 92–96 | – | – |

4 ഭവനനിർമ്മാണ ഗ്രാന്റ്

| | | |
|---|---|---|
| 92–93 (ജനറൽ) | 12000 | 12000 |
| 92–93 (IHDP) | 84700 | 84700 |
| 93–94 (ജനറൽ) | 48000 | 48000 |
| 93–94 (IHDP) | 145200 | 145200 |
| 94–95 (ജനറൽ) | 36000 | 36000 |
| 95–96 („) | 24000 | 24000 |
| 95–96 (IHDP) | 90000 | 90000 |

5 ഓലമേച്ചിൽ ഗ്രാന്റ്

| | | |
|---|---|---|
| 92–93 | 150 | 150 |
| 93–94 | 1000 | 1000 |
| 94–95 | 500 | 500 |

6 വീടു പുനഃരുദ്ധാരണ ഗ്രാന്റ്

| | | |
|---|---|---|
| 93–94 | 8000 | 8000 |

# വിഭവ സമാഹരണം

ഏതു പദ്ധതി ആസൂത്രണം ചെയ്യുമ്പോഴും വിഭവം ഒരു പ്രധാന ഘടകമാണ്. സർക്കാരിൽ നിന്നു കിട്ടുന്ന നികുതി പിരിവ് മാത്രമല്ല ഇത്. ജനകീയാദ്ധ്വാനവും പ്രാദേശിക വിഭവങ്ങളും സമാഹരിച്ച് പദ്ധതികൾ നടപ്പിൽ വരുത്തുന്നത് കൂടുതൽ ഫലപ്രദമാണ്. പഞ്ചായത്തിലെ നിലവിലുള്ള വരുമാനമാർഗ്ഗങ്ങൾ കെട്ടിട നികുതി, സർവ്വീസ് ചാർജ്, തൊഴിൽ നികുതി, അഡിഷണൽ വിനോദനികുതി, പ്രദർശനികുതിയിന്മേലുള്ള സർചാർജ്. ചന്തവരവ്, ലൈസൻസ് ഫീസ്, വസ്തു കൈമാറ്റനികുതി, ഡെപ്പോസിറ്റ് തുടങ്ങിയവയാണ്. പ്രസ്തുത ഇനങ്ങളിലായി 95-96 സാമ്പത്തിക വർഷത്തിൽ 7,21764/- രൂപയാണ് ലഭിച്ചിട്ടുള്ളത്. ഇതിനു പുറമെ ഗ്രാന്റായിട്ടും, ഫണ്ടായിട്ടും സർക്കാരിൽ നിന്നും 13,81,635/- രൂപ ലഭിച്ചിട്ടുണ്ട്. കെട്ടിടങ്ങളുടെ വർദ്ധനവും വലിപ്പക്കൂടുതലും കച്ചവട സ്ഥാപനങ്ങളുടെ വർദ്ധനവ് ജീവനക്കാരുടെ എണ്ണവും ശമ്പളവും, കുത്തകപ്പാട്ട നിരക്ക്, വിവാഹ രജിസ്ട്രേഷൻ ഫീസ്, ജനന മരണ രജിസ്ട്രേഷൻ പരിശോധനാ ഫീസ്, പഞ്ചായത്ത് വക കെട്ടിടങ്ങളിലെ വാടക, വിനോദ നികുതി മുതലായവയിലുണ്ടായ വർദ്ധനവ് നികുതി വരുമാനഘടനയിൽ സാരമായ മാറ്റം വരുത്തിയിട്ടുണ്ട്.

വരവ് സംബന്ധിച്ച വിവരങ്ങൾ (1995-96)

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് |
|---|---|---|
| 1 | 2 | 3 |
| കെട്ടിട നികുതി | 1,10000 | 1,10007 |
| സർവ്വീസ് ചാർജ് (ലൈബ്രറി സെസ്സ്) | 5447.20 | 5447.20 |
| തൊഴിൽ നികുതി | 130735 | 130735 |
| വിനോദനികുതി | 13564-75 | 13564-75 |
| അഡി. വിനോദനികുതി | 8177-75 | 8177-75 |
| പ്രദർശന നികുതി യിന്മേലുള്ള സർചാർജ് | 827 | 827 |
| ചന്തവരവ് | 25714 | 25714 |
| ലൈസൻസ് ഫീസ് | 4642 | 4642 |
| വസ്തുകൈമാറ്റ നികുതി 75% | 135993 | 135993 |
| വസ്തു കൈമാറ്റ നികുതി 25% | 2,00000 | 2,00000 |
| ഡെപ്പോസിറ്റ് | | 5864 |
| മറ്റുള്ളവ | | 77431 |
| ആകെ | | 7,21,764 |

*അവലംബം : ഗ്രാമപഞ്ചായത്ത് റിപ്പോർട്ട്*

## ചെലവു സംബന്ധിച്ച് വിവരങ്ങൾ

| ഇനം | തുക |
|---|---|
| 1 | 2 |
| ഭരണം | 613553 |
| പൊതുമരാമത്ത് (ഉപാധിരഹിത ഫണ്ട് ഉൾപ്പെടെ) | 828746 |
| വിദ്യാഭ്യാസം | 6503 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 14210 |
| തെരുവവിളക്കുകൾ കത്തിക്കുന്നത് | 14733-60 |
| മറ്റുള്ളവ | 59489-90 |
| ആകെ | 15,37,535-50 |

പഞ്ചായത്ത് രാജ് നിയമം പ്രാബല്യത്തിൽ വന്നതു മുതൽ പല വകുപ്പുകളിലേയ്ക്കുമുള്ള തുക ഗ്രാമപഞ്ചായത്ത് വഴിയാണ് നൽകുന്നത്. ഇത്തരത്തിൽ പല വകുപ്പുകളിലേയ്ക്കുമായി 95-96 സാമ്പത്തിക വർഷത്തിൽ കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിൽ ആകെ 10,13,756/- രൂപ വന്നുചേർന്നിട്ടുണ്ട്. ഇതിന്റെ വിശദവിവരം പട്ടികയായി ചുവടെ ചേർക്കുന്നു.

| വകുപ്പ് | തുക | | |
|---|---|---|---|
| | പദ്ധതി വിഹിതം | പദ്ധതി യേതര | ആകെ |
| 1 | 2 | 3 | 4 |
| മൃഗ സംരക്ഷണം | 3500/- | - | 3500/- |
| ആരോഗ്യം | 91740/- | - | 91740/- |
| കൃഷി | 685135/- | - | 685135/- |
| പിഡബ്ല്യുഡി | 130691/- | - | 130691/- |
| ഹരിജനക്ഷേമം | - | - | - |
| വിധവാപെൻഷൻ | 97440/- | - | 97440/- |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 5250/- | - | 5250/- |
| ആകെ | - | - | 10,13,756/- |

ഗ്രാന്റിനത്തിലായി 95-96 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ ആകെ 13,81,635 രൂപ വന്നു ചേർന്നിട്ടുണ്ട്. 95-96 സാമ്പത്തിക വർഷത്തിലെ ഗ്രാന്റിനത്തിലെ വരുമാനത്തെ സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു.

## ഗ്രാന്റ് വിവരങ്ങൾ

| VRM രൂപ | MI രൂപ | VTC രൂപ | അടിസ്ഥാന നികുതി | | JRY രൂപ | UTF രൂപ | ആകെ |
|---|---|---|---|---|---|---|---|
| | | | 25% | 75% | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | |
| തുക | | | | | | | |
| 40344 | 26660 | 320568 | 20000 | 190227 | 275546 | 328290 | 13,81635 |

### എസ്റ്റാബ്ലിഷ്മെന്റ് ചെലവ് :-

95-96 സാമ്പത്തിക വർഷത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റായി 116912/- രൂപ ലഭിച്ചിട്ടുണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് ഇത് വർദ്ധനവാണ്. ജീവനക്കാരുടെ ശമ്പളം, പഞ്ചായത്ത് അംഗങ്ങളുടെ അലവൻസ്, സിറ്റിംഗ് ഫീസ്, സ്റ്റേഷനറി സാധനങ്ങളുടെ വില ഇവയിലുണ്ടായ വർദ്ധനവ് ഇതിന് കാരണമാണ്. മൊത്തം ചെലവുകളിൽ പൊതുമരാമത്ത് ചെലവ് കൂടുന്നു. റോഡ്, കുളങ്ങൾ തുടങ്ങിയ പൊതുമരാമത്ത് പണികൾ സർക്കാർ അനുവദിക്കുന്ന വിവിധയിനം ഗ്രാന്റുകൾ ഉപയോഗിച്ചാണ് നടത്തപ്പെടുന്നത്. നോമിനി വർക്കായും ടെൻഡർ വർക്കായും പഞ്ചായത്ത് നേരിട്ടും ഇത്തരം പണികൾ ചെയ്തുവരുന്നു. നോമിനി വർക്കുകൾ, ഗുണഭോക്താക്കൾ നിശ്ചയിക്കുന്ന കമ്മിറ്റികൾ തെരഞ്ഞെടുക്കുന്ന കൺവീനറുടെ മേൽ നോടത്തിലും ചുമതലയിലുമാണ് നടക്കുന്നത്.

സാമൂഹ്യവനവൽക്കരണ പദ്ധതിയനുസരിച്ച് പഞ്ചായത്ത് ഭൂമികളിൽ ധാരാളം വൃക്ഷത്തൈകൾ നട്ടു വളർത്തുന്നുണ്ട്. കുളങ്ങളിലും മത്സ്യകൃഷി ആരംഭിച്ചിട്ടുണ്ട്.

പഞ്ചായത്താഫീസിനു സമീപം നിർമ്മിച്ചിട്ടുള്ള ഷോപ്പിംഗ് കോംപ്ലക്സിന് നിർമ്മാണ ചെലവിനത്തിൽ ആകെ 7,70090 രൂപ വിനിയോഗിച്ചിട്ടുണ്ട്. ഈ തുക മുതലും പലിശയും ചേർത്ത് റൂറൽ ഡെലവപ്മെന്റ് ബോർഡിന് 650000 രൂപ അടച്ചിട്ടുണ്ട്. ഏഴുലക്ഷം രൂപ അടച്ചുതീർക്കാനുണ്ട്. വാടകയിനത്തിൽ ഷോപ്പിംഗ് കോംപ്ലക്സിൽ നിന്നും ലഭിക്കുന്ന തുകയുടെ അപര്യാപ്തത കൊണ്ടാണ് RDB യ്ക്കുള്ള കുടിശ്ശിഖ കൃത്യമായി പൂർത്തിയാക്കാൻ കഴിയാതെ വന്നത്.

**പഞ്ചായത്തിന്റെ കടം സംബന്ധിച്ചിള്ളു വിവരം**

| | കടം സംബന്ധിച്ച കണക്ക് | സ്ഥാപനം |
|---|---|---|
| 1 | 7 ലക്ഷം രൂപ | RDB |
| 2 | 3 ലക്ഷം | KSEB |
| 3 | 6 ലക്ഷം | വാട്ടർ അതോറിട്ടി |

കേന്ദ്രസംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിക്കുന്ന വിവിധയിനം ഫണ്ടുകൾ നേരിട്ട് പഞ്ചായത്തിനു നൽകുകയും അവ ചെലവഴിക്കാനുള്ള പൂർണ്ണ അധികാരം പഞ്ചായത്ത് സമിതികൾക്ക് നൽകുകയും അതിലേയ്ക്ക് വേണ്ട നിയതടസ്സങ്ങൾ ദൂരീകരിക്കകയും ചെയ്യണം.

## ബാങ്കിംഗ്, ധനകാര്യസ്ഥാപനങ്ങൾ

പഞ്ചായത്ത് പരിധിയിൽ രണ്ട് വാണിജ്യ ബാങ്കുകൾ നിലവിലുണ്ട്. പാലിയോട് പ്രവർത്തിക്കുന്ന സെൻഡ്രൽ ബാങ്ക ഓഫ് ഇൻഡ്യയും കാരക്കോണത്തു പ്രവർത്തിക്കുന്ന ഫെഡറൽ ബാങ്കുമാണവ.

ഇതിനുപുറമേ കുന്നത്തുകാൽ സർവ്വീസ് സഹകരണബാങ്കും വള്ളിച്ചിറ ഹരിജൻ സഹകരണ ബാങ്കും കുന്നത്തുകാൽ വനിതാ സഹകരണ സംഘവും പ്രവർത്തിക്കുന്നുണ്ട്. ഇവ കൂടാതെ ഏഴ് സ്വകാര്യ ബാങ്കിംഗ് സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു. ഉത്പാദനപരമായ പ്രവർത്തനങ്ങൾക്ക് വളരെ കുറച്ചുമാത്രമെ ഈ ബാങ്കുകൾ ലോണുകൾ കൊടുക്കുന്നുള്ളു. പ്രാദേശികാവശ്യങ്ങൾ അനുസരിച്ചുള്ള സ്കീമുകൾ തയ്യാറാക്കുന്നതിൽ ഒരു ബാങ്കും വിജയിച്ചിട്ടില്ല. ചെറുകിട കർഷകർക്കും വ്യവസായികൾക്കും ലോൺ എടുക്കുന്നതിന് നിലവിലുള്ള ജാമ്യവ്യവസ്ഥകൾ ഉദാരവൽക്കരിച്ചാൽ ഈ മേഖലയിൽ പുരോഗതി നേടാൻ സാധിക്കും.

പഞ്ചായത്തിൽ റബ്ബർ ഉത്പാദക സഹകരണ സംഘങ്ങൾ ഉണ്ടെങ്കിലും അവയെല്ലാം സാമ്പത്തിക ബുദ്ധിമുട്ട് കാരണം പ്രവർത്തനരഹിതമായി അവശേഷിക്കുന്നു. പഞ്ചായത്തിലെ ക്ഷീരവ്യവസായ സഹകരണ സംഘങ്ങൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. ഈ സംഘങ്ങൾ ഇടത്തുട്ടുകാരായി പ്രവർത്തിക്കുന്നതുകൊണ്ട് ഉല്പാദകരും ഉപഭോക്താക്കളും ചൂഷിതരാവുന്നു.

## സാധ്യതകൾ

പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് താഴെ പറയുന്ന സാധ്യതകൾ നിർദ്ദേശിക്കുന്നു.

പ്രധാന സ്ഥലങ്ങളിൽ ഓട്ടോ, ടാക്സി സ്റ്റാൻഡുകളും ബങ്കുകളും സ്ഥാപിച്ച് നികുതി ഈടാക്കുക. പ്രധാന ജംഗ്ഷനുകളിൽ പബ്ലിക് കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിച്ച് തുച്ഛമായ ചാർജ് ഈടാക്കുക.

കുന്നത്തുകാൽ വാട്ടർ സപ്ലൈ സ്കീമിൽ നിന്നും ഹൗസ് കണക്ഷൻ നൽകി അതിന്റെ ചാർജ് ഈടാക്കുന്നതിനുള്ള അധികാരം പഞ്ചായത്തിനു നൽകുക.

കുന്നത്തുകാൽ, കാരക്കോണം, ചെറിയകൊല്ല, നാറാണി, മണവാരി തുടങ്ങിയ സ്ഥലങ്ങളിൽ കല്യാണ മണ്ഡപങ്ങൾ നിർമ്മിച്ച് വാടകയ്ക്ക് നൽകുക.

പഞ്ചായത്തിന്റെ കീഴിൽ ഒരു മെഡിക്കൽ ഷോപ്പ് തുടങ്ങുക.അംബുലൻസ് സർവ്വീസ് തുടങ്ങി ഫീസ് ഈടാക്കുക.

വളർത്തു നായ്ക്കൾക്ക് സൗജന്യ പ്രതിരോധ കുത്തിവെയ്പ് നൽകുകയും അവയ്ക്ക് ലൈസൻസ് ഏർപ്പെടുത്തുകയും ചെയ്യുക.

പഞ്ചായത്തിന്റെ വിവിധ വികസന പ്രക്രിയകൾക്ക് പൊതുജനങ്ങളിൽ നിന്നുള്ള കായിക-സാമ്പത്തിക സഹായം നേടുക. ഇതിലേയ്ക്കു വേണ്ട ബോധവൽക്കരണം നൽകുക.

കാർഷിക വ്യവസായ മേഖലകളുടെ അഭിവൃദ്ധിയ്ക്കുവേണ്ടി പഞ്ചായത്ത് നൽകുന്ന സ്കീമുകൾക്ക് ബാങ്കിംഗ് സ്ഥാപനങ്ങൾ ലോണും ഗ്രാന്റും അനുവദിക്കുക.

കച്ചവട സ്ഥാപനങ്ങൾക്ക് മാനദണ്ഡങ്ങൾക്കു വിധേയമായി ലൈസൻസ് നൽകുക.

കുന്നത്തുകാൽ ജംഗ്ഷനിലെ PWD പുറമ്പോക്ക് ഭൂമി ഏറ്റെടുത്ത് അവിടെ ഷോപ്പിംഗ്കോംപ്ലക്സ് നിർമ്മിച്ച് വാടകയ്ക്ക് നൽകി വരുമാനം വർദ്ധിപ്പിക്കാം.

പഞ്ചായത്താഫീസിനോടനുബന്ധിച്ച് റോഡിനോട് ചേർന്ന് കിഴക്കുതെക്കു ഭാഗങ്ങളിലായി ആധുനിക രീതിയിലുള്ള ഷോപ്പിംഗ് കോംപ്ലക്സും ലോഡ്ജും സ്ഥാപിക്കുക.

വനിതാ ഹോസ്റ്റൽ നിർമ്മിച്ച് വാടകയ്ക്ക് നൽകുക. ഇത്തരം സംരംഭങ്ങൾക്ക് ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭ്യമാക്കുക.

അപകടകരമായി റോഡുവക്കിൽ നടത്തുന്ന ചന്തകൾക്കു പകരം തദ്ദേശവാസികൾക്കനുയോജ്യമായ സ്ഥലങ്ങളിൽ ചന്തകൾ സ്ഥാപിച്ച് പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാം. കുന്നത്തുകാൽ, പുല്ലന്തേരി, ചാവടി, ചെറിയകൊല്ല, നാറാണി, മണവാരി, വണ്ടിത്തടം, പടപ്പിത്തോട്ടം, കൈവൻകാല തുടങ്ങിയ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന ചന്തകൾ അനധികൃതമാണ്.

പഞ്ചായത്തുവക ഭൂമിയിൽ തെങ്ങുകളും ഫല വൃക്ഷങ്ങളും നട്ട് വരുമാനം കൂട്ടുക.

ഗൾഫ് ജീവനക്കാരുടെ മുതൽമുടക്ക് ഉപയോഗപ്പെടുത്തി വിവിധ തുറകളിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്യുക. ആയതിലേയ്ക്ക് ഇത്തരക്കാരെ ബോധവൽക്കരണം നടത്തി ആകർഷിക്കുക.

ചാരിറ്റബിൾ സൊസൈറ്റികൾ, മഹിളാ സമാജങ്ങൾ, കലാ-സാംസ്കാരിക സംഘടനകൾ, ചിട്ടികൾ തുടങ്ങിയവ രജിസ്റ്റർ ചെയ്യുന്നതിനുള്ള അധികാരം ജില്ലാ രജിസ്ട്രേഷൻ ആഫീസിൽ നിന്നും മാറ്റി പഞ്ചായത്തുകൾക്ക് നൽകുക.

മേല്പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കിയാൽ പഞ്ചായത്തിന്റെ വിഭവശേഷി വർദ്ധിപ്പിച്ച് ഗ്രാമങ്ങളെ സമ്പൽസമൃദ്ധിയിലേയ്ക്ക് നയിക്കാൻ സാധിക്കും.

## "വനം ഒരു ധനം
## മരം ഒരു വരം"
## ഒരാൾ ഒരു മരം നടുക.

## "നേത്രദാനം മഹാദാനം"

**"ഇരുട്ടിനെ പഴിക്കുന്നതിനേക്കാൾ**
**ഒരു മെഴുകുതിരിയെങ്കിലും കൊളുത്തുവാൻ ശ്രമിക്കുക"**

***-മിസ്സിസ് വെൽത്തി ഫിഷർ***

# ഉപസംഹാരം

## നന്ദി

14-12-96

കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിന്റെ 5 വർഷക്കാലത്തെ വികസന രേഖ എന്നതിനുപരി ഇതൊരു ചരിത്രരേഖ കൂടെയാണ്. ഭാവിതലമുറയ്ക്കുവേണ്ടി ചിലരെങ്കിലും ഈ രേഖ സൂക്ഷിക്കും എന്നുറപ്പുണ്ട്. ഏറെ ക്ലേശം സഹിച്ച് ഇത് തയ്യാറാക്കുവാൻ പിൻബലം നൽകി ശക്തരാക്കിയവരോടുള്ള കടപ്പാട് ആദരപൂർവം രേഖപ്പെടുത്തുന്നു. 13-12-96 ൽ കൂടിയ പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച ഈ കരടു രേഖയിൽ കുറ്റങ്ങളും കുറവുകളും കണ്ടേയ്ക്കാം അവ പരിഹരിച്ച് കുറ്റമറ്റതാക്കി ഈ ഗ്രാമത്തിന്റെ സമഗ്ര വിസകനത്തിനും, ക്ഷേമൈശ്വര്യങ്ങൾക്കും നമുക്ക് ഒന്നിച്ച് മുന്നേറാം. സ്ഥിതിവിവരക്കണക്കുകളും നിർദ്ദേശങ്ങളും യഥാസമയം നൽകി സഹകരിച്ച വിവിധ വകുപ്പുകളിലെ ജീവനക്കാർക്കും മറ്റു സ്ഥാപനക്കാർക്കും നന്ദി പ്രകാശിപ്പിക്കുന്നു. ഈ വികസന രേഖ രൂപപ്പെടുത്തുവാൻ വിശ്രമം എന്തെന്നറിയാതെ ദിനരാത്രങ്ങൾ കഷ്ടപ്പെട്ട ത്യാഗമതികളുടെ മഹാമനസ്കതയ്ക്കു മുമ്പിൽ കൃതജ്ഞതാ നിർഭരമായ ഹൃദയത്തിന്റെ പൂച്ചെണ്ടുകൾ സവിനയം സമർപ്പിച്ചുകൊള്ളട്ടെ.

**എ. എഡിസൺ**
*സെക്രട്ടറി*

**കെ. ചന്ദ്രമതിയമ്മ**
*പ്രസിഡന്റ്*